പാർലമെന്റിലേക്ക് സപ്തംബർ 5ന് തൊഴിലാളി കർഷക മാർച്ച്

# ജനവിരുദ്ധ, രാജ്യവിരുദ്ധ ഭരണത്തെ തള്ളിക്കളയുക

ഡോ. കെ ഹേമലത

ഡൽഹിയിലെ ഒരു സ്വകാര്യ ഇലക്ട്രിക് ഫാൻ നിർമാണ യൂണിറ്റിലെ തൊഴിലാളിയാണ് സോണി. കുറഞ്ഞ കൂലി നടപ്പാക്കണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടപ്പോൾ ഫാക്ടറി പൂട്ടുമെന്ന് ഉടമ ഭീഷണിപ്പെടുത്തി. തൊഴിലാളികളുടെ ശമ്പളത്തിൽനിന്ന് പിഎഫ് തുക പിടിച്ചിരുന്നെങ്കിലും അതൊന്നും പിഎഫിൽ നിക്ഷേപിച്ചിരുന്നില്ല. ഈ ഫാക്ടറിയിലെ അറുനൂറ് തൊഴിലാളികളിൽ മിക്കവരും സ്ഥാപിച്ചത് തൊട്ടടുത്തുള്ള ചേരിയിലായിരുന്നു. അടുക്കളയൊന്നുമില്ലാത്ത ഒറ്റമുറിവീട്ടിലാണ് സോണിയും ഭർത്താവും രണ്ടു മക്കളും മരുമകളും കഴിഞ്ഞിരുന്നു. ശമ്പളത്തിൽ നാലിലൊന്നും വാടകയായി പോകും. ചുറ്റുപാടുമുള്ള നിരവധി കുടുംബങ്ങൾക്കുള്ള പൊതു കക്കൂസും കുളിമുറിയുമായിരുന്നു സോണിയും ഉപയോഗിച്ചിരുന്നത്. അവിടുത്തെ ഓടകൾ മാലിന്യങ്ങൾ നിറഞ്ഞൊഴുകി. സോണിയും കുടുംബവും കഴിയുന്ന ബസ്തിയിൽ മനുഷ്യർക്കൊപ്പം അസംഖ്യം പന്നികളും നായ്ക്കളും നുരച്ചനടക്കുന്നു.

തൊഴിലാളികൾ അവിടെ ഒരു സംഘടനയുണ്ടാക്കി. സോണി ഭാരവാഹികളിൽ ഒരാൾ. ഞങ്ങൾ ആദ്യം  കാണുമ്പോൾ ഫാക്ടറി ഇന്ന്, ഇപ്പോൾ പൂട്ടുമെന്ന് ഭീഷണിപ്പെടുത്തിയ മുതലാളിയെ സോണി വെല്ലുവിളിക്കുകയായിരുന്നു. ''കമ്പനി പൂട്ടിയാൽ നിങ്ങൾക്ക് എവിടുന്ന് ലാഭം കിട്ടുമെന്ന് ഞങ്ങൾക്ക് കാണണം''.

സോമണ്ണ ഹൈദരാബാദിനടുത്തുള്ള ഒരു സ്വകാര്യ ബഹുരാഷ്ട്ര കമ്പനിയിലെ സ്ഥിരം ജീവനക്കാരനാണ്. ആ പ്രദേശത്തെ ഭൂരിഭാഗം തൊഴിലാളികളുമായി താരതമ്യപ്പെടുത്തുമ്പോൾ അദ്ദേഹത്തിന് മാന്യമായ ശമ്പളം ലഭിക്കുന്നു, നാൽപ്പതിനായിരം രൂപ. തന്റെ രണ്ടു മക്കൾക്കൊപ്പം ഭിന്നശേഷിക്കാരിയായ സഹോദരിയും സോമണ്ണയുടെ സംരക്ഷണയിലാണ്. കഷ്ടപ്പെട്ടാണ് സോമണ്ണ ജീവിതം തുടങ്ങിയത്. വരുമാനം കുറവാണ്. എനാൽ അവകാശങ്ങൾക്കുവേണ്ടി പോരാടാൻ അദ്ദേഹവും സഹപ്രവർത്തകരും സംഘടിച്ച് യൂണിയനിൽ ചേർന്നപ്പോൾ കാര്യങ്ങൾ പതുക്കെ മെച്ചപ്പെട്ടു തുടങ്ങി. രണ്ടു കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ സാധിച്ചു.  എന്നാൽ ഇന്നദ്ദേഹം ദുഃഖിതനാണ്. ഒരു സ്വകാര്യ എഞ്ചിനിയറിങ് കോളേജിൽനിന്ന് ബിടെക് പാസായ മകന് അന്തസ്സുള്ള ഒരു ജോലി ലഭിക്കുന്നില്ല. ക്യാംപസ് റിക്രൂട്ട്മെന്റുകൾ ഏറെക്കുറെ നിലച്ചു. ഐടി കമ്പനികളിൽമാത്രം അരലക്ഷത്തിലേറെ പേർക്ക് തൊഴിൽ നഷ്ടമായ വാർത്ത അദ്ദേഹം പത്രങ്ങളിൽ വായിച്ചു. ആയിരക്കണക്കിനാളുകൾ തൊഴിൽനഷ്ടത്തിന്റെ ഭീതിയിലാണ്. മികച്ച വിദ്യാഭ്യാസം ലഭിച്ചിട്ടും  മൂന്നുനാലു വർഷമായി മകൻ ജോലി ചെയ്യുന്നത് സോമണ്ണയ്ക്ക് കിട്ടുന്നതിന്റെ പകുതി ശമ്പളത്തിനാണ്. അതും ഒരു വർഷം ഒരു സ്ഥാപനത്തിൽ, അടുത്ത വർഷം മറ്റൊന്നിൽ. കരാർ തൊഴിൽ അല്ലെങ്കിൽ നിശ്ചിത കലത്തേക്കുള്ള തൊഴിൽ. മാന്യമായി വേതനം തേടി സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനങ്ങളിലേക്ക് മാറിയിട്ടും അന്വേഷണത്തിൽ വിജയിക്കാനാവുന്നില്ല. 'ഇത് എന്റെ യൂണിയന് പരിഹരിക്കാവുന്ന പ്രശ്നമല്ല, ഞാനെന്തുചെയ്യും?' സോമണ്ണ ചോദിക്കുന്നു.

ഹരിയാനയിലെ ഗുഡ്ഗാവിലെ ബഹുരാഷ്ട്ര കുത്തക കമ്പനിയുടെ ഓട്ടോമൊബൈൽ നിർമാണ യൂണിറ്റിലാണ് കിഷന് ജോലി. കമ്പനി നേരിട്ട് നിയമിച്ചതല്ല. ഒരു കോൺട്രാക്ടർ റിക്രൂട്ട് ചെയ്തതാണ്. സ്ഥിരം തൊഴിലാളികൾ ചെയ്യുന്ന അതേ തൊഴിലാണ് കിഷൻ ചെയ്യുന്നതെങ്കിലും കിഷനു കിട്ടുന്നത് സ്ഥിരം തൊഴിലാളികൾക്ക് കിട്ടുന്ന ശമ്പളത്തിന്റെ മൂന്നിലൊന്നിലും കുറഞ്ഞ തുക. അഞ്ചു വർഷം മുമ്പാണ് ബിഹാറിൽനിന്ന് തൊഴിൽതേടി കിഷൻ ഗുഡ്ഗാവിലെത്തുന്നത്. കുറഞ്ഞ കൂലിക്കുള്ള ഈ തൊഴിൽ പോലും എത്രനാൾ തുടരുമെന്ന് കിഷന് അറിയില്ല. മൂന്നു സഹ

പ്രവർത്തകർക്കൊപ്പം ഒരു കൊച്ചുമുറിയിലാണ് കിഷൻ കഴിയുന്നത്. ആ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ അത്തരം ആറു മുറികളിൽ 26 പേരാണ് തിങ്ങിഞെരുങ്ങി കഴിയുന്നത്. അവർക്ക് എല്ലാവർക്കും കൂടിയുള്ളത് ഒരു കക്കൂസും ഒരു കുളിമുറിയും. വെള്ളം താഴെ നിന്ന് മൂന്നാം നിലയിലെത്തിക്കണം. മുറികളുടെ ഉടമ എല്ലാ ദിവസവും സന്ദർശിക്കും. താമസക്കാരുടെ എണ്ണത്തേക്കാൾ ഒരു ജോഡി ചെരുപ്പ് ഒന്നിലധികം ദിവസം അവിടെ അധികമായി കണ്ടാൽ അയാൾ അധികം വാടകവാങ്ങും. ഈ പ്രദേശത്ത് ഫാക്ടറികൾക്ക് സ്ഥലം നൽകിയ പ്രദേശവാസികൾ ഇത്തരം ഒരുപാട് മുറികൾ പണിതുവച്ചിട്ടുണ്ട്. കൂട്ടുകാർക്കൊപ്പം അതേമുറിയിൽ ഭക്ഷണം ഉണ്ടാക്കി കഴിക്കുന്ന കിഷന് എല്ലാ ദിവസവും മൊബൈലിൽ വീട്ടുകാരുമായി സംസാരിക്കും. മൊബൈലിൽതന്നെ വീഡിയോകൾ കാണും. കിട്ടുന്ന കൂലിയുടെ ഒരു പങ്ക് നാട്ടിലേക്ക് അയക്കും. ഇന്ന് കിഷന് കാര്യമായൊന്നും സ്വരൂപിക്കാനാവുന്നില്ല. എല്ലാത്തിനും വില കൂടിയതിനാൽ സ്വന്തം ചെലവ് കഴിയാൻ തന്നെ കൂലി തികയുന്നില്ലെന്നും, അരിഷ്ടിച്ചാണ് പണംചെലവിടുന്നതെന്നും കിഷൻ പറയുന്നു.

കർണാടകത്തിലെ കോലാർ ജില്ലയിൽ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം ഉണ്ടാക്കുന്ന തൊഴിലാണ് മാലയ്ക്ക്. അതെ, മാലയ്ക്ക് തുച്ഛവേതനമാണ് ലഭിക്കുന്നത്. അത് തന്നെ വർഷത്തിൽ പത്തുമാസം മാത്രം. 'തൊഴിലാളി'യായി മാലയെ പരിഗണിക്കുന്നില്ല. അംഗൻവാടി വർക്കർമാരായും ഹെൽപ്പർമാരായും ആഷമാരായും പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് സ്ത്രീകളെപ്പോലെ മാലയും അറിയപ്പെടുന്നത് 'സാമൂഹ്യപ്രവർത്തക'യായാണ്. അതുകൂടാതെ ചിലപ്പോൾ ചില രക്ഷിതാക്കളുടെ പെരുമാറ്റത്തിൽ അവർക്ക് ലജ്ജയും കോപവും തോന്നും. ദളിത് ആയ മാല പാചകം ചെയ്ത ഭക്ഷണം കഴിക്കുന്നതിൽനിന്ന് ചില രക്ഷിതാക്കൾ കുട്ടികളെ വിലക്കും. അധ്യാപകരും അവരെ പിന്തുണയ്ക്കും. സവർണ വിഭാഗത്തിൽപെടുന്ന കുട്ടികൾ വീട്ടിൽനിന്ന് ഉച്ചഭക്ഷണം കൊണ്ടുവരികയും പ്രത്യേകമായി മാറിയിരുന്ന് കഴിക്കുകയുംചെയ്യും. രണ്ടുവർഷം മുമ്പ് മേൽജാതിക്കാർ തന്നെയും കുടുംബത്തെയും ആക്രമിച്ചതോർക്കുമ്പോൾ മാല ഇപ്പോഴും നടങ്ങും. മെച്ചപ്പെട്ട വിദ്യാഭ്യാസം നേടി തൊട്ടടുത്ത ഗ്രാമത്തിൽ അധ്യാപകനായി പ്രവർത്തിക്കുന്ന തന്റെ മകൻ മേൽജാതിയിൽപ്പെട്ട പെൺകുട്ടിയെ പ്രണയിച്ചതിന്റെ പേരിലായിരുന്നു അക്രമം. യൂണിയൻ മാലയ്ക്കൊപ്പം ശക്തിമായി നിലകൊണ്ടതുകൊണ്ടുമാത്രം അക്രമികൾക്കെതിരെ കേസ് എടുക്കുന്നതിന് സാധിച്ചു. തന്റെ നിലപാടിൽ ധീരമായി ഉറച്ചു നിന്ന പെൺകുട്ടി മാലയുടെ മകനെ തന്നെ വിവാഹംകഴിക്കുകയുംചെയ്തു. ഇന്ന് മാല നേരിടുന്ന മറ്റൊരു പ്രശ്നാണ്. യന്ത്രവൽക്കരിക്കപ്പെട്ട അടുക്കളയിൽ ഭക്ഷണം പാചകംചെയ്ത് കുട്ടികൾക്ക് വിതരണം ചെയ്യാനായി കോർപറേറ്റ് സന്നദ്ധ സംഘടനകൾക്ക് അനുവാദം നൽകിയതായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. മാലയുടെ ജോലിയുടെ ഭാവിയെന്താകും? സ്ഥിരം ജോലിയില്ലാത്ത ഭർത്താവും താനും എങ്ങനെ ജീവിക്കും?

മഹാരാഷ്ട്രയിൽനിന്നുള്ള ദരിദ്ര കർഷകയാണ് ശോഭ ഷിന്ദെ. നാട്ടിലെ വട്ടിപ്പലിശക്കാരനിൽ നിന്ന് കടം വാങ്ങിയ ഒരു ലക്ഷം രൂപ തിരിച്ചടയ്ക്കാനാകാതെ ശോഭയുടെ ഭർത്താവ് മൂന്നുവർഷം മുമ്പ് ആത്മഹത്യചെയ്തു. രണ്ടുകുട്ടികളും രോഗിയായ ഭർതൃമാതാവുമടങ്ങിയ കുടുംബത്തിന്റെ മുഴുവൻ ചുമതലയും ശോഭയുടെ ചുമലിലായി. സ്വന്തം കൃഷിഭൂമിയിലെ ജോലിക്കു പുറമെ മറ്റുള്ളവരുടെ വയലുകളിൽ അവർ പണിചെയ്താണ് കുടുംബം പോറ്റുന്നത്. ഇപ്പോഴാണെങ്കിൽ ഗ്രാമങ്ങളിൽ എല്ലാ ദിവസവും പണിയില്ല. തൊഴിലുറപ്പ് പദ്ധതിവഴിയുള്ള തൊഴിലും നിലച്ചു. തൊഴിലുറപ്പിന്റെ വേതനമാകട്ടെ മാസങ്ങളായി കുടിശ്ശികയും. ഇതോടെ തൊട്ടടുത്ത പട്ടണത്തിൽ നിർമാണത്തൊഴിലിന് പോകാൻ അവർ നിർബന്ധിതയായി. പുലർച്ചെ എഴുന്നേറ്റ് വീട്ടിലുള്ളവർക്ക് ഭക്ഷണമൊരുക്കി പെട്ടെന്ന് പട്ടണത്തിലെത്തണം, എന്തെങ്കിലും പണി അന്ന് തരപ്പെടുമെന്ന പ്രതീക്ഷയിൽ. ഇല്ലെങ്കിൽ ഗ്രാമത്തിൽനിന്ന് പട്ടണത്തിലെത്തുന്നതിന് ചെലവാക്കിയ വണ്ടിക്കൂലിയായ മുപ്പത് രൂപ നഷ്ടമാകും. തന്നെപ്പോലെ കുട്ടികൾ കഷ്ടപ്പെടരുതെന്ന് അവർക്ക് നിർബന്ധമുണ്ട്. അവർക്ക് നിർബന്ധമായും നല്ല വിദ്യാഭ്യാസം ലഭിക്കണം. അതുവഴി കുട്ടികൾക്ക് നല്ല ജോലി ലഭിക്കുമെന്നും മെച്ചപ്പെട്ട ജീവിതം സാധ്യമാകുമെന്നും അവർ വിശ്വസിക്കുന്നു. അവരുടെ മകൾ മിടുക്കിയും കഠിനാധ്വാനിയുമാണ്. അമ്മയെ വീട്ടിലും പാടത്തും സഹായിക്കുന്നവൾ. ക്ലാസിൽ

ഒന്നാമതെത്തും. അതുകൊണ്ടൊന്നും കോളേജിൽ പഠിക്കാനാവുമെന്ന് അവൾ കരുതുന്നില്ല. ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ പദ്ധതിയുടെയും ബിൽഡിങ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫേർ ആക്ടിനു കീഴിൽ നിർമാണത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പിന്റെയും പരസ്യങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം അപ്രാപ്യമാണ് ഈ പെൺകുട്ടിക്ക്. നിർമാണ തൊഴിലാളി എന്ന നിലയ്ക്കുള്ള ആനുകൂല്യങ്ങൾക്ക് വേണ്ടി അവളുടെ അമ്മ ലേബർ ഓഫീസുകളിൽ പലവട്ടം കയറിയിറങ്ങിയെങ്കിലും നിർമാണ തൊഴിലാളിയായി റജിസ്റ്റർ ചെയ്യാൻ പോലുമായില്ല. ദിവസം രണ്ടുനേരം ഭക്ഷണം കഴിക്കാൻ പോലും സാധിക്കാത്ത അവർക്ക് എങ്ങനെയാണ് കോളേജിലെ ഫീസ് അടയ്ക്കാനാകുക? എങ്ങനെ പുസ്തകം വാങ്ങാനാകും?

ഒഡിഷയിലെ കളഹന്ദി ജില്ലയിലെ മേൽഘർ ഗ്രാമത്തിലെ ദരിദ്ര കർഷകനാണ് ദാന മാജി . അതെ തന്റെ ഭാര്യ അമൻഗദേയിയുടെ മൃതദേഹം തോളിലേറ്റി കരഞ്ഞു തളർന്ന മകൾക്കൊപ്പം സഞ്ചരിച്ച മനുഷ്യൻ തന്നെ. രണ്ടുവർഷം മുമ്പ് മാധ്യമങ്ങളിൽ വന്ന ചിത്രത്തിലെ ദാന മാജി.

മേൽഘറിൽ ആശുപത്രികളില്ല. പ്രാഥമികാരോഗ്യ കേന്ദ്രം ആറു കിലോമീറ്റർ അകലെ നകരുണ്ടിയിൽ. ഡോക്ടർപോലുമില്ലാത്തത ആ ആശുപത്രിയിലായിരുന്നു ക്ഷയരോഗ ബാധിതയായ അമൻഗദേയിയെ പ്രവേശിപ്പിച്ചത്. രോഗം മൂർഛിച്ചപ്പോൾ അവരെ 60 കിലോമീറ്റർ അകലെ ജില്ലാ ആസ്ഥാനത്തുള്ള ആശുപത്രിയിലാക്കി. കൃത്യസമയത്ത് ഉചിതമായ ചികിത്സ ലഭിക്കാതെ അവർ മരിച്ചു. മൃതദേഹം കൊണ്ടുപോകാൻ ആംബുലൻസ് പോലും ആശുപത്രി അധികൃതർ നൽകിയില്ല. സ്വകാര്യവാഹനത്തിന് വാടക നൽകാൻ മാജിയുടെ കൈയ്യിൽ പണവുമുണ്ടായിരുന്നില്ല. പന്ത്രണ്ട് കിലോമീറ്റർ ദൂരം അദ്ദേഹം ഭാര്യയുടെ മൃതദേഹം തോളിലേറ്റി ആ രാത്രിമുഴുവൻ നടന്നു, ആരൊക്കെയോ സഹായിക്കുംവരെ. ദരിദ്രവിഭാഗങ്ങൾക്കിടയിൽ വ്യാപകമായ ക്ഷയം, മലമ്പനി എന്നിവ കൃത്യസമയത്തെ ഫലപ്രദമായ ചികിത്സകൊണ്ട് ഭേദമാക്കാം. എന്നാൽ പാവപ്പെട്ട ആദിവാസി ഊരുകളിൽ ഇത്തരം രോഗങ്ങൾ മരണഹേതു ആകുകയാണ്.

ഈ മനുഷ്യർ ഒറ്റയ്ക്കല്ല. അവരുടെ അനുഭവങ്ങൾ, അവരുടെ കഥകൾ ഒറ്റപ്പെട്ടവയുമല്ല. ജീവിക്കാനായി കഷ്ടപ്പെടുന്ന മിക്കവാറും കർഷകരും തൊഴിലാളികളും ജീവനക്കാരും കർഷകത്തൊഴിലാളികളും കൈവേലക്കാരും നേരിടേണ്ടിവരുന്നത് ഇത്തരം അനുഭവങ്ങളും ദുരിതങ്ങളുമാണ്.

അധികാരത്തിലിരിക്കുന്നവർ ഈ പ്രശ്നങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ്. ഭരണവർഗ പാർടികളുടെ വ്യവഹാരങ്ങളിലൊന്നും ഇവർ ഇടംകണ്ടെത്തുന്നില്ല. വോട്ടിനായി പരസ്പരം മത്സരിക്കുമ്പോൾ അവർ ഈ മനുഷ്യരെക്കുറിച്ച് പറയുന്നില്ല. ജാതിയെക്കുറിച്ചും മതത്തെക്കുറിച്ചും പ്രദേശത്തെക്കുറിച്ചും മറ്റും പറഞ്ഞും പരസ്പരം വ്യാജ ആരോപണം ഉയർത്തിയും ജനങ്ങളുടെ യഥാർഥ പ്രശ്നങ്ങൾ ബോധപൂർവം അവഗണിക്കാനുമ അവരുടെ പൊള്ളുന്ന പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ മാറ്റി വിടാനും കഴിയുമെന്ന ആത്മവിശ്വാസം ബിജെപിയും കോൺഗ്രസും മറ്റ് പ്രാദേശിക ബൂർഷ്വാകക്ഷികൾക്കുണ്ട്.

കോടിക്കണക്കിന് വരുന്ന കർഷകരും തൊഴിലാളികളും ജീവനക്കാരും കർഷകത്തൊഴിലാളികളും കൈവേലക്കാരും അടക്കമുള്ള അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരാനും മെച്ചപ്പെട്ട തൊഴിലിനും മെച്ചപ്പെട്ട തൊഴിൽ സാഹചര്യത്തിനും മെച്ചപ്പെട്ട ജീവിതത്തിനും കുട്ടികളുടെ മെച്ചപ്പെട്ട ഭാവിക്കും വേണ്ടിയുടെ തങ്ങളുടെ ആവശ്യങ്ങൾ ഉയർത്തിക്കാണിക്കാനും വേണ്ടിയാണ് 2018 സപ്തംബർ അഞ്ചിന് സിഐടിയു, അഖിലേന്ത്യ കിസാൻസഭ, അഖിലേന്ത്യ കർഷക തൊഴിലാളി യൂണിയൻ എന്നീ സംഘടനകൾ ചേർന്ന് മസ്ദൂർ കിസാൻ സംഘർഷ് റാലി എന്നപേരിൽ പാർലമെന്റിലേക്ക് മാർച്ച് നടത്തുന്നത്.

ഇത്രയും പരിതാപകരമായ അവസ്ഥയിൽ ജീവിക്കാൻ നിർബന്ധിതരാകേണ്ടവരല്ല നമ്മൾ എന്ന ആത്മവിശ്വാസം വളർത്താനാണ് ഈ സമരം. ഈ ആത്മവിശ്വാസം കൈവരേണ്ടത് മെച്ചപ്പെട്ട ജീവിതത്തിനും മാന്യതയും അന്തസ്സും ഉള്ള തൊഴിലിനും ജീവിതസാഹചര്യങ്ങൾക്കുംവേണ്ടിയു

ള്ള ഒരുമിച്ചുള്ള സമരത്തിലൂടെയാണ്. രാജ്യത്തിന് വിഭവങ്ങളുണ്ട്. എന്നാൽ രാജ്യത്തിനു വേണ്ടത് ബദൽനയങ്ങളാണ്. 0.1ശതമാനം ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരുകളോട് നോ എന്നു പറയാനാണ് മസ്ദൂർ കിസാൻ സംഘർഷ് റാലി. 99.9ശതമാനം മനുഷ്യർക്ക് ഉപകരിക്കുന്ന നയങ്ങൾ വേണമെന്ന് ആവശ്യപ്പെടാനാണത്.

മുപ്പതുവർഷത്തോളുമായി സർക്കാരുകൾ നടപ്പാക്കുന്ന നവലിബറൽ നയങ്ങൾ രാജ്യത്തെ ഭൂരിഭാഗം തൊഴിലാളികളുടെയും മറ്റ് ജനവിഭാഗങ്ങളുടെയും ജീവിതസാഹചര്യങ്ങൾ ദുരിതപൂർണമാക്കിയിരിക്കയാണ്. ഭക്ഷണത്തിന്റെയും മരുന്നിന്റെയും ആരോഗ്യസേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ചെലവു കുതിച്ചുയരുകയാണ്. അതേസമയം വേതനം സ്തംഭിച്ചു നിൽക്കുകയും ചെയ്യുന്നു. മാന്യമായ സ്ഥിരംതൊഴിൽ അപൂർവമായി മാറിയിരിക്കുന്നു. ഗുരുതരരോഗമോ പിരിച്ചുവിടലിലൂടെയും അടച്ചുപൂട്ടലിലൂടെയും വെള്ളപ്പൊക്കത്തിലൂടെയും വരൾച്ചയിലൂടെയും ഒരാൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടമോ ഒരു കുടുംബത്തിന് കനത്ത തിരിച്ചടിയാകുന്ന സ്ഥിതിയാണിന്ന്. നോട്ടുനിരോധനം പോലുള്ള സർക്കാർ നടപടികൾ കൂടിയാകുമ്പോൾ അവരുടെ ജീവിതം ചിന്നിച്ചിതറും.

തങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി ജനങ്ങൾ പൊരുതുകയാണ്. രാജ്യ തലസ്ഥാനത്തും രാജ്യമാകെയുമായി പ്രകടനങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയും ജനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ തുറന്നു പറയുകയാണ്. ഉപവസിച്ചും അറസ്റ്റുവരിച്ചും അവർ പ്രതിഷേധിക്കുന്നു. 12 പ്രധാന ആവശ്യങ്ങളുന്നയിച്ച് രാജ്യമെമ്പാടുമുള്ള കോടിക്കണക്കിന് തൊഴിലാളികൾസംയുക്തമായി സമരം നടത്തുകയുണ്ടായി. ഈ ആവശ്യങ്ങൾ ന്യായമാണെന്ന് ഒരു മുൻ പ്രധാനമന്ത്രിക്കുവരെ പറയേണ്ടിവന്നു.

ദുഃഖകരമെന്ന് പറയട്ടെ ഇരുപത് വർഷമായി കർഷകർ അവരുടെ ദുരിതം ആവിഷ്കരിക്കുന്നത് ആത്മഹത്യയിലൂടെയാണ്. കുറച്ചു നാളുകളായി കർഷകർ ധർണയിലൂടെയും ലോങ്മാർച്ചിലൂടെയും അറസ്റ്റ് വരിക്കലിലൂടെയും പണിമുടക്കിലൂടെയും ബന്ദിലൂടെയും പ്രതിഷേധിക്കാനും തുടങ്ങിയിരിക്കുന്നു. തങ്ങൾ വോട്ടുചെയ്ത് അധികാരത്തിലേറ്റിയ പാർടികളോടുള്ള അസംതൃപ്തിയും രോഷവുമാണവർ പ്രകടിപ്പിക്കുന്നത്. സർക്കാരുകൾ മാറുന്നു. സർക്കാരുകൾക്ക് നേതൃത്വം നൽകുന്ന പാർടികൾ മാറുന്നു. എന്നാൽ കഷ്ടപ്പെടുത്ത ഭൂരിഭാഗം ജനങ്ങളുടെയും ദുരിതങ്ങൾക്ക് ഒരു മാറ്റവുമില്ല. മാറ്റമുണ്ടെങ്കിൽ തന്നെ അവ കൂടുതൽ ദുരിതപൂർണമാകുന്നതിലേക്കാണ് മാറ്റം. കേന്ദ്രം ഭരിക്കുന്നത് കോൺഗ്രസ് ആയാലും ബിജെപി ആയാലും മറ്റ് പാർടികളുടെ സഖ്യമായാലും ജനങ്ങളുടെ ദുരിതത്തിന് ഹേതുവായ നയങ്ങളിൽ ഒരു മാറ്റവും സംഭവിക്കുന്നില്ല.

നാലുവർഷം മുമ്പാണ് നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അധികാരത്തിൽ വന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനലും തൊഴിൽനൽകുന്നതിലും പരാജയപ്പെട്ട കോൺഗ്രസ് നേതൃത്വത്തിലുള്ള രണ്ടാം യുപിഎ സർക്കാരിനോട് ജനങ്ങൾക്ക് രോഷമുണ്ടായിരുന്നു. കോർപറേറ്റുകൾക്കും ധനാഢ്യർക്കും മാത്രം ഗുണകരമായ നയങ്ങൾ പിന്തുടരുന്ന നയങ്ങളോടും അക്കാലത്ത് ഉന്നതർ നടത്തിയ ഭീമൻ അഴിമതിയിലും ജനങ്ങൾ അങ്ങേയറ്റം രോഷാകുലരായിരുന്നു. ആ സാഹചര്യത്തിൽ ബിജെപിയും അവരുടെ പ്രധാനമന്ത്രി സ്ഥാനാർഥി നരേന്ദ്രമോഡിയും നൽകിയ വാഗ്ദാനങ്ങളിൽ ജനങ്ങൾ വിശ്വാസമർപ്പിച്ചു. വാഗ്ദത്ത നല്ല ദിനങ്ങൾ(അച്ഛേദിൻ) വന്നുചേരുമെന്നും ജനം വിശ്വസിച്ചു.

എന്നാൽ നരേന്ദ്ര മോഡി സർക്കാരിന്റെ കഴിഞ്ഞ നാലു വർഷങ്ങൾ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം ആപത്കരമാണെന്ന് തെളിഞ്ഞു. വറചട്ടിയിൽനിന്ന് എരിതീയിലേക്ക് പതിച്ച സ്ഥിതി. ജനലക്ഷങ്ങളെ കൊള്ളയടിക്കുന്ന നവലിബറൽ നയങ്ങളിൽനിന്ന് പിന്മാറുകയല്ല, കൂടുതൽ തീവ്രതയോടെ നടപ്പാക്കുകയാണ് ബിജെപി സർക്കാർ ചെയ്തത്. തൊഴിൽനിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ താൽപര്യം കാട്ടാതിരുന്ന സർക്കാർ തൊഴിലുടമകൾക്ക് അനു

കൂലമാംവിധം നിയമങ്ങൾ ഭേദഗതി ചെയ്തു. വിലക്കയറ്റം നിർബാധം തീവ്രമാകുന്നു; തൊഴിലില്ലായ്മ പെരുകുന്നു. കർഷകരുടെ ഭൂമി കോർപറേറ്റുകൾക്ക് റിയൽ എസ്റ്റേറ്റ് കഴുകന്മാർക്കും 'വികസനം' എന്ന പേരിൽ വീതംവയ്ക്കുകയാണ് സർക്കാർ. സുപ്രധാന തന്ത്രപര പ്രാധാന്യമുള്ള പ്രതിരോധം, റെയിൽവെ, ഇൻഷുറൻസ്, ടെലികോം മേഖലകളും ആരോഗ്യരക്ഷ, വിദ്യാഭ്യാസം, പൊതുഗതാഗതം, വൈദ്യുതി മേഖലകളും സ്വകാര്യവൽക്കരിക്കാനുള്ള പദ്ധതികൾ തടസ്സമില്ലാതെ തുടരുന്നു.

നല്ല ദിനങ്ങൾ അകന്നകന്ന് പോകുകയാണെന്ന് ജനങ്ങൾ ഇന്ന് മനസ്സിലാക്കുന്നു. ബിജെപി വാഗ്ദാനംചെയ്ത നല്ല ദിനങ്ങൾ വന്നു ചേർന്നത് ജനങ്ങൾക്കല്ല, യുപിഎ ഭരണത്തിൽ നേട്ടമുണ്ടാകുകയും എന്നാൽ സംതൃപ്തരാകാതിരുക്കുകയുംചെയ്ത ആഭ്യന്ത-വിദേശ കോർപറേറ്റുകൾക്കാണ്. ആഗോള സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറാനും തങ്ങളുടെ ലാഭം സംരക്ഷിക്കാനും കോൺഗ്രസ് സർക്കാർ ആവശ്യമായ കാര്യങ്ങൾ ചെയ്തില്ലെന്ന അവർ വിശ്വസിക്കുന്നു. അവർ കൂടുതൽ ആവശ്യപ്പെട്ടു. ആവശ്യമായ കാര്യങ്ങൾ മോഡി ചെയ്തു തരുമെന്ന് അവർ വിശ്വസിച്ചു. അവർ എല്ലാ പ്രതീക്ഷയും മോഡിയിൽ അർപ്പിച്ചു. അവർ ബിജെപിക്ക് പണം നൽകി. കോർപറേറ്റുകളുടെ ഉടമസ്ഥതയിലുള്ള മാധ്യമങ്ങൾ ആർത്തുവിളിച്ചു: "ഇതാ മിശിഹ വന്നെത്തി'. വിലക്കയറ്റം? അത് മോഡി നിയന്ത്രിച്ചു കൊള്ളും. തൊഴിൽ? മോഡി നൽകും. അഴിമതി? മോഡി അത് നിർമാജനം ചെയ്യും. തങ്ങളെ പിന്തുണച്ചവരെ അധികാരത്തിൽ വന്നതോടെ മോഡി സർക്കാർ തിരിച്ചു സഹായിക്കാൻ തുടങ്ങി. യഥാർഥ മുദ്രാവാക്യം, ജനങ്ങളുടെ വോട്ട്, കോർപറേറ്റുകൾക്ക് പിന്തുണ എന്ന തരത്തിലായി.

ഇതുകൂടാതെയാണ് ബിജെപിയുടെ പ്രത്യയശാസ്ത്ര വഴികാട്ടിയായ ആർഎസ്എസ്സിനുവേണ്ടി ബിജെപി സർക്കാർ നടപ്പാക്കുന്ന ഹിന്ദുത്വ അജൻഡകൾ. സമൂഹത്തെ വർഗീയമായി ഭിന്നിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. എല്ലാ ജനങ്ങൾക്കുമേലും തങ്ങളുടെ പ്രത്യയശാസ്ത്രവും ചിന്താധാരയും അടിച്ചേൽപ്പിക്കാനാണ് ആർഎസ്എസ്സും അതിനു കീഴിലുള്ള വിവിധ സംഘടനകളും ശ്രമിക്കുന്നത്. പ്രതിരോധിക്കുന്നവരെ, എതിർശബ്ദം ഉയത്തുന്നവരെയെല്ലാം ദേശവിരുദ്ധരായി മുദ്രകുത്തുകയാണ്. പ്രതിഷേധിക്കുന്നത് മുസ്ലിങ്ങളാണെങ്കിൽ 'പാകിസ്ഥാനിലേക്ക് പോ' എന്ന് ആക്രോശിക്കും. ജനജീവിതത്തിന്റെ എല്ലാ തലങ്ങളെയും നിയന്ത്രിക്കാനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങൾ എന്തു ഭക്ഷിക്കണമെന്നും ഏതു വസ്ത്രം ധരിക്കണമെന്നും ആരെ വിവാഹം ചെയ്യണമെന്നും അവർ നിർദേശിക്കുന്ന സ്ഥിതി. രാജ്യത്തെ വിഖ്യാതമായ സാംസ്കാരിക, ചരിത്ര, ശാസ്ത്ര, ഗവേഷണ സ്ഥാപനങ്ങളുടെയും യൂണിവേഴ്സിറ്റികളുടെയും മേധാവികളായി ആർഎസ്എസ്സുകാരെ നിയമിച്ചു. നവലിബറൽ നയങ്ങൾ ചെറുത്തുതോൽപ്പിക്കുന്നതിനുള്ള ഏകോപിതമായ സമരങ്ങളെ ശക്തിപ്പെടുത്താൻ ജനങ്ങളുടെ ഐക്യം അനിവാര്യമാണ്. ഈ ഐക്യത്തെ തകർക്കാനാണ് ആർഎസ്എസ്സിനു കീഴിലെ സംഘടനകൾ ശ്രമിക്കുന്നത്. നമ്മൾ ഇഷ്ടപ്പെടുന്ന സമാധാനപരമായ ജീവിതത്തിനുനേരെയാണ് അവർ ഭീഷണി ഉയർത്തുന്നത്. പാർലമെന്റിനെപ്പോലും ഇരുട്ടിൽനിർത്തുന്ന ബിജെപി സർക്കാരിന്റെ അമിതാധികാര പ്രവണത കൂടുതൽ ശക്തമാകുകയാണ്. ജനങ്ങളുടെയും ട്രേഡ് യൂണിയനുകൾ അടക്കമുള്ള അവരുടെ സംഘടനകളുടെയും ജനാധിപത്യപരമായ പ്രവർത്തന സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിടുകയാണ്.

ഈ സാഹചര്യത്തിൽ മറ്റ് മത മൗലികവാദ വർഗീയ ശക്തികളും സ്വാധീനമുറപ്പിക്കുകയാണ്. ജനങ്ങളുടെ പൊള്ളുന്ന ദൈനംദിന ജീവിതപ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിട്ട് ഇല്ലാ പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാനാണ് ശ്രമം. ഇതുവരെ സമാധാനപരമായി പരസ്പരം വിദ്വേഷമില്ലാതെ കഴിഞ്ഞ അയൽക്കാരെയും സഹപ്രവർത്തകരെയും ലൗവ് ജിഹാദിന്റെയും പശു സംരക്ഷണത്തിന്റെയും ഘർവാപ്സിയുടെയും മിശ്രവിവാഹത്തിന്റെയും പേരിൽ കൊല്ലാൻ പ്രേരിപ്പിക്കുകയാണ്. ബോധപൂർവമായ ഇത്തരം ശ്രമങ്ങൾ നമ്മുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയും ചൂഷണത്തിനും അടിച്ചമർത്തലനിനുമെതിരെയുമുള്ള സമരങ്ങളെ ദുർബലമാക്കും. അവകാ

ശങ്ങൾക്കും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കുംവേണ്ടിയുള്ള പോരാട്ടങ്ങളെ നിർവീര്യമാക്കും.

**നമ്മൾ ഇന്ന് നേരിടാൻ പോകുന്ന പ്രധാന വിഷയങ്ങൾ എന്തെല്ലമാണ്?**

**തൊഴിൽ**

നമ്മുടെയും നമ്മുടെ കുട്ടികളുടെയും തൊഴിലിന്റെ കാര്യത്തിൽ നമ്മൾ ഉത്കണ്ഠാകുലരാണ്. നമുക്ക് നമ്മുടെ ജോലി നിലനിർത്തുന്നതിൽ പരിഭ്രാന്തിയില്ലെങ്കിൽ പോലും മക്കളുടെ കാര്യത്തിൽ ഗൗരവമുണ്ട്. അവർക്ക് മാന്യവും സുരക്ഷിതവുമായ ഒരു തൊഴിക ലഭിക്കുമോ?

ഇന്ത്യ ജനസംഖ്യാപരമായി ഭിന്നിക്കപ്പെട്ടിരിക്കുന്നു. ജനസംഖ്യയിൽ പകുതിയിലേറെയും 25 വയസ്സിൽ കുറവുള്ളവരാണ്. ജനസംഖ്യയുടെ 65 ശതമാനവും 35 വയസ്സിൽ കുറവുള്ളവരും. ഇവർക്ക് നല്ല തൊഴിൽ നൽകി ഈ യുവാക്കളുടെ സേവനം വിവിധ മേഖലകളിൽ രാജ്യത്തിന്റെ വികസനത്തിനായി വിനിയോഗിക്കുകയാണെങ്കിൽ മികച്ച നേട്ടങ്ങളുണ്ടാക്കാം. എന്നാൽ ഇത് നമുക്ക് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നുണ്ടോ?

സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കണോമി(സിഎംഐഇ)യുടെ കണക്കുകൾ പ്രകാരം ഇന്ത്യയിലെ തൊഴിൽ പങ്കാളിത്തം ഏറ്റവും കുറഞ്ഞ നിരക്കായ 40 ശതമാനത്തിലാണ്. രണ്ടു വർഷം മുമ്പ് അത് 43 ശതമാനമായിരുന്നു. ഇതിനർഥം നേരത്തെ തൊഴിലുണ്ടായിരുന്ന 1.3 കോടി പേർക്ക് തൊഴിൽ നഷ്ടമായെന്നാണ്. ലേബർ ബ്യൂറോയും അഞ്ചാമത്തെ വാർഷിക തൊഴിൽ, തൊഴിലില്ലായ്മ സർവെ പ്രകാരം തൊഴിൽ ശക്തിയുടെ 40 ശതമാനത്തിനും വർഷത്തിൽ പൂർണമായും തൊഴിൽ ലഭിക്കുന്നില്ല. 2015–16ൽ 36 ശതമാനത്തിലേറെ തൊഴിലാളികൾ തുച്ഛവേതനം കിട്ടുന്ന കാഷ്വൽ, കരാർ തൊഴിലാളികളാണ്. ഇത്തരം തൊഴിലാളികളുടെ മൊത്തം എണ്ണം 13 കോടിയാണ്. സ്ത്രീകളുടെ തൊഴിൽ തുടർച്ചയായി കുറഞ്ഞു വരുന്നു. അത് ലോകത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 22ശതമാനത്തിലേക്ക് പതിച്ചു.

തൊഴിൽശക്തിയിലേക്ക് ഓരോ വർഷവും പുതുതായി കൂട്ടിച്ചേർക്കപ്പെടുന്നത് 1.15 കോടി പേരാണ്. ഇവരും തൊഴിൽ തേടുകയാണ്. കൂടുതൽ തൊഴിലുള്ള എട്ട് തൊഴിൽ മേഖലകളെക്കുറിച്ചുള്ള ലേബർ ബ്യൂറോയുടെ ത്രൈമാസ സർവെ പ്രകാരം 2017 ഒക്ടോബറിൽ അവസാനിച്ച 18 മാസ കാലയളവിൽ കൂട്ടിച്ചേർക്കപ്പെട്ടത് 5.56 ലക്ഷം തൊഴിൽ മാത്രമാണ്. അതേസമയം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പറയുന്നത് ഇപ്പോഴത്തെ ബിജെപി സർക്കാരിന്റെ ആദ്യ രണ്ടു വർഷങ്ങളിൽ 10 ലക്ഷം പേർക്ക് തൊഴിൽ നഷ്ടമായെന്നാണ്! ടെലികോം, ഐടി, വസ്ത്ര നിർമാണം, രത്ന, ആഭരണ മേഖലകളിൽനിന്ന് പതിനായിരക്കണക്കിന് തൊഴിലാളികളാണ് പുറത്താക്കപ്പെടുന്നത്.

രാജ്യത്തെ തൊഴിലില്ലായ്മയുടെ തീവ്രത അത്യന്തം ഗുരുതരമാണെന്നാണ് മാധ്യമവാർത്തകൾ നമ്മോട് പറയുന്നത്. റെയിൽവെയിലെ ഒരു ലക്ഷം ഒഴിവുകളിലേക്ക് അപേക്ഷിച്ചവർ രണ്ടു കോടിയോളമാണ്. ഉത്തർപ്രദേശിൽ ഒഴിവുന്ന 368 പ്യൂൺ തസ്തകയിലേക്ക് അപേക്ഷിച്ചത് 23 ലക്ഷം പേർ. ഹരിയാനയിലെ കോടതികളിൽ ഒഴിവുന്ന 9 തസ്തികയിലേക്ക് അപേക്ഷിച്ചത് 18000 പേർ. രാജസ്ഥാനിൽ സംസ്ഥാന സെക്രട്ടറിയേറ്റിൽ 18 തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്. അതിലേക്ക് അപേക്ഷിച്ചവരുടെ എണ്ണം 12000. ബിരുദധാരികളും ബിരുദാനന്തരബിരുദധാരികളും മാത്രമല്ല, ഗവേഷക വിദ്യാർഥികളും എഞ്ചിനിയറിങ്, എംബിഎ ബിരുദധാരികളും അപേക്ഷകരായുണ്ട്.

മറ്റൊരർഥത്തിൽ പറഞ്ഞാൽ കേന്ദ്രസർക്കാർ സർവീസിൽ വിവിധ വകുപ്പുകളിൽ ലക്ഷക്കണക്കിന് തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. അധ്യാപകരുടെ മാത്രം പത്തുലക്ഷം ഒഴിവുകൾ. റെയിൽവെയിൽ സിഗ്നലിങ്, ഡ്രൈവർ തുടങ്ങിയ സുരക്ഷാ സംബന്ധിയായ തസ്തികകളിൽ ഉൾപ്പെടെ മൂന്നു ലക്ഷം തസ്തിക ഒഴിഞ്ഞുകിടക്കുന്നു. തപാൽവകുപ്പിൽ 70000 തസ്തികകളും. എന്നിട്ടും ഈ ഒഴിവുകളിൽ നിയമനം നടത്താൻ കേന്ദ്രസർക്കാർ ഒരു നടപടിയും കൈക്കൊള്ളു

ന്നില്ല. അതിനു പകരം ഇത്തരം തസ്തികകൾ അഞ്ചുവർഷമായി ബോധപൂർവം ഒഴിച്ചിട്ട് അവ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്.

നിലവിലുള്ള തൊഴിലാളികളുടെ ജോലിഭാരം കഴിഞ്ഞ വർഷങ്ങളിൽ വർധിക്കുകയാണ്. നിർബന്ധിത യോഗ്യതയുള്ള നിർബന്ധിത യോഗ്യതയുള്ളവർ ഈ തൊഴിലുകൾക്ക് ലഭ്യമാണ്. എന്നാൽ സ്ഥിരം ജീവനക്കാരെ റിക്രൂട്ട്ചെയ്യുന്നതിനു പുകരം സർക്കാർ കരാർ സംവിധാനം വഴി പുറംപണി ചെയ്യിക്കുന്നു. സ്ഥിരം തൊഴിൽ ചെയ്യുന്നവർക്ക് നൽകുന്ന വേതനവും മറ്റാനുകൂല്യങ്ങളും അതേ തൊഴിൽ ചെയ്യുന്ന കരാർ തൊഴിലാളികൾക്കും നൽകണമെന്ന് 2016ൽ സുപ്രിംകോടതിയുടെ നിയമപ്രകാരമായ ഉത്തരവുണ്ടായിട്ടും ഇത് നടപ്പിലാക്കുന്നില്ല. എന്തുകൊണ്ട്?

70 ലംക്ഷം പേർക്ക് പുതുതായി തൊഴിൽ നൽകിയെന്നാണ് 'പേറോൾ റിപ്പോർട്ടിങ്'അടിസ്ഥാനമാക്കി സർക്കാർ ഉന്നയിക്കുന്ന വ്യാജ അവകാശവാദം. ഇപിഎഫിന്റെയും ഇഎസ്ഐയുടെയും സ്ഥിതിവിവരക്കണക്കുകളിൽ കൃത്രിമം കാണിച്ചാണ് ഈ കണക്ക്. ഇതിൽ പറയുന്ന തൊഴിലുകളിൽ ഏറിയ പങ്കും നിലവിലുള്ളവയാണ്. ഇപിഎഫിൽ റജിസ്റ്റർ ചെയ്യാത്ത തൊഴിലുടമകൾക്ക് സർക്കാർ പ്രഖ്യാപിച്ച ശിക്ഷാ ഇളവ് ദുരുപയോഗിക്കുന്ന തൊഴിലുടമകളുടെ കണക്കുകളാണ് ഇതിനായി മാറ്റിയെഴുതുന്നത്. അതുപോലെ തന്നെ ടെക്സ്റ്റൈൽ- വസ്ത്ര നിർമാണ മേഖലകളിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളെ ഇപിഎഫ് പദ്ധതിയിൽ റജിസ്റ്റർചെയ്തിട്ടുണ്ട്. ഇവരുടെ ഇപിഎഫിന്റെ തൊഴിലുടമകളുടെ വിഹിതം പ്രധാനമന്ത്രി റോസ്ഗാർ പ്രോത്സാഹൻ യോജന(പിഎംആർപിവൈ) പദ്ധതിയിലൂടെ അടയ്ക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. മോഡി സർക്കാരിന്റെ നാലു വർഷത്തിൽ തൊഴിലവസരങ്ങൾ വർധിച്ചിട്ടില്ലെന്നതാണ് വസ്തുത. മൊത്തത്തിൽ തൊഴിലവസരങ്ങളിൽ നെഗറ്റീവ് വർധനയാണുണ്ടായത്. 70 ലക്ഷം തൊഴിലവസരം സൃഷ്ടിച്ചുവെന്ന അവകാശവാദം വെറും വ്യാജ്യമാണ്.

തൊഴിലാളികളുടെ ഇപിഎഫിൽ അടയ്ക്കേണ്ട തൊഴിലുടമകളുടെ വിഹിതം സ്വകാര്യ തൊഴിലുടമകൾക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്ന് അടയ്ക്കുകയാണ്. എന്നാൽ സ്വന്തം ഡിപ്പാർട്ടുമെന്റുകളിൽ അംഗൻവാടി, ആഷ, മിഡ്ഡേ മീൽ തുടങ്ങിയ സ്കീമുകളിൽ തൊഴിലെടുക്കുന്ന ഒരു കോടിയോളം പേർക്ക് ഇഎപിഎഫ്, ഇഎസ്ഐ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ തയ്യാറാകുന്നില്ല. മിനിമം വേതനം ഉറപ്പാക്കുകയും ഇപിഎഫ്, ഇഎസ്ഐ പദ്ധതികൾ നടപ്പാക്കിയും അവരെ തൊഴിലാളികളായി സർക്കാർ അംഗീകരിച്ച ശേഷം മതി തൊഴിലവസരങ്ങൾ ഗണ്യമായി വർധിപ്പിച്ചതായുള്ള അവകാശപ്പെടൽ. സർക്കാർ വകുപ്പുകളിൽ പ്രവർത്തിക്കുന്ന പുറംപണിക്കരാർ, കരാർ തൊഴിലാളികൾക്ക് സ്ഥിരം ജോലിക്കാരുടേതിന് തുല്യമായ മിനിമം വേതനം നൽകി അവരെ തൊഴിലാളികളായി അംഗീകരിക്കണം. അതിനെയാണ് തൊഴിൽസൃഷ്ടിയായി കണക്കാക്കേണ്ടത്.

**സർക്കാർ എന്തുകൊണ്ടാണ് ഇത് ചെയ്യാത്തത്?**

സ്ഥിരം തൊഴിലിന്റെ എണ്ണവും സർക്കാർ ചെലവുകളും ഗണ്യമായി കുറയ്ക്കണമെന്ന നവലിബറൽ നയങ്ങൾ നടപ്പാക്കുന്നതു മൂലമാണ് സർക്കാർ ഇങ്ങനെ ചെയ്യാത്തത്. നവലിബറൽ മുതലാളിത്ത നയങ്ങൾപിന്തുടരുന്ന സർക്കാരുകൾ വേതനവും ജനങ്ങളുടെ ക്ഷേമപദ്ധതികൾക്കുള്ള ചെലവും വെട്ടിക്കുറക്കുന്നത് കോർപറേറ്റ് ഭീമന്മാരായ യജമാനന്മാർക്ക് കൂടുതൽ കൂടുതൽ ഇളവുകൾ നൽകുകയാണ്. പൊതുഖജനാവിലെ പണം ഇതിനായി ചെവലിടുകയാണ്. രാജ്യത്തിനു വേണ്ടി സമ്പത്ത് സൃഷ്ടിക്കുന്ന ദശലക്ഷക്കണക്കിന് തൊഴിലാളികളാണ് ഈ നയങ്ങൾക്കു വേണ്ടി ബലിയാടുകളാവുന്നത്. അവർക്ക് എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നത്. ഇതിൽനിന്ന് ലാഭമുണ്ടാക്കുന്നതാവട്ടെ ചുരുക്കം ചില കോർപറേറ്റ് ബിസിനസ് സ്ഥാപനങ്ങളും. ഈ കോർപറേറ്റുകളിൽനിന്ന് വൻ തുക ഫണ്ട് കൈപ്പറ്റുന്ന പാർടികൾ ജനങ്ങളുടെ ചെലവിൽ കോർപ്പറേറ്റനുകൂലമായ നയങ്ങൾ തീവ്രമായി നടപ്പാക്കി അവരോടുള്ള കൂറ് വെളിവാക്കുന്നു. അങ്ങനെയാണ് തസ്തികകൾ നികത്താതിരിക്കുന്നത്; തസ്തികകൾ ഇല്ലാതാക്കുന്നത്; ശമ്പളത്തിനുള്ള ചെലവു കുറയ്ക്കുന്നതിനായി കരാർവൽക്കരണവും ഔട്ട്സോഴ്സിങ്ങും നടപ്പാക്കുന്നത്; ആനുകൂല്യങ്ങളും

സാമൂഹിക സുരക്ഷാ സംവിധാനങ്ങളും ഇല്ലാതാക്കുന്നത്. ഈ സ്ഥിതി എല്ലാ കേന്ദ്ര-സംസ്ഥാന സർവീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലനിൽക്കുന്നു.

സ്കീം തൊഴിലാളികളിലും കരാർ തൊഴിലാളികളിലും ഔട്ട്സോഴ്സ് ചെയ്യപ്പെട്ടവരിലും ബഹുഭൂരിപക്ഷവും സാമൂഹികമായി അടിച്ചമർത്തപ്പെട്ട വിഭാഗത്തിൽപ്പെട്ടവരാണ്. അതായത്, സ്ത്രീകളും ദളിത്, ഒബിസി വിഭാഗത്തിൽപ്പെട്ടവരും. ദരിദ്രർക്ക് പ്രത്യേകിച്ച് ഗ്രാമീണ മേഖലയിലെ സ്ത്രീകൾക്കും കുട്ടികൾക്കും വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം എന്നീ അടിസ്ഥാന സേവനങ്ങൾ പ്രദാനംചെയ്യുന്നവരാണ് സ്കീം തൊഴിലാളികൾ. ദശലക്ഷക്കണക്കിന് സ്ത്രീകളെയും കുട്ടികളെയും പോഷകാഹാരക്കുറവിൽനിന്നും നിരക്ഷരതയിൽനിന്നും മോചിപ്പിച്ച് രാജ്യത്തെ മാനവവിഭവശേഷിക്ക് മഹത്തായ സംഭാവനയാണ് ഇവർ നൽകുന്നത്. ശിശുമരണവും മാതൃമരണവും കുറച്ചുകൊണ്ടുവരുന്നതിൽ ഇവർ സുപ്രധാന പങ്ക് വഹിക്കുകയാണിവർ. നമ്മുടെ മാലയെപ്പോലുള്ള സ്ത്രീകൾ പതിറ്റാണ്ടുകളായി ഈ മേഖലയിൽ പ്രവർത്തിക്കുന്നു. അവരെ സാമൂഹിക പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ,ആക്ടിവിസ്റ്റുകൾ എന്നൊക്കെയാണ് വിശേഷിപ്പിക്കുന്നത്. ലോകത്തെ വേഗത്തിൽവളർച്ചനേടുന്ന മൂന്നാമത്തെ സമ്പദ്ഘടന എന്ന ഊറ്റം കൊള്ളുന്ന ഇന്ത്യയിൽ ഇത്തരം തൊഴിലാളികൾക്ക് 'ഓണറേറിയം' എന്നപേരിൽ പട്ടിണിക്കാശ് നൽകുന്നത് എത്രമേൽ ലജ്ജാകരമാണ്. സ്കീമുകൾ വഴി പോഷകാഹാരവും വിദ്യാഭ്യാസവും ആരോഗ്യവുമായി ബന്ധപ്പെട്ട അടിസ്ഥാന- അവശ്യ സേവനമെന്നത് സ്ത്രീകളെയും കുട്ടികൾക്കുമുള്ള അവകാശമായല്ല കണക്കാക്കുന്നത്. ഈ പദ്ധതികൾ ഏതു സമയത്തും പിൻവലിക്കാം. വാസ്തവത്തിൽ ക്ഷേമപദ്ധതികൾക്കുള്ള വകയിരുത്തലും സബ്സിഡിയും മറ്റും വെട്ടിക്കുറയ്ക്കുന്നത് സർക്കാർ ചെലവ് കുറയ്ക്കുന്നതിന്റെ സുപ്രധാന ഉപാധിയാണ്. അതുകൊണ്ടു തന്നെ ഈ പദ്ധതികൾ സ്വകാര്യവൽക്കരിച്ച് സ്വകാര്യ സന്നദ്ധ സംഘടനകൾക്ക് കൈമാറുന്നതിനുള്ള സാധ്യതയും നമ്മൾ കാണേണ്ടതുണ്ട്. ചിലർക്കു മാത്രമായി പരിമിതപ്പെടുത്തിയും ക്യാഷ് ട്രാൻസ്ഫർ നടപ്പാക്കിയും ഈ പദ്ധതിയുടെ ചിറകരിയാനും നീക്കമുണ്ട്. ബിജെപി സർക്കാർ അതിനുള്ള നീക്കം ശക്തമാക്കിയിട്ടുണ്ട്. ആസൂത്രണ കമീഷൻ ഇല്ലാതാക്കി രൂപീകരിച്ച നിതി ആയോഗിന്റെ നിർദേശങ്ങൾ ഈ ലക്ഷ്യം മുൻനിർത്തിയുള്ളതാണ്. ഈ സ്കീമുകൾക്ക് കേന്ദ്രസർക്കാർ വകയിരുത്തുന്ന തുകയിൽ ഗണ്യമായ വെട്ടിക്കുറവ് വിരുത്തിയിരിക്കയാണ്. നേരത്തെ പൂർണമായ തുകയും കേന്ദ്രസർക്കാരാണ് വഹിച്ചിരുന്നത്.

നിരന്തരമായ സമരത്തിലൂടെ സ്കീം തൊഴിലാളികൾക്ക് വേതനവർധന നേടിയെടുക്കാനായിട്ടുണ്ട്. പല സംസ്ഥാനങ്ങളിലും ചില ആനുകൂല്യങ്ങളും നേടാനായി. പതിറ്റാണ്ടുകൾ നീണ്ട കൂട്ടായ പരിശ്രമങ്ങൾ ഉണ്ടായിട്ടും സ്കീം വർക്കേഴ്സിനെ തൊഴിലാളികളായി അംഗീകരിക്കണമെന്നും സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും മിനിമം വേതനവും അവർക്ക് നൽകണമെന്ന് ഇന്ത്യൻ ലേബർ കോൺഫ്രൻസ് ശുപാർശ ചെയ്തിട്ടും സർക്കാർ ഇക്കാര്യങ്ങൾ പരിഗണിച്ചിട്ടേയില്ല. സ്വകാര്യവൽക്കരണം, സ്കീമുകൾ അവസാനിപ്പിക്കാൽ തുടങ്ങിയ ഭീഷണികൾ ഡെമോക്ലസിന്റെ വാൾ പോലെ സ്കീം തൊഴിലാളികളുടെ തലയ്ക്കു മുകളിൽ തൂങ്ങിനിൽക്കുകയാണ്.

'വ്യവസായങ്ങൾക്ക് അവശ്യം വേണ്ട നൈപുണ്യം' നേടാൻ യുവാക്കളെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ട് വലിയ തോതിൽ കൊട്ടിഘോഷിച്ച് സർക്കാർ തുടങ്ങിയതാണ് പ്രധാൻമന്ത്രി കൗശൽ വികാസ് യോജന(പിഎംകെവിവൈ).2015ൽ പദ്ധതി തുടങ്ങിയതു മുതൽ 41.3 ലക്ഷം പേർക്ക് പരിശീലനം ലഭിച്ചും. എന്നാൽ ഇതിൽ46.15 ശതമാനം പേർക്ക് അതായത് 15 ശതമാനത്തിന് മാത്രമാണ് ജോലി ലഭിച്ചതെന്നാണ് കണക്ക്. അതുതന്നെ മാന്യമായ വേതനം കിട്ടുന്ന തൊഴിലല്ല പലർക്കും ലഭിച്ചത്. ഈ സ്കീമിനെക്കുറിച്ച് പഠനം നടത്തിയ ശാരദപ്രസാദ് കമ്മിറ്റി കണ്ടെത്തിയത് 'സ്വകാര്യ മേഖലയ്ക്ക് നേട്ടമുണ്ടാക്കാൻ ഇതിനകം 2500 കോടി രൂപ ചെലവിട്ടുവെന്നാണ്. വ്യവസായങ്ങൾക്ക് ഉതകുന്ന നൈപുണ്യം പ്രദാനംചെയ്യാനോ യുവാക്കൾക്ക് മാന്യമായ വേതനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കാനോ ഈ പദ്ധതികൊണ്ട് സാധിച്ചില്ലെന്നും കമ്മിറ്റി വ്യക്തമാക്കുന്നു.

തസ്തികകൾ നികത്തണമെന്നും ഔട്ട് സോഴ്സിങ്ങും കരാർവൽക്കരണവും അവസാനിപ്പിക്കണമെന്നും സ്കീം വർക്കേഴസിനെ തൊഴിലാളികളായി അംഗീകരിക്കണമെന്നൊക്കെയുള്ള ആവശ്യങ്ങൾ ഉയരുമ്പോഴൊക്കെ സർക്കാർ വാദിക്കുന്നത് സാമ്പത്തിക സ്ഥിതി മോശമാണെന്നാണ്. ഈ വാദം വസ്തുതയ്ക്ക് നിരക്കുന്നതല്ല. സമ്പദ്ഘടനയിൽ അത്തരം പ്രശ്നങ്ങളില്ല. രാജ്യമൊട്ടുക്കുമുള്ള ജനങ്ങളുടെ ആവശ്യം നിറവേറ്റുന്നതിനാവശ്യമായ വിഭവങ്ങൾ രാജ്യത്തെ വ്യവസായ, കാർഷിക, സേവന മേഖലയിലെ അധ്വാനിക്കുന്ന ജനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നവലിബിറൽ മുതലാളിത്ത നയങ്ങൾ മറയാക്കി ആഭ്യന്തരവും വൈദേശികവുമായ കോർപറേറ്റ്- വ്യവസായ ലോബികൾ നടത്തുന്ന കവർച്ചയെ മൂടിവയ്ക്കാനാണ് ഇത്തരം വഞ്ചനാപരമായ വാദം സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

2008ലെയും അതിനു മുമ്പത്തെയും ബജറ്റ് രേഖകൾ പ്രകാരം ഓരോ വർഷവും വൻകിട കോർപറേറ്റുകൾ സർക്കാർ നികുതി ഇളവുകൾ അടക്കമുള്ള വൻ തോതിലുള്ള സഹായം ചെയ്തുകൊടുക്കുന്നുണ്ട്. ഇതിനായി ചെലവിടുന്ന തുക ശരാശരി 5 ലക്ഷം കോടി രൂപയാണ്. ഇതു കൂടാതെയാണ് വമ്പൻ കോർപറേറ്റുകൾ നടത്തുന്ന നികുതി വെട്ടിപ്പ്. മുൻ സാമ്പത്തിക വർഷത്തെ ബജറ്റിലെ കണക്കു പ്രകാരം 7 ലക്ഷം കോടി രൂപയുടെ നികുതി കോർപറേറ്റുകൾ അടച്ചിട്ടില്ല. 2014-2015 മുതൽ 2017 സപ്തംബർ വരെയുള്ള കാലയളവിൽ പൊതുമേഖലാ ബാങ്കുകൾ നൽകിയ 2.42 ലക്ഷ കോടിയുടെ വായ്പ എഴുതിത്തള്ളിയെന്നാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്ക്. ഈ വിവരം പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടു. കോർപറേറ്റ് ഭീമന്മാരുടെ കിട്ടാക്കടം 77 ശതമാനം കണ്ട് വർധിച്ച് 9ലക്ഷം കോടിയായി വളർന്നു. ആരുടെ പണമാണിത്? ഈ ഒമ്പതു ലക്ഷം കോടി രൂപ നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ പണമാണ്. കഷ്ടപ്പെട്ട് സമ്പാദിച്ച് പിന്നീട് ബുദ്ധിമുട്ടുമ്പോൾ ഉപയോഗിക്കാനായി കരുതിവച്ച പണമാണ് ഇങ്ങനെ കോർപറേറ്റുകൾക്ക് ദാനംചെയ്യുന്നത്. ഈ നിക്ഷേപം തന്നെയാണ് ബാങ്കുകളുടെ പ്രവർത്തന മൂലധനത്തിന്റെ പ്രധാന പങ്ക്.

നീരവ് മോഡിയെയും വിജയ് മല്യയെയും പോലുള്ളവരെ വൻ കൊള്ള നടത്തി നാടുവിടാൻ അവസരം നൽകുകയാണ് കേന്ദ്ര സർകാർ. രാജ്യത്തിന്റെ ഖജനാവ് കൊള്ളയടിക്കാൻ അനുവിക്കില്ലെന്ന് പറഞ്ഞ് സ്വയം ഒരു ചൗക്കിദാർ ആണെന്ന് അവകാശപ്പെട്ടയാൾ ഉറങ്ങുകയാണോ? വെട്ടിപ്പു നടത്തി നാടുവിട്ട നീരവ് മോഡി ലോക സാമ്പത്തിക ഫോറത്തിന്റെ വേദിയിൽ പ്രധാനമന്ത്രിക്കൊപ്പം ഫോട്ടോയ്ക്ക് പോസ് ചെയ്യാൻ പോലും തയ്യാറായി. അതെങ്ങനെ സാധിച്ചു? എന്തൂകൊണ്ടാണ് ഖജനാവ് കൊള്ളയടിക്കുന്ന ഇത്തരം കോർപറേറ്റുകൾക്ക് സർക്കാർ ഇളവുകൾ വർഷിക്കുന്നത്?

സർക്കാരിന്റെ കൈയ്യിൽ പണമില്ലെങ്കിൽ എന്തിനാണ് കോർപറേറ്റുകളോട് ഇത്രയും ഔദാര്യം കാണിച്ചു അവർക്ക് ഇളവുകൾ വാരിക്കോരി നൽകുന്നത്? എന്തുകൊണ്ടാണ് ഇത്രയും പണം പാവപ്പെട്ടവർക്കുവേണ്ടി വിനിയോഗിക്കാതിരിക്കുന്നത്? പ്രത്യക്ഷ നികുതി വെട്ടിച്ചോ നികുതി ഇളവു നൽകിയോ സർക്കാരിന് നഷ്ടപ്പെട്ടത് 12 ലക്ഷം കോടി രൂപയാണ്. കോർപറേറ്റുകൾ ബാങ്കുകളിൽ നിന്ന് വെട്ടിച്ച പാവപ്പെട്ടവരുടെ 9 ലക്ഷം കോടി രൂപയുടെ നിക്ഷേപവും. സാർവത്രിക ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻനും ആരോഗ്യ രക്ഷ ഉറപ്പാക്കാനും എല്ലാ ജനങ്ങൾക്കും മറ്റ് ക്ഷേമപദ്ധതികൾ നടപ്പാക്കാനും ഈ 21 ലക്ഷം കോടി രൂപ ധാരളം.

അതുകൊണ്ടുതന്നെ വിഭവങ്ങളുടെ ദൗർലഭ്യം എന്ന ചോദ്യമേ ഉദിക്കുന്നില്ല. ജനങ്ങളുടെ പണമെടുത്ത് കോർപറേറ്റുകൾക്ക് ഇൻസന്റീവ് എന്ന പേരിൽ വൻതോതിൽ ഇളവുകൾ നൽകാനാണ് സർക്കാർ തയ്യാറാവുന്നത്. അതേസമയം തന്നെ സബ്സിഡിക്കു വേണ്ടിയും മറ്റും പാവപ്പെട്ടവർക്കുവേണ്ടി പണം ഉപയോഗിക്കുന്നതിനെ ഒരു വിഭാഗം എതിർക്കുകയുംചെയ്യുന്നു. അത് പൊതു ഖജനാവിനെ പണം ചോർത്തുമെന്നാണ് വാദം. ആരുടെ ക്ഷേമത്തിനാണ്, ആർക്കു വേണ്ടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്.

ഇത് നീതിയുക്തമായ ഒരു വ്യവസ്ഥിതിയാണോ? ബാങ്കുകൾക്ക് 9 ലക്ഷം കോടി രൂപയുടെ വായ്പ തിരിച്ചടയ്ക്കാത്ത 50 വൻകിട കോർപറേറ്റുകൾ രാജ്യത്തെ ബാങ്കിങ് സംവിധാനത്തെയാകെ വെല്ലുവിളിക്കുകയാണ്. അവർ ബാങ്കിലുള്ള ജനങ്ങളുടെ പണം കൊള്ളയടിക്കുന്നത് കേന്ദ്രസർക്കാരിന്റെ രക്ഷാകർതൃത്വത്തിലാണ്. അതിനൊപ്പം അവർക്ക് കോടികളുടെ ഇളവുകൾ ഉദാരമായി നൽകുകയും ചെയ്യുന്നു. സ്വകാര്യവൽക്കരണത്തിലൂടെയും വ്യാപാരത്തിന്റെ ഉദാരവൽക്കരണത്തിലൂടെയും ഊഹക്കച്ചവടത്തിലൂടെയും രാജ്യത്തിന്റെ സമ്പത്ത് ഇവർക്ക് കൊള്ളയടിക്കാൻ സർക്കാർ അവസരമൊരുക്കുന്നു. തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, പൊതുഗതാഗതം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും നിഷേധിച്ചുകൊണ്ടാണ് ഈ നടപടികൾ. വാസ്തവത്തിൽ ഒരു ഭരണഘടനയുടെ നിർദേശക തത്വങ്ങൾ പ്രകാരം ഒരു ജനാധിപത്യ സർക്കാർ ഈ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കാൻ ബാധ്യസ്ഥമാണ്.

നവലിബറൽ സംവിധാനത്തിൽ നയപരമായ ഓരോ ഇടപെടും ജനങ്ങളുടെ ചെലവിൽ രാജ്യത്തും വിദേശത്തുമുള്ള വൻകിട കോർപറേറ്റുകളെ വീണ്ടും വീണ്ടും ധനാഢ്യരാക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അറപ്പുളവാക്കുന്ന വിധം രാജ്യത്ത് വർധിച്ചു വരുന്ന സാമ്പത്തിക അസമത്വത്തിൽനിന്ന് ഇക്കാര്യം വ്യക്തമാകും. അധ്വാനിക്കുന്ന മനുഷ്യർ സൃഷ്ടിക്കുന്ന സമ്പത്തിന്റെ 73 ശതമാനവും ഇത്തരം കോർപറേറ്റുകൾ കൈയ്യടക്കി വച്ചിരിക്കയാണെന്നാണ് 2017ലെ കണക്ക്. ഏഷ്യയിലെ രണ്ടാമത്തെ വലിയ കോടീശ്വരനും പതിനൊന്ന് വർഷമായി ഇന്ത്യയിലെ ഏറ്റവും വലിയ കോടീശ്വരനുമായ മുകേഷ് അംബാനിയുടെ ആസ്തി 2017ൽ 72.84 ശതമാനം കണ്ടു വർധിച്ച് 260622 കോടിയായി മാറി.

പ്രധാനമന്ത്രി പതിവായി യുവാക്കളെ ഉപദേശിക്കാറുള്ളത് ജോലി തേടരുതെന്നും സ്വയം തൊഴിലിൽ ഏർപ്പെട്ട് സംരംഭകരാകണമെന്നുമാണ്. അതോടെ യുവാക്കൾ തൊഴിലന്വേഷകർ എന്ന തലത്തിൽനിന്ന് മാറി തൊഴിലുടമകളാകുമെന്നാണ് പ്രധാനമന്ത്രി പറയുന്നത്. ഇന്ന് രാജ്യത്ത് സ്വയം തൊഴിലാണ് ഏറ്റവും ദയനീയമായ അവസ്ഥയിലുള്ള തൊഴിൽ. രാജ്യത്തെ തൊഴിലാളികളിൽ 46 ശതമാനം പേർ സ്വയംതൊഴിലുകളിൽ ഏർപ്പെടുന്നവരാണെന്നാണ് ലേബർ ബ്യൂറോയുടെ റിപ്പോർട്ടിലെ കണക്കുകൾ. അവർക്ക് എന്താണ് വരുമാനം? അവരിൽ 67 ശതമാനത്തിനും വരുമാനം 7500 രൂപയാണെന്നാണ് ഇതേ റിപ്പോർട്ട് പറയുന്നത്. പ്രതിമാസം ഒരു ലക്ഷം രൂപയിലധികം വരുമാനം ഉണ്ടാക്കുന്നവർ ഒരു ശതമാനം മാത്രം.

യുവാക്കളെ സംരംഭകരാക്കാൻ ലക്ഷ്യമിടുന്ന പ്രധാൻമന്ത്രി മുദ്രാ യോജന(പിഎംഎംവൈ) ലക്ഷ്യംതെറ്റി. ഈ പദ്ധതി പ്രകാരം ഏത്രയുവാക്കൾക്ക് തൊഴിൽ ലഭിച്ചു? പദ്ധതി തുടങ്ങിയ 2015ൽ 4.68 ലക്ഷം കോടി രൂപയാണ് വിതരണംചെയ്തത്. അതിനർഥം ഒരാൾക്ക് ശരാശരി ലഭിച്ച വായ്പ 47249 രൂപ മാത്രം. തെരുവുകളിൽ പൊക്കോഡ വിൽക്കാനല്ലാതെ, തുച്ഛമായ തുകകൊണ്ട് സുസ്ഥിരവും ലാഭകരവുമായ ഒരു ബിസിനസ് സംരംഭം തുടങ്ങാൻ സാധിക്കുമോ? പൊക്കോഡ വിറ്റ് ദിവസം 200 രൂപ സമ്പാദിക്കുന്ന സംരംഭത്തെപ്പറ്റിയാണ് പ്രധാനമന്ത്രി പറഞ്ഞത്. ബിജെപി പ്രസിഡന്റ് ഈ ആശയത്തെ ശരിവക്കുകയുംചെയ്തു. ത്രിപുരയിലെ പുതിയ ബിജെപി മുഖ്യമന്ത്രിയാകട്ടെ, അഭ്യസ്തവിദ്യരായ തൊഴിൽരഹിതരോട് മുറുക്കാൻ കട തുടങ്ങാനോ പശുവിനെ പോറ്റാനോ ആണ് ആഹ്വാനം ചെയ്തത്. തൊഴിൽസൃഷ്ടിക്കുന്ന കാര്യത്തിൽ ബിജെപിയുടെ ആശയം ഇതാണോ?

**അനായസം ബിസിനസ് ചെയ്യാൻ**

2014ലെ പൊതുതെരഞ്ഞെടുപ്പിൽ ബിജെപി നൽകിയ വാഗ്ദാനമായ 'അനായാസം ബിസിനസ് ചെയ്യാൻ സൗകര്യം' എന്ന വാഗ്ദാനം പാലിക്കാൻ ഗൗരവത്തോടെ ബിജെപി ശ്രദ്ധിക്കുന്നുണ്ട്. തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങൾ തട്ടിപ്പറിച്ചും അവരെ അടിമസമാനമായ സാഹചര്യങ്ങളിലേക്ക് തള്ളിവിട്ടുമാണ് ഇതു ചെയ്യുന്നത്. അതുവഴി തൊഴിലാളികളെ വീണ്ടും വീണ്ടും ചൂഷണംചെയ്യാനും ലാഭം വർധിപ്പിക്കാനുമാണ് ശ്രമം.

അധികാരമേറ്റതിന് പിന്നാലെ പ്രധാനമന്ത്രി നിക്ഷേപം ആകർഷിക്കാൻ തന്റെ ആർഭാടപൂർണമായ ലോകപര്യടനം ആരംഭിച്ചു. ബിസിനസ് നടത്താൻ ആയാസരഹിതമായ അന്തരീക്ഷം മെച്ചപ്പെടുത്താനും തൊഴിൽനിയമ പരിഷ്കാരങ്ങൾ മുന്നോട്ടുകൊണ്ടുപോകുമെന്ന് വിദേശ നിക്ഷേപകർക്ക് പ്രധാനമന്ത്രി വാഗ്ദാനംചെയ്തു. കുറഞ്ഞ ചെലവിലുള്ള ഇന്ത്യൻ തൊഴിലാളികളെ നൽകാമെന്നും അതുവഴി ലാഭം പതിന്മടങ്ങാക്കാമെന്നും പറഞ്ഞ് വിദേശ മുതലാളിമാരെ പാട്ടിലാക്കാനാണ് പ്രധാനമന്ത്രി ശ്രമിക്കുന്നത്. യുവാക്കൾക്ക് തൊഴിൽ പ്രദാനംചെയ്യാനെന്ന പേരിലാണ് ഈ ശ്രമങ്ങൾ. യഥാർഥ താൽപര്യത്തിന് മറയിടാനുള്ള ആകർഷകമായ മറ്റൊരു മുദ്രാവാക്യമാണ് മെയ്ക് ഇൻ ഇന്ത്യ.

മെയ്ക്ക് ഇൻ ഇന്ത്യ മറയാക്കി നിക്ഷേപം പ്രോത്സാഹിപ്പിക്കാനെന്നപേരിൽ രാജ്യത്തെ എല്ലാ മേഖലകളിലും നേരിട്ടുള്ള വിദേശനിക്ഷേപം എത്തിക്കാനാണ് ശ്രമം. പ്രതിരോധം, ഇൻഷുറൻസ് തുടങ്ങിയ തന്ത്രപ്രധാന മേഖലകളിൽ എഫ്ഡിഐക്ക് അനുമതി നൽകിക്കഴിഞ്ഞു. മെയ്ക് ഇൻ ഇന്ത്യയുടെ പേരിലുള്ള പുതിയ നിക്ഷേപങ്ങൾ തൊഴിൽസൃഷ്ടിക്കുന്നതിന് പകരം ഇന്ത്യൻ കമ്പനികൾക്കുമേൽ ആധിപത്യവും നിയന്ത്രണം ഉറപ്പിക്കാനാണ് ശ്രമിക്കുന്നത്. വാൾമാർട്ട്– ഫ്ളിപ്കാർട്ട് കരാർ അതിനൊരുദാഹരണം. ഗണ്യമായി രീതിയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പകരം കമ്പനികളുടെ ലയനവും ഏറ്റെടുക്കലും നടക്കുമ്പോൾ ആയിരക്കണക്കിനാളുകൾക്ക് തൊഴിൽനഷ്ടമുണ്ടാകുകയാണ് യഥാർഥ ഫലം. കുറച്ച് ആയിരങ്ങൾക്ക് ഡെലവറി ബോയിയുടേതുപോലുള്ള കുറഞ്ഞ വേതനമുള്ള തൊഴിൽ ലഭിക്കുമ്പോൾ രാജ്യത്തെ ലക്ഷക്കണക്കിന് കടയുടമകൾക്ക് വരുമാനം ഗണ്യമായി ഇടിയുകയാണ്. രാജ്യത്തിന്റെ സമ്പദ്ഘടനയെ ഇവർ ഊറ്റിയെടുക്കുമ്പോൾ ജനങ്ങൾക്ക് നഷ്ടമാകുന്നത് തൊഴിലും ഉപജീവനമാർഗവുമാണ്. സർക്കാരിന്റെ രക്ഷാകർതൃത്വത്തിൽ ബഹുരാഷ്ട്രകുത്തകകൾ ജനങ്ങളെയും സമ്പദ്ഘടനയെയും കൊള്ളയടിക്കുകയാണ്. ആയാസരഹിതമായ ബിസിനസ് എന്നതിനർഥം നമ്മുടെ പ്രകൃതി വിഭവങ്ങളുടെ ആയാസരഹിതമായ കൊള്ള എന്നുതന്നെയാണ്. ഇത് നമ്മൾ അനുവദിച്ചുകൊടുക്കണോ?

**തൊഴിൽനിയമ പരിഷ്കാരങ്ങൾ**

നവലിബറലിസത്തിന്റെ മറ്റൊരു പ്രധാന ഘടകഭാഗമായ തൊഴിൽനിയമപരിഷ്കാരങ്ങൾക്ക് ബിജെപി സർക്കാർ ഗതിവേഗം കൂട്ടിക്കൊണ്ടിരികുന്നു. തൊഴിൽ നിയമങ്ങൾ തൊഴിലുടമകളുടെ താൽപര്യങ്ങൾക്കനുസരിച്ച് ഭേദഗതി ചെയ്യുക എന്നതാണ് ഇതിന്റെ സത്ത. നിയമപ്രകാരമുള്ള സംരക്ഷണങ്ങളിൽനിന്ന് വലിയ വിഭാഗം തൊഴിലാളികളെയും പുറത്താക്കുക എന്നതാണ് ഈ നീക്കത്തിന്റെ പിന്നിലുള്ള പ്രേരണ.

സർക്കാരിന്റെ തന്നെ കണക്കുകൾ പ്രകാരം രാജ്യത്തെ 93ശതമനാം തൊഴിലാളികളും അസംഘടിതരാണ്. അവർക്ക് ഒരു തൊഴിൽനിയമത്തിന്റെയും പരിരക്ഷയില്ല. മൊത്തം തൊഴിൽശക്തിയുടെ 7 ശതമാനത്തിന് മാത്രമേ തൊഴിൽനിയമങ്ങളുടെ പരിരക്ഷയുള്ളൂ. സംഘടിത മേഖലയിലെ നിയമപരിരക്ഷയുള്ള ഈ ചെറിയ വിഭാഗത്തിലെ 90 ശതമാനം തൊഴിലാളികളെക്കൂടി നിയമത്തിന്റെ പരിധിയിൽനിന്ന് പുറത്താക്കുകയാണ് ലക്ഷ്യം.

സംഘടിത മേഖലയിലെ വലിയൊരു വിഭാഗം തൊഴിലാളികളുകൾക്കും നിയമപരമായ സംരക്ഷണം കിട്ടാത്ത വിധത്തിൽ തൊഴിലുടമകൾ തൊഴിൽ നിയമങ്ങൾ നഗ്നമായി ലംഘിക്കുകയാണെന്ന് അനുഭവത്തിൽനിന്ന് നമുക്കറിയാം. തൊഴിൽവകുപ്പിന്റെ സഹായത്തോടെയാണ് ഈ നിയമലംഘനം. പല തൊഴിലിടങ്ങളിലും മിനിമം വേതനം നൽകുകയോ ഹാജർ പുസ്തകം സൂക്ഷിക്കുകയോ ചെയ്യുന്നില്ല. സംഘടിക്കാനുള്ള അവകാശം വിനിയോഗിക്കുന്നവരെ ഇരകളാക്കി ദ്രോഹിക്കുന്നു. സ്ത്രീകൾക്ക് പ്രസവാവധി നൽകാനോ പ്രസവാനുകൂല്യങ്ങൾ അനുവദിക്കാനോ തൊഴിലുടമകൾ തയ്യാറാകുന്നില്ല. പലപ്പോഴും ഗർഭിണിയാവുന്നതോടെ തൊഴിലിൽനിന്ന് പിരിച്ചു വിടുന്ന സ്ഥിതിപോലുമുണ്ട്. സ്ഥിരം തൊഴിലാളികളുടേതിന് സമാനമായ തൊഴിൽ ചെയ്യുന്ന കി

ഷനെപ്പോലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ്. ഓവർടൈം അലവൻസ് കൊടുക്കാതെ തൊഴിലാളികളെ പത്തും പന്ത്രണ്ടും മണിക്കൂർ പണി ചെയ്യിക്കുന്നത്.

ഇന്ന് നിലവിലുള്ള തൊഴിൽനിയമങ്ങൾ ഫലപ്രദമായി നടപ്പാക്കണമെന്നാണ് തൊഴിലാളികൾ സമരംചെയ്യാൻ നിർബന്ധിതരായിരിക്കയാണ്. എന്നിട്ടും തൊഴിൽനിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ തയ്യാറല്ല. അതിനുപകരം പ്രധാനമന്ത്രി പറയുന്നത് ആയാസരഹിതമായി ബിസിനസ് ചെയ്യുന്നതിന് തടസ്സം നിൽക്കുന്ന കാട്ടുനീതിയാണ് തൊഴിൽ നിയമങ്ങളെന്നും അവയാണ് നിക്ഷേപങ്ങൾക്ക് തടസ്സമെന്നും പ്രധാനമന്ത്രി പറയുന്നു. അതിനാൽ നിലവിലുള്ള 44 തൊഴിൽനിയമങ്ങള നാലു ലേബർ കോഡുകളാക്കി ലയിപ്പിക്കാൻ ബിജെപി സർക്കാർ തീരുമാനിച്ചു.

മിനിമം വേജസ് ആക്ട്, പേയ്മെന്റ് ഓഫ് വേജസ് ആക്ട്, പേയ്മെന്റ് ഓഫ് ബോണസ് ആക്ട്, ഇക്വൽ റെമ്യൂണറേഷൻ ആക്ട് എന്നിങ്ങനെ നിലവിലുള്ള നാല് തൊഴിൽ നിയമങ്ങൾ വേജസ് ബിൽ സംബന്ധിച്ച ലേബർ കോഡിലേക്ക് കൂട്ടിച്ചേർത്തു കഴിഞ്ഞു. ഈ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു.

നിലവിലുള്ള തൊഴിൽനിയമങ്ങൾ എല്ലാ തികഞ്ഞതാണെന്ന് തൊഴിലാളികളും അവരുടെ സംഘടനകളും വിശ്വസിക്കുന്നില്ല. അവയിൽ അനേകം പഴുതുകളുണ്ട്. അതുപയോഗിച്ച് തൊഴിലുടമകൾ നിയമം ലംഘിക്കുകയും നിയമനിർവഹണ സംവിധാനങ്ങളെ മറികടക്കുന്നുമുണ്ട്. ശരിയായ അർഥത്തിൽ ഈ നിയമങ്ങളെ 'പരിഷ്കരിക്കണ'മെന്നാണ് തൊഴിലാളികളും തൊഴിലാളി സംഘടനകളും ആവശ്യപ്പെടുന്നത്. ആ പരിഷ്കാരം തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയാകണം. അതുവഴി എല്ലാ പഴുതുകളും അടയ്ക്കുകയും എല്ലാ തൊഴിലാളികൾക്കും നിയമപരമായ എല്ലാവിധ സംരക്ഷണവും ലഭിക്കുകയും വേണം.

15ാം ഇന്ത്യൻ ലേബർ കോൺഫ്രൻസ് ശുപാർശ ചെയ്തപ്രകാരവും റാപ്റ്റകോസ് & ബ്രെറ്റ് കേസിൽ സുപ്രിംകോടതി നിർദേശിച്ച തരത്തിലും മിനിമം വേതനം നിർണയിക്കുന്നതിനുള്ള ഫോർമുല ഏതു നിയമത്തിലും ഉൾപ്പെടുത്തണമെന്നാണ് തൊഴിലാളികളുടെ ആവശ്യം. ഈ നിർദേശം നിരവധി ഇന്ത്യൻ ലേബർ കോൺഫ്രൻസുകൾ ശരിവച്ചിട്ടുമുണ്ട്. പണിമുടക്ക് നിയമവിരുദ്ധമായി സർക്കാർ പരിഗണിക്കുന്ന പക്ഷം ഒരു ദിവസം പണിമുടക്കിയാൽ എട്ടുദിവസത്തെ വേതനം കുറയ്ക്കുമെന്ന ക്രൂരമായ വ്യവസ്ഥ റദ്ദാക്കണം. വ്യവസായബന്ധ നിയമം സംബന്ധിച്ച കോഡ് നടപ്പാകുന്നതോടെ ഒരു പണിമുടക്കും നിയമവിധേയമാകില്ല.

നിയമനിർവഹണ സംവിധാനം ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

തുല്യ മൂല്യമുള്ള ജോലി ചെയ്യുന്ന രണ്ടു തരം തൊഴിലാളികൾക്ക് വേതനത്തിലും സേവന വ്യവസ്ഥകളിലും ആനുകൂല്യങ്ങളിലുമുള്ള വിവേചനം ഉടൻ അവസാനിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

മറ്റ് തൊഴിലാളി സംഘടനകൾക്കുമൊപ്പം ഈ ആവശ്യങ്ങൾ പ്രത്യേകമായി സർക്കാരിനു മുന്നിൽവച്ചിട്ടുണ്ട്.

എന്നാൽ വേതനം സംബന്ധിച്ച കോഡിന്റെ ബില്ലിൽ ബിജെപി നയിക്കുന്ന മോഡി സർക്കാർ ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ തയ്യാറല്ല. തൊഴിലാളികൾക്ക് അനുകൂലമായി ഇത്തരം മാറ്റങ്ങൾ സ്വീകരിക്കാൻ അവർ തയ്യാറല്ല. പരിശോധന എന്ന ആശയത്തെ തന്നെ ദുർബലമാക്കാനാണ് പകരം ഈ സർക്കാർ ശ്രമിക്കുന്നത്. പരിശോധകർക്കു പകരം 'ഒത്താശക്കാർ' വരും. നിയമം ദുർബലവും അർഥശൂന്യവുമാകും. തുല്യവേതനമെന്നത് വേതനം നൽകുന്നതിലെ ലിംഗപരമായ വിവേചനത്തിൽ മാത്രം പരിമിതപ്പെടും. നേരത്തെയുള്ള നിയമത്തിൽ റിക്രൂട്ട്മെന്റ്, പ്രമോഷൻ, പരിശീലനം തുടങ്ങിയ കാര്യത്തിലുള്ള എല്ലാ തരം വിവേചനവും തുടരും.

ട്രേഡ് യൂണിയൻ രൂപീകരണം, വ്യവസായ ബന്ധവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഇതു തന്നെ സംഭവിക്കും.

നിലവിലുള്ള ട്രേഡ് യൂണിയൻ നിയമം, വ്യവസായ തർക്ക നിയമം, ഇൻഡസ്ട്രിയൽ എം പ്ലോയ്മെന്റ്(സ്റ്റാന്റിങ് ഓർഡേഴ്സ്) നിയമം എന്നിവ കൂട്ടിച്ചേർത്താണ് വ്യവസായ ബന്ധം സം ബന്ധിച്ച ലേബർ കോഡിന് ബിജെപി സർക്കാർ രൂപം നൽകിയത്.

തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങളായ സംഘടിക്കാനും കൂട്ടായി വിലപേശാനു മുള്ള അവകാശവും അവരിൽ നിന്ന് ഒരിക്കലും നഷ്ടപ്പെടാൻ പാടില്ലാത്ത പണിമുടക്കുൾപ്പെടെയു ള്ള കൂട്ടായ പ്രവർത്തനത്തിനുള്ള അവകാശവും നിയമം മൂലം പരിരക്ഷികകപ്പെടണം. ട്രേഡ് യൂ ണിയൻ പ്രവർത്തനത്തിന്റെയോ ആഭിമുഖ്യങ്ങളുടെയോ പേരിൽ തൊഴിലാളികളെ തൊഴിലുടമൾ ദ്രോഹികകുന്നത് ഫലപ്രദമായി തടയണം. കൂടുതൽ തൊഴിലാളികൾക്ക് സംഘടനകളിൽ ചേരാ നും അവരുടെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കാനും അവരുടെ ട്രേഡ് യൂണിയൻ നേതൃ ത്വത്തെ തെരഞ്ഞെടുക്കാനുമുള്ള സൗകര്യമാണ് നിയമത്തിലുണ്ടാകേണ്ടതെന്ന് ഞങ്ങൾ ആവശ്യ പ്പെടുന്നു.

തൊഴിലാളികളുടെ തൊഴിലും വേതനവും ആനുകൂല്യങ്ങളും സംരക്ഷിക്കുന്ന നിയമം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. വ്യവസായബന്ധ നിയമം സംബന്ധിച്ച തൊഴിൽ നിയമ പരിഷ്കാരങ്ങളിലൊന്നും മേൽപ്പറഞ്ഞ വ്യവസ്ഥകളില്ല. അതിനുവിരുദ്ധമായി തൊഴിലാളി സം ഘടനാ രൂപീകരണം കൂടുതൽ ആയാസകരമാക്കുന്നതാണ് ഈ നിയമം. സ്വന്തം നേതൃത്വത്തെ തെരഞ്ഞെടുക്കുന്നതിനുള്ള തൊഴിലാളികളുടെ ജനാധിപത്യ അവകാശം ഹനിക്കുന്നതാണ് ഈ കോഡ്. കൂട്ടായ പ്രവർത്തനത്തെയും സമരം ചെയ്യാനുള്ള അവകാശത്തെയും ഇല്ലായ്മചെയ്യുന്നതാ ണ് ഈ നിയമം. മിക്കവാറും എല്ലാ നിയമങ്ങളും നിയമവിരുദ്ധമാകും. അത്തരം 'നിയമ വിരുദ്ധ പ്രവർത്തന'ങ്ങളിൽ പങ്കാളികളാകുന്ന തൊഴിലാളികളെയും അവരുടെ സംഘടനാ നേതാക്കളെയും വൻ തുക പിഴയ്ക്കും ജയിൽ വാസത്തിനും ശിക്ഷിക്കുന്ന സ്ഥിതി ഉണ്ടാകും.

മറ്റൊരു തരത്തിൽ ഈ നിയമം തൊഴിലുടമകൾക്ക് തോന്നിയ പോലെ തൊഴിലാളികളെ പു റത്താക്കാൻ സൗകര്യമൊരുക്കുന്ന ഹയർ ആന്റ് ഫയർ സംവിധാനത്തിനുള്ള അവകാശമൊരു ക്കും. പാർലമെന്റിൽ നിയമം അവതരിപ്പിക്കുംമുമ്പു തന്നെ ബിജെപി സർക്കാർ ഒരു നോട്ടിഫി ക്കേഷനിലൂടെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് (സ്റ്റാന്റിങ് ഓർഡർ)ആക്ട് ഭേദഗതി ചെയ്ത് എല്ലാ മേഖലയിലും നിശ്ചിതകാലത്തേക്കുള്ള തൊഴിൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചിരുന്നു. നേരത്തെ പരാമർശിച്ചതുപോലെ സ്ഥിരം ജോലിയും തൊഴിൽസുരക്ഷയും പഴങ്കഥയായി. മക്കൾ ക്ക് സ്ഥിരം ജോലി ലഭിക്കുമെന്ന സോമണ്ണയെപ്പോലുള്ള മനുഷ്യരുടെ പ്രതീക്ഷകൾ ഏറെക്കുറെ തകർക്കപ്പെടും. യൂണിയനുകൾ തങ്ങളെപ്പോലുള്ളവരുടെ താൽപര്യം പരിരക്ഷിക്കുമെന്ന സോ ണിയെപ്പോലുള്ളവരുടെ ആത്മവിശ്വാസം ഇനിയില്ല.

പ്രായമുള്ളവരും എല്ലാ ആരോഗ്യപ്രശ്നങ്ങളും അപകടങ്ങളുമെല്ലാം പരിധിയിൽ വരുന്ന സാർവത്രികമായ സാമൂഹിക സുരക്ഷ പ്രദാനംചെയ്യുന്ന നിയമങ്ങൾക്ക് രൂപം നൽകണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. സംഘടിത- അസംഘടിത മേഖലയിലുള്ളവരെയും സ്ഥിരം തൊ ഴിലാളികളെയും കരാർ, കാഷ്വൽ തൊഴിലാളികളെയും എല്ലാ സ്ത്രീ പുരുഷന്മാരെയും ഇതിന്റെ പരിധിയിൽവരണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ബിജെപി സർക്കാർ സാമൂഹിക സുരക്ഷാ ബിൽ സംബന്ധിച്ച കോഡിനു രൂപം നൽകിയത് ഇപിഎഫ് നിയമം, ഇഎസ്ഐ നിയമം, മാതൃ ആനുകൂല്യ നിയമം, ബിൽഡിങ് ആന്റ് അദർ കൺ സ്ട്രക്ഷൻ വെൽഫേർ ആക്ട്, ബീഡി വർക്കേഴ്സ വെൽഫേർ ആക്ട്, അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട്, എംപ്ലോയീസ് കോംപൻസേഷൻ ആക്ട് എന്നിങ്ങനെ നിലവിലുള്ള 15 നിയമങ്ങൾ കൂട്ടിച്ചേർത്താണ്. ഈ കോഡ് പ്രകാരം ഈ സ്കീമിനു കീഴിലുള്ള

കോടികളുടെ ഫണ്ട് പൂർണമായും പ്രധാനമന്ത്രി തലവനായ നാഷണൽ കൗൺസിലിന്റെ നിയന്ത്രണത്തിലാകും. ഗ്രാറ്റിവിറ്റി, പെൻഷൻ, മെറ്റേണിറ്റി ആനുകൂല്യങ്ങൾ അടക്കമുള്ള ക്ഷേമപദ്ധതികളുടെ നിർവഹണ ചുമതല സ്റ്റേറ്റ് വെൽഫേർ ബോഡിന്റെ കീഴിലാവും. ഫണ്ട് പൂർണമായും നാഷണൽ കൗൺസിലാവും കൈകാര്യംചെയ്യുക. മെച്ചപ്പെട്ട നിക്ഷേപത്തിന്റെ പേരിൽ തൊഴിലാളികളുടെ പണം ഓഹരി വിപണിയിൽ നിക്ഷേപിക്കപ്പെടുകയും തൊഴിലാളികൾ ഓഹരിവിപണിയിലെ ചാഞ്ചാട്ടത്തെ ആശ്രയിക്കേണ്ടി വരികയും ചെയ്യും. ഒരു തൊഴിലുടമയും ഇല്ലാത്ത അസംഘടിത മേഖലയിലെ ഭൂരിഭാഗം തൊഴിലാളികൾക്കും അവരുടെ വരുമാനത്തിന്റെ ഇരുപതു ശതമാനം വിഹിതവും നൽകേണ്ടിവരും. സെക്ഷൻ നാലിൽപ്പെട്ട തൊഴിലാളികൾ ഒന്നും നൽകേണ്ടിവരില്ല. അവരുടെ വിഹിതത്തിന്റെ കാര്യത്തിൽ സർക്കാർ ഒരുറപ്പും നൽകിയിട്ടില്ല. അവരുടെ വിഹിതം സർക്കാർ നൽകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു എന്ന് പറയുക മാത്രംചെയ്യുകയാണ്.

തൊഴിലാളികൾക്ക് സുരക്ഷിതമായ തൊഴിലിടം വേണം. ആയിരക്കണക്കിന് തൊഴിലാളികളാണ് വ്യവസായസ്ഥാപനങ്ങളിലെ അപകടങ്ങളിൽ ഓരോരുത്തരം കൊല്ലപ്പെടുന്നത്. ഈ അപകടങ്ങൾ ഭൂരിഭാഗവും ഒഴിവാക്കപ്പെടാവുന്നതാണ്. തൊഴിലാളികളുടെ സുരക്ഷയിൽ തൊഴിലുടമകൾ ഒരു പരിഗണനയും നൽകുന്നില്ലെന്ന് വ്യക്തമാക്കുന്നവയാണ് ആഗ്രഹിയിലെയും ഡൽഹിയിലെയും തീപിടിത്തവും ജാർഖണ്ഡിലെ കൽക്കരി ഖനിയിലെ അപകടവും. അവർക്ക് ലാഭത്തിൽ മാത്രമാണ് ഉത്കണ്ഠ.

തൊഴിലാളികളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും തടയുന്നത് സാമ്പത്തിക വളർച്ചയിലേക്കും തൊഴിലവസരങ്ങളുടെ സൃഷ്ടിയിലേക്കും നയിച്ചതിന് ഒരു തെളിവുമില്ലെന്നാണ് ഐഎൽഒ അടക്കമുള്ള വിവിധ ഏജൻസികളുടെ പഠനങ്ങൾ അർഥശങ്കയ്ക്കിടയില്ലാത്ത വ്യക്തമാക്കുന്നത് . വളർച്ചയും തൊഴിൽസൃഷ്ടിയുമാണ് ഈ നടപടികളിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്നാണ് എന്നിട്ടും സർക്കാർ വാദിക്കുന്നത്. തൊഴിലുടമകൾക്കുവേണ്ടി തൊഴിലാളികളുടെ അവകാശങ്ങളെ കടന്നാക്രമിക്കുകയെന്ന പാതിയിൽ തന്നെ ശാഠ്യത്തോടെ തുടരുകയാണ് സർക്കാർ. രാജ്യത്തെ എല്ലാ ജനങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യത്തോട് പൂർണമായും മുഖം തിരിഞ്ഞുനിൽക്കുയാണ് ബിജെപി സർക്കാർ. അതേസമയം തൊഴിലുടമകളുടെ താൽപര്യ സംരക്ഷണാർഥം തൊഴിൽനിയമങ്ങൾ ഭേദഗതി ചെയ്യാൻ തിടുക്കം കാട്ടുകയും ചെയ്യുന്നു. സർക്കാർ ആരുടെ താൽപര്യം സംരക്ഷിക്കാനാണ് പ്രവർത്തിക്കുന്നതെന്ന് ഇതിൽ വ്യക്തമല്ലേ?

**വിലക്കയറ്റം**

വേതനം വർധികാകത്തതും വിലക്കയറ്റവും ബജറ്റിന്റെ താളം തെറ്റിക്കുന്നു എന്നത് രാജ്യത്തെ ബഹുഭൂരിപക്ഷം തൊഴിലാളികളും നേരിടുന്ന പ്രശ്നമാണ്. ഔദ്യോഗിക വില സൂചികയിലെ സ്ഥിതിവിവരക്കണക്കു പ്രകാരം 2014ൽ ബിജെപി സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമങ്ങളിലെ വിലക്കയറ്റം രണ്ടു ശതമാവും നഗരങ്ങളിലേത് 17 ശതമാനവുമാണ്. എല്ലാ ദിവസവും ഇന്ത്യക്കാർ ഉപയോഗിക്കുന്ന പരിപ്പ്, ഉള്ളി എണ്ണ തുടങ്ങിയ അവശ്യ ഭക്ഷ്യവസ്തുക്കൾക്ക് ഇടയ്ക്കിടെ വിലവർധിക്കുന്നതു മൂലമുള്ള പ്രശ്നങ്ങൾ വേറെയുമുണ്ട്. ഈ ഭക്ഷ്യവസ്തുക്കൾ പതുക്കെ സാധാരണക്കാരുടെ തീൻമേശയിൽനിന്ന് അപ്രത്യക്ഷമാകുകയാണ്. വിലക്കയറ്റം തടഞ്ഞുനിർത്തുമെന്ന ബിജെപിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം മറ്റൊരു തട്ടിപ്പായി.

നവലിബറൽ സംവിധാനം അടിച്ചേൽപ്പിക്കുംമുമ്പ് റേഷൻ കടകൾ വഴി അരി/ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ ന്യായവിലയ്ക്ക് ലഭിച്ചിരുന്നു. സ്കൂളുകളും ആശുപത്രികളും ജനങ്ങൾക്ക്, പ്രത്യേകിച്ച് പാവപ്പെട്ടവർക്ക് അഭയകേന്ദ്രങ്ങളായിരുന്നു. ഇവയെല്ലാം വിലക്കയറ്റത്തിൽ നിന്ന് ആശ്വാസമേകി. ഇത്തരം സബ്സിഡികളെയാണ് നവലിബറലിസം ഇല്ലായ്മ ചെയ്തത്.

ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം ദരിദ്ര- ഇടത്തരം കർഷകർക്ക് ഒരു നേട്ടവും ഉണ്ടാക്കു

ന്നില്ല. വളത്തിന്റെയും കീടനാശിനിയുടെയും വൈദ്യുതിയുടെയും ഡീസലിന്റെയും വിലകൂടിയതോടെ കാർഷിക ചെലവുകളിൽ വൻ വർധനയാണ് ഉണ്ടാക്കിയത്. അതുകൊണ്ട് കൃഷിയിൽനിന്നുള്ള പ്രതിഫലം കുറഞ്ഞു. അതോടെ കിട്ടിയ വിലയ്ക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ സ്വകാര്യ വട്ടിപ്പലിശക്കാർക്ക് വിറ്റഴിക്കാനും ഭക്ഷ്യവസ്തുക്കൾ കൂടിയ വിലയ്ക്ക് വാങ്ങാൻ നിർബന്ധിതരാവുകയും ചെയ്തു. ഇടനിലക്കാരും കരിഞ്ചന്തക്കാരും ഊഹക്കച്ചവടക്കാരും ഗ്രാമങ്ങളിലെ സമ്പന്നരും ഇതോടെ തടിച്ചുകൊഴുത്തു. അവശ്യ ഭക്ഷ്യവസ്തുക്കളുടെ ഊഹക്കച്ചവടം നിരോധിക്കണമെന്ന് തൊഴിലാളി സംഘടനകൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും സർക്കാർ ചെവിക്കൊണ്ടില്ല. വൻകിട കോർപറേറ്റുകളുടെയും ധനിക കച്ചവടക്കാരുടെയും താൽപര്യങ്ങൾ ഹനിക്കപ്പെടുമെന്നതിലാണ് സർക്കാർ ഈ ആവശ്യത്തോട് പുറംതിരിഞ്ഞുനിന്നത്.

പെട്രോൾ- ഡീസൽ വിലവർധന മറ്റു വസ്തുക്കളുടെ വിലയുടെ കാര്യത്തിൽ വലിയ പ്രത്യാഘാതമാണുണ്ടാക്കിയത്. അന്താരാഷ്ട്ര വിപണയിൽ അസംസ്കൃത എണ്ണയുടെ വില കുറഞ്ഞിരിക്കുമ്പോഴും അതിന്റെ നേട്ടം ജനങ്ങൾക്കൾ കൈമാറാൻ ബിജെപിസർക്കാർ തയ്യാറായില്ല. പെട്രോളിയം ക്രൂഡിന്റെയും പെട്രോളിയം ഉൽപ്പന്നങ്ങളുടെയും നികുതിയിൽ കേന്ദ്രത്തിന്റെ വിഹിതം 2014–15ൽ 1.26 ലക്ഷം കോടി ആയിരുന്നത് 2016–17ൽ 2.73 കോടിയായി വർധിച്ചു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം**

നവലിബറൽ സംവിധാനത്തിന്റെ പ്രധാനഘടകമാണ് സ്വകാര്യവൽക്കരണം. കോൺഗ്രസ് സർക്കാർ 1991ൽ നവലിബറൽ നയങ്ങൾ ആവിഷ്കരിച്ചതിന് പിന്നാലെ സ്വകാര്യനടപടികൾ തുടങ്ങി. പൊതു സ്വത്ത് സ്വകാര്യവ്യക്തികൾക്ക് കൈമാറുകൾ എന്നതാണ് ഇതിന്റെ ലളിതമായ അർഥം. മോഡി സർക്കാർ ഇത് കൂടുതൽ ഉയർന്ന തലങ്ങളിൽ എത്തിച്ചു. 'ദേശീയത'യുടെയും 'ദേശാഭിമാന'ത്തിന്റെയും മൊത്തക്കച്ചവടക്കാരായി അവകാശപ്പെടുന്ന ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാർ പൊതുമേഖലയെ വിറ്റുതുലയ്ക്കുന്നതിൽ റെക്കോഡ് സൃഷ്ടിച്ചിരിക്കുന്നു. അധികാരമേറി നാലുവർഷത്തിനകം 1.96 ലക്ഷം കോടി രൂപയുടെ പൊതു ആസ്തികളാണ് വിറ്റുതുലച്ചത്. കഴിഞ്ഞ പത്തു വർഷത്തിൽ വിറ്റ പൊതു ആസ്തികളെക്കാൾ കൂടുതലാണിതെന്ന് സർക്കാർ കണക്കുകൾ തന്നെ വ്യക്തമാക്കുന്നു.

പൊതുമേഖലയുടെ സ്വകാര്യവൽക്കരണം. പൊതുമേഖലയിലെ തൊഴിലാളികളുടെ മാത്രം പ്രശ്നമല്ല. ഒരു സ്വാശ്രയ സമ്പദ്ഘടനക്ക് രൂപംനൽകാൻ വേണ്ടിയാണ് സ്വാതന്ത്ര്യാനന്തരം പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിച്ചത്. സമഗ്രവികസനം സാധ്യമാക്കുന്നതിന് പല സ്ഥാപനങ്ങളും വിദൂര പ്രദേശങ്ങളിലാണ് സ്ഥാപിക്കപ്പെട്ടത്. പ്രതിരോധം പോലുള്ള തന്ത്രപരമായ വകുപ്പുകൾ പൊതുമേഖലയിൽ സ്ഥാപിച്ചതോടെ നമ്മുടെ ദേശീയ പരമാധികാരം സംരക്ഷിക്കുന്നതിനെ സഹായിച്ചു. ജനസംഖ്യയിലെ സാമൂഹിക അടിച്ചമർത്തൽ നേരിട്ട വിഭാഗങ്ങളെ ഉയർത്താൻ പട്ടിക വിഭാഗങ്ങൾക്ക് സംവരണം നടപ്പാക്കിയത് സഹായിച്ചു. സ്വകാര്യ മേഖല നികുതി വെടിക്കില്ല. നികുതിയും ഡിവിഡന്റുകളും ദേശീയ ഖജനാവിലേക്ക് കൈമാറും.പൊതുമേഖ ഉണ്ടാക്കുന്ന ലാഭം പൊതു താൽപര്യങ്ങൾക്കായി വിനിയോഗിക്കപ്പെട്ടു.

സ്വകാര്യമേഖലയ്ക്ക് ഇത്തരം ഉത്കണ്ഠകളൊന്നുമില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം എല്ലാ തലത്തിലും രാജ്യത്തിന് പ്രതികൂലമായാണ് ബാധിച്ചത്. 'ദേശീയവാദികൾ' ആയ ബിജെപി പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരിക്കുന്നതിന് മാത്രമല്ല രാജ്യത്തിന്റെ സകല സ്വത്തും സ്വകാര്യമേഖലയ്ക്ക് കൈമാറാൻ വാശിയോടെ പ്രതികരിക്കുകയാണ്. നമ്മുടെ കൽക്കരിഖനികളും എണ്ണ, പ്രകതി വാതക പാടങ്ങൾ, ഭൂമി, നദികൾ, തടാകങ്ങൾ എല്ലാം രാജ്യത്തെയും വിദേശത്തെയും വൻകിട കോർപറേറ്റുകൾക്ക് ലാഭം വെട്ടിപ്പിടിക്കാനായി കൈമാറുകയാണ്. പ്രതിരോധം, റെയിൽവെ, ഇൻഷുറൻസ്, ബാങ്കിങ് അടക്കമുള്ള തന്ത്രപരമേഖലകളെപ്പോലും ഇതിൽനിന്ന് ഒഴിവാക്കുന്നില്ല.

അധികാരമേറ്റയുടൻ ബിജെപി സർക്കാർ  എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും തന്ത്രപരമായ വിൽപ്പനയ്ക്കു വച്ചു. എന്നാൽ തൊഴിലാളികളുടെ കടുത്ത ചെറുത്തുനിൽപ്പ് ഉൾപ്പെടെ വിവിധങ്ങളായ കാരണങ്ങൾ കൊണ്ട് കേന്ദ്രസർക്കാരിന് ലക്ഷ്യം നേടാനായില്ല. ഇതിൽ നിരാശമൂത്ത സർക്കാർ, ലാഭം നേടുന്ന സ്ഥാപനങ്ങളിലെ സർക്കാർ ഓഹരി 49 ശതമാനത്തിൽ താഴേക്കു കൊണ്ടുവരികയും അവയും നിയന്ത്രണവും മാനേജ്മെന്റ് അധികാരങ്ങളും കോർപറേറ്റുകൾക്ക് കൈമാറുകയും ചെയ്തു. രോഗാതുരമായ പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കുകയും ചെയ്തു.

സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിച്ച്  രാജ്യത്തെ അതിവേഗം വളരുന്ന സമ്പദ്ഘടനയാക്കി മാറ്റിയെന്നും നമുക്ക് ചൈനയെപ്പോലും പിന്തള്ളാനായെന്നും ബിജെപി സർക്കാർ വീമ്പുപറയുന്നത്വ്യാജമായി കെട്ടിപ്പൊക്കിയ കണക്കുകളുടെ അടിസ്ഥാനത്തിലാണ്. മറുവശത്താവട്ടെ നമ്മുടെ അഭിമാനസ്തംഭങ്ങളായ താജ്മഹലിനെയും ചെങ്കോട്ടയെയും പോലുള്ള ചരിത്രസ്മാരകങ്ങൾ നമുക്ക് നിലനിർത്താനാകുമോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ഇവയുടെ നിയന്ത്രണം സ്വകാര്യകമ്പനികൾക്ക് കൈമാറാൻ തീരുമാനിച്ചുകഴിഞ്ഞു. ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പ്രതീകമായ ചെങ്കോട്ടയിലെ കൊത്തളങ്ങളിലാണ് എല്ലാ വർഷവും സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി പതാക ഉയർത്താറുള്ളത്. ചെങ്കോട്ട ഡാൽമിയ ഗ്രൂപ്പിന് കൈമാറിക്കഴിഞ്ഞു. ഹൈദരാബാദിലെ ഗോൽക്കൊണ്ട കോട്ടയുടെ സ്ഥിതിയും ഇതു തന്നെ.

വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം തുടങ്ങിയ എല്ലാ അവശ്യപൊതുസേവന മേഖലകളുടെ ഉത്തരവാദിത്തങ്ങളിൽനിന്നും ബിജെപി സർക്കാർ അതിവേഗം പിന്മാറുകയാണ്. ഈ മേഖലകളിൽസ്വകാര്യ ഏജൻസികൾ കടന്നുകയറി വൻ ലാഭം കൊയ്യുകയാണ്.

**വിദ്യാഭ്യാസം**

വിദ്യാഭ്യാസം എല്ലാ തലത്തിലും വൻതോതിൽ സ്വകാര്യവൽക്കരിക്കുകയാണ്. പാവപ്പെട്ടവരിൽനിന്ന് വിദ്യാഭ്യാസ സൗകര്യങ്ങൾ എടുത്തുമാറ്റി അത് പണമുള്ളവർക്കു മാത്രമായി ചുരുക്കുന്നു. ജിഡിപിയുടെ ആറ് ശതമാനം തുക വിദ്യാഭ്യാസത്തിനായി നീക്കിവക്കണമെന്ന് കോഠാരി കമീഷൻ ശുപാർശ ചെയ്തിട്ട് 52 വർഷമായി. എന്നാൽ ഇന്നുപോലും കേന്ദ്ര- സംസ്ഥാന സർക്കാരുകൾ ചേർന്ന് ജിഡിപിയുടെ 2.7 ശതമാനം മാത്രമാണ് ചെലവിടുന്നതെന്ന് 2017–18ലെ ബജറ്റ് കണക്കുകൾ പറയുന്നു.

സർക്കാർ സ്കൂളുകൾ പൂർണമായും അവഗണിക്കപ്പെട്ടു. മിക്കവാറും സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളില്ല. അധ്യാപകരുടെ ലക്ഷക്കണക്കിന് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ശോഭ ഷിന്ദെയെപ്പോലുള്ള നിരവധി പേർ തങ്ങളുടെ മക്കൾക്ക് നല്ല വിദ്യഭ്യാസം നൽകി മെച്ചപ്പെട്ട ജീവിതം നയിക്കാനാകുമെന്ന് ആഗ്രഹിക്കുന്നു. എന്നാൽ സ്വകാര്യ സ്കൂളുകളുടെയും കോളേജുകളുടെയും ദയനീയാവസ്ഥ മൂലം അവർ മക്കളെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അയക്കാൻ നിർബന്ധിതരാകുന്നു. ഇതിന് വൻ തുക ഫീസ് വേണം. കുറച്ചുപേർ മാത്രം പഠിക്കാനെത്തുന്നു എന്നതിന്റെ പേരിൽ സ്കൂളുകൾ അടച്ചു പൂട്ടുന്നു. കുറച്ച് കുട്ടികൾ മാത്രം ചേർന്നതുകൊണ്ട് 'ലാഭകരമല്ല' എന്ന മുദ്രകുത്തി 2.6 ലക്ഷം കൂട്ടിച്ചേർക്കാനോ മാറ്റിസ്ഥാപിക്കാനോ നിർദേശിക്കുന്ന സർക്കുലർ മനുഷ്യവിഭവശേഷി മന്ത്രാലയം കൈമാറിക്കഴിഞ്ഞു. ഈ സ്കൂളുകളിൽ ഭൂരിഭാഗവും ആദിവാസികൾ ഉൾപ്പെടെയുള്ള അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ താമസിക്കുന്ന വിദൂര പ്രദേശങ്ങളിലാണ്. സ്വകാര്യ സ്ഥാപനങ്ങളുമായി മത്സരിക്കുകയാണെന്ന് വാദിക്കുന്ന ബിജെപി സർക്കാർ 'ലാഭകരമായ' സ്ഥാപനങ്ങൾക്കു മാത്രമേ പണം നൽകുന്നുള്ളൂ. ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുന്ന സർക്കാർ വിദ്യാഭ്യാസ അവകാശ നിയമം ചവറ്റു കുട്ടയിൽ എറിയുകയാണ്.

പൊതുവിദ്യാഭ്യാസം തകർക്കുന്നതിൽ മുൻനിരയിലാണ് ബിജെപി നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരുകൾ. മുന്നൂറ് സെക്കൻഡറി, സീനിയർ സെക്കൻഡറി സ്കൂളുകൾ 2018 മു

തൽ പിപിപി മാതൃകയിലാക്കി സ്വകാര്യമേഖലയ്ക്ക് കൈമാറാൻ രാജസ്ഥാനിലെ ബിജെപി സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. മിഡ് ഡേ മീൽ സ്കീം തൊഴിലാളികൾ അടക്കം 15000 ജീവനക്കാർ ഇതോടെ വഴിയാധാരമാകും. 20000 സ്കൂളുകൾ ഇതിനകം സംസ്ഥാനത്ത് അടച്ചുപൂട്ടി.

മഹാരാഷ്ട്രയിലെ ബിജെപി സർക്കാർ 4093 സ്കൂകളുകളാണ് കഴിഞ്ഞ വർഷം അടച്ചുപൂട്ടാൻ തീരുമാനിച്ചത്. കുട്ടികൾ കുറവാണെന്നതാണ് ഇതിനു പറയുന്ന കാരണം. സ്വകാര്യകമ്പനികൾക്ക് സംസ്ഥാനത്ത് സ്കൂളുകൾ തുടങ്ങാൻ അനുമതി നൽകുന്ന ബില്ലിന് മഹാരാഷ്ട്ര നിയമസഭ അംഗീകാരം നൽകി. ഇതേ വഴി പിന്തുടരുന്ന മധ്യപ്രദേശ്, ഹിമാചൽ പ്രദേശ്, ഹരിയാന, ഒഡിഷ സർക്കാരുകൾ നിരവധി  സ്കൂളുകൾ അടച്ചുപൂട്ടിക്കഴിഞ്ഞു.

ഈ പ്രവണതകൾക്ക് വിരുദ്ധമായ കാര്യങ്ങളാണ് കേരളത്തിലെ എൽഡിഎഫ് സർക്കാർ ചെയ്യുന്നത്. സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താനും സർക്കാർ- എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇത് സാധാരണക്കാർക്ക് ഗുണകരമായ നടപടിയാണെന്ന് തെളിയുകയാണ്. കേരളത്തിലെ രക്ഷിതാക്കൾ അവരുശട കുട്ടികളെ സ്വകാര്യ സ്കൂളുകളിൽനിന്ന് സർക്കാർ സ്കൂളുകളിലേക്ക് മാറ്റുകയാണ്. കുട്ടികൾക്ക് നിലവാരമുള്ള വിദ്യഭ്യാസം നൽകണമെന്ന് ഗൗരവപൂർവം ചിന്തിക്കുന്ന ഏതുസർക്കാരും കേരളത്തിലെ എൽഡിഎഫ് സർക്കാരിനെ മാതൃകയാക്കണം. എന്തുകൊണ്ട് കേന്ദ്രസർക്കാരിന് ഈ മാതൃക പിന്തുടർന്നു കൂടാ. എന്തുകൊണ്ട് സംസ്ഥാന സർക്കാരുകൾക്ക് ഈ മാർഗം സ്വീകരിച്ചൂകൂടാ? വിദ്യാഭ്യാസമെന്നത് ബിജെപി സർക്കാരുകരുകളുടെ മുൻഗണനയിലുള്ള കാര്യമല്ലേ?

**ആരോഗ്യം**

സ്വാസ്ഥ്യഭാരത് എന്നാൽ സമൃദ്ധഭാരത് എന്നാണ് സർക്കാരിന്റെ മുദ്രാവാക്യം. അതെ, അത് പൂർണമായും ശരിയാണ്. എല്ലാ തൊഴിലാളികളും അവരുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യത്തിൽ ശ്രദ്ധാലുക്കളാണ്. അതുകൊണ്ടു തന്നെയാണ് ആരോഗ്യമേഖലയ്ക്ക് ജിഡിപിയുടെ 5ശതമാനം തുകയെങ്കിലും വകയിരുത്തണമെന്ന് തൊഴിലാളികൾ ആവശ്യപ്പെടുന്നത്. എന്നാൽ സ്വാതന്ത്ര്യം ലഭിച്ച് എഴുപത് വർഷം പിന്നിടുമ്പോഴും ആരോഗ്യമേഖലയ്ക്കുള്ള ജിഡിപി വിഹിതം വെറും 1.4ശതമാനം മാത്രം. ഇതിൽ തന്നെ കേന്ദ്രം ചെലവിടുന്നത് വെറും 0.3 ശതമാനമെന്ന തുച്ഛമായ നിരക്ക്. ബാക്കി ചെലവിടുന്നത് സംസ്ഥാനങ്ങളാണ്. 70 ശതമാനത്തിൽ കൂടുതൽ ആരോഗ്യചെലവും ജനങ്ങൾ തന്നെയാണ് വഹിക്കുന്നത്. ജനങ്ങൾ ഒരിക്കലും പുറത്തുകടക്കാനാകാത്ത കടക്കെണിയിലാകുന്നതിനുള്ള കാരണം ഇതു തന്നെ. ദാരിദ്ര്യത്തിന്റെ പടിയിൽനിന്ന് ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുന്ന ജനങ്ങൾക്ക് ഒരിക്കലും അതിൽനിന്ന് പുറത്തുകടക്കാനാവില്ല.

ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളിൽ ക്ഷേമപദ്ധതികളിൽനിന്ന് സർക്കാരുകൾ പിന്മാറണമെന്നാണ് നവലിബറലിസത്തിന്റെ ഒരു കുറിപ്പടി. കേന്ദ്രവും പല സംസ്ഥാന സർക്കാരുകളും ഇത് അക്ഷരംപ്രതി പാലിക്കുന്നു. മോഡി സർക്കാരാകട്ടെ, വർധിച്ച പ്രതിബദ്ധതയോടെയാണ് ഈ നിർദേശം പാലിക്കുന്നത്. ആരോഗ്യമേഖലയിലെ കോർപറേറ്റുകൾക്കു വേണ്ടി പൊതുജനാരോഗ്യ സംവിധാനത്തെ തകർക്കുകയാണ് മോഡി സർക്കാർ.

നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ സ്കീം എന്ന പേരിൽ പത്തുകോടി കുടുംബങ്ങൾക്ക് സൗജന്യ ഇൻഷുറൻസ് നൽകാനുള്ള പദ്ധതി കൊട്ടിഘോഷിച്ചാണ് കഴിഞ്ഞ ബജറ്റിൽ ബിജെപി സർക്കാർ പ്രഖ്യാപിച്ചത്. പൊതുപണം ചെലവിട്ടുള്ള ലോകത്തെ ഏറ്റവും വലിയ ഇൻഷുറൻസ് പദ്ധതിയാണിതെന്ന് സർക്കാർ അവകാശപ്പെടുന്നു. 5 ലക്ഷം കോടി ചെലവിട്ട് അമ്പതുലക്ഷം കുടുംബങ്ങളെ ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരുമെന്നാണ് അവകാശവാദം. മോഡി കെയർ എന്ന മുഖംമൂടി അണിഞ്ഞുകൊണ്ട് ആയുഷ്മാൻ ഭാരത് (നാഷണൽ ഹെൽത്ത് പ്രൊട്ടക്ഷൻ മിഷൻ) എന്ന ഔദ്യോഗികനാമത്തിലുള്ള പദ്ധതി 2018 ഒക്ടോബറിൽ നടപ്പാക്കും. ഇതിന് ആദ്യം

അനുവദിച്ച് 2000 കോടി രൂപയുടെ തുച്ഛമായ തുകയാണ്. തുടർന്ന് 2018-19 വർഷത്തിൽ അത് 10000 കോടി രൂപയാക്കി വർധിപ്പിച്ചെങ്കിലും ഇത് പദ്ധതിയുടെ പ്രീമിയത്തിന് ആവശ്യമായ കുറഞ്ഞ തുകയുടെ പകുതി പോലുമാകുന്നില്ല. എന്നാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികൾ മാത്രമേ പരിധിയിൽ വരുന്നുള്ളൂ എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ന്യൂനത. അതും ഗുരുതരാവസ്ഥയിലുള്ള രോഗികൾ. ഔട്ട് പേഷ്യൻസ് ഈ പദ്ധതിയിൽവരുന്നില്ല. നമ്മുടെ രാജ്യതത് കുടുംബങ്ങളുടെ ആരോഗ്യചെലവിന്റെ മൂന്നിൽ രണ്ടും ആശുപത്രി ഇതര അവസ്ഥയ്ക്കും മരുന്നുകൾക്കുവേണ്ടിയുള്ളതുമാണ്. നേരത്തെയുള്ള രാഷ്ട്രീയ സ്വാസ്ഥ്യ ബിമാ യോജന(ആർ എസ്ബിവൈ) പോലെ വൻകിട ആശുപത്രികൾക്ക് മാത്രം പ്രയോജനം ചെയ്യുന്ന ഒന്നായി ഇതും മാറും. ജനങ്ങൾക്കാവില്ല ഗുണം ലഭിക്കുക. ആർഎസ്ബിവൈ പോലെ തന്നെ ഈ പദ്ധതിയും ആരോഗ്യചെലവിന്റെ കാര്യത്തിൽ ജനങ്ങളുടെ കീശ കാലിയാക്കും.

സാമ്പത്തിക വിഹിതം തുടർച്ചയായി കുറച്ചുകൊണ്ടുവന്ന് സർക്കാർ ആശുപത്രികളെ തകർക്കാൻ കേന്ദ്രം ബോധപൂർവം ശ്രമിച്ചുവരികയാണ്. ജനങ്ങളെ വൻകിട സ്വകാര്യ ആശുപത്രികളുടെ ചൂഷണത്തിന് എറിഞ്ഞു കൊടുക്കുകയാണ്. സബ്സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എനനിവയ്ക്കുള്ള ഫണ്ടുകളിൽ യഥാക്രമം 19 ശതമാനം, 22 ശതമാനം, 30 ശതമാനം എന്നീ നിരക്കിൽ കുറവു വരുത്തിയെന്ന് 2017ലെ റൂറൽ ഹെൽത്ത് സർവെ പറയുന്നു. ഈ ആരോഗ്യ കേന്ദ്രങ്ങളിൽ പലതിലും വെള്ളമോ വൈദ്യുതിയോ ഇല്ല. പലതും പ്രവർത്തിക്കുന്ന ഇടിഞ്ഞു വീഴാറായ കെട്ടിടങ്ങളിലും. മിക്ക കേന്ദ്രങ്ങളിലേക്ക് അപ്രോച്ച് റോഡുകൾ പോലുമില്ല. അതുകൊണ്ട് തന്നെ ആംബുലൻസുകൾക്ക് പ്രവേശിക്കാനുമാവില്ല.

പല സർക്കാർ ആശുപത്രികളിലും ജീവനക്കാരുടെ അഭാവം ഗുരുതരമായ പ്രശ്നമാണ്. കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സർജൻ, പ്രസവചികിത്സകൻ, ഗൈനക്കോളജിസ്റ്റ്, ഫിസിഷ്യൻ, പിഡിയാട്രിഷ്യൻ എന്നീ തസ്തികളിലെ വിഗദ്ധരുടെ അഭാവം 82ശതമാനമാണ്. 6371 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ഓക്സിലറി നഴ്സ് മിഡ്വൈഫ് ഇല്ലാതെയാണ്.

പൊതുജനാരോഗ്യത്തോടുള്ള ഈ സമീപനമാണ് എൻസഫലൈറ്റിസ് പ്രോഗ്രാമിനുള്ള 2017-18ലെ വിഹിതം 10.19 കോടിയിൽനിന്ന് 5.78 കോടിയാക്കി കുറയ്ക്കുന്നതിന് യോഗി ആദിത്യനാഥ് നയിക്കുന്ന യുപിയിലെ ബിജെപി സർക്കാരിനെ പ്രേരിപ്പിച്ചത്. സംസ്ഥാനത്ത് ഈ രോഗം വർധിക്കുമ്പോഴായിരുന്നു ഫണ്ട് വെട്ടിക്കുറച്ചത്. ഇതിന്റെ ഫലമോ, രോഗം മൂർഛിച്ച മൂന്നും നാലും പിഞ്ചു കുഞ്ഞുങ്ങളെ ഗോരഖ്പുരിലെ ആശുപത്രിയിലെ ഐസിയുടെ ബെഡ്ഡിൽ ഒരുമിച്ച് കിടത്തേണ്ടിവന്നു. ഈ സമീപനം കൊണ്ടുതന്നെയാണ് ആശുപത്രിയിൽ ഓക്സിജന്റെ അഭാവമുണ്ടായത്. പണം നൽകാത്തതുമൂലം ഓക്സിജൻ ലഭിച്ചില്ല. 2017 ആഗസ്തിൽ ഗോരഖ്പുരിൽ 72 കുട്ടികളുടെ മരണത്തിനാണ് ഇത് ഇടയാക്കിയത്. അപ്പോൾ ദാനാ മാജിയുടെ ഭാര്യക്ക് ജീവിച്ചിരിക്കുമ്പോൾ മികച്ച ചികിത്സ ലഭിക്കാതിരിക്കുകയും തുടർന്ന് അവരുടെ മൃതദേഹം തോളിലേറ്റി ദാനാ മാജിക്ക ഗ്രാമത്തിലേക്ക് നടക്കേണ്ടിവന്നതും ഒട്ടും അത്ഭുതപ്പെടുത്തുന്നില്ല. ഇതിന് ശേഷം പല സംഭവങ്ങളും പുറത്തുവന്നു. പുറത്തുവരാത്ത ആയിരക്കണക്കിന് കഥകൾ വേറെയുമുണ്ടാകും.

അതേസമയം നവലിബറൽ നയങ്ങൾ പിന്തുടരുന്ന സർക്കാരുകാൾ സ്വകാര്യ കോർപറേറ്റുകൾക്ക് സ്വകാര്യ ആശുപത്രികളിൽ നിക്ഷേപം നടത്താൻ  ടാക്സ് ഹോളിഡേകളും തുച്ഛവിലയ്ക്ക് ഭൂമിയും ഇറക്കുമതി ചെയ്യുന്ന ഉപകരണങ്ങൾക്ക് തീരുവ ഇളവും അനുവദിക്കുന്നു. രോഗികളുടെ ബില്ലുകൾ വിശകലനം ചെയ്ത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റി(എൻപിപിഎ) പുറത്തുവിട്ട റിപ്പോർട്ട് കോർപറേറ്റ് ആശുപത്രികൾ എത്ര ഭീകരമായാണ് പാവപ്പെട്ടവരെ പിഴഞ്ഞൂറ്റിയെടുക്കുന്നതെന്ന് വ്യക്തമാക്കുന്നു. ഡൽഹിയിലെയും നാഷണൽ കാപ്പിറ്റൽ ടെറിട്ടറിയിലെയും നാലു പ്രധാന ആശുപത്രികളിലെ ബില്ല് പരിശോധിച്ചപ്പോൾ മരുന്ന്, മറ്റ് സാധനങ്ങൾ, രോഗ നിർണയം എന്നിവയിൽ1737 ശതമാനം ലാഭമുണ്ടാക്കിയതായി കണ്ടെത്തി. ഇത്തരം വെളിപ്പെടുത്തലുകളോട് മോഡി സർക്കാർ എങ്ങനെയാണ് പ്രതികരിച്ചത്? എൻപിപിഎ ചെയർമാനെ

സ്ഥാനത്തുനിന്ന് നീക്കി. ഉറപ്പാണ് ഇത്തരം ആശുപത്രികളാകും 'മോഡി കെയറി'ൽന്ന് ലാഭം കൊയ്യാൻ പോകുന്നത്.

അവശ്യവസ്തുക്കളുടെ വില കുതിക്കുകയാണ്. ഭക്ഷണം വാങ്ങണോ മരുന്നു വാങ്ങണോ എന്ന ആശയക്കുഴപ്പത്തിലാണ് ജനങ്ങൾ പലപ്പോഴും. എന്നാൽ സർക്കാർ ഇതിനോട് നിസ്സംഗത പുലർത്തുകയാണ്. അവശ്യമരുന്നുകളുടെ ദേശീയ പട്ടികയെ വില നിയന്ത്രണ ഉത്തരവിൽനിന്ന് നീക്കംചെയ്യണമെന്നാണ് നവലിബറൽ നയങ്ങൾ നടപ്പാക്കുന്നതിൽ ബിജെപി സർക്കാരിന്റെ വിശ്വസ്തകൂട്ടാളിയായ നിതി ആയോഗ് ശുപാർശ ചെയ്തത്. അവശ്യ മരുന്നുകളുടെ വിലകൾക്ക് ഇനി ഒരു നിയന്ത്രണവും ഉണ്ടാകില്ലെന്നർഥം. ഈ മരുന്നുകൾക്ക് ഇനി വൻവില കൊടുക്കേണ്ടിവരും. ഈ ശുപാർശ നടപ്പാക്കുന്ന പക്ഷം 350 അവശ്യ മരുന്നുകൾ വില നിയന്ത്രണ പട്ടികയിൽനിന്ന് ഒഴിവാകും. 18 ശതമാനം ജിഎസ്ടി ഏർപ്പെടുത്തിയതോടെ പല മരുന്നുകൾക്കും ഇപ്പോൾ വില കുതിച്ചുയർന്നിരിക്കയാണ്. അവശ്യ മരുന്നുകളുടെ ജിഎസ്ടി പരിധിയിൽനിന്ന് ഒഴിവാക്കി രോഗികൾക്ക് ആശ്വാസം നൽകണമെന്ന് ഞങ്ങൾ നിരന്തരമായി ആവശ്യപ്പെടുകയാണ്. എന്നാൽ ഇക്കാര്യത്തിൽ ബിജെപി സർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല.

ഇപ്പോൾ സമൃദ്ധിയുള്ളവർക്ക് ആരോഗ്യം എന്നതാണ് സർക്കാർ നിലപാട്. സമ്പന്നർക്ക് മാത്രം ആരോഗ്യം. ബിജെപി ഭരണത്തിൽ സാധാരണക്കാർക്ക് ആരോഗ്യം പ്രാപ്യമല്ലാതാകുകയാണ്. ഇന്ത്യയിലെ കോർപറേറ്റ് ആശുപത്രികളിൽ ചികിത്സിക്കാനെത്തുന്ന ധനികർക്കുവേണ്ടി മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിലാണ് സർക്കാരിന് താൽപര്യം. അതുവഴി ഇത്തരം ആശുപത്രികൾക്കും വൻ നേട്ടമുണ്ടാക്കാൻ വഴിയൊരുക്കുന്നു സർക്കാർ. നമുക്ക് പ്രാവീണ്യവും സാങ്കേതിക വിദ്യയും സാമ്പത്തികാ ഉറവിടങ്ങളുമുണ്ട്. എന്നാൽ നവലിബറിലസം പിന്തുടരുന്ന സർക്കാർ സാധാരണ മനുഷ്യർക്ക് ഗുണമുണ്ടാക്കുംവിധം സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഒന്നുംചെയ്യുന്നില്ല. അനായാസം ഭേദപ്പെടുത്താവുന്ന രോഗങ്ങൾ കൊണ്ടു പോലും ജനങ്ങൾ മരിക്കുന്നു. ഇത് ക്രൂരതയല്ലേ? ഈ ക്രൂരതയെ എങ്ങനെ നീതീകരിക്കാനാകും?

**ഭക്ഷ്യ സുരക്ഷ**

അനായാസം ബിസിനസ്(ഈസ ഓഫ് ഡൂയിങ് ബിസിനസ്) സൂചികയിൽ നമ്മുടെ രാജ്യം 130ൽനിന്ന് 100ലേക്ക് എത്തിയപ്പോൾ ലോക പട്ടിണി സൂചികയിൽ നാം താഴോട്ട് പതിച്ചു. 2017ൽ ആഗോള പട്ടിണി സൂചികയിൽ 119ൽ 100ാം സ്ഥാനം. ഏഷ്യയിൽ മൂന്നാമത്തെ വിശക്കുന്ന രാജ്യമായിരിക്കുന്നു ഇന്ത്യ. അഫ്ഗാനിസ്ഥാനും പാകിസ്ഥാനും മാത്രമേ ഇന്ത്യക്ക് പിറകിലുള്ളൂ.

അനായാസം ബിസിനസ് ചെയ്യാനുള്ള അവസരം ഒരുക്കുന്നതിൽ ഏറെ ശ്രദ്ധിക്കുന്ന ബിജെപി സർക്കാർ ഇതു സംബന്ധിച്ച സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 50 ആക്കി മെച്ചപ്പെടുത്താൻ ബദ്ധശ്രദ്ധരാണ്. അതിനായുള്ള നയപരിപാടികൾക്കാണ് ഒരുക്കം നടത്തുന്നത്. എന്നാൽ പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്താൻ ആവശ്യമായതൊന്നും ചെയ്യുന്നുമില്ല. പൊതുവിതരണ സംവിധാനം തകർത്ത് പകരം ബാങ്കുവഴി പണം കൈമാറുന്നിതിലേക്കാനുള്ള മാറാനുള്ള ശ്രമമാണ്. നവലിബറൽ നയങ്ങളുടെ ശിൽപ്പികളായ ലോകബാങ്കിന്റെ ഉപദേശ പ്രകാരമാണ് ഈ നീക്കം.

ഇടതുപക്ഷ പാർടികളുടെയും മറ്റ് വിവിധ സംഘടനകളുടെയും നിരന്തരമായ ആവശ്യപ്രകാരം 2013ലാണ് ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നത്. ബിജെപി സർക്കാർ അധികാരമേറ്റ് ഒരു വർഷം പൂർത്തിയായ 2015ൽ ഒരു സുപ്രധാന സർക്കുലർ പുറപ്പെടുവിച്ചു. ദരിദ്രരിൽ ദരിദ്രരായവർക്ക് 35 കിലോ ഗ്രാമം ഭക്ഷ്യധാന്യം നൽകുന്ന അന്ത്യോദയ കാർഡുകൾ മരവിപ്പിക്കാനുള്ള തീരുമാനമായിരുന്നു ഈ സർക്കുലറിൽ. റേഷനുള്ള അർഹതയിൽ മുൻഗണനയുള്ള കുടുംബങ്ങളുടെ എണ്ണവും ഈ സർക്കുലർ പ്രകാരം മരവിപ്പിച്ചിരിക്കുന്നു. രണ്ടു വർഷത്തിനുള്ള ഡിജിറ്റൈസേഷന്റെ

പേരിൽ ലക്ഷക്കണക്കിന് റേഷൻ കാർഡുകൾ 'വ്യാജ'മാണെന്ന് കണ്ടെത്തി റദ്ദാക്കി. വീടുവീടാന്തരം സർവെ നടത്താതെ തന്നെ റേഷൻ കാർഡുകൾ റദ്ദാക്കി. പാവപ്പെട്ടവർക്ക് പ്രതിഷേധ ശ ബ്ദുമയർത്താൻ അവസരം നൽകുംമുമ്പായിരുന്നു ഈ നടപടി. റേഷൻ കാർഡിനെ ആധാറുമായി ലിങ്ക് ചെയ്യുന്നതിന്റെ പേരിലും പലരെയും പുറത്താക്കി. പിഒഎസ് മെഷിനുകൾ പ്രവർത്തിക്കാതിരിക്കുകയും വിരലടയാളങ്ങൾ ചേരാതിരിക്കുകയും ചെയ്തതോടെ പലരും പുറത്തായി. പലപ്പോഴും സാങ്കേതിക തടസ്സങ്ങളുണ്ടായി. റേഷൻ കാർഡ് ആധാറുമായി ലിങ്ക് ചെയ്യണമെന്നത് ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ആപത്കരമായ ഫലമാണുണ്ടാക്കിയത്.

ജാർഖണ്ഡിലെ പതിനൊന്നുകാരി സന്തോഷി പട്ടിണി മൂലം മരിക്കുന്നത് 2017 സപ്തംബർ 28നാണ്. സന്തോഷിയുടെ കുടുംബത്തിന് റേഷൻ കാർഡ് ആധാർ കാർഡുമായി ലിങ്ക് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇതിന് ഏഴ് മാസങ്ങൾക്കുശേഷമാണ് സന്തോഷിയുടെ പട്ടിണി മരണം. ലിങ്ക് ചെയ്യൽ നടക്കാത്തതു മൂലം അവരുടെ കാർഡ് പട്ടികയിൽനിന്ന് നീക്കംചെയ്തിരുന്നു. പട്ടിണി മൂലം ജാർഖണ്ഡിലെ തന്നെ 58 വയസ്സുള്ള സാവിത്രി ദേവി ഈയിടെ മരിച്ചിരുന്നു. അവർക്ക് മാസങ്ങളായി റേഷൻ നിഷേധിക്കപ്പെട്ടിരുന്നു. ആധാർകാർഡുമായി ഒത്തുചേരാത്തതു മൂലമാണ് ഇവർക്ക് റേഷൻ നിഷേധിക്കപ്പെട്ടത്.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിനുള്ള ബജറ്റ് വിഹിതം 1.14 ലക്ഷം കോടിയാണ്. ഇത് ഇന്ത്യയുടെ ജിഡിപി വിഹിതത്തിന്റെ ഒരു ശതമാനത്തിൽ താഴെ. ഇത് തന്നെ കൂടിയ തുകയാണെന്നാണ് കേന്ദ്ര ധനമന്ത്രിയുടെ വിചാരം. റേഷൻ കാർഡുകളുടെ എണ്ണം കുറയ്കുന്നതു വഴി 17500 കോടി ഓരോ വർഷവും ഖജനാവിന് ലാഭമുണ്ടാകുമെന്നാണ് കേന്ദ്ര ഭക്ഷ്യ മന്ത്രി അഭിപ്രായപ്പെട്ടത്. പൊതുവിതരണ സംവിധാനം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന കേരളം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുൾക്കുമേൽ ഭക്ഷ്യധാന്യവിഹിതം വെട്ടിക്കുറയ്ക്കുന്ന കാര്യത്തിൽ കേന്ദ്രം തുടർച്ചയായി സമ്മർദംചെലുത്തിക്കൊണ്ടിരിക്കയാണ്. ഫുഡ് സ്റ്റാമ്പ്, ഡയരക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ തുടങ്ങിയ സംവിധാനത്തിലേക്ക് മാറണമെന്നാണ് കേന്ദ്രം ഈ സംസ്ഥാനങ്ങളോട് നിർദേശിക്കുന്നത്.

ഈ നയങ്ങൾ തിരുത്തപ്പെടുംമുമ്പ് സന്തോഷിയെപ്പോലെ എത്ര കുട്ടികൾ പട്ടിണി മൂലം മരണപ്പെടാൻ നമ്മൾ അനുവദിക്കും.

**കൃഷി**

നവലിബറൽ നയങ്ങൾ നടപ്പാക്കിയതോടെ നമ്മുടെ രാജ്യത്തെ കാർഷിക മേഖല പ്രതിസന്ധിയിലേക്ക് എടുത്തെറിയപ്പെട്ടിരിക്കയാണ്. കൃഷിയിലെ പൊതു നിക്ഷേപം ഗണ്യമായി കുറച്ചു. കൃഷിച്ചെലവാകട്ടെ കുതിച്ചുയരുകയും ചെയ്തു. അതോടെ വട്ടിപ്പലിശക്കാരിൽനിന്ന് കൃഷിക്ക് വായ്പയെടുക്കാൻ ദരിദ്രകർഷകർ നിർബന്ധിതരായി. വായ്പ തിരിച്ചടയ്ക്കാതാവുമ്പോൾ അവർ അപമാനിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയുംചെയ്യുന്നു. മൂന്നു ലക്ഷത്തിലധികം കർഷകർ രണ്ടു പതിറ്റാണ്ടിൽ ആത്മഹത്യ ചെയ്യപ്പെട്ടുവെന്നാണ് കണക്കുകൾ. അതിൽ ഭൂരിഭാഗവും വായ്പ തിരിച്ചടയ്ക്കാനാവാതെ ജീവനൊടുക്കിയവരാണ്.

കൃഷി ലാഭകരമല്ലാത്ത സ്ഥിതി വന്നതോടെ പല ചെറുകിട കർഷകരും കൃഷി ഉപേക്ഷിച്ചു. തുച്ഛമായ കൂലി ലഭിക്കുന്ന നിർമാണ മേഖലയിൽ പണിയെടുക്കാൻ അവർ നഗരങ്ങളിൽ കുടിയേറി. നിലവിൽ ഈ അസംഘടിത മേഖലയിൽ വൻതോതിൽ തൊഴിലാളികളുണ്ട്. വികസനത്തിന്റെ പേരിൽ കൃഷിഭൂമി തുച്ഛവിലയ്ക്ക് റിയൽ എസ്റ്റേറ്റ് ഭീമന്മാർക്കോ വൻകിട കോർപറേറ്റുകൾക്കോ കൈമാറിയ ശേഷമാണ് ഇവരുടെ പലായനം.

കൃഷിച്ചെലവിന്റെ 50 ശതമാനത്തിലധികം തുക കുറഞ്ഞ താങ്ങുവിലയായി നൽകണമെന്ന് എം എസ് സ്വാമിനാഥൻ തലവനായ നാഷണൽ കമീഷൻ ഓഫ് ഫാർമേഴ്സ് 2006ൽ സർക്കാരിന്

ശുപാർശ നൽകിയിരുന്നു. 2014യെല തെരഞ്ഞെടുപ്പിൽ ബിജെപി വാഗ്ദാനംചെയ്തത് സ്വാമിനാഥൻ കമ്മിറ്റി ശുപാർശകൾ പൂർണമായി നടപ്പാക്കുമെന്നായിരുന്നു. എന്നാൽ ഭരണത്തിലേറിയതോടെ അവർ ചുവടുമാറ്റി. കൃഷിച്ചെലവിന്റെ 50 ശതമാനത്തിലേറെ തുക കുറഞ്ഞ താങ്ങുവിലയായി പ്രഖ്യാപിച്ചാൽ അത് വിപണിയെ തകിടം മറിക്കുമെന്നാണ് 2015 ഫെബ്രുവരിയിൽ കേന്ദ്രസർക്കാർ സുപ്രിംകോടതിയിൽ സത്യവാങ്മൂലം നൽകിയത്. ഈ ബജറ്റിൽ വീണ്ടും  നിലപാട് മാറ്റിയ കേന്ദ്രസർക്കാർ, നിലവിൽ ഉൽപ്പാദന ചെലവിന്റെ 50 ശതമാനത്തിലധികം തുക താങ്ങുവിലയായി നൽകുന്നുണ്ടെന്ന് പ്രഖ്യാപിച്ചു. ഇത് തട്ടിപ്പല്ലാതെ മറ്റൊന്നുമല്ല. ഏറ്റവും കുറഞ്ഞ ഉൽപ്പാദനചെലവാണ് സർക്കാർ കണക്കാക്കുന്നത്. കർഷകർ ചെലവാക്കുന്ന നൂറു രൂപയ്ക്ക് പകരം എൺപതു രൂപ പോലും ഇപ്പോൾ ലഭിക്കുന്നില്ലെന്നതാണ് വാസ്തവം. ദരിദ്ര- ഇടത്തരം കർഷകരിൽ 86ശതമാനത്തിൽ കൃഷിയിൽനിന്ന് ലാഭം ലഭിക്കുന്നില്ല.

ഗ്രാമങ്ങളിൽ വൻതോതിലുള്ള അസംതൃപ്തിക്കാണ് ഈ കാർഷിക പ്രതിസന്ധി കാരണമാകുന്നത്. മോഡി സർക്കാർ കൃഷിയെ പൂർണമായും അവഗണിക്കുകയാണ്. കാർഷിക മേഖലയുമായി ബന്ധപ്പെടുന്നവരിൽ 55ശതമാനം വരുന്ന കർഷകത്തൊഴിലാളികൾക്ക് പല സംസ്ഥാനങ്ങളിലും പ്രതിവർഷം 60 ദിവസം പോലും തൊഴിൽ ലഭിക്കുന്നില്ല. ഏറ്റവും കുറഞ്ഞ വേതനം ലഭിക്കുന്ന തൊഴിലുറപ്പ് പദ്ധതിയിലേക്കും  ഈ പ്രതിസന്ധി വ്യാപിച്ചിരിക്കുന്നു. മിക്കവാറും സംസ്ഥാനങ്ങളിൽ കർഷകത്തൊഴിലാളികൾക്ക് ലഭിക്കുന്ന കൂലി പോലും തൊഴിലുറപ്പു തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. 2016-17ൽ 8.9 കോടി തൊഴിലാളികൾ തൊഴിലുറപ്പു പദ്ധതി പ്രകാരം തൊഴിലിന് അപേക്ഷിച്ചെങ്കിലും  7.6 കോടി പേർക്കു മാത്രമേ തൊഴിൽ ലഭിച്ചുള്ളൂ. 2017-18ൽ ജോബ് കാർഡുള്ളവരെ റജിസ്റ്ററിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. 2016-17ൽ തൊഴിൽ ചെയ്തവർക്കുള്ള വേതനത്തിന്റെ 56 ശതമാനം ഇനിയും നൽകിയിട്ടില്ല. ഇതിന്റെ ഫലമായി ലക്ഷക്കണക്കിന് കർഷകത്തൊഴിലാളികളും ദരിദ്രകർഷകരുമാണ് നഗരങ്ങളിൽ തൊഴിൽതേടി പലായനം ചെയ്യുന്നത്.

**ദളിതർക്കും ആദിവാസികൾക്കും എതിരെയുള്ള അക്രമങ്ങൾ**

നവലിബറൽ കാലത്ത് ക്ഷേമപദ്ധതികൾക്ക് വിഹിതം വെട്ടിക്കുറച്ചത് ഏറ്റവും ബാധിച്ചത് ദളിതരെയും ആദിവാസികളെയുമാണ്. ഈ വിഭാഗങ്ങൾക്കെതിരെയുള്ള ഹിന്ദുത്വശക്തികളുടെ അവരുടെ ദുരിതങ്ങൾ ഇരട്ടിയാക്കി.

അംബേദ്കറുടെ നേതൃത്വത്തിൽ രൂപംനൽകിയ ഭരണഘടന നിരാകരിച്ച് മനുസ്മൃതിയെ ഇന്ത്യയുടെ ഭരണഘടനയായി അംഗീകരിക്കണമെന്ന് ബിജെപിയുടെ പ്രത്യയശാസ്ത്ര മാർഗദർശിയായ ആർഎസ്എസ് ആവശ്യപ്പെട്ടത് ഇവിടെ സ്മരിക്കണം. ചാതുർവർണ്യവ്യവസ്ഥയിൽ ദളിതരും ആദിവാസികളും ഭ്രഷ്ടരാണെന്നാണ് മനുസ്മൃതി കണക്കാക്കുന്നത്. രാഷ്ട്രീയ ആവശ്യങ്ങൾക്കും തെരഞ്ഞെടുപ്പു നേട്ടത്തിനുമായി മതത്തെ ദുരുപയോഗിക്കുന്ന ഹിന്ദുത്വശക്തികളുടെ പദ്ധതിയുടെ ഭാഗമായി ബിജെപി ദളിതരെയും ആദിവാസികളെയും പാട്ടിലാക്കാൻ ശ്രമിക്കുന്നുണ്ട്. അംബേദ്കറെപ്പോലും തങ്ങളുടെ ഭാഗമാക്കാനും ശ്രമമുണ്ട്. എന്നാൽ കേന്ദ്രമന്ത്രിമാർ അടക്കമുള്ള ആർഎസ്എസ്- ബിജെപി നേതാക്കളുടെ പല പ്രസ്താവനകളും അവരുടെ തനിനിറം പുറത്തുകൊണ്ടുവരുന്നുണ്ട്. ദളിതരോടുള്ള അവരുടെ സമീപനം മനുസ്മൃതിയുടെയും വർണാശ്രമധർമത്തിന്റെയും ചട്ടക്കൂടിൽനിന്നുകൊണ്ടുതന്നെയാണെന്ന് വെളിപ്പെടുത്തുന്നതാണ് ഈ പ്രസ്താവനകൾ. ഈ സമീപനം അരക്കിട്ടുറപ്പിക്കുന്നതാണ് ബിജെപി സർക്കാരിന്റെ ചെയ്തികൾ.

ബിജെപി സർക്കാർ അധികാരത്തിലേറി ഒരു വർഷമായപ്പോഴാണ് ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ദളിതനായ ഗവേഷക വിദ്യാർഥി രോഹിത് വെമുല ആത്മഹത്യചെയ്തത്. ആർഎസ്എസ്സിന്റെ പ്രത്യയശാസ്ത്രത്തെ രൂക്ഷമായി എതിർത്തതിന്റെ പേരിലുള്ള വേട്ടയാടലാണ് രോഹിത് വെമുലയെ ആത്മഹത്യയിലേക്ക് നയിച്ചത്.

എസ്സി/എസ്ടി ഉപപദ്ധതിക്കുന്ന ഫണ്ട് ആദ്യം വെട്ടിക്കുറയ്ക്കുകയും പിന്നീട് പദ്ധതി

ഉപേക്ഷിക്കുകയുംചെയ്തു ബിജെപി സർക്കാർ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ദളിത് വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് കൃത്യസമയത്ത് നൽകാതിരിക്കുകയോ വിതരണം റദ്ദാക്കുകയോ ചെയ്തു. പല ഗവേഷക വിദ്യാർഥികൾക്കും ഇതു മൂലം പഠനം ഉപേക്ഷിക്കേണ്ടിവന്നു. സ്കോളർഷിപ്പ് നൽകാൻ 8000 കോടി രൂപ ആവശ്യമാണെന്നിരിക്കെ 2017-18 വർഷത്തിൽ നൽകിയത് 3348 കോടി രൂപ മാത്രം. സ്കോളർഷിപ്പിന് അർഹരായ വിദ്യാർഥികളുടെ എണ്ണം കൂടിയിട്ടും 2018-19ൽ ഇതിനുള്ള ഫണ്ട് 3000 കോടി രൂപയാക്കി വീണ്ടും കുറച്ചു. സർവകലാശാലകളിൽ ദളിത് വിദ്യാർഥികൾ അധ്യാപകരായി വരുന്നത് തടയുന്നതിന് യുജിസി ചട്ടങ്ങളിൽ ഭേദഗതി വരുത്തി. ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിൽ മാത്രം 59 ശതമാനത്തിന്റെ കുറവുണ്ടായി.

അതേസമയം 'ഗോരക്ഷകരും' ഹിന്ദുത്വവാദികളുമ കന്നുകാലി കച്ചവടത്തിന് വിലക്ക് ഏർപ്പെടുത്തുകയും കശാപ്പുശാലകൾ ബലം പ്രയോഗിച്ച് അടച്ചുപൂട്ടുകയും ചെയ്തതോടെ ദളിതർക്ക് അവരുടെ പാരമ്പര്യ തൊഴിലുകളിൽനിന്ന് അകലേണ്ടിവന്നു. ലക്ഷക്കണക്കിന് ദളിതർ തൊഴിലെടുക്കുന്ന തുകൽ ഊറക്കിടൽ അടക്കമുള്ള തുകൽ വ്യവസായ മേഖലകളെ പ്രതികൂലമായി ബാധിച്ചു.

നവലിബറൽ നയങ്ങളുടെ ഫലമായി മുനിസിപ്പാലിറ്റികളിലെയും കോർപറേഷനുകളിലെയും റെയിൽവെയിലെ ശുചീകരണ ജോലികൾക്ക് പുറംകരാർ നൽകുകയാണ്. സ്വീപ്പർമാരായും തോട്ടിപ്പണിക്കാരായും പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് ദളിതർക്ക് മിനിമം കൂലിയോ മാന്യമായ തൊഴിൽസാഹചര്യമോ നിഷേധിക്കപ്പെടുന്നു. തോട്ടിപ്പണിയെന്ന മനുഷ്യത്വഹീനമായ തൊഴിൽചെയ്യിക്കാൻ കരാറുകാർ ദളിതരെ നിർബന്ധിക്കുന്നു. നിരവധിപേർക്ക് മാൻഹോളിലും ഓടയിലും ജീവൻ നഷ്ടപ്പെടുന്നു. എസ്സി/എസ്ടി വിഭാഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട തസ്തികകളിൽ നികത്താൻ സർക്കാർ തയ്യാറാകുന്നില്ല. എത്രയോ വർഷത്തെ നിയമനങ്ങൾ ബാക്കി കിടക്കുന്നു. സ്വകാര്യവൽക്കരണം ശക്തമായതോടെ ഇത്തരം തസ്തികകളുടെ എണ്ണവും കുറയുന്നു. സ്വകാര്യ മേഖലയിലേക്ക് സംവരണം വ്യാപിപ്പിക്കാൻ സർക്കാരിൽനിന്ന് ഒരു നടപടിയും ഉണ്ടാകുന്നില്ല.

ദളിതരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തണമെന്നത് ഗൗരവമായെടുക്കുന്ന ഏതു സർക്കാരും അംബേദ്കർ പ്രതിമകൾ സ്ഥാപിക്കുന്നതിൽ പ്രവർത്തനം ചുരുക്കാൻ പാടില്ല. ദളിതരുടെ ഭരണഘടനാപരവും നിയമപരവുമായി അവകാശങ്ങൾ ഉറപ്പുവരുത്താനും തുല്യത ഫലപ്രദമായി നടപ്പാക്കാനും രാജ്യത്തെ എല്ലാ പൗരന്മാരെയും എല്ലാതരത്തിലും ഒരു പോലെ പരിഗണിക്കാനും തയ്യാറാവണം. എസ്സി/എസ്ടി പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് സംബന്ധിച്ച കേസുകൾ സുപ്രിംകോടതിയിൽ ഫലപ്രദമായി വാദിക്കുന്നതിൽപോലും സർക്കാർ പരാജയപ്പെട്ടു. സുപ്രിംകോടതി ഈ നിയമത്തിൽ വെള്ളം ചേർക്കുന്നതിനെതിരെ വൻ പ്രതിഷേധമുയർന്നപ്പോൾ പല സംസ്ഥാനങ്ങളിലെയും പൊലീസിനു നേരെ നിറയൊഴിച്ചു. ഒമ്പതുപേരാണ് അന്ന് കൊല്ലപ്പെടത്. ഇതിൽ നാലു പേർ കൊല്ലപ്പെട്ടത് ബിജെപി ഭരിക്കുന്ന മധ്യപ്രദേശിലാണ്. ഉത്തർപ്രദേശിലാകട്ടെ, പ്രതിഷേധവുമായി ബന്ധമില്ലാത്ത, 15 വയസ്സു പ്രായമുള്ള സ്കൂൾ വിദ്യാർഥികളെപോലും കള്ളക്കേസിൽ കുടുക്കി ജയിലലടച്ചു. അവരിപ്പോഴും ജയിലിൽതന്നെയാണ്.

വികസനത്തിന്റെ പേരിൽ ആദിവാസികൾ അവരുടെ വാസസ്ഥലങ്ങളിൽനിന്ന് പുറന്തള്ളപ്പെടുകയാണ്. ആദിവാസികൾക്ക് പരമ്പരാഗതമായി വനത്തിലുള്ള അവകാശങ്ങൾ വനാവകാശ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് നിഷേധിക്കുകയാണ്. പട്ടിക ജാതി ഉപപദ്ധതിക്കൊപ്പം ആദിവാസി ഉപപദ്ധതിയും ബിജെപി സർക്കാർ വേണ്ടെന്ന് വച്ചു. ആദിവാസി സമൂഹങ്ങൾക്കുമേൽ തങ്ങളുടെ ഹിന്ദുത്വ അജൻഡ നടപ്പാക്കുകയാണ് ആർഎസ്എസ്സും ബിജെപിയും. വ്യത്യസ്തമായ വിശ്വാസ സമ്പ്രദായങ്ങൾ പിന്തുടരുന്ന ആദിവാസികളെ ഘർവാപ്സി പരിപാടികൾ സംഘടിപ്പിച്ച് ഭിന്നിപ്പിക്കുന്നു. മാവോയിസ്റ്റ് വിരുദ്ധ, നക്സൽ വിരുദ്ധ ഓപ്പറേഷനുകളുടെ പേരിൽ പല സംസ്ഥാനങ്ങളിൽ ആദിവാസികളെയാണ് ലക്ഷ്യംവയ്ക്കുന്നത്.

അധ്വാനിക്കുന്ന ജനങ്ങളിലെ ചില വിഭാഗങ്ങൾ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ചിലതുമാത്രമാണിവ. മത്സ്യത്തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, തെരുവു കച്ചവടക്കാർ തുടങ്ങിയ വിഭാഗങ്ങളുടെ വരുമാനത്തിലും ഗണ്യമായ കുറവ് നേരിടുകയാണ്. അവരുടെ സാഹചര്യങ്ങൾ കൂടതൽ മോശമായി വരികയും ചെയ്യുന്നു.

**സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ**

ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഏതു സർക്കാരും വിലക്കയറ്റം, തൊഴിൽ, മാന്യമായ വരുമാനം, മാന്യമായ വേതനം, മാന്യമായ തൊഴിൽ സാഹചര്യങ്ങളും തൊഴിലും, ട്രേഡ് യൂണിയൻ അവകാശങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, തുല്യത, ജനാധിപത്യ അവകാശങ്ങൾ തുടങ്ങി ജനങ്ങൾക്ക് ഉത്കണ്ഠകയുള്ള പരിഹരിക്കാൻ ശ്രദ്ധിക്കണം. ജനങ്ങളുടെ ഭരണഘടനാ പരവും നിയമപരവുമായ അവകാശങ്ങൾ സംരക്ഷിക്കേണ്ടത് സർക്കാരാണ്. എന്നാൽ കേന്ദ്രത്തിലും പല സംസ്ഥാനങ്ങളിലുമുള്ള സർക്കാരുകൾ അടിസ്ഥാന കടമകളിൽനിന്നും ഉത്തരവാദിത്തങ്ങളിൽനിന്നും ഒഴിഞ്ഞുമാറുകയാണ്.

നമ്മുടെ രാജ്യത്തിന ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം ലഭിച്ചിട്ട് എഴുപതു വർഷത്തിലേറെയായി. നമ്മുടെ മുൻതലമുറ, നമ്മുടെ പിതാമഹന്മാർ, നമ്മുടെ മാതാപിതാക്കൾ, മുത്തച്ഛന്മാർ, എല്ലാം സ്വാതന്ത്ര്യത്തിനായുള്ള സമരത്തിൽ മഹത്തായ ത്യാഗംചെയ്തവരാണ്. അവരുടെ യൗവനവും സമ്പത്തും കുടുംബവും ജീവനും വരെ അവർ സ്വാതന്ത്ര്യത്തിനായി ബലി നൽകി. എന്തിന്? കാരണം സ്വതന്ത്ര ഇന്ത്യയിൽ ജാതിക്കും വംശത്തിനും മതത്തിനും ലിംഗപരമായ വ്യത്യാസങ്ങൾക്കും അതീതരമായി എല്ലാ ജനങ്ങൾക്ക് മാന്യമായ ജീവിതമുണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചു.

ഭരണഘടനയുടെ നിർദേശക തത്വങ്ങൾ ഈ രാജ്യം അടിസ്ഥാനപരമായി എങ്ങനെ ഭരിക്കണമെന്നതു സംബന്ധിച്ചത് ചില തത്വസംഹിതകൾ മുന്നോട്ടുവച്ചിട്ടുണ്. നിയമം നിർമിക്കുമ്പോൾ ഈ തത്വങ്ങൾ പാലിക്കേണ്ടത് സ്റ്റേറ്റിന്റെ കടമായാണെന്ന് ആ നിർദേശക തത്വങ്ങൾ പറയുന്നു. അവ സാമൂഹിക നീതി, അസമത്വം ഇല്ലാതാക്കൽ, ജീവനോപാധികൾക്കുള്ള അവകാശം, സമ്പത്തിന്റെ കേന്ദ്രീകരണം തടയൽ, തൊഴിലിനുള്ള അവകാശം, ജീവിക്കാനുള്ള വേതനം എന്നിവയുമാണ് ബന്ധപ്പെട്ടതാണ്. എന്നാൽ ഈ ഘടകങ്ങൾക്ക് നമ്മുടെ ഭരണാധികാരികൾ കാര്യമായി ശ്രദ്ധ നൽകുന്നില്ല.

ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്ത മാറിമാറി വന്ന ഭരണാധികാരികൾ ജനോപകാരപ്രദമായ ഈ നിർദേശങ്ങളെ കണ്ടില്ലെന്ന് നടിച്ചു.

സ്വാതന്ത്ര്യത്തിന് ശേഷം രാജ്യം പല മേഖലകളിലും മുന്നേറിയിട്ടുണ്ട്. അതേ സമയം പല വാഗ്ദാനങ്ങളും അവഗണിക്കപ്പെട്ടു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സാധാരണ ജനങ്ങളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും ആരും ചെവിക്കൊണ്ടില്ല. ഭൂപരിഷ്കരണത്തിന്റെ കാര്യത്തിൽ ഇടതുപക്ഷ പാർടികൾ നേതൃത്വം നൽകിയ സർക്കാരുകൾ കേരളത്തിലും പശ്ചിമ ബംഗാളിലും ത്രിപുരയിൽ ശക്തമായ നടപടികൾ കൈക്കൊണ്ടതൊഴിച്ചാൽ ഇക്കാര്യം ആരും ഗൗനിച്ചില്ല. വിദ്യാഭ്യാസം ലഭിച്ച രാജ്യത്തെ ചെറിയൊരു വിഭാഗത്തിന് തങ്ങളെയും ജീവിത സാഹചര്യം മെച്ചപ്പെടുത്താനായപ്പോൾ ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിന്റെ ഇരുട്ടിൽ കഴിയേണ്ടിവന്നു. അധ്വാനിക്കുന്ന മനുഷ്യർ സൃഷ്ടിച്ചസമ്പത്ത് സർക്കാരിനെയും അതിന്റെ നയങ്ങളെയും നിയന്ത്രിക്കുന്ന ചില വൻകിട വ്യവാസായികളുടെയും ഭൂസ്വാമിമായിരുടെയും കൈയ്യിലെത്തി.

ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സാധാരണക്കാർ പൊരുതി നേടിയ ചെറിയ അവകാശങ്ങൾ പോലും നരസിംഹറാവു പ്രധാനമന്ത്രിയും മൻമോഹൻസിങ് ധനമന്ത്രിയുമായിരിക്കെ കോൺഗ്രസ് സർക്കാർ തുടങ്ങി വച്ച നവലിബറൽ നയങ്ങൾ മൂലം നഷ്ടപ്പെട്ടു.

കോൺഗ്രസ് സർക്കാർ തുടങ്ങിയവച്ച ഈ നയങ്ങൾ പിന്നീട് വന്ന സർക്കാരുകൾ തുടർന്നു. ബിജെപി സർക്കാരിന് നേതൃത്വം നൽകിയത് നേരത്തെ വാജ്പേയി ആയാലും ഇപ്പോൾ നരേന്ദ്ര മോഡി ആയാലും ഈ നയങ്ങൾ തീവ്രമായി പിന്തുടർന്നു. നവലിബറൽ നയങ്ങൾ നടപ്പാക്കുന്നതിന് മോഡി സർക്കാരിനുള്ള വികാരാധിക്യം ജനങ്ങൾക്കുമേൽ ക്രൂരത കാട്ടുന്ന തലത്തിലെത്തി. മോഡി നയിക്കുന്ന ബിജെപി സർക്കാർ ആപത്കരമായ നവലബറൽ നയങ്ങൾ ആർഎസ്എസ്സിന്റെ വിഭാഗീയമായ ഹിന്ദുത്വ വർഗീയ അജൻഡയുമായി ചേർത്താണ് നടപ്പാക്കുന്നത്. ഈ സംയുക്തം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങളിലൂടെ വെളിപ്പെടുന്നത് ബിജെപി സർക്കാരിന്റെ ഏകാധിപത്യ പ്രവണതകളും അടിച്ചമർത്തൽ നയവുമാണ്.

**മുന്നിലുള്ളത് കനത്ത വെല്ലുവിളികൾ**

ഇത് നമ്മുടെ ജീവനോപാധിക്കും അവകാശങ്ങൾക്കും നേരെയുള്ള ആക്രമണമാണ്. നമ്മുശട ഐക്യത്തിനും ഭരണഘടനാദത്തമായ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും നേരെയുള്ള ആക്രമണമാണ്. ഇത് നമ്മൾ തൊഴിലെടുക്കുന്ന മനുഷ്യർക്ക് നേരെയുള്ള ഏറ്റവും ശക്തമായ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ നമുക്ക് ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്. ഈ സർക്കാരിനെ തന്നെ നമുക്ക് പരാജയപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇതൊന്നും മതിയാവില്ലെന്നാണ് നമ്മുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ ആവശ്യം നേടിയെടുക്കണമെങ്കിൽ,ൗ നമുക്ക് നമ്മുടെ തൊഴിൽ സാഹചര്യങ്ങളും നമ്മുടെയും നമ്മുടെ മക്കളുടെയും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തണമെങ്കിൽ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമായ നവലിബറൽ നയങ്ങളെ ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. ഈ നയങ്ങൾ നിലനിൽക്കുന്നിടത്തോളം കാലം നമ്മുടെ ആവശ്യങ്ങൾ സാക്ഷാത്കരിക്കില്ല. ഈ നയങ്ങൾ തിരുത്തപ്പെടുമെന്ന് നാം ഉറപ്പാക്കണം.

അത് സാധ്യമാകുമോ? തീർച്ചയായും സാധ്യമാകും. നമ്മൾ നമ്മുടെ ശക്തി ഏകോപിപ്പിച്ചാൽ സാധ്യമാകും. നമ്മുടെ എല്ലാ കരുത്തും തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും കർഷകരുടെയും രാജ്യത്തിനുവേണ്ടതെല്ലാം ഉൽപ്പാദിപ്പിക്കുന്ന അധ്വാനിക്കുന്ന എല്ലാ മനുഷ്യരുടെയും ശക്തി ഏകോപിപ്പിച്ചാൽ ഈ നയവുമായി രാജ്യത്തിന് മുന്നോട്ടുപോകാനാവില്ല. ഐക്യമാണ് നമ്മുടെ കരുത്ത്. സമരമാണ് നമ്മുടെ ഏക ആയുധം. സമരങ്ങളിലൂടെ രൂപപ്പെട്ട ഐക്യത്തെ മതത്തിന്റെയോ ജാതിയുടെയോ പ്രദേശത്തിന്റെയോ ലിംഗവ്യത്യാസങ്ങളുടെയോ പേരിൽ തകരാൻ തൊഴിലാളികളും അധ്വാനിക്കുന്ന ജനവിഭാഗങ്ങളും അനുവദിക്കില്ല. നമ്മുടെ ഐക്യം ദുർബലമാക്കി നമ്മെ നിരായുധരാക്കാൻ നാം ആരെയും അനുവദിക്കില്ല.

ഇതിനൊരു ബദൽ ഉണ്ടോ? ഉണ്ട്. ബദലുണ്ട്. അധ്വാനിക്കുന്ന മനുഷ്യരുടെയെല്ലാം ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ വിഭവങ്ങൾ നമ്മുടെ രാജ്യത്തിനുണ്ട്. പ്രകൃതിവിഭവങ്ങൾ, ധനവിഭവങ്ങൾ, മാനവവിഭവങ്ങൾ എന്നിവ. ഇവ 99 ശതമാനത്തിനുവേണ്ടി, അധ്വാനിക്കുന്ന, അവഗണിക്കപ്പെട്ട, പുറന്തള്ളപ്പെട്ടവർക്കുവേണ്ടി ഉപയോഗപ്പെടുത്തണം. പക്ഷേ കേന്ദ്രത്തിൽ അധികാരത്തിലുള്ളവർക്ക് കൂറ് അവരെ വോട്ട് ചെയ്ത് അധികാരമേറ്റിയവരോടല്ല, കോർപറേറ്റുകളോടാണെന്ന് നാം കണ്ടു. രാജ്യത്തിന്റെ വൈപുല്യമേറിയ വിഭവങ്ങൾ അധ്വാനിക്കുന്ന മനുഷ്യരുടെ ക്ഷേമത്തിനായി വിനിയോഗിക്കാൻ ഭരണക്കാർതയ്യാറല്ല. നമ്മുടെ ഏകോപിതമായ സമരങ്ങളിലൂടെ സർക്കാരിന്റെ ഈ സമീപനം മാറ്റണം. കോർപറേറ്റുകളുടെ ക്ഷേമത്തിനല്ല, ജനങ്ങളുടെ ക്ഷേമത്തിന് മുൻഗണന നൽകുന്ന സർക്കാരുകളെ അധികാരമേറ്റുന്നതിന് ലക്ഷ്യമിട്ടായിരിക്കണം നമ്മുടെ പോരാട്ടങ്ങൾ. തൊഴിലാളികളും അധ്വാനിക്കുന്ന ജനങ്ങളും ഇത്തരം സമരത്തിനായി സജ്ജരാകണം. സപ്തംബർ അഞ്ചിന്റെ മസ്ദൂർ കിസാൻ സംഘർഷ് റാലിയുടെ മുന്നോടിയായുള്ള തീവ്രവും വിപുലവുമായ പ്രചാരണങ്ങളും മറ്റു പരിപാടികളും ഈ ലക്ഷ്യം വച്ചുള്ളതാവണം.

**ബദൽ**

ഇതിനു ബദൽ ഉണ്ടോ. ഉണ്ട് ബദൽ ഉണ്ട്. കേന്ദ്ര ട്രേഡ് യൂണിയനുകൾ സംയുക്തമായി തയ്യാറാക്കിയ 12ഇന ആവശ്യങ്ങൾ ഈ ബദലിലേക്കാണ് വിരൽ ചൂണ്ടുന്നത്. സിഐടിയു അതിന്റെ നേരത്തെയുള്ള പ്രചാരണ പരിപാടികളിൽ മുന്നോട്ടുവച്ച പത്ത് ആവശ്യങ്ങൾ തൊഴിലാളികളുടെ മാത്രം പ്രശ്നങ്ങൾ മുൻനിർത്തിയുള്ളതല്ല. കർഷകത്തൊഴിലാളികളും കർഷകരും അടക്കം അധ്വാനിക്കുന്ന എല്ലാ വിഭാഗങ്ങളുടെയും സ്ത്രീകൾ, വിദ്യാർഥികൾ, യുവജനങ്ങൾ എന്നിവരുടെയും ആവശ്യങ്ങൾ മുൻനിർത്തിയുള്ളതാണ്.

കർഷകതൊഴിലാളികളുടെയും കർഷകരുടെയും സംഘടനകൾ മുന്നോട്ടുവച്ച ഈ ബദലിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ് സമഗ്രമായ ഭൂപരിഷ്കരണം, എല്ലാ കർഷകർക്കും മിനിമം താങ്ങുവില, ഫലപ്രദമായ സംഭരണസംവിധാനങ്ങൾ, ദരിദ്ര- ഇടത്തരം കർഷകർക്കുള്ള കുറഞ്ഞ നിരക്കിലുള്ള വായ്പ, വായ്പ എഴുതിത്തള്ളൽ, ഉപഭോക്തൃ വില സൂചികയുമായി ബന്ധപ്പെടുത്തി 18000 രൂപ കുറഞ്ഞ കൂലി, ജനസേചനം ഉൾപ്പെടെയുള്ള കാർഷിക അടിസ്ഥാന സൗകര്യങ്ങളിൽ പൊതു നിക്ഷേപം, തൊഴിലുറപ്പു പദ്ധതിയിൽ വർഷം 200 ദിവസം തൊഴിൽ, ആരോഗ്യരക്ഷയും പെൻഷനും ഉൾപ്പെടെ എല്ലാവർക്കും സാർവത്രിക സാമൂഹിക സുരക്ഷ എന്നിവ.

കർഷകതൊഴിലാളികളുടെയും കർഷകരുടെയും സംഘടനകൾ മുന്നോട്ടുവച്ച ഈ ബദലിൽ മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിക്കുന്ന പക്ഷം ജനങ്ങളുടെ ക്രയശേഷിയും വ്യവസായ ഉൽപ്പന്നങ്ങളും സേവനങ്ങളും സ്വന്തമാക്കുന്നതിനുള്ള അവരുടെ ശേഷിയും ഗണ്യമായി വർധിക്കും. തങ്ങളുടെ ജീവനോപാധിക്കും അവകാശങ്ങൾക്കുംമേൽ നവലിബറൽ നയങ്ങൾ നടത്തിയ ആക്രമണത്തിൽ വാങ്ങൽശേഷി ഇടിഞ്ഞു പോയതുമൂലം ആഭ്യന്തരവിപണി തകർന്നടിഞ്ഞിരുന്നു. ഈ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടാൽ ക്രയശേഷി വർധിക്കുകയും ആഭ്യന്തരവിപണിക്ക് ഊർജം ലഭിക്കുകയുംചെയ്യും.

ഈ ആവശ്യങ്ങൾ നിറവേറ്റാനാവശ്യമായ വിഭവങ്ങൾക്ക് രാജ്യത്ത് ഒരു പഞ്ഞവുമില്ല. നവലിബറൽ നയങ്ങളോടു പ്രതിബദ്ധതയുള്ള സർക്കാരിന്റെ രക്ഷാകർതൃത്വത്തിൽ വൻകിട കോർപറേറ്റുകളും ബിസിനസ് ലോബിയും നടത്തുന്ന കൊള്ളയിൽനിന്ന് വിഭവങ്ങളെ വീണ്ടെടുക്കാൻ കഴിഞ്ഞാൽ ഇത് സാധിക്കും.

**അതിനുചെയ്യേണ്ട കാര്യങ്ങൾ:**

× *വൻകിട കോർപറേറ്റുകൾക്കും ഭീമൻ വ്യവസായികൾക്കും നൽകുന്ന നികുതി ഇളവുകൾ നിർത്തലാക്കുക*

× *ബാങ്കുകളിൽനിന്ന് വൻകിട കോർപറേറ്റുകളും ഭീമൻ വ്യവസായികളും നടത്തുന്ന പണം ചോർത്തൽ തടയുക. എല്ലാ വായ്പകളും തിരിച്ചുപിടിക്കുകയും വായ്പ വെട്ടിച്ച് മുങ്ങിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക*

× *നികുതി വെട്ടിപ്പ് തടഞ്ഞ് നികുതി പൂർണമായും പിരിച്ചെടുക്കുക*

× *ൻകിട കോർപറേറ്റുകളും ഭീമൻ വ്യവസായികളും വിദേശ ബാങ്കുകളിൽ നിക്ഷേപിച്ച കള്ളപ്പണം തിരിച്ചുപിടിക്കുക*

ഈ നടപടികൾ പഴുതടച്ച് ചെയ്താൽ തന്നെ രാജ്യത്തിനും ജനങ്ങൾക്കും ലക്ഷക്കണക്കിന് കോടി രൂപ ലഭിക്കും.

വളരെ സുപ്രധാനമായ ചില കാര്യങ്ങൾകൂടി അനുബന്ധമായി ചെയ്യേണ്ടതുണ്ട്.

- × *കോർപറേറ്റുകൾക്കും ധനികർക്കും പ്രോഗ്രസീവ് ടാക്സേഷൻ ചുമത്തുക*
- × *ജനങ്ങൾക്കുമേലുള്ള പരോക്ഷനികുതിയുടെ ഭാരം ആനുപാതികമായി കുറയ്ക്കുക; മരുന്ന് അടക്കമുള്ള അവശ്യവസ്തുക്കളുടെ നികുതി കുറയ്ക്കുക*
- × *73 ശതമാനം രാഷ്ട്ര സമ്പത്തും കുന്നുകൂട്ടിവച്ച ഒരു ശതമാനം ധനാഢ്യരെ സംരക്ഷിക്കാതിരിക്കുക.*
- × *ധനികർക്ക് അനുകൂലമായ നയങ്ങളിലൂടെ അവരെ സംരക്ഷിക്കുന്നതിൽനിന്ന് പിന്മാറുക. അത്തരം നയങ്ങൾ ഇവയാണ്.*
- × *തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കലും തൊഴിലാളികൾക്കുമേലുള്ള ചൂഷണം വർധിപ്പിക്കുംവിധമുള്ള തൊഴിൽനിയമ പരിഷ്കാരങ്ങളും.*
- × *അവകാശപ്പെട്ട ആനുകൂല്യങ്ങൾ നൽകാതെ കർഷകരെ കൊള്ളയടിക്കൽ*
- × *വിലക്കയറ്റത്തിലൂടെയും ഊഹക്കച്ചവടത്തിലൂടെയും ജനങ്ങളെ പിഴിഞ്ഞൂറ്റിയെടുക്കൽ*
- × *പൊതുമേഖലയുടെയും ഖനികൾ, ഭൂമി, വന, ജലാശയങ്ങൾ തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെയും സ്വകാര്യവൽക്കരണത്തിലൂടെ ദേശീയ ആസ്തികളുടെ പകൽക്കൊള്ള*

ഈ വിഭവങ്ങൾ 99 ശതമാനം ജനങ്ങളുടെ നേട്ടത്തിനാണ് വിനിയോഗിക്കേണ്ടത്.

ഇത് നീതിരഹിതമായ ആവശ്യങ്ങളല്ല, ഒരു ജനാധിപത്യരാജ്യത്തെ സർക്കാരിൽനിന്ന് പ്രതിക്ഷീക്കാൻ കഴിയാത്ത, ജനങ്ങളുടെ നീതിരഹിതമായ ആഗ്രഹവുമല്ല.

മേൽപ്പറഞ്ഞ നടപടികളിലൂടെ വിഭവസമാഹരണം നടത്തിയാൽ അത് ജനങ്ങളുടെ ആവശ്യം നിറവേറ്റുക മാത്രമല്ല ചെയ്യുക. ആഭ്യന്തര ആവശ്യം വർധിക്കും. മാന്ദ്യം ബാധിച്ച സമ്പദ്ഘടനയ്ക്ക് അത് ഉണർവേകും. തൊഴിലവസരം വർധിപ്പിക്കുന്നതിനും വിപണി വിപുലമാക്കുന്നതിനും ഇത് നിക്ഷേപകർക്ക് പ്രോത്സാഹനമേകും.

നവലിബറൽ നയങ്ങൾ തിരുത്തുകയും മേൽപ്പറഞ്ഞ ബദൽ സ്വീകരിക്കുകയും ചെയ്യുക എന്നതു തന്നെയാണ് ഏക ബദൽ. സമ്പദ്ഘടന ഇന്ന് നേരിടുന്ന പ്രതിസന്ധി നേരിടാനുള്ള ഏക മാർഗവും അതു തന്നെ.

തൊഴിലാളികളുടെയും കർഷകരുടെയും ആവശ്യങ്ങളെ ഭരണസംവിധാനങ്ങൾ ഉപയോഗിച്ചും അല്ലാതെയും കൃത്യമായും സുസ്ഥിരമായും പിന്തുണച്ചത് ഇടതുപക്ഷ പാർടികൾ മാത്രമാണ്. നവലിബറൽ നയങ്ങളെ സുസ്ഥിരമായി എതിർത്തുപോന്നതും അതിനെതിരെ ഒരു ബദൽ മുന്നോട്ടു വച്ചും ഇടതുപക്ഷ പാർടികൾ മാത്രമാണ്. തൊഴിലാളികളുടെയും കർഷകരുടെയും സമരങ്ങളെ പിന്തുണയ്ക്കുകയും നേരിട്ട് അണിനിരക്കുകയും ചെയ്തതും ഇടതുപക്ഷപാർടികളാണ്. സമരങ്ങളിൽ തൊഴിലാളികൾക്കും കർഷകർക്കുമൊപ്പം പൊലീസിന്റെ അടിച്ചമർത്തലുകൾക്കും ഇടതുപക്ഷപാർടി നേതാക്കളും പ്രവർത്തകരും വിധേയരായി. ബംഗാളിലും ത്രിപുരയിലും കേരളത്തിലും അധികാരത്തിലിരുന്നപ്പോഴൊക്കെ എല്ലാ പരിമിതികളെയും മറികടന്നുകൊണ്ടുതന്നെ ജനോപകാര പ്രദമായ നടപടികൾ സ്വീകിരിച്ചു. ജനോപകാരപ്രദവും ദരിദ്രർക്കു വേണ്ടിയുള്ളതുമായ നയങ്ങൾ സ്വീകരിക്കുന്ന കാര്യത്തിൽ കോൺഗ്രസ്, ബിജെപി എന്നിവ ഉൾപ്പെടെയുള ഇതരപാർടികൾക്കൊന്നും ഇടതുപക്ഷവുമായി താരതമ്യമില്ല.

**കേരളത്തിലെ എൽഡിഎഫ് സർക്കാരിന്റെ രണ്ടുവർഷത്തെ ഭരണത്തിലെ അനുഭവങ്ങൾ**

കേരളത്തിലെ എൽഡിഎഫ് സർക്കാരിന്റെ രണ്ടുവർഷത്തെ ഭരണം കേന്ദ്രത്തിലും വിവിധ സംസ്ഥാനങ്ങളിലുമുള്ള ബിജെപി ഭരണത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. രാജ്യത്തിന്റെയും അതിലെ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നവരും കോർപറേറ്റുകളുടെ മാത്രം താൽപര്യം സംരക്ഷിക്കുന്നവരും തമ്മിലുള്ള വ്യത്യാസമാണ് ഇവിടെ കാണുന്നത്.

തെരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ തന്നെ തട്ടിപ്പാണെന്നാണും അത് ഗൗരവമായി എടുക്കേണ്ടതില്ലെന്നുമാണ് ബിജെപി പ്രസിഡന്റ് പറഞ്ഞത്. ഇതിന് വിരുദ്ധമാണ് കേരളത്തിലെ അനുഭവം. എൽഡിഎഫ് സർകാർ രണ്ടുവർഷം പൂർത്തിയായപ്പോൾ ഒരു റിപ്പോർട് കാർഡ് പുറത്തിറക്കി. രണ്ടുവർഷത്തെ ഭരണവും തെരഞ്ഞെടുപ്പ് പ്രകടന പത്രികയും തമ്മിൽ ഒത്തുനോക്കാൻ ഇതുവഴി ജനങ്ങൾക്ക് അവസരം ലഭിച്ചു. അതുവഴി സർക്കാരിന്റെ പ്രകടനം ജനങ്ങൾക്ക് വിലിയിരുത്താൻ അവസരം ലഭിച്ചു.

രണ്ടു വർഷം മുമ്പ് തെരഞ്ഞെടുപ്പിൽ നൽകിയ വാഗ്ദാനം പാലിച്ചുകൊണ്ട് എൽഡിഎഫ് സർക്കാർ പൊതുമേഖല പുനരുജ്ജീവിപ്പിക്കാൻ ശ്രമം തുടങ്ങി. 14 പൊതുമേഖലാ സ്ഥാപനങ്ങളാണ് രണ്ടുവർഷത്തിനുള്ളിൽ ലാഭത്തിലാക്കിയത്.

25 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് എൽഡിഎഫ് വാഗ്ദാനംചെയ്തിരുന്നു. അഭ്യസ്തവിദ്യരായ പത്തുലക്ഷം പേർക്ക് ഐടി, ടൂറിസം മേഖലകളിലും 15 ലക്ഷം പേർക്ക് കൃഷി, വാണിജ്യം, ചെറുകിട വ്യവസായം, കെട്ടിടനിർമാണം എന്നിങ്ങനെ വിവിധ മേഖലകളിൽ. അധികാരമേറിയതിനു പിന്നാലെ സർക്കാർ ഐടി മേഖലയിൽ പത്തു ലക്ഷം പേർക്ക് തൊഴിൽ നൽകാനുതകും വിധം ഐടി സ്ഥാപനങ്ങൾക്കുള്ള ഇടം ഒരു കോടി സ്ക്വയർ ഫീറ്റിലേക്ക് വർധിപ്പിക്കാൻ കരാർ ഒപ്പിട്ടു.

ആദ്യവർഷത്തിന്റെ അവസാനത്തോടെ 2137845 തൊഴിലുകൾ സൃഷ്ടിക്കാനായി. ടൂറിസം, ഇലക്ട്രോണിക്സ്, ഐടി അനുബന്ധ സേവനം എന്നിവ കൂടാതെയാണിത്. മറ്റുവിവിധ പദ്ധതികൾക്കായി 2 ലക്ഷം തൊഴിൽ കൂടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത് ഈ വർഷാന്തത്തിൽ നിറവേറ്റപ്പെടും. 125 സ്റ്റാർട്ടപ്പ് പ്രോജക്ടുകൾക്ക് സർക്കാർ സാമ്പത്തികസഹായം നൽകി. മാൻഹോളുകൾ വൃത്തിയാക്കുന്നതിനും തോട്ടിപ്പണി ഇല്ലാതാക്കാനു ലക്ഷ്യമിട്ടുള്ള ബാൻഡിക്കൂട്ട് എന്ന റോബോട്ടിന് രൂപകൽപ്പന ചെയ്യുന്നതിനും സഹായം നൽകി. എല്ലാ വിഭാഗങ്ങളിലും മിനിമം വേതനം പ്രതിദിനം 600 രൂപയാക്കി പുതുക്കി നിശ്ചയിച്ചു. ബാലവേല പൂർണമായി നിരോധിക്കാനും വഴിയൊരുക്കി. സ്ത്രീകളുടെ തൊഴിലിടങ്ങളിലെല്ലാം ക്രെഷ് തുടങ്ങുന്നതിന് ക്രെഷ് സെസ് ശേഖരിക്കാൻ തുടങ്ങി. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള അതിഥി തൊഴിലാളികൾക്ക് നിരവധി ആനുകൂല്യങ്ങൾ നൽകി.

വിദ്യാഭ്യാസ മേഖലയിൽ വൻ മാറ്റത്തിന് വഴിയൊരുക്കിക്കൊണ്ട് 4775 സ്കൂളുകളിൽ 45000 ഹൈടെക് ക്ലാസ് മുറികൾക്ക് രൂപം നൽകി. 1000 സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി. അധികാരമേറി ഒരു മാസത്തിനകം വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന വിപുലമായ പദ്ധതി തുടങ്ങി. ലാഭകരമല്ല എന്ന് മുദ്രകുത്തി മാനേജ്മെന്റ് അടച്ചുപൂട്ടാനൊരുങ്ങുകയും മുൻ യുഡിഎഫ് സർക്കാർ അനുമതി നൽകുകയും ചെയ്ത എയ്ഡഡ് സ്കൂൾ സർക്കാർ ഏറ്റെടുത്തു. യജ്ഞത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറികളും ലാബറട്ടറികളും ആധുനികവൽക്കരിക്കുകയും ക്യാമ്പസുകൾ പ്ലാസ്റ്റിക്, കീടനാശിനി, ലഹരി വിമുക്തമാക്കുകയും ചെയ്തു. ഈ പരിശ്രമങ്ങളുടെ ഭാഗമായി സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ചേരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ രണ്ടുവർഷമായി ഗണ്യമായ വർധനവുണ്ടായി.

എൽഡിഎഫ് സർകകാരിന്റെ ആരോഗ്യ നയം വഴി സംസ്ഥാനത്ത് 18 വയസ്സിനു താഴെയു

ള്ള എല്ലാ കുട്ടികൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. ജീവിത ശൈലീ രോഗങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽനിന്ന് നിന്ന് നേരത്തെ കണ്ടെത്തി പ്രാദേശികമായ ചികിത്സ ഉറപ്പാക്കുന്ന പ്രക്രിയയാണ് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നു. കേരളത്തിലെ ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കാനാണ് ഈ പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. ശിശുമരണ നിരക്കും മാതൃമരണ നിരക്കും ഗണ്യമായി കുറച്ചുകൊണ്ട് ഇന്ത്യക്കാകെ മാതൃക കാട്ടിയിരിക്കയാണ് കേരളം. ശിശുമരണ നിരക്കും മാതൃമരണ നിരക്കും ഇനിയും കുറച്ചു കൊണ്ട് വരുന്നതിന് നിലവിൽ ചികിത്സാ സൗകര്യം കുറവുള്ള വയനാട്ടിലെയും പാലക്കാട്ടെയും ചില പ്രത്യേക പ്രദേശങ്ങളിൽ പ്രസവപൂർവകരുതലിനും നവജാത ശിശുക്കളുടെ കരുതലിനും കൂടുതൽ ശ്രദ്ധയൂന്നുകയാണ് എൽഡിഎഫ് സർക്കാർ. അതിഥി തൊഴിലാളികൾക്ക് സർക്കാർ ആശുപത്രികളിൽ മെഡിക്കൽ ഇൻഷുറൻസ് സ്കീം നടപ്പാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. സർക്കാർ ആശുപത്രികളിൽ 15000 രൂപയുടെ കവറേജുള്ള പദ്ധതിയാണിത്. തൊഴിലിടങ്ങളിൽ അപകടം സംഭവിച്ചാൽ രണ്ടു ലക്ഷം രൂപവരെ അതിഥി തൊഴിലാളികളുടെ ആശ്രിതർക്ക് നൽകും.

ശ്രീനാരായണ ഗുരുവിന്റെ 'എനിക്ക് ജാതിയില്ല വിളംബര'ത്തിന്റെ വാർഷികത്തിൽ സംസ്ഥാനമൊട്ടുക്ക് സാംസ്കാരിക വകുപ്പ് ആറായിരം പൊതുയോഗങ്ങൾ സംഘടിപ്പിച്ചത് ശ്രദ്ധേയമായ ഒരു നടപടിയാണ്.

**ഐക്യപ്പെടുക, പോരാടുക!**

തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമായ നയങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ടാണ് 2018 സപ്തംബർ 5ന് തൊഴിലാളികളും കർഷകരും കർഷകത്തൊഴിലാളികളും പാർലമെന്റിലേക്ക് മാർച്ച് ചെയ്യുന്നത്. തങ്ങളുടെ ജീവിതത്തിനും ജീവിത സാഹചര്യങ്ങൾക്കും അടിസ്ഥാനപരമായ ജനാധിപത്യ-മനുഷ്യാവകാശങ്ങൾക്കും നേരെ നടത്തുന്ന ആക്രമണങ്ങളും ജനങ്ങളുടെ ഐക്യം തകർക്കാനുള്ള ശ്രമങ്ങളും രാജ്യത്തെ അധ്വാനിക്കുന്ന മനുഷ്യർ ഇനിയും സഹിക്കില്ലെന്ന് സർക്കാരിനെ ഓർമപ്പെടുത്തുന്നതിനാണ് ഈ മാർച്ച്. ബദൽ നയങ്ങൾക്കുവേണ്ടിയും ബദൽ വികസനപന്ഥാവിനും ജനങ്ങൾക്കുവേണ്ടിയുള്ള വികസനത്തിനും വേണ്ടിയുള്ള സമരങ്ങളെ ശക്തിപ്പെടുത്താനാണത്. കോർപറേറ്റുകൾക്കുവേണ്ടിയുള്ള വികസനമാതൃകയിൽനിന്ന് സർക്കാരിനെ പിന്തിരിപ്പിക്കാനാണ് ഈ സമരം.

രാജ്യത്തെ എല്ലാ മുക്കിലും മൂലയിലും ഈ സമരത്തിന്റെ സന്ദേശമെത്തണം. ഈ സമരത്തിൽ രാജ്യത്തെ ലക്ഷക്കണക്കിനാളുകളെ അണിനിരത്തണം. 2018 സപ്തംബർ 5ന് നമുക്ക് പാർലമെന്റിനുമുന്നിൽ നമ്മുടെ ശബ്ദമുയർത്തണം. ബിജെപി നയിക്കുന്ന സർക്കാരിനെ പരാജയപ്പെടുത്താൻ ! വർഗീയ വിഭാഗീയ ശക്തികളെ പരാജയപ്പെടുത്താൻ! നവലിബറൽ നയങ്ങൾ തിരുത്തിക്കാൻ! ബദൽ നയങ്ങൾക്കുവേണ്ടി.

ഐക്യപ്പെടുക! പൊരുതുക!

- 0.1 ശതമാനത്തിനുവേണ്ടി പ്രവർത്തിക്കുന്ന സർക്കാരുകളോട് നോ എന്നു പറയുക
- 99.9ശതമാനത്തിനുവേണ്ടിയുള്ള നയങ്ങൾക്കുവേണ്ടി

ലഘുലേഖ-1
മസ്ദൂർ- കിസാൻ സംഘർഷ് റാലി
സിഐടിയു-അഖിലേന്ത്യ കിസാൻസഭ- അഖിലേന്ത്യ കർഷകതൊഴിലാളി യൂണിയൻ

# സ്വകാര്യവൽക്കണത്തോട് നോ എന്നു പറയുക തകർച്ചയിൽനിന്നും അടിമത്തത്തിൽനിന്നും രാജ്യത്തെയും നമ്മുടെ ജനങ്ങളെയും രക്ഷിക്കുക

ബിജെപിയുടെ നേതൃത്വത്തിൽ ഉള്ള സർക്കാർ രാജ്യത്തെ മുഴുവൻ പൊതുമേഖലയേയും തകർക്കാൻ ആണ് ശ്രമിക്കുന്നത്.രാജ്യത്തിന്റെ സ്വത്തായ ഭൂമിയുടെയും ധാതുക്കളുടെയും കാല വറയാണിവ. ഇത്തരത്തിലുള്ള ധാതു വിഭവങ്ങളുടെയും മികച്ച സംരംഭങ്ങളുടെയും ഉത്പാദന ത്തിന്റെയും ഉറവിടത്തെ സ്വകാര്യവൽകരിക്കാനുള്ള ബിജെപിയുടെ തീവ്രമായ നീക്കത്തിന്റെ ആത്യ ന്തികഫലം രാജ്യത്തെ സമ്പദ്ഘടനയെ  വിൽപ്പനയ്ക്കുവച്ചതിന് സമമാകും.

നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ എത്തിയ ഉടൻ ആ സൂത്രണ കമ്മീഷനെ മാറ്റി നീതി ആയോഗ് കൊണ്ട് വന്നു. കേന്ദ്രത്തിന് കീഴിലുള്ള പൊതുമേഖ ലാ സ്ഥാപനങ്ങളിൽ നിക്ഷേപം പിൻവലിക്കുകയും വിൽക്കേണ്ടതുമായവയെ കണ്ടെത്തുകയുമാ യിരുന്നു നീതി അയോഗിന്റെ ചുമതല. അത്തരത്തിലുള്ള 74 സ്ഥാപനങ്ങളെ നീതി ആയോഗ് ക ണ്ടെത്തി. അവയിൽ 26 എണ്ണം അടച്ചിടാനും പത്തെണ്ണത്തിൽനിന്ന് നിക്ഷേപം പിൻവലിക്കുവാ നും ആയിരുന്നു നീതിആയോഗിന്റെ നിർദ്ദേശം. നിക്ഷേപ മാറ്റം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, ഉടമസ്ഥാവകാശം സർക്കാരിന് തന്നെ ആണെങ്കിലും കൂടുതൽ ഓഹരികൾ സ്വകാര്യ വ്യക്തിയു ടെ കയ്യിലാകും എന്നതാണ്. ഇത് വളരെ വ്യക്തമായ സ്വകാര്യവൽക്കരണം ആണ്

നീതി ആയോഗിന്റെ നിർദ്ദേശത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയതായാ ണ് കഴിഞ്ഞ വർഷം ഡിസംബറിൽ പാർലമെന്റ് സമ്മേളനത്തിലെ ചോദ്യത്തിന് ഉത്തരമായി കേ ന്ദ്ര ധനകാര്യ സഹമന്ത്രി അർജുൻ റാം പറഞ്ഞത്. കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വ കാര്യവല്കരിക്കനുള്ള നടപടി ക്രമത്തിലാണ് നീതിആയോഗ്.

പൊതുമേഖലയിൽ നിന്നായി ഈ സാമ്പത്തിക വർഷം ഖജനാവിലേക്ക് 72500 കോടി രൂ പ സ്വരൂപിക്കാൻ ആകുമെന്ന് 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി അരുൺ ജെയ്റ്റ്ലി വ്യ ക്തമാക്കിയിരുന്നു. ഇതിൽ 15000 കോടി രൂപ ഇൻഷുറൻസ് കമ്പനികളിലെ നിക്ഷേപം പിൻവലി ക്കലിലൂടെയും കണ്ടെത്താനാണ് നീക്കം. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന നടപ്പാക്കു വാനും വിദഗ്ധാഭിപ്രായം നൽകാനും റിലയൻസ് മ്യൂച്ചൽ ഫണ്ട് മാനേജർമാരെ നിയമിച്ചിരിക്കുക യാണ് ബിജെപി സർക്കാർ ഒഎൻജിസി, ഗെയിൽ, ഓയിൽ ഇന്ത്യ ലിമിറ്റഡ് ഇന്ത്യൻ ഓയിൽ കോർപറേഷൻ, ഇന്ത്യൻ ഓയിൽ കോർപറേഷൻ, ബിഎച്ച്ഇഎൽ, ഭാരത് ഇലക്ട്രോണിക്സ് ലിമി റ്റഡ് തുടങ്ങിയവയെല്ലാം വിറ്റ് രാജ്യത്തിൻറെ സമ്പത്ത് വർധിപ്പിക്കാൻ ആണ് ശ്രമം.

വിൽപ്പനക്കായി കണ്ടെത്തിയിരിക്കുന്ന പൊതുമേഖലാ സ്ഥാപങ്ങളിൽ, ഇന്ത്യയിലെ ഒൻപ ത് പ്രതിരോധ ഉപകരണ നിർമ്മാണ  ശാലയിൽ ഒന്നായ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡും ഉ രുക്കു നിർമ്മാണ ശാലയിൽ ഒന്നായ  സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുടെ സേലം, ദുർഗാപുർ, ഭദ്രാവതി പ്ലാന്റുകളും പെടും.  എല്ലാ പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനങ്ങളുടെയും 25% ഓ ഹരികൾ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള സ്വകാര്യ വ്യക്തികൾക്ക് വിൽക്കും. പ്രതിരോധ മേഖ ലയിലെ മറ്റു പൊതു മേഖല സ്ഥാപനങ്ങളെ കണ്ടെത്താനായി കണ്ടെത്താനായി പ്രതിരോധ മ ന്ത്രാലയം ഉത്തരവിറക്കിയിട്ടുണ്ട്. ബിഡിഎൽ, മിഥാനി(MIDHANI) തുടങ്ങിയ ഓഹരി വിപണിയി ലെ കമ്പനികളോടും 25% നിക്ഷേപ പിന്മാറ്റം ആവശ്യപെട്ടിട്ടുണ്ട്.

എജിനീറിങ്ങും നിർമ്മാണ രംഗത്തെ കമ്പനിയായ ബ്രിഡ്ജ് ആൻഡ് റൂഫ് കമ്പനി ലിമിറ്റഡ് സ്വകാര്യവത്കരണത്തിന്റെ വക്കിലാണ്. സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ എതിർപ്പിനെ അവഗണിച്ചും പവൻ ഹാൻസ് ഹെലികോപ്റ്റർ ലിമിറ്റഡ്(മന്ത്രാലയത്തിന്റെ കൂട്ടായ സംരംഭം ) വിൽപ്പനയ്ക്കൊരുങ്ങുകയാണ്.(ഇതിന്റെ 49% ഓഹരിയും ONGCയുടെ പക്കലാണ്). ഇന്ത്യൻ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ്, രാജസ്ഥാൻ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് എന്നിവ പ്രവർത്തനം അവസാനിപ്പിക്കുകയാണ്/പൂട്ടുകയാണ്. വിലയ്ക്കു വാങ്ങാൻ ആളുണ്ടെങ്കിൽ ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്സ് ലിമിറ്റഡ്, ബംഗാൾ കെമിക്കൽസ് ആൻഡ് ഫാർമസ്യൂട്ടിക്കൽ ലിമിറ്റഡ് തുടങ്ങിയവ വിൽക്കും അല്ലെങ്കിൽ അവയും സ്വകാര്യവൽക്കരിക്കും.

മിക്കവാറും എല്ലാ ലാഭവും ഉണ്ടാക്കുന്ന സുപ്രധാനമായ പൊതുമേഖലാ കമ്പനികൾ, തന്ത്രപരമായ വിൽപന വഴി സ്വകാര്യവൽക്കരിക്കാനാണ് ലക്ഷ്യമിടുന്നത്. അതിൽ ഭൂരിഭാഗവും ഇതിനകം പിഎംഒ യുടെയും മന്ത്രിസഭയുടെയും തന്ത്രപരമായ അംഗീകാരത്തോടെ നീതി ആയോഗ് എന്ന പേരിൽ നാമനിർദേശം ചെയ്യപ്പെട്ടു കഴിഞ്ഞു. മറ്റൊരുഭാഗത്ത് ലാഭകരമല്ലാത്ത സ്ഥാപനങ്ങൾ വൻതോതിലുള്ള ആസ്തികളുടെ മുല്യത്തെക്കാൾ കുറഞ്ഞ വിലയിൽ വിൽക്കാൻ തീരുമാനിക്കുകയോ അല്ലെങ്കിൽ പൂർണ്ണമായി അടച്ചു പൂട്ടുകയോ ആണ് സർക്കാർ ചെയ്യുന്നത്. കൂടാതെ ഇത്തരം കൂട്ടക്കശാപ്പുകൾക്ക് സഹായമാകാനും, അവ വേഗത്തിൽ നടപ്പിലാക്കാനുമായി തൊഴിൽ മേഖലയിലെ പരാതി പരിഹാരത്തിനും മറ്റുമായുള്ള ബ്യൂറോ ഓഫ് ഇന്റസ്ട്രിയൽ ഫിനാൻസ് ആന്റ് റീഹാബിലിറ്റേഷനും(BIFR) അതിന്റെ അപ്പലറ്റ് ബോഡിയായ AAIFR ഉം പിരിച്ച് വിടാനും തീരുമാനിച്ചു. മാറി മാറി വരുന്ന സർക്കാരിന്റെ അവഗണനകൾ കൊണ്ട് തന്നെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും ഇന്ന് രോഗശയ്യയിലാണ്. ചിലത് ബാഹ്യസഹായമില്ലാതെ വികസിക്കാൻ കഴിവുള്ളതാണ് എന്നാൽ അവയോടുള്ള അവഗണന മൂലം രോഗശയ്യയിലേക്ക് കടത്തിവിടുകയാണ്. ഒരു പക്ഷെ ആധുനിക വൽകരണത്തിനും, ഉല്പാദന സൗകര്യങ്ങളുടെ നിലവാരം ഉയർത്താനുള്ള താല്പര്യവും സർക്കാറിന്റെ ഭാഗത്തു നിന്നും ഉണ്ടായിരുന്നെങ്കിൽ ഇവയ്ക്ക് ഒരു മാറ്റം സാധ്യമാകുമായിരുന്നു.

കാര്യക്ഷമതയും ലാഭസാധ്യതയും തിരിച്ചുപിടിക്കാൻ തീർച്ചയായും സാധിക്കും. ആധുനികവൽക്കരണതിനനുയോജ്യമായ അളവിൽ മൂലധന നിക്ഷേപം നടത്തുകയും, രോഗാതുരമായ പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള മൂലധനനിക്ഷേപം അവരുടെ തന്നെ ബൃഹത്തായ ആസ്തിയിൽ നിന്നും ഉപയോഗിക്കാവുന്നതേയുള്ളു. എന്നാൽ മെയ്ക്ക് ഇൻ ഇന്ത്യ എന്ന കപട മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് ഇത്തരം സാധ്യതകളെ ഇല്ലാതാക്കാൻ ശ്രമിക്കുകയാണ് മോഡി സർക്കാർ . അതിലൂടെ സ്വകാര്യവത്കരണത്തിനായുള്ള സാധ്യതയും ഒരുക്കുന്നു. മറുവശത്ത് സ്വകാര്യവൽക്കരണത്തിനായി ആധുനികവൽകരണത്തിന്റെ ഉത്പാദന സൗകര്യങ്ങൾ വർധിപ്പിക്കാൻ ആണെന്ന അസംബന്ധ വാദങ്ങളും ഉന്നയിച്ചുകൊണ്ട് നന്നായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം എടുത്തുകളഞ്ഞ് അവയെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള സാത്താൻ പ്രവർത്തനങ്ങൾ കൊണ്ടുവരികയാണ് ബിജെപി സർക്കാർ. മറുവശത്ത് ആധുനികവൽകരണത്തിൻറെ ഉത്പാദന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ആണെന്ന അസംബന്ധ വാദങ്ങളും ഉന്നയിച്ചുകൊണ്ട് നന്നായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭം എടുത്തുകളഞ്ഞ് അവയെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള സാത്താൻ പ്രവർത്തനങ്ങൾ കൊണ്ടുവരികയാണ് ബിജെപി സർക്കാർ.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ വലിയ ഒരു ലാഭവിഹിതം സർക്കാരിന്റെ നിശ്ചിത വകുപ്പിലേക്ക് വിട്ടു നൽകാൻ നിർബന്ധിതരാകുന്നു. കൂടാതെ ചില സ്ഥാപനങ്ങളിൽ സർക്കാർ നിക്ഷേപിച്ച ഓഹരികളും തിരികെ നൽകാൻ നിർബന്ധിതർ ആകാറുണ്ട്. അവരുടെ ഉല്പാദനക്ഷമതകൊണ്ടും കാര്യക്ഷമതകൊണ്ടും ഉണ്ടാക്കിയെടുത്ത തുകയാണ് സർക്കാർ ഖജനാവിലേക്ക് തിരിച്ച നൽകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളോട് മാത്രമല്ല മത്സരിക്കുന്നത്. മറ്റു അന്തർദേശിയ സ്ഥാപങ്ങളോടും മത്സരിച്ചാണ് ഇത്തരത്തിൽ ഒരു നിലനിൽപ്പ് സാധ്യമാക്കുന്നത്

ലോകം മുഴുവൻ ഉള്ള വാണിജ്യമേഖല പെട്ടന്ന് മാറി കൊണ്ടിരിക്കുമ്പോൾ അതിനെ തരണം ചെയ്യാനാണ് പൊതുമേഖലകൾ ഈ ഒരു ഓഹരിവിഹിതം ഉപയോഗിക്കുന്നത്. അത്തരത്തിൽ ലാഭത്തിൽ പ്രവത്തിക്കാൻ കഴിയുന്ന ഈ മേഖലയെ ഇല്ലാതാക്കാൻ സർക്കാർ ശ്രമിക്കുന്നത് ഒരു പ്രത്യേക അജണ്ട മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ്. സാമ്പത്തികമായി തകർക്കുക എന്നതിലുപരി ഇവയെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് അതിനുള്ള അവസരം ഒരുക്കുകയാണ് സർക്കാർ ചെയ്യുന്നത്. എല്ലായിപ്പോഴും ദേശീയത എന്ന് ആണയിട്ടു പറയുന്ന ഒരു സർക്കാരിന്റെ ഭാഗത്തു നിന്ന് ഇത്തരത്തിൽ ഒരു ഹീനമായ ഗൂഢാലോചന ഉണ്ടാകുന്നത് തികച്ചും അപലപനീയമാണ്. കൂടാതെ ഇവ ദേശവിരുദ്ധവും ഇതിന് മുതിരുന്നവർ രാഷ്ട്രത്തിന്റെ ശത്രുക്കളുമാണ്

പൊതുമേഖലയിലെ തൊഴിലാളികൾ ഇത്തരം അതിക്രമങ്ങൾക്ക് എതിരെ ആഞ്ഞടിക്കുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ യൂണിയനുകളെ പ്രതിനിധീകരിച്ച് രാജ്യത്ത് ആകമാനമുള്ള ഒരുകൂട്ടം തൊഴിലാളികൾ 2017 ജനുവരി 29ന് ബാംഗ്ളൂരിൽ വച്ച നടന്ന ദേശീയ കൺവൻഷനിൽ പങ്കെടുത്തു.തുടർന്ന് ജടഡ യൂണിയൻ സമ്മേളനം 2017 ഒക്ടോബറിൽ ഹൈദരബാദിലും, 2018ഇൽ എറണാകുളത്തും ഡൽഹിയിലുമായി സംഘടിപ്പിച്ചു. ഈ സമ്മേളനങ്ങൾ ഏകീകരിക്കുന്ന പ്രവർത്തനങ്ങളും സംഘടിത പ്രവർത്തനങ്ങളും രാജ്യത്തുടനീളം നടന്നു. ദേശിയ കൺവെൻഷനിൽ പ്രധാന ട്രേഡ് യൂണിയനുകളും, ജോയിന്റ് ആക്ഷൻ ഫോറം ഓഫ് ബാംഗ്ലൂർ, ഹൈദരാബാദിലെ ഇജടഡ ട്രേഡ് യൂണിയൻ കോഡിനേഷൻ കമ്മിറ്റിയും പങ്കെടുത്തു. രാജ്യത്തെ ഓഹരി വില്പനയ്ക്കെതിരെയും, രോഗശയ്യയിലായ പൊതുമേഖലയുടെ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള ക്യാമ്പയിനുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

പൊതു മേഖലയെ സംരക്ഷിക്കാൻ PSU തൊഴിലാളികൾ ഒറ്റയ്ക്ക് പൊരുതിയാൽ മാത്രം പോരാ. രാജ്യസ്നേഹികൾ ആയ എല്ലാ തൊഴിലാളികളും സർക്കാരിന്റെ കയ്യിൽ നിന്ന് വൻകിട കോർപ്പറേറ്റുകളിൽ നിന്നും പൊതുമേതലയെ സംരക്ഷിക്കാൻ ഒന്നിച്ച് നിന്ന് പോരാടണം. കാരണം രാജ്യത്തിൻറെ സാമ്പത്തിക അടിത്തറ പൊതുമേഖലാ സ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട്. അവയുടെ തകർച്ച ജടഡ തൊഴിലാളികളെ മാത്രമല്ല ബാധിക്കുന്നത്. രാജ്യത്തെ ആകമാനം അവസാരമായി ബാധിക്കും.

പ്രാദേശിക തലങ്ങളിലെ വികസനവും, സാമ്പത്തിക ഭദ്രതയും ഉറപ്പുവരുത്താൻ ഒരു നല്ല ഉപകരണം പൊതുമേഖലകൾ ആണ്. സ്വതന്ത്രത്തിന് ശേഷം ഒരു വ്യാവസായിക അടിത്തറ ഉണ്ടാക്കി എടുക്കാൻ ഇവയെകൊണ്ട് സാധിച്ചു. കൂടാതെ വൈദ്യതി, റെയിൽവേ, റോഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാം പൊതുമേഖലാ സംരംഭങ്ങൾ ആണ് നിലനിർത്തി പോകുന്നത്. ഒരിക്കലും സ്വകാര്യ കമ്പനികൾ ഇതിനായി വലിയ തുക നിക്ഷേപിച്ച് സാഹസം കാണിക്കില്ല. തെർമൽ, ഹൈഡ്രോ ആൻഡ് ന്യൂക്ലീയർ പവർ പ്രൊജക്റ്റ്, ഗതാഗതം, സ്റ്റീൽ നിർമ്മാണം, കപ്പൽ നിർമ്മാണം, എണ്ണ, കൽക്കരി, സുരക്ഷാ ഉപകരണങ്ങൾ എന്നിവയെല്ലാം പൊതുമേഖലയുടെ കീഴിൽ സജ്ജമാക്കിയിട്ടുണ്ട്. സാങ്കേതിക മേഖലയിലും, വ്യാവസായിക ഉന്നമനത്തിനായി രാജ്യത്തിന്റെ പൊതുമേഖലകൾ വലിയ തോതിലുള്ള സംഭാവനകൾ നൽകിയിട്ടുണ്ട്.

കാർഷികമേഖലയ്ക്ക് ആവശ്യമായ വളങ്ങൾ, ഉപകരണങ്ങൾ, കീടനാശിനികൾ, തുടങ്ങിയവ നിർമ്മിച്ചുകൊണ്ട് കാർഷിക മേഖലയുടെ പുരോഗമനത്തിന്റെ ഭാഗമാകാൻ പൊതുമേഖലക്ക് സാധിക്കുന്നുണ്ട്. കൂടാതെ പൊതുമേഖലയുടെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപങ്ങൾ കൃഷിക്കാവശ്യമായ പുതിയ പ്രവർത്തനരീതികളും കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള വിവരങ്ങളും കർഷകർക്ക് കൈമാറാൻ ഇവ സഹായിക്കുന്നുണ്ട്.

നേരത്തെ ലൈഫ് ഇൻഷുറൻസ് കമ്പനികളും ബാങ്കുകളും ദേശസാൽക്കരിച്ചത് ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാനും സ്വകാര്യസ്ഥാപനങ്ങളുടെ കൊള്ളയിൽനിന്ന് ജനങ്ങളുടെ നി

ക്ഷേപത്തിന് സുരക്ഷയൊരുക്കാനുമാണ്. ഈ സ്ഥാപനങ്ങളെ രാജ്യത്തിന്റെ വികസനത്തിന് അനുസൃതമാക്കിയെടുക്കുകയും സ്വകാര്യമേഖലയ്ക്ക് താൽപര്യമില്ലാത്ത സാധാരണക്കാരുടെയും വിദൂരപ്രദേശങ്ങളിലുള്ള പാവങ്ങളുടെയും അടക്കം താൽപര്യം സംരക്ഷിക്കുക എന്നതുകൂടി ദേശസാൽക്കരണത്തിന്റെ ലക്ഷ്യമായിരുന്നു. കുടിവെള്ള പദ്ധതികൾ അടക്കമുള്ള പശ്ചാത്തല സൗകര്യവികസനപദ്ധതികൾക്ക് എൽഐസി ഗണ്യമായ സംഭാവനകൾ നൽകിവരുന്നുണ്ട്. 2008ലെ സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് ഇന്ത്യൻ സമ്പദ്ഘടനയെ തകരാതെ രക്ഷിക്കുന്നതിൽ പൊതുമേഖല വഹിച്ച പങ്ക് പൊതുവിൽ അംഗീകരിക്കപ്പെട്ടതാണ്.

ദേശിയ സാമ്പത്തിക ഉയർച്ചയ്ക്ക് പ്രാധാന്യം നൽകാൻ എന്നോണം കൽക്കരി ഖനി, എണ്ണ കമ്പനികൾ, ഇൻഷുറൻസ് കമ്പനികൾ എല്ലാം ദേശസാൽക്കരിച്ചു. ടെക്സ്റ്റൈൽ മേഖലയിലും എഞ്ചിനീയറിംഗിലുമുള്ള ചില വ്യവസായങ്ങളും തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി കൈമാറ്റം ചെയ്യപ്പെട്ടു. സ്വകര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളെ അപേക്ഷിച്ച് പൊതുമേഖലയിലെ തൊഴിലാളികൾ മെച്ചപ്പെട്ട ജീവിതം ആയിരുന്നു ലഭിച്ചിരുന്നത്. അവരുടെ കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ട് ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ ഒന്നും സ്വകാര്യ മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചിരുന്നില്ല.ജീവിത സാഹചര്യവും, തൊഴിലിടങ്ങളിലെ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻ പോരാടുന്നതിനും മറ്റുള്ള മേഖലയിലെ തൊഴിലാളികൾക്ക് പ്രചോദനം ആയിരുന്നു. എന്നാൽ അവരുടെ പ്രവർത്തനങ്ങൾക്കെതിരെ പിന്തിരിപ്പൻ മാർഗ്ഗ നിർദേശങ്ങൾ നൽകുകയാണ് ഡിപ്പാർട്മെന്റ് ഓഫ് പബ്ലിക് എന്റർപ്രൈസസ്(DPE) ന്റെ ഭാഗത്ത് നിന്നുണ്ടായത്.

ഉദാരവത്കരണത്തിനു ശേഷം രാജ്യത്തെ തൊഴിലാളികൾക്കിടയിൽ വലിയ മാറ്റങ്ങൾ കണ്ടു തുടങ്ങി. സ്വകര്യമേഖലയിലും പൊതുമേഖലയിലെ ഒരുപാട് ഇടനിലക്കാരും താത്കാലിക ജീവനക്കാരും വന്നു . പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇന്ന് 50% കരാറ് തൊഴിലാളികളും, സ്വകാര്യ മേഖലയിൽ അത് 70 ശതാമാനവും ആണ്. അതുകൊണ്ടു തന്നെ തൊഴിലിടങ്ങളിൽ തരം തിരിവ് പ്രകടമാകുന്നു.ഇത്തരം ചൂഷണത്തിന് പുറമെ വർക്കിങ് ക്ലാസ് വിഭാഗം നേരിടുന്ന മറ്റൊരു വെല്ലുവിളിയാണ് കരാർ തൊഴിലാളികളുടെ നീതിക്ക് വേണ്ടിയുള്ള പോരാട്ടം. കരാർ തൊഴിലാളികളുടെ കൂട്ടായികമകൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉടലെടുത്തപ്പോൾ അത് മറ്റു പൊതുമേഖലാ കമ്പനികളിലും അനുകൂല സാഹചര്യം സൃഷ്ടിച്ചു.

ഇന്ത്യയിലെ അവികസിത ഗ്രാമീണ മേഖലകളിൽ സ്ഥിതി ചെയ്യുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് വീടും ജീവിത സാഹചര്യങ്ങളും മെച്ചപ്പെടാനുള്ള വഴിമാത്രമല്ല തുറന്നു കൊടുത്തത്. ആശുപത്രികളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും സാമൂഹ്യ കേന്ദ്രങ്ങളും ഉൾപ്പെടെ പ്രദേശത്തിന്റെ ആകെയുള്ള വികസനത്തിനും സഹായിച്ചു. കൂടാതെ ആ ദേശത്തെ ആയിരകണക്കിന് ജനങ്ങൾക്ക് നേരിട്ടല്ലാതെയുള്ള തൊഴിലവസരങ്ങളും സാമ്പത്തിക വളർച്ചയും സാധ്യമാകാൻ തുടങ്ങി. എസ്സി/എസ് ടി വിഭാഗങ്ങൾക്കായുള്ള സംവരണങ്ങളും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു.

പൊതുമേഖലയുടെ വളർച്ചയും നിലനിൽപും വ്യവസായമേഖലയ്ക്കും ദേശിയ സമ്പദ് വ്യവസ്ഥയുടെ ഉയർച്ചയ്ക്ക് മാത്രമല്ല സ്വാകാര്യ മേഖലയുടെ വളർച്ചയ്ക്ക് ഉൾപ്പെടെ മറ്റു മേഖലകളിലും സംഭാവനകൾ നൽകാൻകഴിഞ്ഞിട്ടുണ്ട്. എന്ന് മാത്രമല്ല സാമൂഹ്യ നീതിയെ പൊതുധാരയിലേക്ക് കൊണ്ടുവരാനും ഇവ സഹായകമായി. അതെ സമയം പൊതുമേഖല പൊതുമേഖലയിലെ ജീവനക്കാരുടെ ട്രേഡ്യൂണിയൻ അവകാശങ്ങൾ മാത്രമല്ല ഇതര മേഖലയിലെ തൊഴിലാളികൾക്കിടയിലും അവരുടെ അവകാശ ബോധം വളർത്തിയെടുക്കാൻ സഹായിച്ചിട്ടുണ്ട്. എന്നാൽ പൊതുമേഖലയെ തകർക്കാനും, തൊഴിലാളികളുടെ അവകാശങ്ങൾ ഇല്ലാതാക്കാനുമുള്ള ബിജെപി സർക്കാരിന്റെ അപരിഷ്കൃതമായ ഇടപെടലുകൾ പൊതുമേഖലയിലെ ജനങ്ങളെ അടിമത്വത്തിലേക് നയിക്കുന്നു.

എന്നാൽ യഥാർത്ഥത്തിൽ സ്വദേശീയവും വിദേശീയവുമായ എല്ലാ വൻകിട സ്വകാര്യ സ്ഥാപനങ്ങളും ജനങ്ങളെ കൊള്ളയടിക്കുകയാണ്. സർക്കാർ ലജ്ജാകരമായി ഇത്തരം കൊള്ളയടികൾ കണ്ടില്ലെന്നും നടിക്കുന്നു. ദേശിയ ഗജനാവ് കൊള്ളയടിക്കുന്നത് വർഷത്തിൽ ഏതാണ്ട് 5 കോടിയോളം രൂപയിൽ കുറവല്ല.

വൻകിട സ്ഥാപങ്ങൾക്കും, ദേശിയ, ബഹുരാഷ്ട്ര സ്ഥാപങ്ങളുടെ അടിത്തറപാകാൻ ടാക്സ് വെട്ടിക്കൽ, അകൗണ്ടുകളിൽ കൃതിമം കാണിക്കൽ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത ഉദാഹരണങ്ങൾ കാണാം. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾ കർശനമായി നികുതിനൽകുക മാത്രമല്ല രാജ്യത്തിന്റെ സമ്പത് വ്യവസ്ഥയുടെ നിലനിൽപ്പിനു പൊതുഖജനാവിലേക്ക് വലിയൊരു തുക സംഭാവന ചെയ്യുകയും മൂലധനനിക്ഷേപം 1.5 കോടി രൂപയിൽ കുറയാതെ നൽകുകയും ചെയ്യുന്നുണ്ട്. ഒന്നര ദശാബ്ദത്തിനിടക്ക് എല്ലാ വർഷവും കേന്ദ്ര പൊതുമേഖലാ യൂണിറ്റുകൾ മൊത്തത്തിലും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളും തുടർച്ചയായി ദേശിയ ഖജനാവിലേക്ക് ടാക്സ് (നേരിട്ടോ അല്ലാതെയോ) ആയും ഓഹരിവിഹിതം ആയും ഒരു ശരാശരി ലക്ഷം കോടി രൂപയിൽ കുറയാതെ നൽകുന്നുണ്ട്. 201415 ഇൽ ജടഡ കൾ സർക്കാർ ഖജനാവിലേക്ക് 2 ലക്ഷം കോടി രൂപയിലധികം സംഭാവന ചെയ്തിട്ടുണ്ട്.

സ്വകാര്യവൽക്കരണത്തിനായി വാദിക്കുന്ന സാമ്പത്തിക വിദഗ്ദ്ധരുടെ പ്രധാന സുവിശേഷം വിദേശനിക്ഷേപം അടക്കമുള്ള ഒരുപാട് മേഖലകൾ വഴി സാധാരണക്കാർക്ക് തൊഴിലവസരങ്ങൾ ലഭിക്കും എന്നാണ് അവർ വാദിക്കുന്നത്. എന്നാൽ ഇതിൽ സത്യമില്ലെന്നത് നീതി ആയോഗിന്റെ പിന്നിൽ ഉള്ളവർക്കും, കേന്ദ്ര നേതൃത്വത്തിനും നന്നായറിയാം. കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ എടുത്തു പരിശോധിച്ചാൽ അത് വ്യക്തമാകും. ഒരുപാട് നികുതിയിളവുകൾ ചെയ്ത് കൊടുത്തതിന് ശേഷം അതായത് സർക്കാർ നൽകുന്ന നികുതിയിളവ്, ബാങ്കുകൾ നൽകുന്ന നികുതിയിളവ് തുടങ്ങി ഏതാണ്ട് 10 ലക്ഷം കോടി രൂപ സ്വകാര്യ മേഖലയ്ക്ക് നികുതിയിളവായി നൽകിയിട്ടുണ്ട്. എന്നാൽ ജോലി സാധ്യത സ്വകര്യമേഖലയിൽ നിന്നും ഉണ്ടായില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ കൃത്യമായ നികുതി നൽകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഒരുപാട് തൊഴിലവസരങ്ങൾ നൽകുന്നുമുണ്ട്. രാജ്യത്തിനകത്തും വിദേശത്തുമുള്ള വൻകിട സ്വകര്യ വ്യക്തികളെ പരിപോഷിപ്പിക്കുകയും അവരുടെ ഉന്നമനത്തിന് വേണ്ടി നിലകൊള്ളുക മാത്രമാണ് ഈ സർക്കാർ ചെയ്യുന്നത്.

എല്ലായിപ്പോഴും ദേശീയത എന്ന് പറഞ്ഞ് കൊണ്ടിരിക്കുന്ന ബിജെപി സർക്കാർ രാജ്യത്തെ ഏറ്റവും തന്ത്രപ്രധാനമായ പ്രതിരോധം,റെയിൽവേ, ഖനനം, ആഭ്യന്തരം,വ്യോമയാനം, പെട്രോളിയം തുടങ്ങിയ മേഖലകളിൽ 100 ശതമാനം വിദേശ നിക്ഷേപം നടത്താൻ ശ്രമിക്കുകയാണ്. ഇത് വെറും പൊതുമേഖലയെ മാത്രം ബാധിക്കുന്ന ഒന്നല്ല മരിച്ച രാജ്യ സുരക്ഷയെ തന്നെ ആപത്തിലേക്ക് നയിക്കുകയാണ്.

നമ്മുടെ സമ്പത് വ്യവസ്ഥയുടെ ആധിപത്യം ഉയർത്തുന്ന രീതിയിൽ പൊതുമേഖലകൾ വളർന്നിരുന്നു. എന്നാൽ സ്വയംഭരണവും ഫലപ്രദവുമായ മാനേജ്മെന്റ്, രാഷ്ട്രീയ ഇടപെടൽ തുടങ്ങിയവയുടെ അഭാവം ഉൾപ്പെടെയുള്ള പല ഘടകങ്ങളും പൊതുമേഖലയ്ക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചു. 1991ലെ കോൺഗ്രസ് സർക്കാരിന്റെ കീഴിലെ നവലിബറൽ നയങ്ങളുടെ ഔദ്യോഗിക വരവ് പൊതുമേഖലയെ തകർക്കാനുള്ള ശ്രമം സർക്കാർ അജണ്ടയുടെ ഭാഗമായി. സ്വയം പര്യാപ്തമായ സമ്പത് വ്യവസ്ഥ, സാമ്പത്തിക പരമാധികാരം, സമതുലിതമായ പ്രാദേശിക വികസനം, സാമൂഹ്യനീതി തുടങ്ങിയവയെക്കുറിച്ചുള്ള ആശയം എന്നിവ ആ വഴിയിലൂടെ മുന്നോട്ട്പോയി.

വാജ്പേയിയുടെ നേതൃത്വത്തിലുള്ള മുൻ ബി.ജെ.പി ഗവൺമെന്റ്, പൊതുമേഖലയൂണിറ്റുകളെ മോഡേൺഫുഡ്, ഹിന്ദുസ്ഥാൻ സിങ്ക്, ബാൽകോ, ഇന്ത്യൻ പെട്രോ കെമിക്കൽസ് കോർപറേഷൻ (I-P-C-L-),- V-S-N-L,- C-M-C,- H-T-L തുടങ്ങിയവയെപ്പോലെ സ്വകാര്യവൽക്കരിക്കപ്പെട്ട പൊതുമേഖലാ യൂണിറ്റ് എന്ന ആശയം അവതരിപ്പിച്ചു. ഗവൺമെന്റ് ഈ യൂണിറ്റുകൾ തങ്ങളുടെ യഥാർഥ മൂല്യത്തിൻെറ വിലയേക്കാൾ വളരെ താഴ്ന്ന വിലയിൽ അവതരിപ്പിച്ചു. ഫല

ത്തിൽ, ഒരേയൊരു ലേലത്തിൽ ഗുരുതരമായ നിരീക്ഷണം ഇഅഎ നടത്തി. അത് ഡിസ്ഇൻവെസ്റ്റ്മെന്റ് ഡിപ്പാർട്ട്മെന്റിനു രൂപം നൽകി. പിന്നീട് അത് ഡിസിൻവെസ്റ്റ്മെൻറ് മന്ത്രാലയമായി പരിവർത്തനം ചെയ്തു. യുപിഎ ഗവൺമെന്റിന്റെ ഓഹരി വിറ്റഴിക്കലിൻറെ ശ്രമത്തെ ഇടതുപാർടികൾ ഒരു പരിധിവരെ തടഞ്ഞുവയ്ക്കണം, മോഡി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നവലിബറൽ പരിഷ്കാരങ്ങൾ വേഗത്തിലായിരുന്നു. ആസൂത്രണവികസനം എന്ന ആശയം ഉപേക്ഷിക്കപ്പെട്ടു. ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടു. പിന്നീട് നീതി അയോഗിന് നൽകിയിരുന്ന പ്രധാന കടമയെല്ലാം പൊതുമേഖലയെ പിരിച്ചു വിടാനുള്ളതാണ്.

ദേശിയ സാമ്പത്തിക താല്പര്യങ്ങൾ അടിച്ചമർത്തുന്നതിനായി രാജ്യത്തിന്റെ ഭരണനയതന്ത്രങ്ങൾ സംയോജിതമായി പൊതുമേഖലയെ തകർക്കാൻ ശ്രമിക്കുമ്പോൾ വിദേശമൂലധനനിക്ഷേപവും അവയുടെ ആധിപത്യവും രാജ്യത്തിൻറെ പരമാധികാരം ഏറ്റെടുക്കുകയാണ്. ഇത്തരത്തിൽ ലജ്ജയില്ലാതെ ദേശവിരുദ്ധമായ തീരുമാനങ്ങളിലൂടെ സർക്കാർ മുന്നോട്ട് പോകുമ്പോൾ സ്വന്തം രാജ്യത്തെ തദ്ദേശീയ നിർമാണ ശേഷി തകർക്കുകയാണ് ചെയ്യുന്നത്. അതിലൂടെ ബഹുരാഷ്ട്ര കമ്പനികൾ രാജ്യത്തെ സമ്പത് വ്യവസ്ഥ അവരുടെ കൈകളിൽ എത്തിക്കും. ആളുകളെ കൂടുതൽ ഭീകരമായി വൻകിട സ്ഥാപനങ്ങൾ മുതലെടുത്ത് തൊഴിലാളികളെ അടിമത്വത്തിലേക്കും ജനാധിപത്യ വ്യവസ്ഥിതിയുടെ തകർച്ചയിലേക്കും നയിക്കും. അന്തർദേശീയ ചൂഷണ വർഗത്തിന്റെ അന്താരാഷ്ട്ര തലത്തിൽ ജൂനൈർ പങ്കാളികളായി ഇന്ത്യൻ ചൂഷകരെ ഉപയോഗിച്ച് ഭരണത്തെ മൊത്തത്തിൽ സ്വകാര്യവത്കരിക്കാനും മുതിരും. കഴിഞ്ഞ നാല് വർഷങ്ങളായി ബി ജെ പിയുടെ ഭരണത്തിൻകീഴിൽ ജടഡവിന്റെ നാശവും സ്വകാര്യവൽക്കരണവും നടപ്പിലാക്കുന്നത് ഒന്നിലധികം വഴികളിലൂടെയാണ്. B-E-M-L, എയർഇന്ത്യ, ദർഗപ്പൂരിലെ മൂന്നു പ്രത്യേക സ്റ്റീൽ പ്ലാന്റ്സ് തുടങ്ങിയ പ്രധാന വരുമാന കേന്ദ്രമായ പൊതുമേഖലകളെ തന്ത്രപരമായവില്പന നടത്തിയായിരുന്നു ഇതിന്റെ തുടക്കം. മിക്കവാറും മേഖലയിൽ നിന്നും ശക്തമായ സമരപോരാട്ടം ഉണ്ടായെങ്കിലും സർക്കാരിന്റെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണമോ ഉണ്ടായില്ല. പൊതുമേഖലകൾ ഏതുവിധേനയും വിറ്റുതുലയ്ക്കുക എന്ന നിരാശാജനകമായ തീരുമാനം മാത്രമാണ് ഉണ്ടായത്. മോഡി സർക്കാർ ഈയിടെ എടുത്ത തീരുമാനം രോഗശയ്യയിലായ പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടണം എന്നാണ്. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാർ ഓഹരി 49 ശതമാനത്തിൽ കുറച്ചു കൊണ്ടുവരണമെന്ന് നിതി ആയോഗ് നൽകിയ ശുപാർശയുടെ യഥാർഥ അർഥം പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണവും മാനേജ്മെന്റ് അധികാരങ്ങളും സ്വകാര്യ വ്യക്തികളുടെ കൈകളിലേക്ക് കൈമാറുക എന്നതാണ്. നിതി ആയോഗിന്റെ ഇത്തരം ആപത്കമായ ശുപാർശകൾ കേന്ദ്രസർക്കാർ കാര്യമായി പരിഗണിക്കുന്നുമുണ്ട്. രാജ്യത്തും വിദേശത്തുമുള്ള കോർപറേറ്റ് യജമാനന്മാരോടുള്ള കടപ്പാട് തീർക്കാൻ മൊത്തം രാജ്യത്തെതന്നെ ശത്രുക്കളായാണ് ബിജെപി സർക്കാർ പരിഗണിക്കുന്നത്.

പൊതുമേഖല ദേശീയ സമ്പത്ത് സൃഷ്ടിക്കുന്നത്തിലെ പ്രധാന ആസ്തിയാണ്. അവർ ദേശീയ പരമാധികാരത്തെ പ്രതീകപ്പെടുത്തുന്നതിന് സ്വയംപര്യാപ്തമായ പുരോഗതി മാത്രമല്ല ലക്ഷ്യമിടുന്നത്. മറിച് ജനാധിപത്യത്തിന്റെയും, സാമൂഹ്യ നീതിയുടെയും പുരോഗതിയുടെ സംരക്ഷകർ കൂടിയാണ്. പക്ഷെ പൊതുമേഖലയെ തകർക്കുന്നതിന് തുല്യമായ നീചമായ ഗൂഢാലോചനയിൽ രാജ്യങ്ങളുടെ ഭീകരമായ കടന്നാക്രമണം രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതിയെ സാരമായി ബാധിക്കും. അതുകൊണ്ട് രാജ്യത്തിന്റെ പുരോഗതിക്കായി നിലകൊള്ളുന്ന പൊതുമേഖലകൾക്ക് നേരെയുള്ള ഈ കടന്നാക്രമണം ചെറുക്കേണ്ടത് രാജ്യത്തെ മുഴുവൻ തൊഴിലാളികളുടെയും ജനങ്ങളുടെയും ഉത്തരവാദിത്വം ആണ്.

നവലബറൽ നയങ്ങളുടെ ചുവടുപിടിച്ച് നമ്മുടെ പൊതുമേഖലയെ സ്വകാര്യവൽക്കരിക്കുന്ന ആപത്കരമായ നയങ്ങൾക്കളെ എതിർക്കുന്നതിനാണ് 2018 സപ്തംബർ 5ന് പാർലമെന്റിലേക്ക് നടക്കുന്ന മസ്ദൂർ കിസാൻ സംഘർഷ് റാലി. പൊതുമേഖലയെയും നമ്മുടെ ദേശീയ സമ്പത്തിനെയും രക്ഷിക്കാൻ വേണ്ടിയാണ് ഈ സമരം.

ലഘുലേഖ- 2
മസ്ദൂർ- കിസാൻ സംഘർഷ് റാലി
സിഐടിയു-അഖിലേന്ത്യ കിസാൻസഭ- അഖിലേന്ത്യ കർഷകതൊഴിലാളി യൂണിയൻ

# റെയിൽവേ സ്വകാര്യ വൽക്കരണം വിനാശകരമായ നീക്കം രാജ്യം വിൽപ്പനയ്ക്ക്

ലക്ഷക്കണക്കിന് ഇന്ത്യക്കാർ ചുരുങ്ങിയ ചിലവിൽ യാത്ര ചെയ്യാൻ ഇപ്പോഴും ആശ്രയിക്കുന്നത് ഇന്ത്യൻ റെയിൽവേ ആണ്. ഒരു ദിവസം ശരാശരി 2 കോടി ജനങ്ങൾ ട്രെയിനിൽ യാത്ര ചെയ്യുന്നു. പ്രതിദിനം യാത്രാ വണ്ടികളും ചരക്ക് തീവണ്ടികളും ഓടുന്ന മൊത്തം ദൂരം ഏകദേശം 3 മില്ല്യൺ കിലോമീറ്ററാണ്; ഭൂമിയും ചന്ദ്രനും തമ്മിലുള്ള ദൂരത്തിന്റെ 10 മടങ്ങിൽ അല്പം കുറവ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പട്ടിണിയും ദുർഘട രോഗങ്ങളുമടക്കമുള്ള കഷ്ടതകളിൽ ചവിട്ടി നിന്ന് സങ്കീർണ്ണമായ ഇന്ത്യൻ ഭൂപ്രകൃതിയോട് പടവെട്ടി വർഷങ്ങൾ നീണ്ട അശ്രാന്ത പരിശ്രമത്തിൽ പടുത്ത ഇന്ത്യൻ റെയിൽവേ സിംഗിൾ മാനേജ്മെന്റിനു കീഴിൽ പ്രവർത്തിക്കുന്ന ലോകത്തെ ഏറ്റവും വലിയ റെയിൽവേ സിസ്റ്റമായി ഇന്നും നിലനിൽക്കുന്നു.

എന്നാൽ ബിജെപി ഗവൺമെന്റ് ഇതെല്ലാം തകർക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. സമാനതകളില്ലാത്ത ഈ മഹാശൃംഖലയെ തകർത്ത് ഇന്ത്യയിലെയും വിദേശത്തെയും സ്വകാര്യ കമ്പനികൾക്ക് വിൽക്കാനാണ് അവർ തീരുമാനിച്ചിരിക്കുന്നത്.

സാധാരണ ജനങ്ങൾക്ക്, പ്രത്യേകിച്ച് ഏറ്റവും അടിത്തട്ടിലെ ജനവിഭാഗത്തിന് അങ്ങേയറ്റം ഉപയോഗപ്രദമായിരുന്നിട്ടുകൂടി ഒന്നിന് പിറകെ ഒന്നായി മാറി വന്ന സർക്കാരുകൾ വേണ്ടത്ര സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തി രാജ്യത്തിന്റെ ആവശ്യത്തിനനുസരിച്ച് റെയിൽവേ ശൃംഖല വിപുലപ്പെടുത്തിയില്ല. 1991ലെ കോൺഗ്രസ്സ് ഭരണം ഔദ്യോഗികമായി നവലിബറൽ പോളിസികൾക്ക് ചുവപ്പ് പരവതാനി വിരിച്ചതുമുതൽ ഇന്ത്യൻ റെയിൽവേയും സ്വകാര്യവൽക്കരണത്തിന്റെ ഭീഷണിയിലായി.

**ഇന്ത്യൻ റെയിൽവേ ആര് രക്ഷിക്കും?**

ട്രാക്കുകൾ നീട്ടുന്നതിലും, അടിസ്ഥാന സൗകര്യ വികസനത്തിലും, ഉദ്യോഗസ്ഥ സഞ്ചയത്തെ വിപുലപ്പെടുത്തുന്നതിലും, നൂതനമായ സാങ്കേതിക വിദ്യയും സുരക്ഷാ ക്രമീകരണങ്ങളും കൊണ്ടുവരുന്നതിലും കാണിച്ച അലസത നിഴലിച്ചത് വർധിച്ചു വരുന്ന ട്രെയിൻ അപകടങ്ങളിലാണ്. ഈ അപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ട നൂറു കണക്കിന് മനുഷ്യരും പരിക്കേറ്റ് ജീവിതം നഷ്ടപ്പെട്ട ആയിരങ്ങളും ഇതിന് നേർ സാക്ഷ്യം വഹിക്കുന്നു. ഇക്കണോമിക് ടൈംസിൽ പറയുന്നത് : താരതമ്യേന അപകടങ്ങളുടെ എണ്ണം കുറഞ്ഞുവെന്ന വസ്തുതയൊഴിച്ചാൽ 2016ൽ ട്രെയിൻ അപകടങ്ങളിൽ ലോകത്തെ നയിക്കുന്നത് ഇന്ത്യയാണ്. രാജ്യസഭയിൽ അവതരിപ്പിച്ച കണക്കുകൾ പ്രകാരം ട്രെയിൻ പാളം തെറ്റിയുണ്ടായ മരണ നിരക്ക് 2016-17ൽ ദശാബ്ദത്തിലെ ഏറ്റവും ഉയർച്ചയിലെത്തി. പാളം തെറ്റലിനു ശേഷം കൂടതൽ അപകടങ്ങളുണ്ടാകുന്നത് ലെവൽ ക്രോസിങ്ങുകളിലാണ്. ഇന്ത്യൻ റെയിൽവേ ഇയർ ബുക്ക് പ്രകാരം 2015-16 ൽ ആഴ്ചയിൽ ശരാശരി 2 അപകടങ്ങൾ ഉണ്ടായി.

**കേടായ ട്രാക്കുകൾ**

സുരക്ഷാ ടാസ്ക് ഫോഴ്സ് 2017 ജനുവരിയിൽ പുറത്തിറക്കിയ റിപ്പോർട് പ്രകാരം പാളം തെറ്റലുകൾക്കുപിന്നിലെ പ്രധാന കാരണം കേടായ ട്രാക്കുകളും റോളിങ് സ്റ്റോക്കുകളുമാണ്. ഒരു വർഷത്തിൽ 4500 കിലോമീറ്റർ ട്രാക്ക് മാറ്റി സ്ഥാപിക്കണമെന്നാണ് 2015ൽ റെയിൽവേ മന്ത്രാലയം പുറത്തിറക്കിയ ധവളപത്രത്തിൽ പറയുന്നത്. എന്നാൽ സാമ്പത്തിക ഞെരുക്കം കാരണം ഇത്

ചെയ്യുന്നില്ല. കേടുപാടുകൾ തീർക്കാൻ ബാക്കിയുള്ള ട്രാക്കുകളുടെ കണക്ക് വർഷം തോറും വർദ്ധിച്ചുവരുന്നു. നിലവിൽ ഏകദേശം 10000 കി.മി. ട്രാക്ക് പുനസ്ഥാപിക്കാനുണ്ട്, അതായത് ആകെ ട്രാക്കിന്റെ പത്തുശതമാനവും.

കേടായ ട്രാക്കുകളുടെ അറ്റകുറ്റപണികൾക്ക് തൊഴിലാളികളെ നിയമിക്കുന്നതടക്കം വൻ തുക സർക്കാർ വകയിരുത്തുന്നില്ല. അറ്റകുറ്റപണിക്കും അതിന്റെ മേൽനോട്ടത്തിനുമാവശ്യമായ തൊഴിലാളികളുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുപകരം വെട്ടിചുരുക്കുകയാണ് സർക്കാർ ചെയ്തത്. ആവശ്യമായ ട്രാക്മെനിന്റെ എണ്ണം 4 ലക്ഷത്തിൽനിന്ന് 2.75 ലക്ഷമായി വെട്ടിചുരുക്കി. 2016 ഏപ്രിൽ 1ലെ കണക്കു പ്രകാരം ട്രാക്മെന്നിന്റെ 41467 തസ്തികകളും 2434 കീമെൻ (കേടുപാടുകൾ പരിശോധിച്ച് റിപ്പോർട് ചെയ്യുന്നവർ) തസ്തികകളും ഒഴിഞ്ഞുകിടക്കുകയാണ്.

**സിഗ്നലുകൾ**

റെയിൽ ഗതാഗത സുരക്ഷയെ ബാധിക്കുന്ന മറ്റൊരു പ്രധാനഘടകം സിഗ്നൽ സംവിധാനമാണ്. ട്രാക്കുകൾക്ക് സമാനമായി പഴകിയതും പുനസ്ഥാപനം ആവശ്യമായതുമായ മറ്റൊന്നാണിത്. പ്രതിവർഷം ഇരുന്നൂറിലധികം സിഗ്നൽ ഗിയറുകൾ പഴകുന്നു. പക്ഷേ നൂറുസ്റ്റേഷനുകളിലെ സിഗ്നൽ ഗിയറുകൾ മാത്രമാണ് റെയിൽവേ പുനഃസ്ഥാപിക്കുന്നത്. 2015ൽ ഇറ്റാർസിയിൽ നടന്ന ട്രെയിനപകടം തകരാറായ സിഗ്നൽ വരുത്തി വച്ചതാണ്. ടാസ്ക് ഫോഴ്സിന്റെ അഭിപ്രായമനുസരിച്ച് ഇന്ത്യയിലെ മുഴുവൻ കേടായ സിഗ്നലുകളുടെയും പൂർണമായ പുനഃസ്ഥാപനത്തിന് 7 മുതൽ 8 വർഷം വരെയെടുത്തേക്കും.

പറഞ്ഞുവരുന്നത് ആധുനിക സിഗ്നൽ സംവിധാനം കൊണ്ടുവരുന്നതിനെ കുറിച്ചല്ല മറിച്ച് പുനസ്ഥാപനത്തെ കുറിച്ച് മാത്രമാണ്. ട്രാക്കുകളുടെ കാര്യത്തിലെന്നപോലെ സിഗ്നലുകളുടെ കാര്യത്തിലും പഴയ സാമഗ്രികളുടെ അറ്റകുറ്റപണിക്ക് കൂടുതൽ തൊഴിൽസഞ്ചയവും അധ്വാനവും ആവശ്യമാണ്. പക്ഷേ ഇവിടെയും ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണാൻ സാധിക്കും. സിഗ്നൽ മെയ്ന്റനൻസ് വിഭാഗത്തിൽ 3454 തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. കേടായ സിഗ്നലുകൾ ക്ഷണിച്ചുവരുത്തുന്ന അപകടം മനസിലാക്കാൻ ഒരുപാടൊന്നും പിന്നോട്ടു പോകേണ്ടതില്ല. 2017 ജൂലൈയിൽ തമിഴ്നാട്ടിലുണ്ടായ പേമാരിയിൽ ചെങ്കൽപേട്ടിലെ എല്ലാ സിഗ്നലുകളും പച്ച തെളിച്ചു. ഇതിൽ ഒരു റൂട്ടുമാത്രമാണ് യഥാർത്ഥത്തിൽ മറ്റു വണ്ടികളൊന്നുമില്ലാതിരുന്നത്. മരണത്തിലേക്ക് പാഞ്ഞടുക്കുന്ന വേഗത്തിൽ പച്ച സിഗ്നലുകളെല്ലാം കൂട്ടമായി ചുവപ്പായി മാറിയതായി റൂട്ടിലോടിയ ലോക്കോപൈലറ്റുകൾ സാക്ഷ്യപ്പെടുത്തി.

**ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ**

റെയിൽവേ സുരക്ഷ വിഭാഗത്തിൽ മാത്രം ഒഴിഞ്ഞു കിടക്കുന്ന 1.22 ലക്ഷം ഒഴിവുകളുണ്ട്. ഇതിൽ ലോക്കോ പൈലറ്റുകൾ (11442 ഒഴിവുകൾ, അതായത് അനുവദിച്ച ശേഷിയുടെ 25% ), അസിസ്റ്റന്റ് പൈലറ്റുമാർ (6574 ഒഴിവുകൾ, അനുവദിച്ച ശേഷിയുടെ 15 ശതമാനം), ഷണ്ടർമാർ (2714 അനുവദിച്ച ശക്തിയുടെ മൂന്നിലൊന്ന്) എന്നിവയുൾപ്പെടും. സതേൺ റെയിൽവേ 680 ലോക്കോ പൈലറ്റുകളെ റിക്രൂട് ചെയ്യാനുള്ള അനുമതി തേടി; അനുവദിക്കപ്പെട്ടത് 280 മാത്രം. സ്റ്റാഫ്നിയമനത്തിൽ റെയിൽവേയുടെ നിലപാട് ഇതിൽനിന്നു മാത്രം മനസിലാക്കാം. 2800 ഗ്രൂപ് സി തൊഴിലാളികൾ വേണ്ടിടത്ത്അനുമതി നൽകിയത്400 പേരുടെ നിയമനത്തിന്. ആൾക്ഷാമം നിലവിലെ ലോക്കോപൈലറ്റുമാരെ അധിക ജോലിയെടുക്കുന്നതിലേക്കും തള്ളിയിടുന്നു. ഉറക്കവും കൃത്യമായ വിശ്രമവുമില്ലാതെ ഇവർ മണിക്കൂറുകളോളം ജോലിചെയ്യേണ്ടി വരുന്നു. ആയിരങ്ങളുടെ ജീവൻ കയ്യിലേന്തി അവർ വണ്ടിയോടിക്കുന്നു.

ഗതാഗതത്തിനായുള്ള ആകെ ചെലവിന്റെ അനുപാതത്തിൽ റെയിൽവേയുടെ ചെലവ് ഏഴാമത് പഞ്ചവത്സര പദ്ധതിയിൽ 54% ആയിരുന്നെങ്കിൽ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിൽ

അത് 30 % മാ യി കുറഞ്ഞുവെന്നാണ് റെയിൽ വേ ബോർഡ് ചെയർമാൻ പാർലമെന്ററി കമ്മിറ്റിയെ അറിയിച്ചത്. തൽഫലമായി റെയിൽ പാത വിപുലീകരണത്തിൽ പിടി വീണു. 40 % റെയിൽ വേ സെക്ഷനുക്കളും അവയ്ക്ക് താങ്ങാവുന്ന ലൈൻ കപ്പാസിറ്റി യെക്കാൾ കൂടുതൽ ഭാരമേൽക്കേണ്ടി വരുന്നു. കഴിഞ്ഞ ആറു ദശാബ്ദത്തിൽ പാസഞ്ചർ ട്രാഫിക്കും ചരക്ക് ഗതാഗതവും യഥാക്രമം പതിനാലും പതിനേഴും മടങ്ങ് വർദ്ധിച്ചിട്ടും. ട്രാക്കുകളുടെ വളർച്ച 23% മാത്രമാണ്.

**നിക്ഷേപത്തിന്റെ കുറവ്**

ആളില്ലാ ലെവൽ ക്രോസിങ്ങുകളിലെ അപകടം നിരവധി പേരുടെ ജീവനെടുത്തു. ഡോ അനിൽ കകോട്കർ ചെയർമാനായ സുരക്ഷാ അവലോകന സമിതിയുടെ നിർദ്ദേശപ്രകാരം അഞ്ചു വർഷത്തിൽ 50000 കോടി രൂപ ചെലവഴിച്ച് റെയിൽവേ മേൽപാലങ്ങളും അണ്ടർപാസുകളും നിർമിച്ച് അളില്ലാ ക്രോസിങ്ങുകൾ ഇല്ലാതാക്കണം. 2013 ൽ ഈ ലക്ഷ്യം സാധ്യമാകാതെ വന്നപ്പോൾ 2014-15 ൽ ഈ ഫണ്ട് 50 ശതമാനമായി കുറച്ചു. അവലോകന കമ്മിറ്റി നിർദ്ദേശിച്ചിട്ട് അഞ്ചു വർഷകമായി. ഈ നിലയിൽ പോയാൽ ഇതു നിറവേറ്റാൻ ഇനിയും പത്തു വർഷം കൂടി വേണ്ടി വരും.

നിലവിൽ ഉപയോഗിക്കുന്ന ഇന്റഗ്രൽ കോച്ച് ഫാക്റ്ററി (ICF) തരം കോച്ചുകൾ ഒഴിവാക്കാനായിരുന്നു കമ്മിറ്റിയുടെ മറ്റൊരു നിർദ്ദേശം. പാളം തെറ്റി അപകടമുണ്ടാവുമ്പോൾ തമ്മിൽ കൂട്ടിയിടിച്ച് കൂടുതൽ മരണങ്ങൾക്ക് വഴിവെക്കുന്ന ഇത്തരം കോച്ചുകൾക്കു പകരം ഈ പ്രശ്നമില്ലാത്തതും തീ പിടിത്തത്തെ ഫലപ്രദമായി പ്രതിരോധിക്കുകയും ചെയ്യുന്ന ലിങ്കെ ഹോഫ്മാൻ ബുഷ് (LHB) കോച്ചുകൾ നിർമ്മിക്കാൻ കമ്മിറ്റി നിർദ്ദേശിച്ചു. ഇത്തരം കോച്ചുകളുടെ അറ്റകുറ്റപണികൾക്കുള്ള വർക്ഷോപ്പ് സൗകര്യങ്ങളും കമ്മറ്റി മുന്നോട്ടു വച്ചു. പക്ഷേ ഇന്നും ഇന്ത്യൻ റെയിൽവേയുടെ 65000 കോച്ചുകളിൽ 4000 മാത്രമാണ് എൽ എച്ച് ബി തരം. ഇതു പോലും സുരക്ഷ പണയം വച്ച് ഔട്സോർസ് ട് കോൺട്രാക്റ്റിലൂടെയാണ് നിർമ്മിക്കുന്നത്. റെയിൽവേക്ക് പ്രതിവർഷം 5500 പുതിയ കോച്ചുകൾ ആവശ്യമാണ്. എന്നാൽ 3200 കോച്ചുകൾ മാത്രമാണ് നിർമ്മിക്കപ്പെടുന്നത്.

**സഫൽ സുഖദ് മംഗൾമയ് യാത്ര**

സഫൽ സുഖദ് ഏവം മംഗൾമയ് യാത്ര സാധരണ ജനങ്ങൾക്ക് ഉറപ്പു വരുത്തുന്ന കാര്യം സർക്കാർ ഗൗരവമായി എടുക്കുന്നെങ്കിൽ എന്തൊക്കെ ചെയ്യണമെന്ന് മേൽ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നു. എല്ലാത്തിലുമുപരി, ട്രാക്കുകൾ പുന:സ്ഥാപിക്കുന്നതിനുള്ള ചെലവ് വകയിരുത്തുന്നതിൽ പിശുക്കാതിരിക്കുക, സിഗ്നൽ സംവിധാനം പുതുക്കുക, സുരക്ഷിതവും സുഖപ്രദവുമായ കോച്ചുകൾ ഉറപ്പു വരുത്തുക, കോച്ച് ഫാക്റ്ററികൾ ആധുനികവത്ക്കരിക്കുക. എല്ലാ വിഭാഗത്തിലും പ്രധാനമായും സുരക്ഷ വിഭാഗത്തിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയോഗിക്കുക, അവരുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

പക്ഷേ ഇതു ചെയ്യുന്നതിനു പകരം റെയിൽവേ ഇന്ത്യയിലെയും വിദേശത്തെയും സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ 25 വർഷം മാറി മാറി വന്ന സർക്കാറുകൾ അവരുടെ ഉത്തരവാദിത്തങ്ങളിൽ വെള്ളം ചേർത്ത് സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാനുള്ള ശ്രമത്തിലായിരുന്നു.

2014ൽ അധികാരത്തിൽ വന്നയുടൻ ബിജെപി നയിക്കുന്ന എൻഡിഎ ഗവൺമെന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ പ്ലാനിങ്ങ് കമ്മീഷൻ പൊളിച്ച് നിതി ആയോഗ് (നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രാൻസ്ഫോമിങ് ഇന്ത്യ) ഉണ്ടാക്കി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതൊക്കെ വിറ്റു തുലയ്ക്കണമെന്ന് കണ്ടെത്തുന്നതിനുള്ള ദൗത്യമാണ് നിതി ആയോഗിനെ ആദ്യ മേൽപ്പിച്ചത്. 2014 ആഗസ്റ്റിൽ റെയിൽവേയുടെ വിവിധ പ്രവർത്തനങ്ങളിൽ 100 % വിദേശ നിക്ഷേപം (FDI) സാധ്യമാക്കുന്ന ഉത്തരവിറക്കി.

**വിഭവ സമാഹരണം**

നിതി ആയോഗ് അംഗമായ ബിബേക് ദേബ്റോയെ ചെയർമാനാക്കി പ്രധാന റെയിൽ പദ്ധതികളുടെ വിഭവ സമാഹരണം, റെയിൽവേ മന്ത്രാലയത്തിന്റെയും റെയിൽവേ ബോർഡിന്റെയും പുനർനിർമാണം എന്നിവ ലക്ഷ്യമാക്കി ഒരുന്നത തല കമ്മിറ്റിയും രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ എല്ലാ നിർദേശങ്ങളും സർക്കാർ കൃത്യമായി അനുസരിക്കുന്നു. പാർലമെന്റിലെ പ്രത്യേക റെയിൽവേ ബജറ്റ് ഉപേക്ഷിച്ച് പൊതു ബജറ്റിലേക്ക് എല്ലാം ചുരുക്കി. റെയിൽവേ സ്വകാര്യവത്ക്കരിക്കുന്നതിന് മുൻ സർക്കാരുകൾ കിണഞ്ഞു ശ്രമിച്ചിട്ടും റെയിൽവേയിൽ വലിയ രീതിയിൽ നിക്ഷേപിക്കാൻ ആരും തയ്യാറാവാത്തതിലെ അതൃപ്തി ബിബേക് ദേബ്റോയി കമ്മിറ്റി പ്രകടിപ്പിച്ചു.

[11/07, 11:19 pm] Archana: പൊതുജനങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി മാറിയ ഒരു മേഖലയിൽ പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനുപകരം അതിനെ തരിപ്പണമാക്കാനുള്ള വഴിയാണ് ദേബ്റോയ് കമ്മിറ്റി തിരഞ്ഞെടുത്തത്. സ്വകാര്യ മേഖലയുടെ കടന്നുവരവിന് വിശ്വാസ്യതയുടെ അന്തരീക്ഷം അത്യന്താപേക്ഷിതമാണ്. അതിനാൽ പോളിസി നിർമ്മാണം, പരിഷ്കരണ നടപടികൾ, പദ്ധതി പ്രാവർത്തികമാക്കൽ എന്നീ ജോലികളെ തമ്മിൽ വേർതിരിക്കുന്നത് അനിവാര്യമാണ്. ഇവ ഏകോപിപ്പിക്കുന്നതിന്റെ പ്രാധാന്യത്തെ പറ്റി അടിസ്ഥാന ധാരണ പോലുമില്ലാതെ കമ്മിറ്റി ഇങ്ങനെ കുറിച്ചു. ഇവരുടെ നിർദ്ദേശാനുസരണം മോദി സർക്കാർ ഇന്ത്യൻ റെയിൽവേ കുത്തനെയും വിലങ്ങനെയും വെട്ടി സ്വകാര്യമേഖലയ്ക്ക് കൈമാറുകയാണ്.

തീർച്ചയായും സ്വകാര്യവത്ക്കരണം എളുപ്പമാക്കാൻ തന്നെയാണ് ഇന്ത്യൻ റെയിൽവേ വെട്ടിമുറിക്കാനുള്ള പദ്ധതിയിട്ടത്. നയരൂപീകണം, നിയന്ത്രണം തുടങ്ങിയവ വിഭജിക്കുന്നതിനു പിന്നിലും ഇതേ ഗൂഢലക്ഷ്യം തന്നെ.

വിഭവ സമാഹരണം എന്നൊക്കെ പറയുന്നത് ഈ കുത്സിത നീക്കത്തെ മറച്ചു വെക്കാനുള്ള പുകമറ മാത്രം.

മറ്റ് മേഖലകളിലെപ്പോലെ, ഇന്ത്യൻ റയിൽവെയുടെ കീഴിലുള്ള പല പ്രവർത്തനങ്ങളും പുറംകരാറുകാർക്ക് കൈമാറി കഴിഞ്ഞു. ശുചീകരണം, കാറ്ററിങ്ങ്, കോച്ചുകളിലെ അറ്റകുറ്റപ്പണികൾ, വർക്ക്ഷോപ്പുകൾ, ഷെഡുകൾ, യാർഡുകൾ, ടിക്കറ്റിങ്ങ് തുടങ്ങിയവ സ്വകാര്യകമ്പനികൾക്ക് നൽകി കഴിഞ്ഞു. ഏകദേശം ഏഴ് ലക്ഷം കരാർ ജീവനക്കാർ ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്യുന്നു. എന്നാൽ സ്ഥിരം തൊഴിലാളികൾ ചെയ്യുന്ന അതേ ജോലി ചെയ്യുന്ന ഇവർക്ക് 6000 രൂപ മുതൽ 9000 വരെ മാത്രമാണ് മാസ ശമ്പളം. കരാർ തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും സ്ഥിരം ജീവനക്കാരുടെ എണ്ണം കുറയുകയും ചെയ്യുന്നു. കരാർ തൊഴിലാളികൾ വ്യാപകമായ തൊഴിൽ ചൂഷണത്തിനിരയാവുന്നു. എന്നിട്ടും സർക്കാറിന്റെ ചിന്ത ഇത് പോരയെന്നു തന്നെയാണ്.

**മേക്ക് ഇൻ ഇന്ത്യ. ജെംസ് ഓഫ് ഇന്ത്യൻ റെയിൽവേസ് നശിപ്പിച്ചു കൊണ്ട്**

നിർമ്മാണ യൂണിറ്റുകളെ റെയിൽ മന്ത്രാലയം വിളിക്കുന്നത് 'ദി ജെംസ് ഓഥ് ഇന്ത്യൻ റെയിൽവേസ്' എന്നാണ്; ഇന്ത്യൻ റെയിൽവേസിന്റെ രത്നക്കല്ലുകൾ.

ഇൻഡ്യൻ റെയിൽവേയുടെ 6 നിർമ്മാണ യൂണിറ്റുകൾ പ്രതിവർഷം 600ത്തിലധികം ഡീസൽ ഇലക്ട്രിക് ലോക്കോകളും 3000ത്തിലധികം കോച്ചുകളും നിർമ്മിക്കുന്നുണ്ട്. റോളിങ് സ്റ്റോക്കിന്റെ ഇൻ ഹൗസ് നിർമ്മാണത്തിൽ നിരവധി ഗുണങ്ങളുണ്ടെന്ന് സർക്കാർ അവകാശപ്പെടുന്നു 1 . ഉല്പാദന യൂണിറ്റുകൾ പുതിയ സാങ്കേതിക വിദ്യ സ്വാംശീകരിക്കുകയും സ്വീകരിക്കുകയും മാത്രമല്ല, സാങ്കേതിക വിദ്യ സ്വന്തമാക്കാൻ ഇന്ത്യൻ റെയിൽവേയെ പ്രാപ്തരാക്കുകയും ചെയ്യുന്നു; 2 . നമ്മുടെ ഉൽപാദന യൂണിറ്റുകൾ നിർമ്മിച്ച ലോക്കോമോട്ടുകളുടെയും കോച്ചുകളുടെയും വില മാർക്കറ്റ് വിലയേക്കാൾ വളരെ കുറവാണ്. 3. കോച്ചുകളുടെയും മറ്റും നിരവധി സുപ്രധാന ഭാഗങ്ങളും

നമ്മൾ തന്നെ നിർമ്മിക്കുന്നതിനാൽ അവയുടെ മെയിന്റെനൻസ് ചെലവ് വളരെ കുറവാണ്. 4. ഉല്പാദന യൂണിറ്റുകൾ ഇറക്കുമതി പകരമാവുകയും അനുബന്ധ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

[12/07, 12:52 am] Archana: റോളിംഗ് സ്റ്റോക്ക് നിർമ്മിക്കുന്നതിലൂടെ ഇൻഡ്യയിൽ നാം നിർമ്മിക്കുക മാത്രമല്ല; നമ്മൾ സാങ്കേതികവിദ്യ സ്വന്തമാക്കിയിട്ടുണ്ട്; നമ്മൾ കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിക്കുകയും അനുബന്ധ വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി പ്രവർത്തന ചെലവും കുറയുന്നു.

എന്നാൽ ബി.ജെ.പി. സർക്കാർ മെയക്ക് ഇൻ ഇന്ത്യയുടെ പ്രചാരണത്തിനായി നൂറുകണക്കിന് കോടി രൂപ ചെലവഴിച്ച് ഇന്ത്യയിൽ യഥാർഥത്തിൽ നിർമ്മിക്കപ്പെടുന്നത് തകർക്കുകയാണ്. ബിഹാറിലെ മർഹൗരയിൽ ഒരു ഡീസൽ ലോക്കോ മോട്ടിവ് യൂണിറ്റ് തുടങ്ങാൻ അമേരിക്കൻ മൾട്ടി നഷണൽ കോർപ്പറേറ്റ് ഭീമൻ ജനറൽ ഇലക്ട്രിക്കിന് കരാർ നൽകി കഴിഞ്ഞു. 2014ൽ യുപിഎ സർക്കാരിന്റെ കാലത്ത് കരാർ അംഗീകരിക്കുകയും ഒടുവിലിപ്പോൾ NDA സർക്കാർ ഒപ്പിടുകയും ചെയ്തു. കരാർ പ്രകാരം ഇന്ത്യൻ റെയിൽവേസ് പത്ത് വർഷത്തിൽ ജനറൽ ഇലക്ട്രിക്കിൽ നിന്ന് 1000 ഡീസൽ ലോക്കോമോട്ടീവുകൾ വാങ്ങും. മാധ്യമങ്ങളിൽ വന്ന റിപ്പോർട്ട് അനുസരിച്ച് മലിനീകരണം തടയാൻ 2022 ഓടെ മൊത്തം ട്രാക്കുകളുടെയും വൈദ്യുതീകരണത്തിന് പദ്ധതിയുള്ളതിനാൽ ഈ ഡീസൽ ലോക്കോ മോട്ടിവ് പ്രോജക്ട് ഉപേക്ഷിക്കുന്നതിനുള്ള ഒരു നിർദ്ദേശം റയിൽവെ ചർച്ച ചെയ്തിരുന്നു. അത്തരം തീരുമാനമുണ്ടായാൽ സർക്കാർ വലിയ വില കൊടുക്കേണ്ടി വരുമെന്ന് ജനറൽ ഇലക്ട്രിക് താക്കീത് ചെയ്തതോടെ പദ്ധതിയുമായി മുന്നോട്ടു പോകാൻ സർക്കാർ നിർബന്ധിതരായി. റെയിൽവേ മന്ത്രിക്ക് ഉടൻ തന്നെ പദ്ധതി നിലവിലുണ്ടെന്ന പ്രസ്താവനയിറക്കേണ്ടതായി വന്നു.

കരാർ പ്രകാരം ജനറൽ ഇലക്ട്രിക് 4500 എച്ച്പി, 6000 എച്ച്പി ഡീസൽ എൻജിനുകൾ നൽകുകയും അവ മെയിന്റയ്ൻ ചെയ്യുകയും ചെയ്യുമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. ആദ്യത്തെ ലോക്കോമോട്ടീവ് യുഎസ് എയിൽ നിന്നും എത്തിയെന്നും റിപ്പോർട്ട്. ജനറൽ ഇലക്ട്രിക്ക് ദക്ഷിണ ഏഷ്യൻ സിഇഒ ഓരോ വർഷവും ശരാശരി 100 ലോക്കോ മോട്ടിവുകൾ എത്തിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിച്ചു. ഇവ ഇന്ത്യയിൽ നിർമ്മിക്കുന്നില്ല; മറിച്ച് അസമ്പിൾ ചെയ്യുകയും മെയ്ന്റയിൻ ചെയ്യുകയും മാത്രമാണ് ചെയ്യുക. 'മെയ്ക്ക് ഇൻ ഇന്ത്യ' യുടെ മഹദ് മാതൃകകൾ!

ഡീസൽ ലോക്കോ മോട്ടിവ് വർക്സ് (ഡി.എൽ.ഡബ്ല്യൂ), വാരണാസിയിലെ നിർമ്മാണ യൂണിറ്റ് ഇന്ത്യൻ റെയിൽവേയുടെ മുത്തുകളിൽ ഒന്ന്. ഡീസൽ ലോക്കോമോട്ടീവുകൾ നിർമ്മിക്കുകയും അവ തുടർച്ചയായി പരിഷ്കരിക്കുകയും ചെയ്യുന്നു. 2015 ൽ ഇത് ഭീം എന്ന ഇൻഡ്യയുടെ ആദ്യ 5500 എച്ച്പി, ഡീസൽ ലോക്കോമോട്ടീവ് എഞ്ചിൻ നിർമ്മിച്ചു. ഇന്ത്യൻ റെയിൽവേയുടെ ആർഡിഎസ്ഒ (റിസർച്ച് ഡിസൈൻ ആൻഡ് സ്റ്റാൻഡേഡ്സ് ഓർഗനൈസേഷൻ) യുമായി സംയുക്തമായി യുഎസ്എയിലെ ഇ എം ഡി (ഇലക്ട്രോ മോട്ടീവ് ഡീസൽ) പിൻബലത്തോടെയാണ് ഇത് പൂർത്തീകരിച്ചത്. 4500 എച്ച് പി ഡീസൽ എൻജിനുകൾ അവർ നിർമ്മിക്കുന്നുണ്ട്. മുൻ വർഷത്തെ 320 എന്ന കണക്കിനെ പിന്നിലാക്കി 201516 ൽ 330 ഡീസൽ ലോക്കോ മോട്ടീവുകൾ നിർമ്മിച്ച് അവർ റെക്കോ ഡിട്ടു. മികച്ച നിർമ്മാണ യൂണിറ്റെന്ന് അന്നത്തെ റെയിൽ മന്ത്രി സുരേഷ് പ്രഭു ഡിഎൽഡബ്ല്യുവിനെ അഭിനന്ദിച്ചു.

വരാണസിയിൽ പ്രതിവർഷം 300 ഡീസൽ ലോക്കോമോട്ടീവുകൾ നിർമ്മിക്കാൻ സാധിക്കുന്ന സാഹചര്യത്തിൽ വർഷം 100 ലോക്കോമോട്ടിവുകൾ നൽകാൻ ശേഷിയുള്ള ജിഇ ഇറക്കുമതി ചെയ്യുന്നതിന്റെ കാരണം എന്തായിരിക്കാം? നമ്മുടെ നിർമ്മാണ യൂണിറ്റുകളിൽ ചിലവ് വളരെ കുറവാണെന്നന്ന് ഇന്ത്യൻ റെയിൽവേ തന്നെ സമ്മതിക്കുന്നുമുണ്ട്. പിന്നെയെന്തിനാണ് സർക്കാർ സ്വന്തം ശേഷി വികസപ്പിക്കുന്നതിനു പകരം അധികച്ചെലവിനു മുതിരുന്നത്?

മദെപുരയിൽ ഇലക്ട്രിക് ലോക്കോമോട്ടിവ് യൂണിറ്റ് ആരംഭിക്കാൻ ഫ്രഞ്ച് കമ്പനി അൽസ്റ്റോമിന് കരാർ നൽകി കഴിഞ്ഞു. ജനറൽ ഇലക്ട്രിക്സിന്റെയും അൽസ്റ്റോമിന്റെയും കരാറുകൾ ഒട്ടാകെ 40000 കോടി രൂപയുടെ മുകളിൽ വരും. റോളിങ് സ്റ്റോക്ക് രാജ്യത്തിനകത്ത് നിർമ്മിക്കുന്നത് കൊണ്ട് പ്രതിവർഷം 20000 കോടി രൂപ ഇന്ത്യ ലാഭിക്കുന്നുവെന്ന് റെയിൽവേ ബോർഡിലെ ഒരു മുൻ മെമ്പർ ആർ സി ആചാര്യ പറഞ്ഞു. ഇതിനു പുറമെ ഈ കമ്പനികൾക്ക് മെയിന്റനൻസ് നടത്താനായി നമ്മുടെ ഷെഡുകൾ വിട്ടു കൊടുക്കുന്നു. ഇതെല്ലാം ഇന്ത്യൻ റെയിൽവേസി ന്റെ നിർമാണ യൂണിറ്റുകളുടെയും വർക്ഷോപ്പുകളുടെയും തകർച്ചയിലേക്ക് നയിക്കുന്നു. ആയിരക്കണക്കിനാളുകൾക്ക് തൊഴിൽ നഷ്ടപ്പെടും. തൊഴിൽ ഇല്ലാതാക്കാലാണോ മെയ്ക്ക് ഇൻ ഇന്ത്യയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറി 2014ൽ ആർട് എൽഎച്ച്ബി കോച്ചുകളുടെ നിർമ്മാണം അവസാനിപ്പിച്ച് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ സ്റ്റെയിൻ ലെസ് സ്റ്റീൽ എൽഎച്ച്ബി മെയിൻ ലൈൻ കോച്ച് ഉൽപ്പാദിപ്പിക്കാൻ തയ്യാറായിരിക്കുകയാണ്. കപൂർത്തലയിലെ റെയിൽ കോച്ച് ഫാക്ടറി മണിക്കൂറിൽ 160 കിലോമീറ്ററിൽ ഓടാൻ കഴിവുള്ള എൽഎച്ച്ബി കോച്ചുകൾ നിർമിക്കുന്നു. ഇതിന്റെ ശേഷി മണിക്കൂറിൽ 200 കിലോമീറ്ററായി ഉയർത്താൻ സാധിക്കും. റായ് ബറേലി കോച്ച് ഫാക്റ്ററിക് പ്രതിവർഷം 1000 എൽഎച്ച്ബി കോച്ചുകൾ നിർമ്മിക്കാൻ കഴിയും. പക്ഷേ റെയിൽ മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം അവർ 150 കോച്ചുകൾ മാത്രമാണ് നിർമ്മിക്കുന്നത്. സ്ഥാപനത്തിന്റെ മുഴുവൻ ശേഷിയും ഉപയോഗിക്കും വിധം സർക്കാർ ആവശ്യപ്പെടുന്നില്ല. അതേ സമയം വാഗണുകളുടെ നിർമ്മാണം മൊത്തമായി സ്വകാര്യ കമ്പനികൾക്ക് നൽകുകയും ചെയ്യുന്നു.

പുതിയ സാങ്കേതികവിദ്യ സ്വീകരിക്കുന്നതിൽ മികവ് തെളിയിച്ച നമ്മുടെ സ്വന്തം നിർമ്മാണ യൂണിറ്റുകൾ വികസിപ്പിക്കുന്നതിന് കൂടുതൽ ചെലവാക്കുന്നതായിരിക്കില്ലേ ബുദ്ധിപരം? സ്വന്തം ഉൽപാദന യൂണിറ്റുകൾ നിഷ്ക്രിയമായി സൂക്ഷിക്കുകയും ബഹുരാഷ്ട്ര കമ്പനികളുമായി കരാറിൽ ഒപ്പുവെക്കുകയും ചെയ്യുന്നു ഇതാണ് പ്രധാന മന്ത്രിയുടെ മെയ്ക്ക് ഇൻ ഇന്ത്യ. ഇങ്ങനെയാണോ അദ്ദേഹം കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുമെന്ന് പറയുന്നത്? ഇതാണോ ബിജെപിയുടെ ദേശീയതയും ദേശഭക്തിയും? ഇന്ത്യൻ റെയിൽ വേയ്സ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന പ്രിന്റിങ് പ്രസുകൾ അടച്ചു പൂട്ടാനും സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. ഒരുപക്ഷേ, ഇതും സ്വകാര്യമേഖലയിലെ പ്രസുകൾക്കാണ് പ്രയോജനം ചെയ്യുക. ഇന്ത്യൻ റെയിൽവേ പോലെയുള്ള ഒരു ഭീമൻ സ്ഥാപനത്തിന് ആവശ്യമായ വലിയ ഓർഡറുകൾ അവർക്ക് ലഭിക്കും.

**നിയന്ത്രണം വഴി സ്വകാര്യവത്ക്കരണം**

ദേബ്റോയ് കമ്മിറ്റി ശുപാർശ പ്രകാരം ഒരു റെയിൽവേ ഡെവലപ്മെന്റ് അതോറിറ്റി (ആർഡിഎ) എക്സിക്യൂട്ടീവ് ഓർഡറിലൂടെ കേന്ദ്ര കാബിനറ്റ് അംഗീകരിച്ചു. അർഡിഎയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ യാത്രക്കൂലിയും ചരക്ക് ട്രെയ്ൻ നിരക്കുകളും നിശ്ചയിക്കുക, നിലവിലുള്ള റയിൽ ട്രാക്കുകൾ സ്വകാര്യ പാസഞ്ചർ, ചരക്ക് ട്രെയിൻ ഓപ്പറേറ്റർമാർക്ക് ലഭ്യമാക്കുക, സ്വകാര്യ കമ്പനികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക വഴി സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, എന്നിവയാണ്.

യാത്രാക്കൂലിയും ചരക്ക് കൂലിയും ചെലവിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കും. നിലവിൽ, പാസഞ്ചർ ടിക്കറ്റുകൾ ചെലവിന്റെ 53 ശതമാനമാണ്. ഇതിൽ ചെലവിന്റെ 47% സബ്സിഡി യാകുന്നു. ഈ സബ്സിഡി ഇനി ഒഴിവാക്കപ്പെടും. അതായത് യാത്രാക്കൂലി ഇരട്ടിയാകും. പാവപ്പെട്ടവർക്ക് ഇന്നേ വരെ കുറഞ്ഞ ചെലവിൽ യാത്ര ചെയ്യാനുള്ള ആശ്രയമായിരുന്ന ഇന്ത്യൻ റെയിൽവേ ഇനിയങ്ങനെയായിരിക്കില്ല. യാത്രാക്കൂലി വർദ്ധിപ്പിക്കുക വഴി കോർപ്പറേറ്റുകൾക്ക് ഇന്ത്യൻ റെയിൽവേസുമായി മത്സരിക്കാനുള്ള കളമൊരുക്കുന്നു.

സാധാരണക്കാരന്റെ ആവശ്യങ്ങൾ ഉറപ്പുവരുത്തുന്നതിനെക്കാൾ സർക്കാരിന് താൽപര്യം സ്വകാര്യ കോർപറേറ്റുകൾക്ക് ലാഭമുണ്ടാക്കിക്കൊടുക്കുന്നതിലാണ്. പൊതുമുതൽ ഉപയോഗിച്ച് നിർമ്മിച്ച നിലവിലെ ട്രാക്കുകൾ സൗജന്യമായി സ്വകാര്യ കമ്പനികളും ഉപയോഗിക്കുന്നു.

അവർ ആക്സസ് ചാർജ് മാത്രമേ നൽകേണ്ടതുള്ളൂ. അവശ്യ സാധനങ്ങളുടെ സബ്സിഡിയും നീക്കം ചെയ്യും.

സ്വകാര്യ ഓപ്പറേറ്റർമാർക്ക് അവരുടെ കോച്ചുകൾ, വാഗണുകൾ, എൻജിൻ മുതലായവയുടെ അറ്റകുറ്റപ്പണികൾക്കായി യാർഡുകളും ഷെഡുകളും വർക്ക്ഷോപ്പുകളും പോലുള്ള നിലവിലുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉപയോഗിക്കാൻ അനുവാദമുണ്ടാകും. ടാറ്റ അവരുടെ ചരക്കു വണ്ടികൾ ട്രാക്കിലിറക്കിക്കഴിഞ്ഞു.

റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യ കോർപ്പറേറ്റ്കൾക്ക് കൈമാറാനുള്ള നടപടി തുടങ്ങി. ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താനായി എ 1, എ വിഭാഗത്തിലുള്ള 400 സ്റ്റേഷനുകൾ കോർപ്പറേറ്റുകൾക്ക് കൈമാറാൻ തീരുമാനിച്ചു കഴിഞ്ഞു. ന്യൂ ഡൽഹി, മുംബായി, ഹൗറ, ചെന്നൈ, ബെംഗളൂരു, സെക്കന്ദ്രാബാദ്, വിജയവാഡ, കോഴിക്കോട് തുടങ്ങിയവ ഉൾപ്പെടെ 23 പ്രധാന സ്റ്റേഷനുകളുടെ പുനർവികസനത്തിനായി ടെൻഡറുകൾ ക്ഷണിച്ചു. പിപിപി മാതൃകയിൽ വികസിപ്പിക്കാനായി ബൻസാൽസിനു കൈമാറിയ രാജ്യത്തെ ആദ്യ സ്റ്റേഷനായി ബോപ്പാലിലെ ഹബീബ്ഗഞ്ച് സ്റ്റേഷൻ മാറിയിരിക്കുന്നു.

സ്റ്റേഷൻ മാനേജ് ചെയ്യുന്ന കോൺട്രാക്ടർമാരെ സ്റ്റേഷൻ ഫെസലിറ്റേഷൻ മാനേജർ (എസ് എഫ് എം) എന്ന് വിളിക്കുന്നു. ലീസ് പ്രീമിയം തുകയും ലീസ് വാടകയും നൽകുന്നവർക്ക് കരാർ നൽകും. 45 വർഷത്തെക്കാണ് കരാർ. സ്റ്റേഷനിലെയും ചുറ്റുവട്ടത്തെയും വികസനത്തിനും സ്റ്റേഷനുകളിൽ വാണിജ്യവികാസത്തിനും ഇവർക്ക് ഉത്തരവാദിത്തമുണ്ടായിരിക്കും.

ട്രെയ്ൻ പ്രവർത്തനം, ടിക്കറ്റിങ്, ചരക്ക് ഗതാഗതം, ഓവർഹെഡ് ട്രാക്ഷൻ, സിഗ്നൽ, ടെലികമ്മ്യൂണിക്കേഷൻ, ട്രാക്ക് സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ റെയിൽവേ തന്നെ കൈയ്യാളും. എസ്എഫ്എം സ്വന്തം ജീവനക്കാരെ നിയമിക്കും. നിലവിൽ ഈ ജോലികൾ ചെയ്യുന്നവർ പുറത്താക്കപ്പെടും.

**ഇന്ത്യൻ റെയിൽവേയ്സ് എന്ന പൊതു സേവന സ്ഥാപനത്തിന്റെ മരണമണി**

കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ ആരംഭിച്ച ബിബേക്ക് ദേബ്റോയി കമ്മിറ്റി നിർദേശങ്ങൾ ഓരോന്നും സ്വകാര്യവത്ക്കരണത്തിലേക്കുള്ള ചുവടുവയ്പ്പാണ്. ഇന്ത്യൻ റെയിൽവേയെ അതിന്റെ തന്നെ സ്വകാര്യവത്ക്കരണത്തിനുതകുന്ന രീതിയിലുള്ള ഒരു കോർപ്പറേനാക്കി മാറ്റാനാണ് കമ്മിറ്റി നിർദേശം. അവയിൽ പ്രധാനപെട്ടവ :

1. *ഡെഡിക്കേറ്റഡ് ഫ്രെയ്റ്റ് കോറിഡോർ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ഡിഎഫ്സിസിഐഎൽ) നിർമ്മിച്ച പുതിയ ട്രാക്കുകളിൽ സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും സ്വകാര്യ ഓപ്പറേറ്ററുകൾക്ക് അനുമതി നൽകണം. ഡി എഫ്സിസിഐഎല്ലിൽ ട്രെയിൻ ഇറക്കുന്നവർ അവർക്ക് നേരിട്ട് പണം അടയ്ക്കണം. ഇന്ത്യൻ റെയിൽവേയ്സിന് നൽകേണ്ടതില്ല നിർദ്ദേശത്തിൽ പറയുന്നു.*

2. *ഇന്ത്യൻ റെയിൽവേയ്സ് ഫിനാൻസ് കോർപ്പറേഷനെ ഇന്ത്യൻ റെയിൽവേസിൽ നിന്നും വേർപ്പെടുത്തുക. എല്ലാ ലോക്കോമോട്ടീവുകളും കോച്ചുകളും വാഗണുകളും സ്വകാര്യ കമ്പനികൾക്ക് അവരുടെ ട്രെയിനുകൾ ഓടിക്കുന്നതിനായി വാടകയ്ക്ക് നൽകും.*

3. *ഇൻഡ്യൻ റെയിൽവേയിൽ നിന്ന് റെയിൽവേ ട്രാക്ക്, സ്റ്റേഷനുകൾ, വൈദ്യുത സംവിധാനങ്ങൾ,*

*സിഗ്നൽ സംവിധാനങ്ങൾ എന്നിവ വേർതിരിച്ചുകൊണ്ട് ഒരു ഇന്ത്യൻ റെയിൽവേ ഇൻഫ്രാസ്ട്രക്ചർ കോർപ്പറേഷൻ രൂപീകരിക്കുക. ഇത് ആവശ്യക്കാർക്ക് ട്രെയിനുകൾ ഓടിക്കാൻ പാത അനുവദിക്കും.*

4. *ഇൻറഗ്രൽ കോച്ച് ഫാക്ടറി (ചെന്നൈ), റെയിൽ കോച്ച് ഫാക്ടറി (കപൂർത്തല), ചിത്തരഞ്ജൻ ലോക്കോമോട്ടീവ് വർക്സ് (അസൻസോൾ, വെസ്റ്റ് ബംഗാൾ), ഡീസൽ ലോക്കോമോട്ടീവ് വർക്സ് (വാരാണസി), റെയിൽ വീൽ ഫാക്ടറി (ബംഗലൂരു) തുടങ്ങിയ നിർമ്മാണ യൂണിറ്റുകളെ യോജിപ്പിച്ച് ഒരു റെയിൽവേ മനുഫാക്ചറിങ് കമ്പനി ആരംഭിക്കുക.*

5. *റെയിൽവേ കോളനികൾ , ഉപയോഗിക്കാത്ത ഭൂമി, റെയിൽവേ കെട്ടിടങ്ങൾ എന്നിവ കൈവശം വെക്കാനും വികസിപ്പിക്കാനും ഏത് ആവശ്യക്കാർക്കും പാട്ടത്തിന് നൽകാനും ഇന്ത്യൻ റെയിൽവേ റിയൽ എസ്റ്റേറ്റ് ട്രസ്റ്റ് രൂപീകരിക്കുക.*

6. *എല്ലാ സബർബൻ സർവീസുകളും സംസ്ഥാന സർക്കാരുകൾക്ക് കൈമാറുക.*

7. *നഷ്ടത്തിലോടുന്ന എല്ലാ റൂട്ടുകളും സർവീസുകളും സംസ്ഥാന സർക്കാരുകളോ തദ്ദേശീയ സ്ഥാപനങ്ങളോ ഏറ്റെടുത്ത് ലാഭത്തിലാക്കാത്ത പക്ഷം നിർത്തലാക്കുക.*

8. *റെയിൽവേ ബോർഡിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കൊങ്കൺ റെയിൽവേ, ഐആർസിടിസി, ഐആർസിഒഎൻ (ഇന്ത്യൻ റെയിൽവേ നിർമ്മാണ കോർപ്പറേഷൻ), സിഒഎൻസിഒആർ (കണ്ടെയ്നർ കോർപ്പറേഷൻ ഓഫ് ഇന്ത്യ), ആർഐടിഇഎസ് (റെയിൽവേ ഇൻഫ്രാസ്ട്രക്ചർ ടെക്നിക്കൽ ആൻ്റ് ഇക്കണോമിക് സർവീസസ്), മുംബൈ റയിൽവികാസ് കോർപ്പറേഷൻ, റെയിൽ ലാൻഡ് ഡെവലപ്മെൻ്റ് അതോറിറ്റി തുടങ്ങിയവയെ സ്വകാര്യവൽക്കരിക്കാനുള്ള സൗകര്യത്തിന് സ്വതന്ത്രമാക്കുക. ഒടുവിലത്തെ റെയിൽ ബജറ്റിലൂടെ കൺസ്ട്രക്ഷൻ കോർപറേഷനെയും കണ്ടെയ്നർ കോർപ്പറേനെയും സ്റ്റോ ക് മാർക്കറ്റിൽ ലിസ്റ്റ് ചെയ്ത് വിൽപ്പനയ്ക്ക് വച്ചു കഴിഞ്ഞു.*

9. *റെയിൽവേ പ്രൊട്ടക്ഷൻ ഫോർസും റെയിൽവേ പോലീസും യാത്രക്കാർക്ക് ലഭ്യമാക്കുന്ന സുരക്ഷ പിൻവലിക്കുക*

10. *റെയിൽവേ ആശുപത്രികളെയും സ്കൂളുകളെയും സ്വകാര്യവത്ക്കരിക്കുക.*

**മറ്റ് രാജ്യങ്ങളുടെ അനുഭവം**

സേവനം സ്വകാര്യമേഖലയുടെ മുദ്രാവാക്യമല്ല. അവർ ധാർമികതയ്ക്കു വേണ്ടി നിക്ഷേപിക്കുകയില്ല. അവർ ലാഭം നേടാൻ നിക്ഷേപിക്കുകയും കൂടുതൽ ലാഭം ലഭ്യമാക്കുന്ന മേഖലകളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. വേണ്ടത്ര ലാഭം തരാത്ത കട മുതലാളി അടച്ചു പൂട്ടും. അപ്പോൾ പിരിച്ചു വിടുന്ന തൊഴിലാളികളും അവർക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകളും അയാൾക്കൊരു പ്രശ്നമല്ലായിരിക്കും. ലോകമെമ്പാടും വിവിധ മേഖലകളിൽ, റോഡ്, എയർവേകൾ, റെയിൽവേ തുടങ്ങിയവയിലെ സ്വകാര്യവത്ക്കരണ അനുഭവമിതു തന്നെയാണ്. റെയിൽ സ്വകാര്യവത്ക്കരിച്ച രാജ്യങ്ങളിലെ അവസ്ഥ പഠിക്കാൻ പോലും നമ്മുടെ സർക്കാർ തയ്യാറല്ല എന്നത് ഖേദകരമാണ്. ഇനി പഠിച്ച് മനസിലാക്കാൻ താൽപര്യമില്ലാഞ്ഞിട്ടോ കോർപ്പറേറ്റുകൾക്ക് ലാഭം നൽകാനുള്ള തിടുക്കം കാരണമോ?

ബ്രിട്ടനിലെ റെയിൽവേ 1996ൽ സ്വകാര്യവൽക്കരിക്കപ്പെട്ടു. തുടക്കത്തിൽ അത് റെയിൽ ട്രാക്കും റെസിഡൻ്റ് ബ്രിട്ടീഷ് റയിലിൻ്റെ ഓപ്പറേറ്റിങ്ങ് കമ്പനിയുമായി വിഭജിച്ചു. റെയിൽ ട്രാക്ക് 1996 ൽ വിറ്റു. ബ്രിട്ടീഷ് റെയിൽവേ 25 ട്രെയിൻ ഓപറേറ്റിങ്ങ് കമ്പനികളായി വിഭജിച്ചു. അവയിൽ മിക്കവയും സ്വകാര്യമേഖലയ്ക്ക് വിറ്റഴിക്കുകയോ അടച്ചു പൂട്ടുകയോ ചെയ്തു. റെയിൽവേ ട്രാക്കുകളുടെ സ്വകാര്യവൽക്കരണത്തിനുശേഷം ഉടൻതന്നെ പ്രശ്നങ്ങൾ ആരംഭിച്ചു. 1999ൽ, രണ്ട്

പ്രധാന തീവണ്ടി അപകടങ്ങളിൽ 38 പേർ കൊല്ലപ്പെടുകയും 600ലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2000 ൽ മറ്റൊരു അപകടത്തിൽ 4 പേർ കൂടി മരിച്ചത്തോടെ സമ്മർദത്തിലായ ബ്രിട്ടീഷ് സർക്കാർ 2003 ൽ നെറ്റ് വർക്ക് റെയിൽ എന്ന പൊതുമേഖലാ കമ്പനി രൂപികരിച്ചു. റെയിൽവേയെ സ്വകാര്യവത്കരിക്കുന്നതിലുള്ള ബ്രിട്ടീഷ് അനുഭവം പൊതുവെ പരാജയമെന്ന് അറിയപ്പെട്ടു. ഈയടുത്ത് കഴിഞ്ഞ ബ്രിട്ടീഷ് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ലേബർ പാർട്ടിയുടെ മാനിഫെസ്റ്റോയിൽ റെയിൽവെയുടെ പുനർദേശസാൽക്കരണം ഉൾപ്പെടുത്തിയതിന് അനുകൂലമായി വന്ന വൻപ്രതികരണത്തിൽ സ്വകാര്യവൽക്കരണത്തിനെതിരായ ജനങ്ങളുടെ അസംതൃപ്തി പ്രകടമായിരുന്നു.

ബ്രിട്ടനിലും ആസ്ട്രേലിയയിലുമുള്ള അപകടങ്ങൾ വിലയിരുത്താൻ രൂപീകരിച്ച കമ്മിറ്റികൾ വിവിധ കമ്പനികളുടെ അടിസ്ഥാനസൗകര്യങ്ങൾ, ട്രാക്ക്, ഓപ്പറേഷൻ എന്നിവയുടെ ഏകോപനത്തിലുണ്ടായ പിഴവ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സുരക്ഷ പണയം വച്ചാണ് ഓരോരുത്തരും തങ്ങളുടെ ലാഭം പരമാവധിയാക്കാൻ പരിശ്രമിച്ചത്. ബ്രിട്ടനിലെ സ്വകാര്യ കമ്പനികൾ നഷ്ടം നികത്താൻ യാത്രാക്കൂലി വർദ്ധിപ്പിച്ചു. യുകെയിലെ പരാജയം മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ കാത്തിരുന്നു കാണാം എന്ന തരം മനോഭാവമാണ് സൃഷ്ടിച്ചത് .

ന്യൂസിലാൻഡിൽ റെയിൽവേ നിയന്ത്രണരഹിതമാക്കൽ, വാണിജ്യവത്ക്കരണം, സ്വകാര്യവൽക്കരണം തുടങ്ങിയ പ്രക്രിയയിൽ ജീവനക്കാരുടെ എണ്ണം 21000 ൽ നിന്നും 1982ൽ 3757 ആയി കുറഞ്ഞു. എന്നാൽ 2004ൽ സർക്കാരിന് റെയിൽവേയുടെ ഉടമസ്ഥാവകാശം ഏറ്റെടുക്കേണ്ടി വന്നു.

അർജന്റീനയിൽ 1948 ൽ ബ്രിട്ടിഷ് ഗവൺമെന്റിൽ നിന്ന് ദേശസാൽക്കരിച്ച റെയിൽവേ 40 വർഷത്തിനുശേഷം 1989 ലാണ് സ്വകാര്യവത്കരിച്ചത്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി 35000 കിലോമീറ്റർ ട്രാക്ക് പ്രവർത്തിപ്പിക്കുകയും 92000 ആളുകൾക്ക് ജോലി നൽകുകയും ചെയ്തു. സ്വകാര്യവൽക്കരണത്തിനുശേഷം നെറ്റ് വർക്കിന്റെ ആകെ ദൈർഘ്യം നാലിലൊന്നായി വെട്ടിക്കുറച്ചു. ദീർഘദൂര ട്രെയിനുകൾ പൂർണ്ണമായും ഇല്ലാതായി.പല ലൈനുകണ്ടും അടച്ചു പൂട്ടുകയോ നിരസിക്കുകയോ ചെയ്തു. സ്വകാര്യ കമ്പനികൾ ശേഷി വർദ്ധിപ്പിക്കാൻ ആവശ്യമായ നിക്ഷേപം നടത്താൻ വിമുഖത കാട്ടി.സേവന നിലവാരവും യാത്രക്കാരുടെ എണ്ണവും കുത്തനെ കുറഞ്ഞു. 70000 ജോലികൾ നഷ്ടപ്പെട്ടു. 1993 ആകുമ്പോഴേക്കും 793 റെയിൽവേ സ്റ്റേഷനുകൾ അടച്ചുപൂട്ടി. ഇതുമൂലം റെയിൽവേയെ ആശ്രയിച്ചു കഴിഞ്ഞ ഗ്രാമ പ്രദേശങ്ങൾ പലതും ഒറ്റപ്പെട്ടു. കാർഷിക ഉത്പന്നങ്ങൾ റോഡ് മാർഗം കൊണ്ടു പോകാൻ റെയിൽവേയെക്കാൾ 70% അധിക ചിലവ് വരുന്നതിനാൽ കാർഷികരംഗത്തെയും സാരമായി ബാധിച്ചു. സ്വകാര്യ ഓപ്പറേറ്റർമാർ ഇൻസ്പെക്ടർമാരുടെ മുന്നറിയിപ്പുകൾ നിരന്തരം അവഗണിക്കുകയും റെയിൽവേ അടിസ്ഥാന സൗകര്യങ്ങൾ സംരക്ഷിക്കാനുള്ള കരാർ ബാധ്യത പാലിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്തു. റയിൽവേ കൈകാര്യം ചെയ്യുമ്പോൾ നഷ്ടം സംഭവിച്ച അതേ തലത്തിൽ സ്വകാര്യ കമ്പനികൾക്ക് സബ്സിഡി നൽകേണ്ടി വന്നു. സേവനവും അടിസ്ഥാനസൗകര്യവും മോശമാവുകയും ചെയ്തു.

ചില ലൈനുകളും റെയിൽവേ കമ്പനികളും ദേശസാൽക്കരിക്കാൻ അർജെന്റീനിയൻ സർക്കാർ നിർബന്ധിതരായി. 2015 ൽ റെയിൽവേ ലൈനുകളും സേവനങ്ങളും പൂർണ്ണമായി ദേശസാൽക്കരിക്കപ്പെട്ടു.. രാജ്യത്തെ റെയിൽവേ ഫലപ്രദമായി ദേശസാൽക്കരിച്ചു കൊണ്ട് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണയോടെ അർജന്റൈൻ സെനറ്റ് 2015ൽ നിയമം പാസാക്കി.

**ഇന്ത്യയിലെ പൊതു സ്വകാര്യ പങ്കാളിത്ത പരീക്ഷണങ്ങൾ**

നമ്മുടെ സ്വന്തം രാജ്യത്ത്, പിപിപി (പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്) മോഡൽ മുബൈ, ഹൈദ്രാബാദ്, ഡെൽഹിയിലെ എയർപോർട്ട് ലൈൻ എന്നിവയിൽ പരീക്ഷിക്കുകയും പരാജയം തെളിയിക്കുകയും ചെയ്തിട്ടുണ്ട്.

ഡെൽഹി മെട്രോ എയർപോർട് ലൈനിൽ റോളിംഗ് സ്റ്റോക്ക്, ഇലക്ട്രിഫിക്കേഷൻ, സിഗ്നലിംഗ് എന്നിവയിൽ റിലയൻസ് നിക്ഷേപം നടത്തി ലൈൻ പ്രവർത്തിപ്പിക്കാൻ തുടങ്ങി.

നഷ്ടം വരുത്തിവെക്കുന്നതായി കണ്ടപ്പോൾ റിലയൻസ് അത് ഉപേക്ഷിച്ചു. ഡിഎംആർസിക്ക് അത് വീണ്ടു ഏറ്റെടുത്ത് പ്രവർത്തിപ്പിക്കേണ്ടതായി വന്നു.

മുംബൈ മെട്രോ ലൈൻ 1, 11 കിലോമീറ്റർ എലിവേറ്റഡ് പാതയുടെ പണി പൂർത്തിയാക്കാൻ റിലയൻസ് ഇൻഫ്രാസ്ട്രക്ച്ചർ ഏഴ് വർഷമെടുത്തു. ഇവർ വളരെ ഉയർന്ന നിരക്ക് ഈടാക്കുകയും എന്നാൽ പ്രതിദിനം 50 ലക്ഷം രൂപയോളം നഷ്ടം വരുന്നെന്ന് അവകാശപ്പെടുകയും ചെയ്യുന്നു .

ഹൈദരാബാദിൽ ആസ്തി വികസനമെന്ന പേരിൽ എൽ ആൻഡ് ടിക്ക് 300 ഏക്കർ ഭൂമി നൽകി. പദ്ധതി ആരംഭിച്ച് എഴു വർഷമായിട്ടും ഒരു പുരോഗതിയുമുണ്ടായിട്ടില്ല. കാരണം പണി കഴിഞ്ഞാൽ അവർക്ക് ബാങ്ക് ലോൺ തിരിച്ചടവ് തുടങ്ങേണ്ടി വരും. എൽ ആൻഡ് ടി സർക്കാരിൽ നിന്ന് വരുമാന നഷ്ടത്തിന് നഷ്ടപരിഹാരം അവകാശപ്പെട്ടു കഴിഞ്ഞു.

മെട്രോമാൻ എന്നറിയപ്പെടുന്ന ഡെൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ മുൻ മാനേജിംഗ് ഡയറക്ടർ ഇ ശ്രീധരന്റെ അഭിപ്രായ പ്രകാരം: ലോകത്തൊരിടത്തും മെട്രോ റെയിൽ നിർമാണത്തിലും പരിപാലനത്തിലും പിപിപി മാതൃക പൂർണമായി വിജയിച്ചിട്ടില്ല. നിർമ്മാണത്തിൽ എല്ലാ പണവും നിക്ഷേപിച്ച്, സ്വകാര്യ കമ്പനിക്ക് വരുമാനം അനുഭവിക്കാനായി വിട്ടു കൊടുക്കുന്നത് വിഡ്ഢിത്തമാണെന്ന് അദ്ദേഹം പറയുന്നു.

മുംബൈക്ക് സബർബൻ റെയിൽ സർവ്വീസ് ഇല്ലാതെ രക്ഷപ്പെടാൻ സാധിക്കുമായിരുന്നോ ? ഗവൺമെന്റ് അതിൽ 100 ??ശതമാനം നിക്ഷേപം നടത്തിയിട്ടുണ്ട്. നഷ്ടം ഇവിടെയൊരു പ്രശ്നമല്ല. സർക്കാർ നിക്ഷേപിച്ചില്ലെങ്കിൽ മറ്റാര് നിക്ഷേപിക്കും? ഇ ശ്രീധരൻ പറയുന്നു, 'സർക്കാർ താങ്ങാനാവുന്ന പൊതു ഗതാഗതം ഉറപ്പാക്കണം, അതിനാൽ അതിൽ നിക്ഷേപം നടത്തണം. ആശ്രയിക്കാവുന്നതും വിശ്വാസയോഗ്യവുമായ പൊതുഗതാഗത സംവിധാനം ഒരു നഗരത്തെ അതിന്റെ സാമ്പത്തിക വളർച്ചയിൽ ക്കുകയും അതിനെ ജീവിക്കാൻ പറ്റുന്ന ഇടമായി മാറ്റുകയും ചെയ്യുന്നു.

**ഉപസംഹാരം**

പൊതുമേഖലയുടെയും പൊതു വിഭവങ്ങളുടെയും സേവനങ്ങളുടെയും വിശാലമായ സ്വകാര്യവൽക്കരണത്തിന്റെ ഭാഗം മാത്രമാണ് റെയിൽവേയുടെ സ്വകാര്യവൽക്കരണം. പൊതുസമ്പത്ത് സ്വകാര്യ കൈകളിലെത്തിക്കാൻ ശ്രമിക്കുന്ന നവലിബറൽ നയങ്ങളുടെ ഒരു അവിഭാജ്യഘടകമാണ് അത്. ലോകമെമ്പാടും ഈ നയങ്ങൾ ജനങ്ങൾ തിരഞ്ഞെടുത്ത സർക്കാരുകൾ നടപ്പിലാക്കുന്നുണ്ട്, പക്ഷേ സ്വദേശിയും വിദേശിയുമായ വൻകിട കോർപറേറ്റുകൾക്ക് വേണ്ടിയാണെന്ന് മാത്രം.

നമ്മുടെ രാജ്യത്ത്, മാറി മാറി വന്ന കേന്ദ്ര സർക്കാരുകൾ, കഴിഞ്ഞ 25 വർഷമായി കോൺഗ്രസ് അല്ലെങ്കിൽ ബിജെപിയുടെ നേതൃത്വത്തിൽ ഈ നയങ്ങൾ നടപ്പിലാക്കി വരുന്നു. റെയിൽവേ സ്വകാര്യവൽക്കരണം റെയിൽവേ ജീവനക്കാരെ മാത്രം ബാധിക്കുന്നതല്ല. അത് പ്രധാനമായും, പാവപ്പെട്ട ജനതയ്ക്ക് താങ്ങാവുന്ന ഗതാഗതത്തിനുള്ള അവകാശത്തെ ഇല്ലാതാക്കുന്നു. നമ്മുടെ രാജ്യത്തിന്റെയും ജനങ്ങളുടെയും സമ്പത്ത് സംരക്ഷിക്കുന്നതുമായി, അതു ബന്ധപ്പെട്ടിരിക്കുന്നു. പൊതുമേഖലയുടെ ഭാഗമായ റെയിൽവേ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പൊതുസ്വത്താണ് . കോർപ്പറേറ്റ് മുതലാളിമാരെ തൃപ്തിപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന, കോർപറേറ്റുകൾക്ക് വേണ്ടി ജനങ്ങളുടെ താല്പര്യങ്ങൾ വെടിയാൻ തയ്യാറായ ഒരു സർക്കാരിനെ ഇത് വിറ്റു തുലയ്ക്കാൻ അനുവദിച്ചുകൂടാ. സ്വകാര്യ കമ്പനികളിൽ നിന്ന് ഇന്ത്യൻ റെയിൽവേയെ

സംരക്ഷിക്കാൻ റെയിൽവേ ജീവനക്കാരും യാത്രക്കാരും വാസ്തവത്തിൽ എല്ലാ വിഭാഗം തൊഴിലാളികളും സാധാരണക്കാരും കൈകോർക്കേണ്ടതുണ്ട്.

ഇത്തരം ഗുരുതരമായതും ദേശ വിരുദ്ധവും വിനാശകരമായതുമായ ഗൂഢാലോചന അനുവദിക്കരുത്

റെയിൽവേയുടെ സ്വകാര്യവൽക്കരണത്തെ സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തമായി എതിർക്കുന്നു. 2017 ആഗസ്റ്റ് 8ന് നടന്ന സംയുക്ത ദേശീയ ട്രേഡ് യൂണിയൻ കൺവെൻഷനിൽ ഈ പ്രശ്നം വീണ്ടും ഉയർത്തിയിട്ടുണ്ട്. 2017 നവംബർ 9 മുതൽ 11 വരെ പാർലമെന്റിന് സമീപം നടന്ന തൊഴിലാളിവർഗത്തിന്റെ മഹാപാഡവ് ഉന്നയിച്ച പ്രധാന വിഷയങ്ങളിലൊന്നാണിത്.

ദേശീയ തലസ്ഥാനമായ ഡെൽഹിയെ സെപ്തംബർ 5 ന് പ്രതിഷേധത്താൽ ഉണർത്തുവാൻ തൊഴിലാളിവർഗത്തോട്: ലക്ഷക്കണക്കിന് വരുന്ന റെയിൽവേ തൊഴിലാളികൾ, സ്ഥിരം തൊഴിലാളികളും കരാർ തൊഴിലാളികളും, വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നവരും മറ്റ് എല്ലാ വിഭാഗം തൊഴിലാളികളോടും സിഐടിയു ആഹ്വാനം ചെയ്യുന്നു. രാജ്യത്തിന്റെ അഭിമാനമായ ഇന്ത്യൻ റെയിൽവേ സ്വകാര്യവത്കരിക്കാനും തകർക്കാനുമുള്ള നീക്കം അനുവദിക്കുകയില്ലെന്ന ശക്തമായി താക്കീത് ബിജെപി സർക്കാരിനെ അറിയിക്കേണ്ടതുണ്ട്. സ്വയം അപകടത്തിലായി കൊണ്ട് മാത്രമെ പദ്ധതിയുമായി മുന്നോട്ട് പോകാൻ കഴിയു നമുക്ക് അധികാരികളോട് വ്യക്തമാക്കാം. നാഷ്ണൽ ട്രേഡ് യൂണിയൻ കൺവൻഷൻ നിശ്ചയിച്ച പ്രകാരം നമ്മുടെ ശബ്ദം കേൾക്കാൻ സർക്കാർ തയ്യാറായില്ലെങ്കിൽ തൊഴിലാളി വർഗം ഒരു അനിശ്ചിതകാല ദേശീയ പണിമുടക്കുമായാകും മുന്നോട്ടു പോവുക.

ലഘുലേഖ-3
മസ്ദൂർ- കിസാൻ സംഘർഷ് റാലി
സിഐടിയു-അഖിലേന്ത്യ കിസാൻസഭ- അഖിലേന്ത്യ കർഷകതൊഴിലാളി യൂണിയൻ

# പ്രതിരോധമേഖലയുടെ സ്വകാര്യവൽക്കരണം പ്രതിരോധ നിർമാണ മേഖലയിൽ രാജ്യത്തിന്റെ ശക്തി ഇല്ലാതാക്കാനുള്ള ഗൂഢശ്രമം

തപൻ സെൻ

മേക്ക് ഇൻ ഇന്ത്യ പദ്ധതിയിലൂടെ ഇന്ത്യയുടെ പ്രതിരോധ മേഖലയെ സ്വയംപര്യാപ്തമാക്കാനുള്ളതെന്ന പേരിൽ കേന്ദ്രത്തിൽ ബിജെപി ഗവൺമെന്റ് നടപ്പാക്കുന്ന പ്രതിരോധ നിർവഹണ നയത്തിനു വൻ അംഗീകാരമാണ് ലഭിക്കുന്നത്. എന്നാൽ വസ്തുതകൾ മറിച്ചാണെന്ന് വിശദ വിവരങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നു. ഈ പ്രതിരോധ പരിപാടി നമ്മുടെ രാജ്യത്തെ വിപുലമായ പ്രതിരോധ മേഖലയിലെ ഉത്പാദന ശേഷിയെ തകർക്കാൻ പോകുകയാണ്. ഓർഡിനൻസ് ഫാക്ടറികൾ, ഡിഫൻസ് റിസേർച്ച് ആന്റ് ഡവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) എന്നീ പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ കഴിഞ്ഞ ആറ് പതിറ്റാണ്ടിനിടയിൽ നേടിയെടുത്തവയാണ് തകർക്കപ്പെടുന്നത്.

അധികാരത്തിൽ വന്ന ഉടനെ പ്രതിരോധ ഉൽപാദന മേഖലയിൽ 100% വിദേശനിക്ഷേപം അനുവദിക്കാൻ ബിജെപി സർക്കാർ തീരുമാനിച്ചു. ഈ നീക്കം ട്രേഡ് യൂണിയൻ പ്രസ്ഥാനം ശക്തമായി എതിർത്തു. രാജ്യസഭയിൽ ആദ്യമായി ഈ വിഷയം ഉയർത്തിയപ്പോൾ പാർലമെന്റിനെ വഴിതെറ്റിക്കാനാണ് അരുൺ ജെയ്റ്റ്ലി ശ്രമിച്ചത്. " രാജ്യം വിദേശ രാജ്യങ്ങളിൽ നിന്ന് പ്രതിരോധ ഉപകരണങ്ങൾ വാങ്ങുകയാണ്, വിദേശ രാജ്യങ്ങളുടെ പങ്കാളിത്തത്തോടെ നമ്മുടെ രാജ്യത്ത് ഉല്പന്നങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ രാജ്യത്തിന്റെ വിദേശനാണ്യ വിനിമയത്തിൽ ലാഭം ഉണ്ടാകും. അപ്പൊ പിന്നെ ഇതിൽ എന്താണ് തെറ്റ്'...അദ്ദേഹം വാദിച്ചു.

**ഓർഡിനൻസ് ഫാക്ടറികൾ, ഡിആർഡിഒ, സർവീസ് നെറ്റവർക് എന്നിവ ഇല്ലാതാക്കുന്നു**

വസ്തുതകൾ എന്താണ്? നമ്മുടെ ഓർഡിനൻസ് ഫാക്ടറികളിലും പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളിലും തദ്ദേശീയമായി നിർമിക്കുന്ന പ്രതിരോധ സാമഗ്രികളുടെ സ്വകാര്യവൽക്കരണവും പുറംകരാറുമാണ് സർക്കാർ ലക്ഷ്യം. ഈ ജോലി പുറംകരാർ നൽകുന്ന പല സ്വകാര്യ കമ്പനികളും വിദേശ കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നവയാണ്. നമ്മുടെ രാജ്യത്ത് ആവശ്യമുള്ളവ വിദേശ രാജ്യങ്ങളിൽ നിന്ന് വാങ്ങുകയല്ല; മറിച്ച് നമ്മുടെ സ്വന്തം രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നവ ഇനി വിദേശ കമ്പനികളുമായി സഹകരിച്ച് സ്വകാര്യ കമ്പനികൾ നിർമ്മിക്കും. ഇത് പൊതു മേഖലയിൽ നമ്മുടെ ആഭ്യന്തര പ്രതിരോധ ഉത്പാദന അടിത്തറ തകർക്കും. വിദേശ കമ്പനികൾ ഇന്ത്യൻ മണ്ണിൽ 100% വിദേശ ഉടമസ്ഥതയിലുള്ള ഉൽപാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനു പുറമേ, നമ്മുടെ ശാസ്ത്രജ്ഞരുടെയും എഞ്ചിനീയർമാരുടെയും ജീവനക്കാരുടെയും സമർപ്പണത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും പ്രതിരോധ ഫാക്ടറികൾ, ഡിആർഡിഒകൾ എന്നിവയിലൂടെ നേടിയെടുത്ത പ്രതിരോധ മേഖലയിലെ നമ്മുടെ ആഭ്യന്തര ഉൽപാദന ശേഷിയുടെ നാശമാണ് സർക്കാരിന്റെ ലക്ഷ്യം. പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ഇന്ത്യക്ക് ആവശ്യമായ 75 ശതമാനം പ്രതിരോധ ഉൽപ്പന്നങ്ങളും നിർമിക്കുന്നുണ്ടെന്നിരിക്കെയാണിത്. മുൻ പ്രതിരോധമന്ത്രി മനോഹർ പരീക്കർ ഇത് അംഗീകരിച്ചതാണ്. പ്രതിരോധ മന്ത്രാലയം പ്രസിദ്ധീകരിച്ച 'ഡിഫൻസ് പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റ് ഇൻ ദി പർസ്യൂട്ട് ഓഫ് സെൽഫ് റിലയൻസ്' എന്ന പുസ്തകത്തിൽ പരീക്കർ ഇങ്ങനെ പറയുന്നു;

”ഓർഡിനൻസ് ഫാക്ടറികളും ഡിപിഎസ്യുവും അവരുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക മാത്ര മല്ല, സായുധസേനക്കായി നിരവധി തന്ത്രപ്രധാന ഉല്പന്നങ്ങളും കൈമാറിയിട്ടുണ്ട് എന്നത് ശ്ര ദ്ധേയമാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ ഇന്ത്യൻ സേനയുടെ മൊത്തം ചെലവിന്റെ 75 ശ തമാനം ഇന്ത്യൻ നിർമാണ കമ്പനികളിലാണ് നിർവഹച്ചത്.”

ഓർഡിനൻസ് ഫാക്ടറികൾ വഴി ഇത്രയും കാലം വിജയകരമായി ഉല്പാദിപ്പിച്ച 50% ഇന ങ്ങളെ, പുറംകരാർ / സ്വകാര്യവൽക്കരണം വഴി നശിപ്പിക്കാനുള്ള നടപടിക്ക് കാരണമെന്താണ്? സ്വകാര്യമേഖലയ്ക്ക് പ്രതിരോധ മേഖലയിൽ അവസരം നൽകാനല്ലേ ഇത്? ഈ ദശകത്തിന്റെ ആദ്യവർഷങ്ങളിൽ തന്നെ പരീക്ഷണാടിസ്ഥാനത്തിൽ സ്വകാര്യമേഖലയിൽ നിന്നും 23 ഇനം പ്ര തിരോധ സാമഗ്രികൾ വാങ്ങാൻ യുപിഎ സർക്കാർ തീരുമാനിച്ചു. ഇതിന് പ്രതിരോധ ജീവനക്കാ രുടെ സംഘടനകളുടെ എതിർപ്പ് ശക്തമായിരുന്നു. എന്നാൽ സ്വകാര്യമേഖലയിലെ കച്ചവടക്കാർ സമയം കൃത്യമായി പാലിക്കാതിരിക്കുകയും ഗുണനിലവാരം ഉറപ്പാക്കാതിരിക്കുകയും ചെയ്തതു മൂലം പരീക്ഷണം പരാജയപ്പെട്ടു. നമ്മുടെ സായുധ സേനയുടെ അടിയന്തിര ആവശ്യങ്ങൾ നിറ വേറ്റാൻ ഓർഡിനൻസ് ഫാക്ടറികളിലേക്ക് മടങ്ങിയെത്തേണ്ടി വന്നു. സി എ ജിയുടെ 2016ലെ 36ആം നമ്പർ റിപ്പോർട്ട് ഇങ്ങനെ പറയുന്നു; സി എ എഫ് വി ഡിയും കമാൻഡ്മെന്റും സ്വകാര്യ കച്ചവട ക്കാർക് നൽകിയ ഓർഡറുകളിൽ 2011 സെപ്റ്റംബർ മുതൽ 2012 ഫെബ്രുവരി വരെയുള്ള എല്ലാ ഓർഡറുകളും സമയത്തിന് ഉൽപ്പന്നം ലഭിക്കാത്തതിനാൽ റദ്ദാക്കി. തുടർന്ന് ഈ 23 ഇനങ്ങൾ ഓർഡിനൻസ് ഫാക്ടറികളിൽ നിന്ന് 2012 മാർച്ചിൽ വാങ്ങേണ്ടി വന്നു.

സിഎജി ഇത്തരത്തിലുള്ള സൂക്ഷ്മ നിരീക്ഷണം 2016ൽ തന്നെ നടത്തിയപ്പോൾ ദേശീയ താല്പര്യങ്ങളുടെ ഏക സംരക്ഷകരെന്ന് അവകാശപ്പെടുന്ന ബിജെപി സർക്കാർ വലിയ തോ തിൽ കോർപ്പറേറ്റ് കച്ചവടക്കാർക്ക് പ്രതിരോധ സാമഗ്രികൾ പുറംകരാർ നൽകുകയായിരുന്നു.

രാജ്യത്തിന്റെ ആഭ്യന്തര ഉൽപാദന അടിത്തറയെ നശിപ്പിച്ചുകൊണ്ട് ഈ വസ്തുക്കൾ ഇ റക്കുമതി ചെയ്യാനാണോ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നത്? ഇത് വിദേശ ആയുധ കമ്പനികൾക്ക് വിപണി നൽകാനുള്ള ബി ജെ പി സർക്കാരിന്റെ മാർഗമാണോ? രാജ്യത്തിന്റെ പ്രതിരോധ മേഖല യിൽ അത്തരം വിനാശകരമായ പരീക്ഷണങ്ങൾ ആവശ്യമാണോ? ഇത് ഇന്ത്യയെ നിർമിക്കൽ അ ല്ല, നശിപ്പിക്കൽ ആണ്. ഇന്ത്യയെ സ്വയംപര്യാപ്തമാക്കുക ആണോ അതോ ആശ്രിതൻ ആക്കുക യാണോ? ഇന്ത്യൻ കോർപ്പറേറ്റുകൾ ജൂനിയർ പങ്കാളികൾ ആയുള്ള വിദേശ കുത്തകകളുടെ താ ല്പര്യം ആണോ രാജ്യത്തിന്റെ താല്പര്യം ആണോ സർക്കാർ സംരക്ഷിക്കുന്നത്? ഇതാണോ ബി ജെ പിയുടെ ദേശസ്നേഹം? രാജ്യത്തിന് ഉത്തരം നൽകണം.

2017 ഏപ്രിൽ 27 ന് മൊത്തം 273 പ്രതിരോധ ഇനങ്ങളിൽ 143 എണ്ണം പുറംകരാർ നൽകാ നുള്ള ഉത്തരവിറങ്ങി. ഇവ മുൻപ് 41 ഓർഡിനൻസ് ഫാക്ടറികളാൽ നിർമ്മിക്കപെട്ടവയാണ്..

സൈനിക വാഹനങ്ങൾ, വെടിയുണ്ടകൾ, സ്ഫോടക വസ്തുക്കൾ, റൈഫിൾസ്, ടാങ്കു കൾ മുതലായ പ്രധാനപ്പെട്ട 'നോൺകോർ' സൈനിക ഉപകരണങ്ങൾ ഇതിൽ ഉൾപ്പെടുന്നു. റി പ്പോർട്ടുകൾ പ്രകാരം സ്വകാര്യ കമ്പനികൾക്ക് 222 ലൈസൻസുകൾ നൽകിയിട്ടുണ്ട്. ഈ തീരുമാ നത്തിന്റെ ഫലമായി 41 ഓർഡിനൻസ് ഫാക്ടറികളിൽ 25 എണ്ണവും ചുരുങ്ങിയത് 20000 ത്തോളം ജീവനക്കാരും അധിക ബാധ്യതയാകും.

വ്യക്തമായി പറഞ്ഞാൽ, ഇവയെല്ലാം നമ്മുടെ സായുധസേനയ്ക്ക് അനിവാര്യമാണ്.

വേണ്ടത്ര ആയുധങ്ങളോ സുരക്ഷാ സന്നാഹങ്ങളോ ഇല്ലാതെ നമ്മുടെ ജവാൻമാരെ ഹി മാലയം അടക്കമുള്ള രാജ്യത്തിന്റെ അതിർത്തികളിൽ പറഞ്ഞയക്കാൻ ആവുമോ. ഈ അത്യന്താ പേക്ഷിതമായ ഇനങ്ങളെയാണ് 'നോൺകോർ' എന്ന് ബി.ജെ.പി സർക്കാർ വിശേഷിപ്പിച്ചത്. ഇവ യുടെ ഉത്പാദനം സ്വകാര്യമേഖലയ്ക്ക് കൈമാറാനാണ് ഇങ്ങനെ ചെയ്യുന്നത്.

കാര്യം ഇവിടെ അവസാനിക്കുന്നില്ല. 143 ഇനങ്ങളുടെ ഔട്ട്സോഴ്സിംഗ് കൂടാതെ, 2017 മെയ് 30 ന് നിതി ആയോഗ്, ഡിഫൻസ് പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിയെ

ഓർഡിനൻസ് ഫാക്ടറി ചെയർമാന്റെ സാന്നിധ്യത്തിൽ നാല് ചെറുകിട ആയുധ ഫാക്ടറികൾ സ്വകാര്യവൽക്കരിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ ആവശ്യപ്പെട്ടു. ആർപിഐ, ഒഎഫ്റ്റി, എസ് എ എഫ്, ഒപിഎഫ്കെയുആർഡബ്ള്യുഎ എന്നീ ഓർഡിനൻസ് സ്ഥാപനങ്ങൾക്ക് കീഴിലുള്ളവയെ ആണ് സ്വകാര്യ പൊതു പങ്കാളിത്തത്തിൽ (പിപിപി) ആക്കാൻ തീരുമാനിച്ചത്. പിപിപി നടപ്പിലാക്കിയാൽ എന്തു സംഭവിക്കും? ഈ നാലു ചെറുകിട ആയുധ ഫാക്ടറികളിൽ പൊതു വ്യാവസായിക ഫാക്ടറികൾ സൃഷ്ടിച്ച പൊതു മേഖലാ നിക്ഷേപം ഒരു മൂലധന നിക്ഷേപം പോലും നടത്താതെ സ്വകാര്യമേഖലയിലെത്തും; ഭാഗികമായി അവർ പ്രവർത്തന മൂലധനം പങ്കിട്ടേക്കാം – ഈ സാധ്യത പോലും വിദൂരമാണ്.

ഇത് വെറും സാമ്പത്തിക പ്രശ്നമല്ല. ആയുധ ഉൽപ്പാദനം സ്വകാര്യവൽക്കരിക്കുന്നത് ഗുരുതരമായ സുരക്ഷാ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ഇത്പുറത്തുനിന്നുള്ള സുരക്ഷാ ഭീഷണി മാത്രമല്ല. ഭീകര പ്രവർത്തനങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുണ്ട്. ഭരണത്തിലിരിക്കുന്നവരുടെ പ്രോത്സാഹനം കൂടിയാകുമ്പോൾ ആയുധ ഉൽപ്പാദനം സ്വകാര്യവത്കരിക്കുന്നത് രാജ്യത്തിനകത്തു നിന്ന് നമ്മുടെ സുരക്ഷയ്ക്കുള്ള ഭീഷണിയാകുന്നു.

അടുത്തിടെ ലണ്ടൻ ആസ്ഥാനമായുള്ള റിസർച്ച് യൂണിറ്റായ കോൺഫ്ലിക്ട്സ് ആർമമെന്റൽ റിസർച്ച് ലിമിറ്റഡ് (CAR) 'ഇസ്ലാമിക് സ്റ്റേറ്റ് IEDs ൽ ഉപയോഗിക്കുന്ന ഘടകങ്ങളുടെ വിതരണം' എന്ന തലക്കെട്ടിൽ ഒരു റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഇത് ഓൾ ഇന്ത്യ ഡിഫെൻസ് എംപ്ലോയീസ് യൂണിയൻ അവരുടെ പ്രസിദ്ധീകരണത്തിൽ ഒരു വിവരമായി ഉൾപ്പെടുത്തി.

ഈ കമ്പനി ഐഎസ് തീവ്രവാദികൾക്ക് ആയുധങ്ങൾ ലഭിക്കുന്ന ഉറവിടങ്ങൾ പാട്ടി അന്വേഷണം നടത്തുകയാണ്. ഈ രേഖയിൽ, പ്രതിരോധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസുകൾ നൽകുന്ന നിരവധി ഇൻഡ്യൻ സ്വകാര്യ വ്യവസായികളുടെ പേരുകൾ പുറത്തു വന്നു. ഈ കമ്പനികൾ രാസവസ്തുക്കൾ, ഡിറ്റണേറ്റർ, കേബിളുകൾ, വയറുകൾ, മറ്റ് ഇലക്ട്രോണിക് ഘടകങ്ങൾ തുടങ്ങിയ നിർണായക പദാർത്ഥങ്ങൾ നിർമ്മിച്ചുവെന്നും ഈ ശക്തികൾ ഐ എസ് സൈന്യം ഉപയോഗിക്കുന്ന ഘടകങ്ങളുടെ വിതരണ ശൃംഖലയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇഅഞ പറയുന്നു. ഈ വിതരണ ശൃംഖലയിൽ ഉൾപ്പെട്ട കുറഞ്ഞത് ഏഴ് ഇന്ത്യൻ കമ്പനികൾ ഭീകരപ്രവർത്തകരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ചിലവർക്ക് വിദേശ കമ്പനികളുമായി ബന്ധവുമുണ്ട്.

പ്രതിരോധ ഉപകരണങ്ങളുടെ നിർമ്മാണത്തിന് ലൈസൻസ് ഉള്ള സ്വകാര്യ കമ്പനികൾക്ക് ഭീകരവാദ ശക്തികളുമായുള്ള ബന്ധം ഇവയ്ക്ക് അസ്വാഭാവികമല്ല. ലാഭം സ്വകാര്യ മേഖലയുടെ ലക്ഷ്യമാണ്. അത് എങ്ങനെ വരുന്നുവെന്നതിൽ കാര്യമില്ല. നമ്മുടെ പ്രതിരോധ മേഖലയെ സേവിക്കാൻ സ്വകാര്യ പങ്കാളിത്തം ഉണ്ടാക്കുന്നത് ആത്മഹത്യാപരമാണ്, നമ്മുടെ ദേശീയ താത്പര്യങ്ങൾക്ക് ഹാനികരമാണ്. സ്വകാര്യ കമ്പനികൾ നമ്മുടെ പ്രതിരോധ മേഖലയിലേക്ക് ഊർജ്ജസ്വലരായി കടന്നുവരുന്നു. ഇത് ഒരിക്കലും സേവനതല്പരത കൊണ്ടല്ല, മറിച്ച് പ്രതിരോധ സേനയിൽനിന്ന് ലാഭം നേടാനാണ്. ലാഭത്തിനോടുള്ള ആർത്തിക്ക് പരിധിയില്ല. കോർപ്പറേറ്റുകൾക്ക് ആയി കോർപ്പറേറ്റുകൾ അധികാരത്തിലെത്തിച്ച സർക്കാർ ദേശീയതയുടെ മുദ്രാവാക്യങ്ങൾ മുഴക്കി ജനങ്ങളെ വഞ്ചിച്ച് വിനാശകരമായ ദേശീയവിരുദ്ധ നടപടികൾ എടുക്കുന്നു.

ഓർഡിനൻസ് സ്ഥാപനങ്ങളിലൂടെ ഉത്പാദിപ്പിച്ചുകൊണ്ടിരുന്ന പ്രതിരോധ ഉപകരണങ്ങളുടെ പുറംകരാർ നൽകലും സ്വകാര്യവൽക്കരണവും ഉപകരണങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കും. കെട്ടിട നിർമാണം, പാലങ്ങൾ, റൺവേകൾ, ഹെലിപാഡുകൾ മുതലായവയുടെ നിർമ്മാണവും പരിപാലനവും ഉത്തരവാദിത്തമായുള്ള മിലിട്ടറി എഞ്ചിനീയറിങ് സർവീസസിനെ സ്വകാ

ര്യവൽക്കരണം ബാധിക്കും. ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്ന തന്ത്രം ഉപയോഗിച്ച് സൈനിക ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനുള്ള ജനറൽ ക്വാളിറ്റി അഷുറൻസ് ഡയറക്ടറേറ്റ് (ഡി.ജി.സി.ഒ), ക്വാളിറ്റി അഷ്വറൻസ് ഡയറക്ടറേറ്റ് ജനറൽ അപ്പലേറ്റ് ഓഫ് ഡി.ജി.എ.ജി.എ.എ) എന്നിവയെയും അപ്രധാനമാക്കുന്നു.

**ഷിപ്യാർഡുകളുടെ വിറ്റഴിക്കൽ**

പ്രതിരോധ മന്ത്രാലയം പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പറയുന്നു; ഇന്ത്യൻ നാവികസേനയിലെ എല്ലാ നാവിക കപ്പലുകളും അന്തർവാഹിനികളും നിർമിക്കുന്നത് ഇന്ത്യൻ ഷിപ്യാർഡുകളിൽ ആണ്. 2010-11 വരെയുള്ള സ്ഥിതി ഇതായിരുന്നു. എന്നാൽ അതിനുശേഷം പ്രതിരോധ മേഖലയിലെ കപ്പൽ നിർമാതാക്കളുമായി പുതിയൊരു നിർമാണ ഓർഡറുകളും നൽകിയിട്ടില്ല.

പ്രതിരോധ മന്ത്രാലയത്തിൻകീഴിലുള്ള കപ്പൽനിർമ്മാണ സൌകര്യങ്ങളോടെ നാല് ഷിപ്യാർഡുകളാണ് രാജ്യത്തുള്ളത്. ഗോപാൽ ഷിപ്പ്യാർഡ്സ് ലിമിറ്റഡ്, ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് ആൻഡ് എൻജിനീയേഴ്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ്സ് ലിമിറ്റഡ്, വിശാഖപട്ടണം, മാസഗോൺ ഡോക്ക് ഷിപ്പ് ബിൽഡേഴ്സ് ലിമിറ്റഡ് എന്നിവയാണത്. ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള വലിയ കപ്പൽ നിർമ്മാണ ശാലയും കപ്പൽനിർമ്മാണ യൂണിറ്റും കൊച്ചിയിൽ സ്ഥിതി ചെയ്യുന്നു. നാവിക കപ്പലുകളുടെയും അന്തർവാഹിനികളുടെയും നാവികസേനയുടെ നിയന്ത്രണത്തിലുള്ള കപ്പൽനിർമ്മാണമാണിത്. നാവിക സേനയ്ക്കുവേണ്ടി അറ്റകുറ്റപ്പണികൾ വിജയകരമായി നടത്തിവരുന്നു. കേന്ദ്രത്തിലെ സർക്കാരുകളിലൊന്നും ഈ കപ്പൽ നിർമ്മാണത്തെ പൊതുമേഖലയിൽ അപ്രസക്തമായി കണ്ടിട്ടില്ല. പരാതികൾ ഉയർന്നിട്ടില്ല.

സ്വാശ്രയത്വം ശക്തിപ്പെടുത്താൻ നടപടിയെടുത്താൽ ഗവൺമെന്റിന്റെ മുൻഗണന എന്തായിരിക്കണം? ഈ കപ്പൽശാലകൾ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ മൂലധനം നൽകി പുതുക്കിപ്പണിയുകയാണ് ചെയ്യേണ്ടത്. ആവശ്യമെങ്കിൽ, വിദേശത്തുനിന്ന് സാങ്കേതികസഹായം വാങ്ങണം.സംയുക്ത സംരംഭങ്ങളിലൂടെലോകത്ത് എവിടെയും സാങ്കേതികവിദ്യയുടെ കൈമാറ്റം നടക്കുന്നില്ല. ശാശ്വതമായി ആശ്രയിക്കുന്നതിനെക്കാൾ വളരെ കുറഞ്ഞ ചെലവ് മാത്രമേ സാങ്കേതികവിദ്യ വാങ്ങുന്നതിന് ആവുകയുമുള്ളൂ.

എന്നാൽ, ഭരിക്കുന്നവർക്ക് അടുപ്പമുള്ള സ്വകാര്യ കച്ചവടക്കാർ ഈ മേഖലയിൽ കടന്നുവരുന്നതോടെ രാജ്യസുരക്ഷയും സ്വാശ്രയത്വവും മാറി ഈസ് ഓഫ് ഡൂയിങ് ബിസിനസിന് പ്രാധാന്യം വരുന്നു. അതുകൊണ്ടാണ് നിതി ആയോഗ് ഗോവ ഷിപ്യാർഡ് ലിമിറ്റഡ്, ഗാർഡൻറീച് ഷിപ്പ്ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്, മാസഗോൺഡോക്ക് ഷിപ്പ് ബിൽഡർ ലിമിറ്റഡ് എന്നിവയുടെ വിറ്റഴിക്കലിനും കൊച്ചി ഷിപ്യാർഡിന്റെ 25 ശതമാനം ഓഹരി വിറ്റഴിക്കാനും മുതിരുന്നത്. ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ്സ് ലിമിറ്റഡ് ദക്ഷിണകൊറിയയിലെ ഹുണ്ടായി ഹെവി ഇൻഡസ്ട്രീസിന്റെ പങ്കാളിയാകാനും പോകുന്നു.

വർഷങ്ങളായി പ്രതിരോധസേനയിൽ നിന്നും മന്ത്രാലയത്തിൽ നിന്നും ഷിപ്യാർഡുകൾക്ക് ഓർഡറുകൾ ലഭിക്കുന്നില്ല. ഉദാഹരണത്തിന്, ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡിന് 2010 മുതൽ ഇതുവരെ 120 കോടിയുടെ ഓർഡറുകൾ മാത്രമാണ് ലഭിച്ചത്. ഇത് നാവിക സേനയുടെ മൊത്തം സംഭരണത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. റിലയൻസ്, ലാർസെൻ ആൻഡ് ടർബോ തുടങ്ങിയ കമ്പനികൾക്ക് പൊതുമേഖലാ ഷിപ്യാർഡുകളെ അപേക്ഷിച്ച് കൂടുതൽ ഓർഡറുകൾ നൽകുകയാണ്. നാവിക സേനയ്ക്കുവേണ്ടി വരുന്ന പത്തുവർഷത്തിനുള്ളിൽ 3 ലക്ഷം കോടി രൂപയുടെ സംവിധാനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. ഇതിൽ 198 യുദ്ധക്കപ്പലുകളും അന്തർവാഹിനികളും ഉൾപ്പെടുന്നു. എന്നാൽ സർക്കാർ വിദേശ-സ്വകാര്യ കച്ചവടക്കാർക്ക് രാജ്യത്തിന്റെ തദ്ദേശീയ ഉത്പാദന കഴിവുകൾ പണയം വെക്കുകയാണ്.

**പ്രതിരോധ പൊതുമേഖലാ ശൃംഖലക്കെതിരായ നയം**

ഇന്ത്യൻ കമ്പനികളുടെ തന്ത്രപരമായ പങ്കാളികളായി വിദേശ കമ്പനികളെ കൊണ്ടുവന്ന് പ്രതിരോധ ഉത്പാദനം നടത്തുന്നതാണ് സർക്കാരിന്റെ പ്രതിരോധ നിർവഹണ നയം. ഈ തന്ത്രപരമായ പങ്കാളി കമ്പനികൾ സ്വകാര്യ കോർപറേറ്റ് മേഖലയിൽ നിന്ന് ആയിരിക്കും. സർക്കാർ ഉടമസ്ഥതയിലുള്ള കപ്പൽനിർമ്മാണ ശാലകൾ ബിഡ്ഡിംഗ് പ്രക്രിയയിൽ പങ്കെടുക്കാൻ പോലും അനുവദിക്കില്ല. ആർടിഎൽ, എൽആൻഡ് ടി തുടങ്ങിയവയെയെല്ലാം ഈ മേഖലയിൽ സർക്കാർ പ്രോത്സാഹിപ്പിക്കുകയാണ്. പൊതുമേഖലാ കപ്പൽശാലകളെ പൂർണമായി പുറന്തള്ളാനുള്ള സാധ്യത യാഥാർഥ്യമായി മാറുന്നു.

വിദേശസഹകരണത്തോടെ യുദ്ധ വിമാനങ്ങളും ഹെലികോപ്ടറുകളും നിർമിക്കുന്ന സർക്കാർ നീക്കത്തിൽ ഈ നയം ഇതിനകം ദൃശ്യമാണ്. വിദേശ സഹകരണത്തോടെ ഇന്ത്യൻ മണ്ണിൽ സ്വകാര്യ കോർപ്പറേറ്റുകളെ തന്ത്രപ്രധാന പങ്കാളികൾ ആക്കാൻ പ്രതിരോധ ഉൽപാദനത്തെ നാലായി തിരിച്ചു. യുദ്ധവിമാനങ്ങൾ, ഹെലികോപ്റ്ററുകൾ, അന്തർവാഹിനികൾ, കവചിത വാഹനങ്ങൾ എന്നിവയാണ് അവ. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലുള്ള ആറ് തന്ത്രപരമായ പങ്കാളികളെ തെരഞ്ഞെടുക്കും. യഥാർത്ഥ ഉപകരണ നിർമാതാക്കളായ വിദേശ കമ്പനികളുമായി ഇവയെ ബന്ധിപ്പിക്കും. ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (എച്ച്എഎൽ) പോലെയുള്ള വ്യോമയാന മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ തന്നെ നിർവീര്യമാക്കിയിട്ടുണ്ട്. ജബൽപൂരിലെ പ്രതിരോധ വാഹന ഫാക്ടറിയെ അധിക ബാധ്യതയായി കണക്കാക്കി പ്രതിരോധ വാഹനങ്ങൾ സ്വകാര്യ കമ്പനികൾക്ക് നൽകുന്ന നോൺകോർ ഇനങ്ങൾ മാത്രമാണെന്ന് പ്രഖ്യാപിച്ചു. വരും ദിവസങ്ങളിൽ ഇതിനെതിരെ ശക്തമായ പ്രക്ഷോഭം ആരംഭിക്കാൻ ആയില്ലെങ്കിൽ അന്തർവാഹിനി നിർമാണത്തിലും പൊതുമേഖലയെ തഴഞ്ഞ് റിലയൻസിനും എൽ ആൻഡ് ടിക്കും അവസരങ്ങൾ ഒരുക്കി നൽകുന്നത് ഒരു യാഥാർഥ്യമാകും.

യുഎസ്എയിലെ ലോക്ഹീഡ് മാർട്ടിനുമായി സഹകരിച്ച് ഇന്ത്യയിൽ എ16 വിമാനങ്ങൾ നിർമ്മിക്കുന്നതിനായി ടാറ്റ മുന്നോട്ട് വന്നിരിക്കയാണ്. എ16 ഏറ്റവും പുതിയതും സാങ്കേതികമായി മുന്നിൽ നിൽക്കുന്നതുമെന്ന് ലോക്ഹീഡ് മാർട്ടിൻ അവകാശപ്പെടുമ്പോഴും യുഎസ് വ്യോമസേന തന്നെ ഇവ ഉപേക്ഷിച്ച് നൂതന എ25 യുദ്ധവിമാനത്തിലേക്ക് മാറുകയാണ്. അങ്ങനെ ഇന്ത്യ എ16ന് വേണ്ടി സംയുക്ത സംരംഭം ആരംഭിക്കുമ്പോൾ അമേരിക്കയിലെ ലോക്ഹീഡ് മാർട്ടിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയാണ്. ഇന്ത്യൻ മണ്ണിലെ സംയുക്ത സംരംഭം യുഎസ്എയിലെ ലോക്ഹീഡ് മാർട്ടിനു വേണ്ടി ഉപയോഗശേഷി ഉറപ്പുവരുത്തും. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായുള്ള പ്രധാനമന്ത്രിയുടെ സന്ദർശനത്തിന് തൊട്ടുമുമ്പ് ടാറ്റയും ലോക്ഹീഡും തമ്മിൽ നടത്തിയ ഈ കരാർ ഇന്ത്യൻ ഫാക്ടറികൾക്ക് സാങ്കേതികവിദ്യ കൈമാറ്റം ഉറപ്പാക്കുമെന്ന് യാതൊരു ഉറപ്പുമില്ല.

ഇതേ രീതിയാണ് റിലയൻസ് ഡിഫൻസ് ലിമിറ്റഡും പിന്തുടരുന്നത്. ഇസ്രായേലിലെ റാഫേൽ അഡ്വാൻസ്ഡ് സിസ്റ്റവുമായി വായുവേധ മിസൈലുകൾ വ്യോമ പ്രതിരോധ സംവിധാനങ്ങൾ എന്നിവയുടെ നിർമാണത്തിന് ഇവർ സംയുക്ത കരാറിൽ ഒപ്പുവച്ചിരിക്കുന്നു. പൊതുമേഖലാ സ്ഥാപനമായ എച്ച്എഎൽ (ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ്), ബി.ഡി.എൽ (ഭാരത് ഡൈനാമിക്സ് ലിമിറ്റഡ്) എന്നിവയുടെ ഇൻ-ഹൗസ് ഏവിയേഷൻ, മിസൈൽ നിർമ്മാണ വൈദഗ്ദ്ധ്യം എന്നിവ ടാറ്റയുടേതും റിലയൻസിന്റേതുമായി താരതമ്യം ചെയാനാവില്ല. എന്നിട്ടും സ്വകാര്യ സ്ഥാപനങ്ങളുടെ അപേക്ഷയിന്മേൽ അവർക്ക് അവസരങ്ങൾ നൽകാനായി ഇത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ നിർമാണത്തിൽ നിന്നും ഒഴിവാക്കുന്നു.

ഈ മേഖലയിൽ ഡിപിഎസ്യുവിന്റെ തകർച്ചയുടെ പശ്ചാത്തലത്തിൽ, റാഫേൽ യുദ്ധ വിമാനങ്ങൾ നിർമിക്കുന്നതിന് ഫ്രാൻസിന്റെ ഡസ്സോൾട്ട് ഏവിയേഷനും റിലയൻസ് എയറോസ്ട്രക്

ച്ചർ ലിമിറ്റഡും തമ്മിൽ ഒരു സംയുക്ത കരാറിൽ എത്തിക്കഴിഞ്ഞു. 60,000 കോടി രൂപ ഉപയോഗിച്ച് റഫേൽ ജെറ്റ് വാങ്ങാനുള്ള കരാറിൽ ഇന്ത്യയും ഫ്രാൻസും ഒപ്പുവച്ചു.

റഷ്യൻ കമ്പനിയുമായി ചേർന്ന് ഇന്ത്യക്കായി 200 ആർമി ഹെലികോപ്റ്ററുകൾ (KAMOV 226T) വാങ്ങാനുള്ള മെഗാ കരാർ റിലയൻസ് ഗ്രൂപ്പ് ഇപ്പോൾ സജീവമായി മുന്നോട്ട് കൊണ്ടുപോകുന്നു. സംയുക്ത സംരംഭം ഉണ്ടാകുന്നതിന് മുമ്പേ ഹെലികോപ്റ്ററുകൾ വാങ്ങുവാനുള്ള ഓർഡർ അന്തിമരൂപത്തിലെത്തി. തെരഞ്ഞെടുത്ത സ്വകാര്യ സംരംഭകർക്കായി ഡിപിഎസ്യു ഉന്മൂലനം ചെയ്യാനുള്ള സർക്കാർ പദ്ധതിയും ഇതിലൂടെ വെളിവാക്ന്നു. എച്ച്എഎല്ലിനെ ഫീൽഡിൽ നിന്ന് പുറത്താക്കി കഴിഞ്ഞു. അന്തർ വാഹിനികൾ, പ്രതിരോധ വാഹനങ്ങൾ എന്നിവയുടെ നിർമാണവും പൊതുമേഖലാ കപ്പൽനിർമാണ ശാലകളും വാഹന  ഫാക്ടറികളും ബിഡ്കേന്ദ്ര സർക്കാർ വഞ്ചന എല്ലാ അതിരുകളും ലംഘിച്ചിരിക്കുന്നു. ഇത് മോഡി മുന്നോട്ടുവെക്കുന്ന ദേശീയതയുടെ യഥാർത്ഥ ദേശവിരുദ്ധ മുഖമാണ്.

കൂടാതെ, വിദേശ നിർമ്മാതാക്കളുമായി സാങ്കേതിക കൈമാറ്റം ഇല്ലാതെ കരാറുകളിൽ ഒപ്പിടുന്നത് രാജ്യം വെറും യന്ത്ര ഭാഗങ്ങൾ ഉത്പാദിപ്പിക്കാൻ ഉള്ള ഇടം ആയി മാറാൻ കാരണമാകും. നമ്മുടെ യുദ്ധവിമാനങ്ങൾ കാലഹരണപ്പെട്ടവയാകും. ഇത് നമ്മുടെ രാജ്യ താല്പര്യങ്ങളെ ചവിട്ടിയരക്കലാണ്.

### ഡി പി എസ്യുകളുടെ ഓഹരി വിറ്റഴിക്കൽ

ഈ നടപടികൾക്കെല്ലാം പുറമെ പ്രതിരോധ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ മുഴുവൻ ഘട്ടം ഘട്ടമായി വിറ്റഴിക്കാനാണ് ശ്രമം. തദ്ദേശീയവും വിദേശിയുമായ സ്വകാര്യ കോർപ്പറേറ്റുകൾക്ക് പിഎസ്യു കളുടെ നിയന്ത്രണം ക്രമേണ നൽകുകയാണ് ലക്ഷ്യം.

അതിനു മുന്നോടിയായി മിക്ക പ്രതിരോധ പൊതുമേഖലാ സ്ഥാപനങ്ങളും അവയുടെ കരുതൽ ധനം പല രൂപത്തിൽ സർക്കാരിലേക്ക് എത്തിക്കേണ്ടി വരുന്നു. കപ്പൽ നിർമാണ ശാലകൾ അടക്കമുള്ള പിഎസ്യുകൾ കുറഞ്ഞത് 25 ശതമാനം ഓഹരി വിറ്റഴിക്കാൻ സർക്കാർ ഉത്തരവായിക്കഴിഞ്ഞു. സ്വകാര്യവൽക്കരണത്തിനായുള്ള ആദ്യ പടിയാണ് ഓഹരി വിറ്റഴിക്കൽ.

ഭരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിന്റെ (ബിഇഎംഎൽ) വിൽപ്പന ഉദ്ദേശവും ചിത്രം വ്യക്തമാക്കുന്നു. ബിഇഎംഎല്ലിന്റെ ഗണ്യമായ വിഹിതം മുൻ വിറ്റഴിച്ചു. ഇപ്പോൾ ഒരൊറ്റ എന്റിറ്റിക്ക് 26% ഓഹരികൾ വിൽപന ചെയ്താൽ, ബിഇഎംഎല്ലിന്റെ നിയന്ത്രണം തെരഞ്ഞെടുത്ത സ്വകാര്യ കമ്പനികളിലേക്ക് മാറും. ഇത് കുറ്റകൃത്യമല്ലാതെ മറ്റെന്താണ്?

ഇതിനകം തന്നെ ബിഇഎംഎല്ലിന്റെ 45.97% ഓഹരികൾ സ്വകാര്യ / സർക്കാരിതര സ്ഥാപനങ്ങൾ / ഏജൻസികൾ വ്യക്തികൾ എന്നിവക്ക് വിറ്റു. 26 ശതമാനം ഓഹരി ഒറ്റ എന്റിറ്റിക്ക് വിറ്റഴിക്കുന്നതിലൂടെ ഇവിടുത്തെ സർക്കാർ ഷെയർ 28.03 ശതമാകും. ഇത് ഒറ്റയാളിലേക്ക് ഇതിന്റെ നിയന്ത്രണം എത്താൻ മാത്രമേ സഹായിക്കൂ.

2017 ജൂലായ് 21 ന് ലോക്സഭയിൽ എം ബി രാജേഷ് എംപി ഉന്നയിച്ച ചോദ്യത്തിന് പ്രതിരോധമന്ത്രി നൽകിയ ഉത്തരം ഇങ്ങനെയാണ്;  4481.56 ഏക്കർ ഭൂമി, കെട്ടിടങ്ങൾ, പ്ലാൻറുകൾ, ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെ ബി ഇ എം എല്ലിന്റെ ആസ്തിമൂല്യം 518.44 കോടിയാണ്.

യാഥാർഥ മൂല്യം മറച്ചുവെക്കുകയാണ് മന്ത്രി ചെയ്തത്. കമ്പനിയുടെ വൻതോതിലുള്ള ആസ്തികളുടെ മൂല്യം പൊതുരേഖയിൽ ഉൾപ്പെടുത്താതിരിക്കാൻ വസ്തുതകൾ മറച്ചുവെക്കുകയായിരുന്നു. കമ്പനിയുടെ മാനേജ്മെന്റ് സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിനുള്ള സർക്കാരിന്റെ ഉദ്ദേശം ഇതിലൂടെ വെളിപ്പെടുന്നു.

BEML ന്റെ ആസ്തി വളരെ യാഥാസ്ഥിതികമായി കണക്കാക്കിയാലും, മൊത്തം മൂല്യം 50000 കോടിയിൽ കൂടുതലാകും. ബിഇഎംഎല്ലിന്റെ ബാംഗ്ലൂർ കോംപ്ലകസിന് 240 ഏക്കർ ഭൂമി യുണ്ട്. ഇതിന്റെ മാർക്കറ്റ് വില 18500 കോടിയിൽ അധികമാണ്. കോർപറേറ്റ് ഓഫീസ് 4 ഏക്കറിലാണ്. അതിന്റെ വില 400 കോടി. മൈസൂർ കോംപ്ലക്സിൽ 560 ഏക്കർ ഭൂമിയുണ്ട്. ഏകദേശം 4000 കോടി രൂപയ്ക്ക് മുകളിലാണ് ഇത്. കോളാർ കോംപ്ലക്സിൽ 1863 ഏക്കർ ഫ്രീ ഭൂമിയാണുള്ളത്, അതിന്റെ വിപണന മൂല്യം 4100 കോടിയാണ്. മുംബൈ, ചെന്നൈ എന്നിവിടങ്ങളിലെ പ്രാദേശിക ഓഫീസുകൾക്ക് 25 കോടിയുടെ വീതം ഭൂമിയുണ്ട്. 1000 കോടിയിലേറെ വിലമതിക്കുന്നു. 30,000 കോടിയിലധികം രൂപ വിലയുള്ള സ്വതന്ത്ര ഭൂവുടമകൾക്ക് മാത്രമേ 3 ലക്ഷം കോടിയുടെ ആസ്തി കണക്കാക്കിയിട്ടുള്ളൂ. അതുകൊണ്ടുതന്നെ, ഏറ്റവും ഭൗതികമായ കണക്കനുസരിച്ച് ബിഇഎംഎല്ലിന്റെ മൊത്തം വില 33,000 കോടി രൂപയ്ക്കു മുകളിലാണ്. കെട്ടിടങ്ങളും, അടിസ്ഥാനസൗകര്യങ്ങളും, യന്ത്രവല്ക്കരണവും, ഉപകരണങ്ങളും ഉൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം 10,000 കോടിയോളം വരും. കേരളത്തിലെ പാലക്കാട്, ബാംഗ്ലൂർ, മൈസൂർ, കോലാർ എന്നീ സ്ഥലങ്ങളിൽ വ്യാപിച്ചുകിടക്കുന്ന BEML ന്റെ പ്ലാൻഡുകളിലും ഓഫീസുകളിലും പല സംസ്ഥാനങ്ങളിലെ മേഖലാ ഓഫീസുകളും കണക്കാക്കിയാൽ ആഷ്ളങ്ഘ ആസ്തികൾ 50000 കോടിയിൽ കൂടുതൽ എത്തും.

അങ്ങനെ, ബിഇഎംഎല്ലിന്റെ മാനേജ്മെന്റും നിയന്ത്രണവും കൈമാറുക എന്നതാണ് സർക്കാരിന്റെ യഥാർഥ ഉദ്ദേശം. ബിഇഎംഎല്ലിന്റെ നിലവിലുള്ള വിലയിൽ, ഒരു ഓഹരിക്ക് 1732 രൂപ എന്ന കണക്കിൽ 26% ഓഹരികൾക്ക് (4,16,44,500 ഷെയറുകളിൽ 1,08,27,570 ഓഹരികൾ) സർക്കാറിന് 1875.32 കോടി രൂപ മാത്രം ലഭ്യമാകും.

ഇത് ഈസ് ഓഫ് ഡൂയിങ് ബിസിനെസ്സ് അല്ല, രാജ്യത്തെ കൊള്ളയടിക്കാൻ എളുപ്പമാക്കുന്നതാണ്.

ആരുടെ സ്വത്ത് കൊള്ളയടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്? വർഷങ്ങളായി നികുതിയൊ ടുക്കുന്ന പൊതുജനത്തിന്റെ സ്വത്താണ്. സർക്കാർ ഇത് കൊള്ളയടിക്കുന്നത് അനുവദിക്കാനാവില്ല.

**തദ്ദേശീയ ഉല്പാദനശേഷി നശിപ്പിക്കാനുള്ള ഗൂഢാലോചന**

ഈ പ്രതിരോധ ശേഖരണ ഇടപാടുകൾക്കും സ്വകാര്യ കോർപ്പറേറ്റ് നേതൃത്വത്തിലുള്ള സംയുക്ത സംരംഭങ്ങൾക്കും നമ്മുടെ സായുധ സേനയുടെ ആവശ്യകതകൾ നേടിത്തരാൻ കഴിഞ്ഞേക്കാം . എന്നാൽ നമ്മുടെ പ്രതിരോധ ഉത്പാദനശേഷി നശിപ്പിക്കുന്ന ഈ നയത്താൽ വിദേശ ആയുധ വ്യവസായങ്ങളെ ആശ്രയിക്കുന്നതിലേക്ക് രാജ്യം എത്തുന്നു. മേക്ക് ഇൻ ഇന്ത്യ എന്ന പേരിൽ ഇത്തരം വിനാശകരമായ നിരവധി കാര്യങ്ങൾ നടക്കുന്നുണ്ട്.

**ഒരുമിച്ചുനിന്ന് പ്രതിരോധിക്കാനായി യുദ്ധം ചെയ്യുക**

പ്രതിരോധ പൊതുമേഖലാ യൂണിറ്റുകളുടെയും ഓർഡിനൻസ് സ്ഥാപനങ്ങളുടെയും ട്രേഡ് യൂണിയനുകൾ ഇന്നത്തെ ബിജെപി സർക്കാരിന്റെ പ്രതിരോധ മേഖല സ്വകാര്യവൽക്കരണ നീക്കങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ട്. ബിഇഎംഎൽ തൊഴിലാളികൾ സമരം നടത്തി. സമാനമായ സമരം കൊച്ചി കപ്പൽശാലയിൽ നടന്നു. ബിഡിഎൽ, ബിഎൽഎൽ, എച്ച്എൽ, ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ്, ഗാർഡൻ റീച്ച് ഷിപ്പ്യാർഡ് തുടങ്ങിയവയിലെ മിക്കവാറും എല്ലാ വർക്കേഴ്സ് യൂണിയനുകളും ഓഹരി വിറ്റഴിക്കലിനെതിരെ സമരം ചെയ്തു. ഓർഡിനൻസ് ഫാക്ടറികളിലെയടക്കം തൊഴിലാളികളുടെ സംഘടനയായ ഓൾ ഇന്ത്യ ഡിഫൻസ് എംപ്ലോയീസ് ഫെഡറേഷൻ ഒരു മണിക്കൂറോളം പണിമുടക്കും തുടർന്ന് പാർലമെന്റിനു മുന്നിൽ 44 ദിവസത്തെ ധർണയും നടത്തി. വലിയ സമരത്തിനായി തയ്യാറെടുക്കുന്നു.

എന്നാൽ രാജ്യത്തിന്റെ പ്രതിരോധ മേഖലയിലെ കടന്നാക്രമണത്തെ ഈ മേഖലയിലെ തൊഴിലാളികളെക്കൊണ്ട് മാത്രം നേരിടാൻ കഴിയില്ല. ട്രേഡ് യൂണിയൻ പ്രസ്ഥാനം പൂർണമായും ഇത് ഏറ്റെടുക്കണം. ഗൂഢാലോചനയെ തുറന്നുകാട്ടുകയും ചെറുത്തുനിൽക്കുകയും വേണം.

പത്തു ദശാബ്ദക്കാലമായി നേടിയെടുത്ത രാജ്യത്തിന്റെ പ്രതിരോധ നിർമാണ സംവിധാനങ്ങൾ നശിപ്പിക്കാനുള്ള ഗൂഢാലോചന പുറത്തുകൊണ്ടുവരണം. മേക്ക് ഇൻ ഇന്ത്യ, പ്രതിരോധ മേഖലയെ സ്വയംപര്യാപ്തമാക്കൽ എന്നീ മുദ്രാവാക്യങ്ങൾ കൊണ്ട് ചതിക്കാനുള്ള ശ്രമങ്ങളെ വസ്തുതകൾ തുറന്നുകാട്ടി ചെറുത്തുനിൽക്കണം. വിദേശ ഉല്പന്നങ്ങൾക്കുള്ള കൂട്ടിയോജിപ്പിക്കൽ കേന്ദ്രമായി നമ്മുടെ രാജ്യത്തെ മാറ്റാനുള്ള ശ്രമങ്ങളെ തിരിച്ചറിയണം. ഇത് രാജ്യത്തെയും ജനങ്ങളെയും രക്ഷിക്കാനുള്ള പോരാട്ടമാണ്. പ്രതിരോധമേഖലയുടെ സ്വകാര്യവൽക്കരണ, വിദേശവൽക്കരണ നീക്കത്തിനെതിരെയുള്ള പോരാട്ടമാണിത്.

ലഘുലേഖ-4
മസ്ദൂർ- കിസാൻ സംഘർഷ് റാലി
സിഐടിയു-അഖിലേന്ത്യ കിസാൻസഭ- അഖിലേന്ത്യ കർഷകതൊഴിലാളി യൂണിയൻ

# അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യക്ഷേമം

## ഡോ. കെ. ഹേമലത

നാലു വർഷത്തിനുമുമ്പ് അധികാരത്തിൽ വന്ന ബി ജെ പി നേതൃത്വത്തിലുള്ള മോഡി സർക്കാർ , കേന്ദ്രത്തിലെ തുടർച്ചയായ സർക്കാരുകൾക്ക് കഴിയാത്ത ഒന്ന് ചെയ്തു- നമ്മുടെ രാജ്യത്തെ തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട അവകാശങ്ങളെ ഇല്ലാതാക്കൽ. ഇത്തരം ശ്രമങ്ങൾ പുതിയതല്ല. തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്താനും തൊഴിലാളികൾ പതിറ്റാണ്ടുകളായി കഠിനാദ്ധ്വാനത്തിലൂടെ നേടിയെടുത്ത അവകാശങ്ങളെ ഇല്ലാതാക്കാനും നവലിബറൽ ഭരണം ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. എന്നിരുന്നാലും, തൊഴിലാളി വർഗത്തിൽനിന്നുള്ള ശക്തമായ ചെറുത്തുനിൽപ്പ് കാരണം അത്തരം ശ്രമങ്ങൾ വിജയിച്ചില്ല. ആഭ്യന്തര, വിദേശ കോർപ്പറേറ്റുകളുടെ പിന്തുണയുമായി അധികാരത്തിലെത്തിയ ബി ജെ പി സർക്കാർ ഈ ലക്ഷ്യത്തിലെത്താൻ കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ ഉറച്ച നിലപാടുകൾകൊണ്ട് തൊഴിലാളിവർഗം നേരിടേണ്ടതുണ്ട്.

സർക്കാരിന്റേത് ദ്വിമുഖ സമീപനമാണ്. ഒരു വശത്ത് തൊഴിൽനിയമ ഭേദഗതിയുമായി മുന്നോട്ട് പോകുന്നു. കടലാസിലെങ്കിലും നിയമപരമായ സംരക്ഷണം ലഭിക്കുന്ന സംഘടിത മേഖലയിലെ തൊഴിലാളികളെ കൊള്ളയടിക്കാനാണ് ഉദ്ദേശം. അവരുടെ സംഘടിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്യുന്നു. തൊഴിലിടങ്ങളിൽ നിലവിൽ നടക്കുന്ന അവകാശലംഘനങ്ങളെ നിയമപരമാക്കാനാണ് ശ്രമം. ഇത് തൊഴിലുടമകൾക്ക് സ്വതന്ത്രമായി നിയമനം നടത്താനും പിരിച്ചുവിടാനും ചൂഷണം ചെയ്യാനും യൂണിയനുകളില്ലാത്ത തൊഴിലിടങ്ങൾ സൃഷ്ടിക്കാനും ഇടയാക്കുന്നു.

മറുവശത്ത്, രാജ്യത്തെ മൊത്തം തൊഴിൽശക്തിയുടെ 93 ശതമാനത്തിലധികം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നേട്ടമുണ്ടാക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചതായി മാധ്യമപ്രചാരണം നടത്തുന്നു. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ഭൂരിഭാഗം തൊഴിലാളികൾക്ക് ഗുണം ഉണ്ടാകുമ്പോൾ ന്യൂനപക്ഷമായ സംഘടിത തൊഴിലാളികൾ കുറച്ചു ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതിനു എന്താണ് കുഴപ്പം?, മാറ്റങ്ങൾ നിക്ഷേപം വർധിപ്പിക്കാനും തൊഴിലവസരം വർധിപ്പിക്കാനും ഈസ് ഓഫ് ഡൂയിങ് ബിസിനെസ്സിൽ ഇന്ത്യയെ മുന്നിൽ എത്തിക്കാനും ആണ് - തുടങ്ങിയ പ്രചാരണങ്ങളും നടക്കുന്നു.

**പദ്ധതികൾ- അവകാശവാദങ്ങളും സത്യവും**

വസ്തുതകൾ എന്താണ്? സിഐടിയു മറ്റൊരു ലഘുലേഖയിൽ ലേബർ നിയമ പരിഷ്കാരങ്ങളും തൊഴിലാളികളുടെമേൽ അവയുടെ സ്വാധീനവും വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പത്തിന ചാർട്ടറിൽ പ്രധാനപ്പെട്ടതാണ് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയും സാമൂഹ്യ സുരക്ഷാ ഫണ്ടിനായുള്ള ഭരണഘടനയും. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷാ നിയമം

2008ൽ നിലവിൽ വന്നതാണ്. ഇവർക്കായുള്ള സാമൂഹ്യ സുരക്ഷാബോർഡ് ദേശീയതലത്തിൽ രൂപീകരിക്കപ്പെട്ടു. രാജ്യത്തെ എല്ലാ അസംഘടിത തൊഴിലാളികൾക്കും വാർദ്ധക്യകാല, ആരോഗ്യ, പ്രസവസംബന്ധമായ, സാമൂഹ്യ ആനുകൂല്യങ്ങൾ നൽകുകയാണ് ബോർഡിന്റെ ല

ക്ഷ്യം. എന്നാൽ ഇതുവരെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി പോലും രൂപീകരിക്കപ്പെട്ടിട്ടില്ല. അസംഘടിത തൊഴിലാളികൾക്ക് നിലവിലുള്ള സാമൂഹ്യ ക്ഷേമ ആനുകൂല്യങ്ങൾ മാത്രമാണ് ലഭിക്കുന്നത്. ഈ പദ്ധതികളിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അസംഘടിത തൊഴിലാളികളിൽ 90 ശതമാനത്തിലധികവും പദ്ധതിപരിധിയിൽനിന്ന് അകന്നുപോകുന്നത് നിരാശാജനകമാണ്.

അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ നിയമപ്രകാരം ഓരോ തൊഴിലാളിക്കും ജില്ലാ ഭരണകൂടം ഒരു തിരിച്ചറിയൽ നമ്പറുള്ള സ്മാർട്ട് കാർഡ് നൽകണം. മുൻ യുപിഎ ഭരണകാലത്തും മോഡി സർക്കാർ വന്നതിനുശേഷവും നിയമം പ്രാബല്യത്തിലായി വർഷങ്ങളായിട്ടും ഒരു സ്മാർട്ട് കാർഡും നൽകിയിട്ടില്ല. സർക്കാർ ഇപ്പോഴും കാർഡുകൾ നൽകുന്നതിനുള്ള ഭരണപരമായ തയ്യാറെടുപ്പുകൾ നടത്തുകയാണ്. ദേശീയ സാമൂഹ്യ സുരക്ഷാ ഫണ്ടിനായി ട്രേഡ് യൂണിയനുകൾ നിരന്തരം ആവശ്യം ഉന്നയിച്ചിരുന്നു. 2010 – 2011 ബജറ്റിൽ യുപിഎ സർക്കാർ 1000 കോടി രൂപ ഇതിനായി അനുവദിച്ചു. എന്നാൽ അന്നുമുതൽ ഇന്നുവരെ ഒരു പൈസ പോലും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി വിനിയോഗിച്ചിട്ടില്ല.

**ആർഎസ്ബിവൈ- സത്യമെന്ത് ?**

2008 ഏപ്രിൽ ഒന്നിന് പ്രവർത്തനമാരംഭിച്ച രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയുടെ (ആർഎസ്ബിവൈ) കീഴിൽ 3.63 കോടി സജീവ സ്മാർട്ട് കാർഡുടമകൾ ഉണ്ടെന്ന് സർക്കാർ അവകാശപ്പെടുന്നു. ആർഎസ്ബിവൈ ആദ്യം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ മാത്രമാണ് ഉൾപ്പെടുത്തിയത്. പിന്നീട് ശുചീകരണ തൊഴിലാളികൾ, മൈനിംഗ് തൊഴിലാളികൾ, റിക്ഷാ വലിക്കുന്നവർ, കെട്ടിട നിർമാണ തൊഴിലാളികൾ, ലൈസൻസുള്ള റെയിൽവേ പോർട്ടർമാർ, വഴിയോര കച്ചവടക്കാർ, ഓട്ടോ / ടാക്സി ഡ്രൈവർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെ കൂടി ഉൾപ്പെടുത്തി. 43 കോടിയോളം അസംഘടിത തൊഴിലാളികളെ വെച്ച് നോക്കുമ്പോൾ ആർഎസ്ബിവൈക്ക് കീഴിൽ ഇതിന്റെ ഒൻപത് ശതമാനം പോലും വരുന്നില്ല.

കൂടാതെ, അസംഘടിത തൊഴിലാളികളുടെ എല്ലാ വിഭാഗങ്ങളെയും ആർഎസ്ബിവൈയിൽ ഉൾപ്പെടുത്തിയിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അസംഘടിത തൊഴിലാളികളിൽ ബിപിഎൽ എപിഎൽ വ്യത്യാസമില്ലാതെ വളരെ കുറച്ച് ആളുകളെ മാത്രമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അംഗനവാടി ജീവനക്കാർ, ആശകൾ, ഉച്ചഭക്ഷണ തൊഴിലാളികൾ, നാഷണൽ ശിശു തൊഴിലാളി പ്രൊജക്ട് സ്റ്റാഫ് തുടങ്ങിയവരെപ്പോലെ സർക്കാരിന്റെ വിവിധ പദ്ധതികളിൽ ജോലി ചെയ്യുന്നവരെ ആർഎസ്ബിവൈയിൽ ഉൾപ്പെടുത്തണമെന്ന് ബോർഡ് ശുപാർശ ചെയ്തിട്ടും ഗുണം ഉണ്ടായില്ല.

അസംഘടിത തൊഴിലാളികളുടെ 9% മാത്രം പദ്ധതിയിൽ ഉൾപ്പെടുത്താൻ 10 വർഷത്തിലേറെ സമയമെടുക്കുകയാണെങ്കിൽ 43 കോടിയോളം പേരെ ഇതിൽ ഉൾപ്പെടുത്താൻ എത്ര സമയമെടുക്കും?

പല കുറവുകളും ഉണ്ടായിരുന്നിട്ടും ആർഎസ്ബിവൈ പാവപ്പെട്ടവർക്ക് കുറച്ചു സഹായം നൽകി. ആർഎസ്ബിവൈയുടെ പ്രീമിയം പൂർണ്ണമായും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നൽകും. എൻറോൾമെന്റിന്റെയും പുതുക്കലിന്റെയും സമയത്ത് അടക്കുന്ന 30 രൂപ അല്ലാതെ വേറൊന്നും ഗുണഭോക്താക്കൾ നൽകേണ്ടതില്ല. മാറ്റങ്ങൾ വരുത്താനെന്ന പേരിൽ ഇപ്പോൾ എൻറോൾമെൻറ് നിർത്തിവെച്ചിരിക്കയാണ്. തൊഴിൽ മന്ത്രാലയത്തിൽ ഇതുമായി ബന്ധപ്പെട്ട് ഹെല്പ് ഡെസ്ക് തുറക്കാനും ആർഎസ്ബിവൈയുടെ കുഴപ്പങ്ങൾ നികത്താനും ഒരുക്കങ്ങൾ നടക്കുന്നുവെന്നാണ് മന്ത്രാലയത്തിന്റെ റിപ്പോർട്ടുകൾ. 2015 ഏപ്രിലിൽ ആർഎസ്ബിവൈയുടെ നടപ്പാക്കൽ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കൈമാറിയിരുന്നു.

ആർഎസ്ബിവൈ, ആം ആദ്മി ബീമാ യോജന (എഇബിഐ), ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം (ഐജിഎൻഒഎപിഎസ്) എന്നീ പദ്ധതികളെ ആർഎസ്ബിവൈയുടെ ഒറ്റ പ്ലാറ്റ്ഫോമിൽ ഒറ്റ സ്മാർട്ട് കാർഡിന് കീഴിൽ ആക്കാനുള്ള നിർദേശത്തിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിരുന്നു. ജൻ ധൻ അക്കൗണ്ട് നമ്പറും ആധാർ കാർഡ് നമ്പറുമായി സ്മാർട്ട് കാർഡ് ബന്ധിപ്പിക്കും. എഎബിഐക്ക് സമാനമായ ആനുകൂല്യങ്ങളുള്ള പുതിയ പദ്ധതികൾ അവതരിപ്പിക്കുന്നതോടെ എഎബിഐയുടെ കാര്യം അനിശ്ചിതത്വത്തിലാകും.

**പുതിയ സ്കീമുകൾ; ശരിക്കും പുതിയത് തന്നെയോ?**

2015 മെയ് 9ന് രാജ്യത്തെ 115 വിവിധ സ്ഥലങ്ങളിൽ നിന്ന് മൂന്ന് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ബിജെപി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജന (PMJJBY), പ്രധാൻ മന്ത്രി സുരക്ഷാ ഭീമ യോജന (പിഎംഎസ്ബിവൈ) എന്നിവ ഇൻഷുറൻസ് പദ്ധതികളാണ്. മൂന്നാമത്തെ അടൽ പെൻഷൻ യോജന (എപിവൈ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള പെൻഷൻ പദ്ധതിയാണ്. പ്രധാനമന്ത്രിയുടെയും മുൻപ്രധാനമന്ത്രിയുടെയും ടാഗുകൾ ഉണ്ടായിരുന്നിട്ടും ഈ സ്കീമുകൾ തികച്ചും ഓഹരി നൽകുന്നവയാണ്. സർക്കാർ സാമ്പത്തിക സഹായം ഒന്നും നൽകുന്നില്ല.

എല്ലാ സ്കീമുകളും സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ജൻ ധൻ യോജനയിൽ 2018 ജൂണിലെ കണക്കുപ്രകാരം മൊത്തം 31.76 കോടി ബാങ്ക് അക്കൗണ്ടുകളുണ്ട്. എന്നാൽ, ജൻധൻ ബാങ്ക് അക്കൌണ്ട് ഉള്ള എല്ലാവർക്കും ഈ പദ്ധതിക്ക് അർഹതയില്ല. ഗ്രാമീണ മേഖലയിൽ ഇപ്പോൾ 500 രൂപയും പട്ടണങ്ങളിൽ 1000 രൂപയുമാണ് ഈ സ്കീമുകൾ പ്രയോജനപ്പെടുത്തുന്നതിന് സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ കുറഞ്ഞ ബാലൻസ് ഉണ്ടായിരിക്കേണ്ടത്. റിപ്പോർട്ട് പ്രകാരം 84.34 മില്യൺ (8 കോടി 43 ലക്ഷം, 40,000) അല്ലെങ്കിൽ 66%ൽ കൂടുതൽ ജൻധൻ യോജന അക്കൗണ്ടിൽ ബാലൻസ് പൂജ്യമാണ്. ഈ പദ്ധതികളിൽ ചേരുന്നതിൽനിന്നും അവ ഒഴിവാക്കപ്പെടുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്. പതിവായി ജോലി ലഭിക്കുമെന്ന് ഉറപ്പില്ലാത്ത, ഒരു മാസം 2000 രൂപയോ, 3000 രൂപയോ മാത്രം ലഭിക്കുന്ന അസംഘടിത തൊഴിലാളിക്ക് 1000 രൂപ ബാങ്ക് ബാലൻസ് ഉണ്ടാകുമെന്ന് കരുതാനാകുമോ?

പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയും പ്രധാൻ മന്ത്രി സുരക്ഷാ ഭീമ യോജനയും 2007 ൽ അവതരിപ്പിക്കപ്പെട്ട ആം ആഡ്മി ബീമാ യോജന (AABY) യുടെ രൂപാന്തരമാണ്. എഎബിവൈ 18 വയസിനും 59 വയസിനും ഇടയിലുള്ളവർക്കാണ് ആനുകൂല്യം നൽകുന്നത്. ഇതിൽ 47 ഗ്രൂപ്പുകൾ ഉൾപ്പെടുന്നു. ഇതിന്റെ മൊത്തം വാർഷിക പ്രീമിയം 200 രൂപയാണ്. 100 രൂപ കേന്ദ്രസർക്കാരും ബാക്കിയുള്ള 100 രൂപ സംസ്ഥാന സർക്കാരും (ഗ്രാമീണ ഭൂരഹിത കുടുംബങ്ങളുടെ കാര്യത്തിൽ) അല്ലെങ്കിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാർ / നോഡൽ ഏജൻസി / വ്യക്തികളോ അടക്കണം.

18 മുതൽ 50 വരെ പ്രായമുള്ളവരെ ഉൾക്കൊള്ളുന്ന പിഎംജെജെബിവൈയ്ക്ക് വാർഷിക പ്രീമിയം 330 രൂപയാണ്. തുക ബന്ധപ്പെട്ട വ്യക്തി വഹിക്കണം. അതോടൊപ്പം ലൈഫ് ഇൻഷുറൻസ് പരിരക്ഷയും വർദ്ധിച്ചിട്ടുണ്ട്. എഎബിവൈ സ്വാഭാവിക മരണത്തിന് 30000 രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും ആകസ്മിക മരണത്തിന് 75000 രൂപയും നൽകുമ്പോൾ, പിഎംജെജെബിവൈ മരണകാരണം എന്തായാലും രണ്ടുലക്ഷം രൂപ ലൈഫ് ഇൻഷുറൻസ് പരിരക്ഷ നൽകും. എന്നാൽ പിഎംജെജെബിവൈയ്ക്ക് ഇൻഷുറൻസ് പരിരക്ഷ 55 വയസിൽ അവസാനിക്കും. 50 വയസിനുശേഷം പ്രവേശനം സാധ്യമല്ല. ഭാഗികമായി വൈകല്യമുള്ളവർക്ക് എഎബിവൈ 37500 രൂപയുടെ ഒരു ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. അപകടം മൂലം ഉണ്ടാകുന്ന സ്ഥിരമായ വൈകല്യത്തിന് 75000 രൂപയും നൽകുന്നു. 9 മുതൽ 12ആം ക്ലാസ് വരെ പഠിക്കുന്ന പരമാവധി രണ്ട് കുട്ടികൾക്കായി പ്രതിമാസം 100 രൂപ സ്കോളർഷിപ്പ് രൂപത്തിൽ ഒരു ആഡ്-ഓൺ തുകയും നൽകുന്നു. ഇതൊന്നും പിഎംജെജെബിവൈയിൽ ലഭ്യമല്ല.

പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന 18-70 വയസുവരെയുള്ളവർക്ക് വർഷം 12 രൂപ പ്രീമിയമായി ആകസ്മിക മരണം, ശരിയാക്കാൻ പറ്റാത്ത വിധം കണ്ണ് നഷ്ടമായാൽ, ഇരുകൈകളും നഷ്ടമായാൽ, കാൽ നഷ്ടമായാൽ എന്നിവക്ക് രണ്ട് ലക്ഷം രൂപ വരെ കവറേജ് നൽകും. അപകടത്തിനുള്ള കവറേജ് 70 വയസായ ആൾക്ക് ലഭിക്കില്ല. ഏകദേശം 5 കോടി ആൾക്കാർ പിഎംഎസ്ബിവൈക്ക്  എൻറോൾ ചെയ്തിട്ടുണ്ട്. പിഎംജെജെബിവൈക്ക് 3 കോടി പേരും.

അസംഘടിത മേഖലയിലെ തൊഴിലാളികളുമായി താരതമ്യം ചെയ്യുമ്പോൾ 80 ശതമാനത്തിലധികം പേർ ഇനിയും ഇതിലേക്ക് എത്താനുണ്ട്.

ലഭ്യമായ സർക്കാർ കണക്കനുസരിച്ച്, പിഎംജെജെബിവൈയുടെ 51,000 ക്ലെയിമുകൾ ഇതുവരെ തീർപ്പാക്കപ്പെട്ടിട്ടുണ്ട്. മൊത്തം കവറേജുകളിൽ ഏതാണ്ട് 0.2 ശതമാനമാണിത്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന 43 കോടി തൊഴിലാളികളേക്കാൾ വളരെ കുറവുമാണ്.

പിഎംഎസ്ബിവൈയുടെ കീഴിൽ, ഏകദേശം 10 കോടി പേർ പദ്ധതിയിൽ ചേർന്നു. എന്നാൽ ഇപ്പോൾ വരെയുള്ള ക്ലെയിമുകൾ 10,000 ൽ താഴെയാണ്. പദ്ധതികൾ പരാജയമാണെന്ന് വ്യക്തമാണ്, ഭാരമായതിനാൽ കൂടുതൽ പ്രീമിയം അടയ്ക്കാൻ ആളുകൾ തയ്യാറാകുന്നില്ല. , ഇൻഷുറൻസ് കമ്പനികൾക്ക് ലാഭമുണ്ടാക്കാൻ കൂടുതൽ പ്രീമിയം വേണം.

ഇൻഷ്വറൻസ് കമ്പനികൾ സ്കീമുകളുടെ കുറഞ്ഞ പ്രീമിയത്തിൽ തൃപ്തരല്ല. ഈ വർഷം വരുന്ന ക്ലെയിമുകൾക്ക് അനുസരിച്ച ഇൻഷുറൻസ് കമ്പനികൾ അടുത്ത വർഷം പ്രീമിയം വർധിപ്പിച്ചേക്കാം. അതിനാൽ തന്നെ നിലവിലെ പ്രീമിയവും എപ്പോഴും തുടരുമെന്ന് ഒരു ഉറപ്പും പറയാനാവില്ല.

2010 ൽ ആരംഭിച്ച സ്വാവലംബന്റെ പരിഷ്കരിച്ച പതിപ്പാണ് അടൽ പെൻഷൻ യോജന. സ്വാവലംബൻ പ്രതിമാസപെൻഷൻ തുക  ഉറപ്പാക്കുന്നില്ല. അടൽ പെൻഷൻ യോജന പ്രതിമാസം 1000 രൂപ, 2000 രൂപ, 3000 രൂപ, 4000 രൂപ, 5000 രൂപ എന്നിങ്ങനെ 60 വയസുവരെ പെൻഷൻ ഉറപ്പാക്കുന്നു. പെൻഷൻ തുക വ്യക്തിയുടെ സംഭാവനയെ ആശ്രയിച്ചിരിക്കുന്നു. കുമിഞ്ഞ തുക പിൻവലിക്കാനാവില്ല. ഏതെങ്കിലും നിയമപരമായ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ അംഗമല്ലാത്ത ഒരു വരുമാന നികുതിയും ഒടുക്കാത്ത 18 നും 40 നും ഇടയിൽ പ്രായമുള്ളവർക്ക് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നു.

അടൽ പെൻഷൻ യോജനയിൽ വ്യക്തിയുടെ സംഭാവനയിൽ 50 ശതമാനമോ വർഷം ആയിരം രൂപയോ സർക്കാർ - ഏതാണോ കുറവ്- സർക്കാർ ഒടുക്കും. 2015-16 സാമ്പത്തിക വർഷം മുതൽ അഞ്ച് വർഷത്തേക്ക് ആണിത്. 2015 ജൂൺ ഒന്നിനും ഡിസംബർ 31നും ഇടയിൽ ചേർന്നവർക്കാണ് ഇത് ബാധകം.

18 വയസിൽ ജോലി തുടങ്ങുന്ന ഒരു തൊഴിലാളി  പെൻഷൻ ഫണ്ടിലേക്ക് സ്ഥിരമായി മാസംതോറും  210 രൂപ അടച്ചാൽ 60ആം വയസിൽ 5000 രൂപ പെൻഷൻ കിട്ടും. ഇപ്പോൾ 40 വയസുള്ള ഒരു തൊഴിലാളി  പ്രതിമാസം 1454 രൂപ 60ആം വയസിൽ പെൻഷൻ ലഭിക്കാൻ നീക്കി വെക്കണം. പണപ്പെരുപ്പ നിരക്ക് 7% ആയി കണക്കാക്കിയാൽ, ഇപ്പോൾ 40 വയസുള്ള ഒരു തൊഴിലാളിക്ക് 1292 രൂപക്ക് തുല്യമായ തുകയേ ലഭിക്കുള്ളു. ഇത് മാസംതോറും അടക്കുന്ന പ്രീമിയത്തേക്കാൾ കുറവാണ്.

തൊഴിലാളികളുടെ സംഭാവനക്ക് ലഭിക്കുന്ന പലിശയും കുറവാണ്. ഇതിൽ നിക്ഷേപിക്കുന്ന അതേ തുക ആർഡി അക്കൗണ്ടിൽ നിക്ഷേപിച്ചാൽ ഒരു തൊഴിലാളിക്ക്, എപിവൈയിൽ  ലഭിക്കുന്ന പലിശയേക്കാൾ ഉയർന്ന പലിശ ലഭിക്കും.

എപിവൈയോടുള്ള പ്രതികരണം ആവേശമില്ലാത്തതാണ്. 2018 വരെ 94 ലക്ഷം തൊഴിലാ

ളികൾ എപിവൈയിൽ എൻറോൾ ചെയ്തു. 2014 വരെസ്വാവലംബനിൽ 30 ലക്ഷം ഉപഭോക്താക്കൾ എൻറോൾ ചെയ്തിട്ടുണ്ട്. രാജ്യത്തെ മൊത്തം അസംഘടിത തൊഴിലാളികളുടെ ചെറിയൊരു ഭാഗം മാത്രമാണിത്.

**ആയുഷ്മാൻ ഭാരത്**

ഏറ്റവും ഒടുവിലത്തെ കേന്ദ്ര ബജറ്റിൽ ബിജെപി സർക്കാരിന്റെ പ്രഖ്യാപനം ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതിയെക്കുറിച്ച് ആയിരുന്നു. 10 കോടി കുടുംബങ്ങൾക്ക് 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷ ഈ സ്കീം നൽകുമെന്നും അവർ അവകാശപ്പെട്ടു. ഇത് ലോകത്തിലെ ഏറ്റവും വലിയ പൊതു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാനിന്നും കേന്ദ്ര സർക്കാർ പറയുന്നു. മോഡികെയർ എന്ന പേരിൽ നടപ്പാക്കുന്ന ഈ ആയുഷ്മാൻ ഭാരത് പദ്ധതി ഈ വർഷം ഒക്ടോബറോടെ നടപ്പാക്കും.

ഈ പദ്ധതിയ്ക്കായി സർക്കാർ  അനുവദിച്ച തുക എത്രയാണ്? ആദ്യം ബജറ്റിൽ 2000 കോടി രൂപ വകയിരുത്തി. പിന്നീട് 2018-19 വർഷം 10000 കോടി രൂപയായി ഉയർത്തി. ഇൻഷുറൻസ് അടിസ്ഥാനമാക്കിയുള്ള ഏറ്റവും കുറഞ്ഞ പ്രീമിയത്തിന്റെ പകുതിയിൽ താഴെയാണ് ഇത്.

ഇൻ-രോഗികൾക്ക് മാത്രമാണ് കൂടുതൽ പ്രാധാന്യം. അതായത്, ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നവർക്ക് മാത്രമേ ഇത് പ്രയോജനം ചെയ്യൂ. പല സാധാരണ രോഗങ്ങൾക്കും   കിടത്തിചികിത്സ ആവശ്യമില്ലെങ്കിലും മരുന്നുകൾ വാങ്ങി ചികിൽസിക്കണം. മുൻകാലത്തെ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർഎസ്ബിവൈ) പോലെയുള്ള ഈ പദ്ധതിയിൽ ഔട്ട് - പേഷ്യന്റ് വിഭാഗം ഉൾക്കൊള്ളുന്നില്ല. നമ്മുടെ നാട്ടിലെ കുടുംബങ്ങളുടെ  മൂന്നിൽരണ്ട് ഭാഗവും ആശുപത്രികളിൽ കിടന്ന് ചികിത്സിക്കുന്നവർ അല്ല. മിക്ക ചെലവും  മരുന്നുകൾക്കാണ്. ഗുരുതര അസുഖമുണ്ടാകുന്നില്ലെങ്കിൽ പദ്ധതി ഫലപ്രദമാകില്ല.

അങ്ങനെ ആർഎസ്ബിവൈ പോലുള്ള പദ്ധതി വലിയ സ്വകാര്യ ആശുപത്രികൾക്കും ഇൻഷുറൻസ് കമ്പനികൾക്കും പ്രയോജനം ചെയ്യും. ഇൻഷുറൻസ് പരിരക്ഷയുള്ള ആളുകൾ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലേക്ക് പോകാൻ നിർബന്ധിതരാകും. മിക്കപ്പോഴും സ്വകാര്യ ആശുപത്രികളാവും അവ. അവർ അനാവശ്യ ചികിത്സാ ചെലവുകൾക്കും ശസ്ത്രക്രിയകൾക്കും വിധേയരാകും. ആരോഗ്യ ഇൻഷുറൻസിന്റെ കാര്യത്തിൽ പൊതുവെ ഇതാണ് സംഭവിക്കുന്നത്. ഫസൽ ബീമാ യോജനയുടെ കാര്യത്തിലെന്നപോലെ പൊതു ഖജനാവിൽ നിന്നുള്ള പണം ഇൻഷുറൻസ് കമ്പനികളെ  സഹായിക്കാനായി സർക്കാർ കൈമാറ്റം ചെയ്യും. ആർഎസ്ബിവൈയെപ്പോലെ ആരോഗ്യ പദ്ധതികൾ വർധിക്കുകയും ആരോഗ്യത്തിനായി ജനങ്ങളുടെ പോക്കറ്റ് ചോരുകയും ചെയ്യും.

**നിലവിലുള്ള ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നു**

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി മുതലക്കണ്ണീരൊഴുക്കി അവരുടെ നന്മക്കുവേണ്ടി പ്രവർത്തിക്കുന്നതായി നടിച്ച് ബിജെപി സർക്കാർ അവരുടെ ആനുകൂല്യങ്ങൾ കവർന്നു.  അസംഘടിത മേഖലയിലെ തൊഴിലാളികളുടെ, സ്ത്രീകളും അവരുടെ കുട്ടികളും അടങ്ങുന്ന കുടുംബത്തിന് അവകാശപ്പെട്ട തുകയാണ് വെട്ടിക്കുറച്ചത്.

14ആം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം വർദ്ധിച്ച സാമ്പത്തികഭാരം സാമ്പത്തിക സർക്കുലേഷൻ എന്ന പേരിൽ സംസ്ഥാന സർക്കാരുകൾക്ക് കൈമാറിയിട്ടുണ്ട്.

വനിതാ-ശിശു വികസന മന്ത്രാലയത്തിനായി വകയിരുത്തിയ തുകയും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിനും വിദ്യാഭ്യാസ മന്ത്രാലയത്തിനും വേണ്ടി വകയിരുത്തിയ തുകയും വെട്ടിക്കുറച്ചു.

സമഗ്ര ശിശുവികസന സേവനങ്ങൾക്കുള്ള (ഐ സി ഡി എസ്) പദ്ധതി വകയിരുത്തൽ, കഴിഞ്ഞ 40 വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയായി നിലനിന്നിരുന്ന പദ്ധതി, ഫണ്ട് കുറഞ്ഞതിനെ തുടർന്ന് ബുദ്ധിമുട്ട് അനുഭവിക്കുന്നു. 2014–15 ൽ ഐ സി ഡി എസ്സിന് ബജറ്റിൽ വകയിരുത്തിയ തുക 18391 കോടിയായിരുന്നു. 2015 –16 വർഷത്തേക്കുള്ള യൂണിയൻ ബജറ്റിൽ ഇത് 8754 കോടി രൂപയായി കുറഞ്ഞു. പ്രതിഷേധത്തെ തുടർന്ന് വീണ്ടും വർധിപ്പിച്ചുവെങ്കിലും കോർ അംഗൻവാടി സേവനങ്ങൾക്ക് 5 വർഷം മുമ്പ് ലഭിച്ച അതേ തുകയാണ് ലഭിക്കുന്നത്. മൂലധനച്ചെലവുകൾ (അങ്കണവാടി കേന്ദ്രങ്ങളുടെ നിർമ്മാണം തുടങ്ങിയവ) മാത്രം കേന്ദ്ര സർക്കാർ നൽകി സംസ്ഥാന സർക്കാരുകളിലേക്ക് ഐസിഡിഎസ് മാറുന്നു. അംഗൻവാടി ജീവനക്കാരുടെ ശമ്പളം, പോഷകാഹാരങ്ങൾ മുതലായവയ്ക്കുള്ള ചെലവ് തുടങ്ങി കൂടിയ ചെലവുകൾ എല്ലാം സംസ്ഥാന സർക്കാർ വഹിക്കണം.

ദേശീയ ആരോഗ്യ മിഷനിലും കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കിടുന്ന രീതിയിൽ മാറ്റം വന്നിട്ടുണ്ട്. എൻഎച്ച്എമ്മിനുള്ള തുക കുറച്ചു. കേന്ദ്രസർക്കാർ മൂലധനച്ചെലവ് മാത്രമേ വഹിക്കുകയുള്ളൂ. സംസ്ഥാന സർക്കാരുകൾ റവന്യൂ ചെലവ് വഹിക്കണം. ഇപ്പോൾ, സാങ്കേതിക വിദഗ്ധന്മാർ, ഡോക്ടർമാർ, സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടെയുള്ള ആരോഗ്യ ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കുറവുണ്ട്. പലരും കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നു. അവർക്ക് ശമ്പളം കൃത്യമായി നൽകേണ്ടതില്ല.

സർവശിക്ഷാ അഭിയാൻ, ഉച്ചഭക്ഷണ പരിപാടി എന്നിവയുടെ ചെലവുകൾ കേന്ദ്രസർക്കാർ തുടർന്നും വഹിക്കുന്നുവെങ്കിലും ഇവക്കായുള്ള തുക വെട്ടിക്കുറക്കപ്പെട്ടിരിക്കുന്നു.

**സ്കീം തൊഴിലാളികളെ വഞ്ചിച്ചു**

ഈ സർക്കാരിന്റെ വിവിധ സ്കീമുകളിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവരെയും അപമാനിക്കുന്ന നിലപാടാണ് സർക്കാരിന്റേത്. എൻഎച്ച്എമ്മിനു കീഴിലുള്ള സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ, ഉച്ചഭക്ഷണ തൊഴിലാളികൾ, അംഗൻവാടി വർക്കേഴ്സ്, ദേശീയ ശിശു പദ്ധതിയിലെ അധ്യാപക, അനധ്യാപക തൊഴിലാളികൾ, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, കാർഷിക സാങ്കേതിക നിയന്ത്രണ ഏജൻസി എന്നിവിടങ്ങളിൽ സർക്കാരിന് വേണ്ടി ജോലി ചെയ്യുന്ന തൊഴിലാളികളാണ് അവഗണന നേരിടുന്നത്.

സാമൂഹ്യ പ്രവർത്തകർ, വോളണ്ടിയർമാർ, ആക്ടിവിസ്റ്റുകൾ, സുഹൃത്തുക്കൾ, അതിഥികൾ മുതലായ പേരുകൾ നൽകിയിട്ടുള്ള ഈ സ്കീം തൊഴിലാളികളെ 'തൊഴിലാളികളായി' തന്നെ കണക്കാക്കണമെന്ന് 45–ാം ഇന്ത്യൻ തൊഴിൽ സമ്മേളനം ഏകകണ്ഠമായി ശുപാർശ ചെയ്തിട്ടുണ്ട്. അവർക്ക് മിനിമം കൂലിയും സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങലും നൽകുകയും ചെയ്യണം. ഈ ശുപാർശകൾ നടപ്പാക്കാൻ കേന്ദ്ര സർക്കാർ മുൻകൈ എടുത്തില്ല. അവരുടെ തുച്ഛമായ പ്രതിഫലം പോലും വർദ്ധിച്ചില്ല. പകരം, ഈ സ്കീമുകളിലേക്കായി നീക്കിവയ്ക്കുന്ന തുക കുറച്ചത് അവരുടെ ഭാവി പൂർണമായും അനിശ്ചിതത്വത്തിലാക്കി.

ഈ സാഹചര്യത്തിൽ, ഇന്നത്തെ രൂപത്തിൽ എത്ര സംസ്ഥാന സർക്കാരുകൾ ഈ പദ്ധതികൾ തുടരും? രാജ്യത്ത് നാമമാത്രമായ 'ഹോണറേറിയം'നൽകിയിട്ടുള്ള ലക്ഷക്കണക്കിന് അങ്കണവാടി ജീവനക്കാരുടെയും ആശ വർക്കർമാരുടെയും ഉച്ചഭക്ഷണ തൊഴിലാളികളുടെയും ഭാവി എന്തായിരിക്കും? ഈ ചോദ്യത്തിന് ബിജെപി സർക്കാരിന് എന്ത് ഉത്തരമുണ്ട്? ഈ പ്രശ്നങ്ങളിൽ സർക്കാർ പൂർണമായും നിശബ്ദമാണ്.

ഈ സ്കീം തൊഴിലാളികൾ നമ്മുടെ ഭാവി മാനുഷിക വിഭവമായ രാജ്യത്തെ കുട്ടികളെ വളർത്തിയെടുക്കുന്നതിൽ സംഭാവന ചെയ്തുകൊണ്ടിരിക്കുകയാണ്. അംഗൻവാടി ജീവനക്കാർ, ഉ

ച്ചഭക്ഷണ തൊഴിലാളികൾ, ആശകൾ, എൻസിഎൽപി സ്പെഷ്യൽ സ്കൂളുകളിലെ അധ്യാപക, അനധ്യാപക ജീവനക്കാർ എന്നിവരുടെ സേവനം രാജ്യത്ത് പോഷകാഹാരക്കുറവ്, ശിശു മരണ നിരക്ക്, മാതൃശിശു മരണനിരക്ക് എന്നിവ കുറയ്ക്കാൻ സഹായിച്ചു. ബാലവേലയെടുത്തിരുന്ന കുട്ടികൾക്കും സ്കൂളുകളിലേക്ക് പ്രവേശനം നൽകാനായി. ഈ പദ്ധതികളിൽ നിന്നും പ്രയോജനം ലഭിക്കുന്നത് അസംഘടിത മേഖലയിലെ തൊഴിലാളികൾ, ദരിദ്ര കൃഷിക്കാർ, കർഷകത്തൊഴിലാളികൾ എന്നിവരുടെ കുടുംബങ്ങളാണ്. ഈ പദ്ധതികളുടെ തുക വെട്ടിക്കുറച്ചുകൊണ്ട് സർക്കാർ ഈ പദ്ധതികളിലെ ജീവനക്കാരുടെ ഉപജീവനമാർഗത്തെ മാത്രമല്ല,രാജ്യത്തെ മുഴുവൻ ദരിദ്രർക്കും ക്ഷേമപദ്ധതികൾ നിഷേധിക്കുന്നു.

ജനങ്ങളുടെ അടിസ്ഥാന ക്ഷേമ പദ്ധതികൾക്കായി ചെലവഴിക്കുമ്പോൾ മാത്രം കോൺഗ്രസായാലും ബിജെപി ആയാലും പണത്തിന് കുറവ് വരുന്നു. അസംഘടിത തൊഴിലാളികളുടെ ക്ഷേമനിധി ഫണ്ടിനായി മതിയായ പണം അനുവദിക്കുന്നതിനുള്ള സാമ്പത്തിക വിഭവങ്ങൾ മാത്രം അവർക്ക് ലഭ്യമല്ല! അംഗൻവാടി ജീവനക്കാർക്കും സഹായികൾ, ആശകൾ, ഉച്ചഭക്ഷണ തൊഴിലാളികൾ മുതലായവ ക്രമീകരിക്കാൻ പണമൊന്നുമില്ല. പതിറ്റാണ്ടുകളായി ഇവരുടെയെല്ലാം സേവനം ഉപയോഗിച്ച ശേഷം മനുഷ്യനായി പോലും പരിഗണിക്കാതെ അവഗണിക്കുന്നു.

വൻകിട ദേശീയ ബഹുരാഷ്ട്ര കോർപറേറ്റുകൾക്ക് ധനസഹായം ചെയ്യുമ്പോൾ തൊഴിലാളികൾക്കായി പണം ചെലവാക്കാൻ ഇല്ലാത്ത സർക്കാരിന് ഫണ്ടിന്റെ ക്ഷാമമില്ല. ഒരു ദശാബ്ദമായി ഓരോ വർഷവും ശരാശരി 5 ലക്ഷം കോടിയുടെ നികുതി ഇളവുകളാണ് കോർപ്പറേറ്റുകൾക്ക് നൽകുന്നത്. ആർക്കുവേണ്ടിയാണ് സർക്കാർ ജോലി ചെയ്യുന്നത്? ആരുടെ താത്പര്യമാണ് സംരക്ഷിക്കുന്നത്? നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് സൃഷ്ടിക്കുന്ന തൊഴിലാളികളെയോ രാജ്യത്തിന്റെ ഭാവി മാനുഷിക വിഭവങ്ങളായ കുട്ടികളെയോ അല്ല, മറിച്ച് രാജ്യത്തെ വിഭവങ്ങളെ ചൂഷണം ചെയ്യുന്ന കോർപ്പറേറ്റുകൾക്കാണ്.

**നമുക്ക് ഒത്തുചേർന്ന് യുദ്ധം ചെയ്യാം**

തൊഴിലില്ലായ്മ, വരുമാന സുരക്ഷ, സാമൂഹ്യ സുരക്ഷിതത്വം എന്നിവയില്ലാത്ത നമ്മൾ അസംഘടിത തൊഴിലാളികൾ അവകാശങ്ങൾക്കായി പോരാടുന്നു. പ്രതിമാസം 18,000 രൂപയിൽ കുറയാത്ത മിനിമം വേതനത്തിനായി നമ്മൾ പോരാടുകയാണ്. നമ്മൾ വാർധക്യ പെൻഷനായി, സുരക്ഷിതവും പീഡനങ്ങളിൽ നിന്ന് മോചിതമായ സ്വതന്ത്ര തൊഴിലിടത്തിനായി, ആരോഗ്യ സംരക്ഷണത്തിനും പ്രസവത്തിനുമുള്ള ആനുകൂല്യങ്ങൾക്കായി, ശിശു സംരക്ഷണ സൌകര്യങ്ങൾക്കായി, മാന്യമായ ജോലിക്കായി, ജീവിത സാഹചര്യങ്ങൾക്കായി നമ്മൾ പോരാടുന്നു. അംഗൻവാടി ജീവനക്കാർ, ആശകൾ, ഉച്ചഭക്ഷണ തൊഴിലാളികൾ, മറ്റ് സ്കീം തൊഴിലാളികൾ എന്നിവർ 'തൊഴിലാളികൾ' എന്നറിയപ്പെടാനുള്ള അവകാശത്തിനായി പൊരുതുന്നു.

നമ്മൾ ഏകീകരിക്കുകയും ട്രേഡ് യൂണിയനുകളായി സംഘടിക്കുകയും ചെയ്താൽ ഈ അവകാശങ്ങൾക്കായി നമുക്ക് പോരാടാൻ കഴിയും. അതുകൊണ്ടാണ് നമ്മൾ ഒന്നിച്ചുവരേണ്ടത്. നിലവിലുള്ള തൊഴിൽ നിയമങ്ങളെ പൂർണമായും മാറ്റിമറിക്കുകയാണ്. തൊഴിൽ നിയമങ്ങൾ മാറ്റുന്നതിലൂടെ ധാരാളം തൊഴിലുകൾ സൃഷ്ടിക്കുമെന്നും അസംഘടിത മേഖലയിലെ തൊഴിലാളികളുടെ അവസ്ഥ മെച്ചപ്പെടുമെന്നും നുണപറഞ്ഞ് പ്രചരിപ്പിക്കുന്നു.

സംഘടിത-അസംഘടിത മേഖലയിലെ തൊഴിലാളികളെ വിഭജിക്കുന്നതിനുള്ള ഒരു ഗൂഢതന്ത്രമാണിത്. നിലവിലുള്ള അവകാശങ്ങൾ ഇല്ലാതായാൽ പുതിയ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്നത് എളുപ്പമല്ലെന്ന് നമുക്കറിയാം. നമ്മുടെ അവകാശങ്ങൾ നേടാൻ നാം ശരിക്കും ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ഒന്നാകേണ്ടതുണ്ട്. ഗവൺമെന്റിന്റെ ഭിന്നിപ്പിച്ച ഭരിക്കുന്ന നയത്തിന് ഇരകളാകാൻ പാടില്ല. തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്താനുള്ള സർക്കാരിന്റെ ശ്രമങ്ങളെ

കുറിച്ച് നമുക്ക് ചിന്തിക്കാതിരിക്കാൻ ആവില്ല. ഒരു വിഭാഗം ജീവനക്കാർക്ക് നിലവിലുള്ള അവകാശങ്ങൾ നഷ്ടപ്പെടുന്നത് എല്ലാ വിഭാഗം തൊഴിലാളികൾക്കും പുതിയ അവകാശങ്ങൾ നേടാൻ കൂടുതൽ ബുദ്ധിമുട്ടുണ്ടാകും.

ജനങ്ങളെയും രാജ്യത്തെയും ചതിക്കാൻ സർക്കാരിനെ അനുവദിക്കാനാവില്ല. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾ വിപുലപ്പെടുത്തുന്നുവെന്ന മിഥ്യ ധാരണകൾ തകർക്കണം. സർക്കാരിന്റെ തൊഴിലാളിവിരുദ്ധ കോർപ്പറേറ്റ് നയങ്ങൾ തുറന്നുകാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യണം.

സെപ്തംബർ 5 ന് പാർലമെൻറിനു മുന്നിൽ നടക്കുന്ന തൊഴിലാളി- കർഷക പ്രതിഷേധ റാലി പാവപ്പെട്ടവർക്കായുള്ള സാമൂഹിക ക്ഷേമ ആനുകൂല്യങ്ങൾ - വാർദ്ധക്യക്ഷേമം, പ്രസവമടങ്ങുന്ന ആരോഗ്യക്ഷേമം, അപകട ഇൻഷുറൻസ്, വിദ്യാഭ്യാസം, വീട് മുതലായവക്കുള്ള പദ്ധതികളും ആനുകൂല്യങ്ങളും നേടിയെടുക്കാനുള്ളതാണ്. വെറും കപട വാഗ്ദാനങ്ങൾ ഒരിക്കലും അനുവദിക്കില്ലെന്ന് ബിജെപിയുടെ നേതൃത്വത്തിലുള്ള സർക്കാറിനു മുന്നറിയിപ്പ് നൽകുകയാണ് ലക്ഷ്യം.

ദരിദ്രരുടെ അടിസ്ഥാന സാമൂഹ്യ ക്ഷേമ ആനുകൂല്യങ്ങൾ നിഷേധിച്ച് വൻകിട കോർപറേറ്റുകൾക്ക് ജനങ്ങളുടെ പണം കൈമാറുന്ന നയങ്ങൾക്ക് എതിരാണ് പാർലമെന്റ് മാർച്ച്.

ലഘുലേഖ-5
മസ്ദൂർ- കിസാൻ സംഘർഷ് റാലി
സിഐടിയു-അഖിലേന്ത്യ കിസാൻസഭ- അഖിലേന്ത്യ കർഷകതൊഴിലാളി യൂണിയൻ

**ജെഎസ് മജൂംദാർ**

# എല്ലാ ആക്രമണങ്ങളും ജനങ്ങളുടെ ആരോഗ്യത്തിൽ

**പൊതു ആരോഗ്യരംഗം ആസൂത്രണത്തിന്റെ പ്രധാന ഭാഗം**

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പൊതു ആരോഗ്യ രംഗം എന്നത് ആസൂത്രണ പ്രക്രിയയുടെ പ്രധാനഭാഗമായി രൂപംകാടുക്കുകയും പിന്നീട് അതുപോലെ നിലനിർത്തുന്നതുമാണ്. ആരോഗ്യം രംഗ ആസൂത്രണം സാമൂഹ്യ പുരോഗതി പദ്ധതിയുടെ ഏറ്റവും പ്രധാനഭാഗമാണ്. അതിന്റെ പ്രധാന അടിത്തറ എന്നത് പണമില്ലാത്തതിന്റെ പേരിൽ ആർക്കും ചികിത്സ മുടങ്ങരുത് എന്നതാണ്. ജനങ്ങളുടെ പങ്കാളിത്തവും പൊതുചെലവും അത് വിഭാവനം ചെയ്യുന്നു. എന്നാൽ കേന്ദ്രസർക്കാറിന്റെ തെറ്റായ നയങ്ങളും പദ്ധതി നടത്തിപ്പിലെ വീഴ്ചകളും മൂലം ഇവയെല്ലാം തകരുകയാണ്.

**ആരോഗ്യനയങ്ങൾ**

2000 ത്തോടെ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യവുമായി ലോക ആരോഗ്യ സംഘടനാ ആവിഷ്കരിച്ച 1978 ലെ അൽമാഅറ്റാ പ്രഖ്യാപനത്തിൽ ഒപ്പിട്ട രാജ്യമാണ് ഇന്ത്യ. പ്രഖ്യാപനത്തിൽ പറയുന്നത് പ്രാഥമിക ആരോഗ്യ സുരക്ഷ അമ്മയും കുട്ടിയുമടങ്ങുന്ന സമൂഹത്തിന് കുടുംബാസൂത്രണം, രോഗപ്രതിരോധം, പ്രാദേശി പകർച്ചവ്യാധികളുടെ നിയന്ത്രണം, പൊതു രോഗങ്ങളുടെ നിയന്ത്രണം, പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കൽ ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷണവും പോഷകാഹാരവും, ശുദ്ധജല ലഭ്യത എന്നിവയിലൂടെ ഉറപ്പാക്കണമെന്നാണ്.

ഡബ്ല്യുഎച്ച്ഒയുടെ പ്രഖ്യാപനത്തെ അടിസ്ഥാനമാക്കി, പ്രഥമ ദേശീത ആരോഗ്യ നയത്തിന് 1983 ൽ രൂപം നൽകി. അതിന്റെ ലക്ഷ്യങ്ങൾ 1. എല്ലാവർക്കും പ്രാഥമിക ആരോഗ്യ സുരക്ഷയും കൂടെ ആരോഗ്യ വിദ്യാഭ്യാസവും 2. ആരോഗ്യ സന്നദ്ധ പ്രവർത്തകരുടെ ഇടപെടൽ 3. പരിശോനധയ്ക്ക് കൃത്യമായ നിർദ്ദേശങ്ങൾ കിട്ടുന്ന പദ്ധതി 4. 2000 ത്തോടെ ആവശ്യമുള്ളവർക്ക് പ്രത്യേക ചികിത്സ സൗകര്യങ്ങൾ നൽകാനായി പ്രത്യേക ചികിത്സ പദ്ധതികളുടെ ശൃംഖല എന്നിവയാണ്. രണ്ടു ദശാബ്ദങ്ങൾ പിന്നിടുമ്പോൾ പ്രാഥമിക ലക്ഷ്യങ്ങൾ നേടുന്നതിൽ ദേശീത ആരോഗ്യ നയം പരാജയപ്പെട്ടിരിക്കുന്നു.

നിയോലിബറൽ കാലഘട്ടത്തിൽ 2002 ൽ കുറച്ചുകൂടി ലഘുവായ രീതിയിൽ ദേശീയ ആരോഗ്യ നയം എൻഡിഎ ഗവർമെന്റ് പുതുക്കി അവതരിപ്പിച്ചു. പഴയ പദ്ധതിയിലെ കോട്ടങ്ങൾ വിലയിരുത്താതെയും തിരുത്താതെയുമാണ് പുതിയ നയം നടപ്പാക്കിയത്. സാമ്പത്തിക സ്രോതസ് കണ്ടെത്തുന്നതിലും ഭരണപരമായും വന്ന പോരായ്മകളുമാണ് പഴയ നയം പരാജയപ്പെടാനുള്ള കാരണമെന്ന് എൻഡിഎ പറഞ്ഞു. അതുകൊണ്ട് 2002ൽ അവർ രൂപീകരിച്ച ആരോഗ്യനയം ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള യാഥാർഥ്യബോധത്തോടെ ഉള്ളതാണെന്നും സാമ്പത്തികമായും ഭരണപരമായും സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂടി ഉറപ്പാക്കി കൊണ്ട് രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെ സാമ്പത്തിക മേഖലയെ പുനർനിർമിക്കും എന്നും അവകാശപ്പെട്ടു. അവസാന ദശാബ്ദത്തിൽ സ്വകാര്യ മേഖല ആരോഗ്യ സുരക്ഷ രംഗത്ത് നടത്തുന്ന ഇടപെടലുകളും നയത്തിൽ പറഞ്ഞു.

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം 2005, ദേശീയ അർബൻ ആരോഗ്യ ദൗത്യം 2013, സമഗ്ര ദേശീയ ആരോഗ്യ ദൗത്യം 2013, ആരോഗ്യ സൂചികയിൽ പിറകിൽ നിൽക്കുന്ന പിന്നോക്ക

സംസ്ഥാനങ്ങൾക്ക് മികച്ച ആരോഗ്യ അന്തരീക്ഷം സൃഷ്ടിക്കാനായി ജനാരോഗ്യത്തിന്റെ ആവശ്യ ഘടകങ്ങളായ ജലം, പൊതുശുചിത്വം, വിദ്യാഭ്യാസം, പോഷകാഹാരം, സാമൂഹ്യവും ലിംഗപരവുമായ സമത്വം എന്നിവ 2018 ഓടെ ഉറപ്പാക്കുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ പിന്നീട് കാലാവധി 2020 വരെ നീട്ടി. ഐസിഡിഎസ് ആരോഗ്യസംരക്ഷണത്തിന് പ്രധാന പങ്കുവഹിക്കുന്നുണ്ട് എന്നിരിക്കെ പൊതുആരോഗ്യ സംവിധാനത്തിന്റെ പ്രധാന ഭാഗമാണ് ആശ സ്കീം.

**പൊതു ആരോഗ്യജാഗ്രത ശൃംഖല**

പൊതു ആരോഗ്യ ശൃഖംലയുടെ സംവിധാനം : 2015 മാർച്ച് വരെ, 153655 സബ് സെന്ററുകൾ, 25308 പ്രൈമറി ഹെൽത്ത് സെന്ററുകൾ, 5396 കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, ഗ്രാമീണ മേഖലകളിൽ ജില്ലാ ആശുപത്രികളും മെഡിക്കൽ കോളേജുകളും ഇതിൽ ഉൾപ്പെടുന്നു. ഗ്രാമീണ മേഖലകളിൽ വേറെയും ആശുപത്രികളും ഡിസ്പെൻസറികളും തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുണ്ട്

5000 പേർക്ക് ഒരു സബ് സെന്റർ (മലയോരത്തും ആദിവാസിമേഖലകളിലും ഇത് 3000) എന്നാണ് കണക്ക്. ഇവിടങ്ങളിൽ കുറഞ്ഞത് ഒരു ഒരു നഴ്സും ആരോഗ്യപ്രവർത്തകയും ഉണ്ടാകണം. ഇതിന്റെ മുഴുവൻ ചെലവും കേന്ദ്രം വഹിക്കും. സബ് സെന്ററുകൾ ഗ്രാമീണ ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകാനും പ്രവർത്തിക്കണം.

എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഒരു മെഡിക്കൽ ഓഫീസറും കൂടാതെ ആവശ്യമായ പാരാമെഡിക്കൽ നഴ്സും ഉണ്ടായിരിക്കണം. 30,000 പേർക്ക് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം(ഉൾപ്രദേശങ്ങളിൽ ഇത് 20,000) എന്നാണ് നിയമം. ആറ് സബ് സെന്ററുകൾ ഒരു പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുണ്ടാകും. സബ് സെന്ററുകളിൽ നിർദ്ദേശം നൽകുന്ന സ്ഥാപനമായി പ്രവർത്തിക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ എല്ലാ ചെലവും സംസ്ഥാന സർക്കാർ വഹിക്കണം.

എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾക്കും കീഴിൽ 1.2 ലക്ഷം(ഉൾപ്രദേശങ്ങളിൽ 80,000) ജനങ്ങൾ എന്നതാണ് കണക്ക്. സംസ്ഥാന സർക്കാർ ചെലവ് വഹിക്കണം. പ്രാഥമിക കേന്ദ്രങ്ങളുടെ ഉപദേശക ആശുപത്രിയുടെ പ്രവർത്തിക്കണം.

പൊതു ആരോഗ്യജാഗ്രത ശൃംഖലയിൽ ജില്ലാ ആശുപത്രികളാണ് അവസാന ഉപദേശക കേന്ദ്രം. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും ദ്വിതീയ ആരോഗ്യ കേന്ദ്രങ്ങളുടെയും എല്ലാം മേധാവി ജില്ലാ ആശുപത്രികളാണ്. 2010 ലെ കണക്ക് പ്രകാരം 640 ജില്ലകളുള്ള രാജ്യത്ത് 605 ജില്ലാ ആശുപത്രികളുണ്ട്.

സംസ്ഥാന സർക്കാറുകളുടെയും കേന്ദ്രത്തിന്റെയും സംയുക്ത സംരംഭങ്ങളായ റിസർച്ച് സെന്ററുകളും മെഡിക്കൽ കോളജുകളും ഉപദേശക ആശുപത്രികളായി പ്രവർത്തിക്കുന്നു.

**താഴ്ന്ന ആരോഗ്യ നിലവാരവും അപര്യാപ്തതകളും**

ഇവയെക്കെ തന്നെ ആണെങ്കിലും, കേന്ദ്രസർക്കാറുകളുടെ തെറ്റായ നയങ്ങളും നടപ്പാക്കലിലുണ്ടാകുന്ന വീഴ്ചകളും കാരണം ഇന്ത്യയിലെ ആരോഗ്യ നിലവാരം ലോകത്തെ തന്നെ ഏറ്റവും താഴ്ന്നതായി നിലനിൽക്കുന്നു. 2015 ൽ ആഗോള രോഗഭാര പഠന പ്രകാരം 2016 ഒക് ടോബറിൽ പ്രസ്റ്റീഷ്യസ് മെഡിക്കൽ ജേർണൽ പ്രസിദ്ധീകരിച്ച ദിലാൻസറ്റ് എന്ന പട്ടികയിൽ 195 രാജ്യങ്ങളിൽ 154 ാം സ്ഥാനത്താണ് ഇന്ത്യ. പട്ടികയിൽ പറയുന്നത് പ്രകാരം എഷ്യയിലെ ആരോഗ്യസുരക്ഷ രംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന രാജ്യമാണ് ഇന്ത്യ.

2016 ൽ ഡബ്ല്യുഎച്ച്ഒ പ്രസിദ്ധീകരിച്ച പഠനപ്രകാരം ആരോഗ്യസുരക്ഷ ജനങ്ങൾക്ക് നൽകുന്നതിൽ ആഗോളശരാശരിക്കും താഴെയാണ് ഇന്ത്യയുടെ സ്ഥാനം. ഇന്ത്യയിലെ ജനങ്ങളുടെ

ആയുർദൈർഘ്യം ആഗോള ശരാശരിയെക്കാളും താഴെയാണ്. ഒരു ലക്ഷത്തിൽ 130 എന്നതാണ് മരണനിരക്ക് എന്നാൽ ക്ഷയം മൂലമുള്ള മരണനിരക്ക് ഒരു ലക്ഷത്തിന് 167 എന്ന നിലയിലാണ്. മാതൃമരണനിരക്ക് ഒരു ലക്ഷം ജനനത്തിന് 174 എന്നതാണ്.

ലോകത്തിലെ മാതൃമരണനിരക്കിന്റെ 20 ശതമാനവും ശിശുമരണനിരക്കും 25 ശതമാനവും സംഭവിക്കുന്നത് ഇന്ത്യയിലാണ്. അഞ്ച് വയസാകുമ്പോഴേക്കും 1000 കുട്ടികളിൽ 69 പേരും മരിക്കുന്നു. ഇതിൽ 53 ശതമാനം മരണങ്ങളും പകർച്ചവ്യാധികൾ മൂലമാണ്.

പൊതുആരോഗ്യ രംഗം ആവശ്യമായ ഫണ്ടിന്റെയും, കെട്ടിടസൗകര്യങ്ങളുടെയും ജീവനക്കാരുടെയും ഭരണവീഴ്ചകളും കുറവുമൂലം കഷ്ടപ്പെടുകയാണ്. 2016 മാർച്ച് 8ന് പാർലമെന്ററി കമ്മിറ്റി പാർലമെന്റിൽ സമർപ്പിച്ച ആരോഗ്യകുടുംബ ക്ഷേമ റിപ്പോർട്ടിൽ പൊതുആരോഗ്യരംഗത്തെ ഡോക്ടർമാരുടെ കുറവാണ് ആരോഗ്യമേഖലയിലെ പ്രധാനവീഴ്ചകളിലെന്നായി ചൂണ്ടിക്കാണിക്കുന്നുണ്ട്. 2014 ലെ കണക്ക് പ്രകാരം രാജ്യത്ത് 7.4 സജീവ ഡോക്ടർമാരാണുള്ളത് . ഡോക്ടർരോഗി അനുപാതം 1:1, 674 എന്നാണ്. വിയറ്റ്നാമിന്റയും അൾജീരിന്റയും പാകിസ്ഥാന്റയും പിന്നിലാണ് നമ്മൾ. അഞ്ച് ലക്ഷം ഡോക്ടർമാരെ കൂടി ഉടൻ ആവശ്യമാണ്. ഡബ്ലുഎച്ച്ഒ റിപ്പോർട്ട് പ്രകാരം പ്രസവമെടുക്കുന്ന വിദഗ്ധരായ ആരോഗ്യ പ്രവർത്തകരുടെ എണ്ണം 74 ശതമാനമാണ്. 201415 ഗ്രാമീണ ആരോഗ്യ കണക്ക് സൂചിക പ്രകാരം 2015 മാർച്ച് 31 വരെ സബ് സെന്ററുകളിൽ 18000 നഴ്സുമാരുടെ ഒഴിവുണ്ട്.

കൂടാതെ അടിസ്ഥാന സൗകര്യങ്ങളിലെ വീഴ്ചയും രൂക്ഷമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളെ കുറിച്ചുള്ള ഒരു സർവേ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ ശരാശരി ജലലഭ്യത 62.3 ശതമാനവും വൈദ്യുതി 81.3 ശതമാനവും പ്രസവമുറി 47.4 ശതമാനവും ലബോറട്ടറി 45.4 ശതമാനവുമാണ്.

സ്വകാര്യ ചികിത്സരംഗത്തെ കീശകീറുന്ന ചികിത്സാചെലവ് പല കുടംബങ്ങളെയും തകർക്കുന്നു.

**ജനങ്ങളുടെ ആരോഗ്യജാഗ്രതക്ക് മേലുള്ള മോഡി സർക്കാറിന്റെ ആക്രമണങ്ങൾ**

മോഡിയുടെ നേതൃത്വത്തിലുള്ള മോഡി സർക്കാർ പൊതുആരോഗ്യരംഗത്തെ എങ്ങനെ തകർക്കുന്നു എന്നു മനസിലാകണമെങ്കിൽ അവർക്ക് മുമ്പ് രാജ്യത്ത് നിലവിലുള്ള മുകളിൽ പറഞ്ഞ ആരോഗ്യരക്ഷ സംവിധാനത്തെ കുറിച്ച് കൃത്യമായ ബോധ്യമുണ്ടായിരിക്കണം. നിലവിലുണ്ടായിരുന്ന എല്ലാ ആരോഗ്യചികിത്സ സംവിധാനത്തിന്റെയും അടിത്തറ തകർത്ത് കൊണ്ടാണ് മോഡി സർക്കാർ മുന്നോട്ടുപോകുന്നത്.

ആരോഗ്യ പരിരക്ഷ ആസൂത്രണം നിർത്തലാക്കി

ഭരണത്തിൽ എത്തിയ ഉടനെ ആസുത്രണ കമീഷൻ ഇല്ലാതാക്കുക വഴി പദ്ധതി ആസൂത്രണം അവസാനിപ്പിക്കുകയും രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കമ്പോള ശക്തികൾക്ക് അടിയറവെക്കുകയും ചെയ്തു. ആസുത്രണ പദ്ധതിയുടെ ഭാഗമായ പൊതുആരോഗ്യ രംഗമാണ് ഈ നീക്കത്തിന്റെഎറ്റവും ദുരിതം അനുഭവിച്ചത്.

മുതലാളിത്തത്തിന്റെ നിയോലിബറൽ കാലഘട്ടത്തിൽ ആരോഗ്യമേഖല ലാഭമുണ്ടാക്കാനുള്ള ഏറ്റവും വലിയ വഴിയാണ്. സാമ്പത്തിക മാന്ദ്യം നേരിടുന്ന നിലവിലെ ലോക സാഹചര്യത്തിൽ, പൊതുവായ ഫണ്ടിങ്ങിലൂടെ ലാഭം വർധിപ്പിക്കാനായി സ്വകാര്യ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് കോർപ്പറേറ്റ് ഹെൽത്ത് കെയർ സിസ്റ്റം മുതലാളിത്ത ലോകത്താകമാനം ആരോഗ്യ പരിരക്ഷയിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്തത്തെ അടിയന്തിരമായി മാറ്റിസ്ഥാപിക്കുന്നു.

ഇന്ത്യയിൽ പ്രധാനമായും രോഗികളായ ജനങ്ങളുടെ മുകളിൽ നടന്ന രണ്ട് ആക്രമണങ്ങൾ 1. പൊതുആരോഗ്യമേഖലയുടെ സ്വകാര്യവൽകണം 2. സ്വകാര്യ ഉടമസ്ഥതയിലുള്ള ഇൻഷ്വറൻസ് ആരോഗ്യ പരിരക്ഷ സംവിധാനം എന്നിവയാണ്. ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് മോഡി സർക്കാറിന്റെ ' ആയുഷ്മാൻ ഭാരത് ഫോർ എ ന്യൂ ഇന്ത്യ-2022 ' എന്ന കേന്ദ്ര സർക്കാർ 2018-19 ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി.

**സ്വകാര്യവൽകരണത്തിന് വേഗം കൂട്ടുന്ന 2017 ലെ ദേശീയ ആരോഗ്യ നയം**

2002 ൽ ദേശീയ ആരോഗ്യ നയത്തിന് പകരമായി 2017 ൽ പുതിയ നയം ആവിഷ് കരിച്ചുകൊണ്ട് ആരോഗ്യമേഖലയിലെ സ്വകാര്യവൽകരണം വേഗത്തിലാക്കാനുള്ള അടിത്തറ നേരത്തെ തന്നെ ഒരുക്കിവെച്ചിരുന്നു. നയം മാറ്റത്തിനായി അവർ നിരത്തിയ നാല് കാരണങ്ങൾ ഇവയാണ്.1. ആരോഗ്യ രംഗത്ത് ജീവിതചര്യ രോഗങ്ങളും അലർജി രോഗങ്ങളും മൂലംപരിഗണനയിൽ വന്ന മാറ്റങ്ങൾ. 2. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കരുതുന്ന ചികിത്സാരംഗത്തിന്റെ ഉദയം 3. ചികിത്സാ ചെലവ് മൂലമുണ്ടാക്കുന്ന അനിയന്ത്രിയ ബാധ്യത 4. ഉയർന്ന ധനശേഷിമൂലമുണ്ടായ പൊതുപണത്തിലുണ്ടായ വർധന. എന്നാൽ നയത്തിന്റെ കേന്ദ്രം പ്രധാനമായും ബന്ധപ്പെട്ടിരിക്കുന്നത് അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കരുതുന്ന ചികിത്സാരംഗത്തിന്റെ ഉദയത്തിലും ജനങ്ങളുടെ സാമ്പത്തിക ശേഷിയിലുണ്ടായ വർധനവിലുമാണ്

സ്വകാര്യ മേഖലയുടെ സഹായത്തോടെ ആരോഗ്യ സുരക്ഷ രംഗത്തെ കുടുതൽ ഉപകാരപ്രദമാക്കാനായി പൊതുവായ ലക്ഷ്യങ്ങളോടെ സ്വകാര്യ ആരോഗ്യ രംഗത്തെ വളർത്തുക എന്നതാണ് ദേശീയ ആരോഗ്യ നയം 2017 ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി കേന്ദ്ര സർക്കാറിന് കീഴിലുള്ള സബ് സെന്റേർസിനെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളാക്കി പുതുക്കാൻ തീരുമാനിച്ചു.

തൊണ്ണൂറുകൾക്ക് ശേഷം ലോകബാങ്കിന്റെ സഹായത്താടെ അടക്കം പല സംസ്ഥാനങ്ങളിലും നടപ്പാക്കിയ ആരോഗ്യ പദ്ധതികൾക്ക് സമാനത ഉണ്ടായിരുന്നു. അത് എല്ലാ പൊതു ആരോഗ്യ പദ്ധതികളിലും സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉണ്ടായിരുന്നു എന്നതാണ്.

**ആയുഷ്മാൻ ഭാരത്:സ്വകാര്യവൽകരണ പദ്ധതി**

ആയുഷ്മാൻ ഭാരതിന്റെ ഭാഗമായി 1.53 ലക്ഷം സബ് സെന്റർ ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളാക്കി മാറ്റാനും അവശ്യ മരുന്നുകളുടെ സൗജന്യ വിതരണം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പാക്കാനും 2018 ലെ കേന്ദ്ര ബജറ്റിൽ 1200 കോടിയാണ് മാറ്റിവെച്ചത്. മുഴുവൻ പണവും മരുന്നുകൾ വാങ്ങാനായി ചെലവിട്ടാൽ എങ്ങനെയാണ് സബ് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതും ജീവനക്കാരുടെ ക്ഷാമം പരിഹരിക്കുന്നത് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകളും സ്ഥാപിക്കാനും സാധിക്കുക. അതുകൊണ്ടാണ് 2017 ലെ നയം സ്വകാര്യമേഖലയുമായി സഹകരിക്കാൻ ആവശ്യപ്പെടുന്നത്.

രാജസ്ഥാനിൽ ആയുഷ്ഭാരത് വരുന്നതിനെ മുന്നേ തന്നെ ആരോഗ്യ രംഗം സ്വകാര്യവൽ കരിച്ചിരുന്നു. രാജസ്ഥാനിലെ ബിജെപി സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയടക്കം സ്വകാര്യആശുപത്രികൾക്ക് കൈമാറി കഴിഞ്ഞു. 2016 ൽ 42 പ്രാഥമിക ആരോഗ്യ ങ്ങൾ സ്വകാര്യവൽകരിച്ചു കഴിഞ്ഞു. 19 എണ്ണം വിഷ് ഫൗണ്ടേഷനാണ് കൈമാറിയത്. 2017 ൽ 13 ജില്ലകളിലെ 43 അർബൻ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സ്വകാര്യവൽകരിച്ച് കഴിഞ്ഞു. 2017 ആഗസ് റ്റിൽ 50 എണ്ണത്തിന് കൂടി ടെൻഡർ ക്ഷണിച്ചു. രാജസ്ഥാനിൽ പിപിപി മോഡൽ പ്രകാരം ഒരു പിഎച്ച്സിയുടെ നടത്തിപ്പ് ഏറ്റെടുക്കുന്ന സ്വകാര്യ സ്ഥാപനത്തിന് 30 ലക്ഷം രൂപയാണ് നൽകേണ്ടത്. രാജസ്ഥാനിൽ ആകെ 2,211 ഗ്രാമീണ പിഎച്ച്സികളും 245 പിഎച്ച്സികളുമാണ്.

ആയുഷ്മാൻ ഭാരത് പദ്ധതി പ്രഖ്യാപിച്ച ഉടൻ 2018 മാർച്ചോടെ ഛത്തീസ്ഗഢിലെ ബിജെപി സർക്കാർ സർക്കാറിന്റെ കീഴിലുള്ള 9 സിഎച്ച്സികളും ഇതിൽ 4 എണ്ണം തലസ്ഥാനമായ റായ്പൂറിലും 2 എണ്ണം സ്റ്റീൽ സിറ്റിയായ ബിലായിയും. ഇവിടങ്ങളിൽ ജീവനക്കാരുടെ കുറവുണ്ടെന്ന് പറഞ്ഞ് പിപിപിമോഡലിൽ ലിസ്റ്റ് ചെയ്തു.

ഉത്തർപ്രദേശിൽ 1000 ആശുപത്രികൾ കേന്ദ്രത്തിന്റെ ആയുഷ്ഭാരത് പദ്ധതിയുടെ ഭാഗമായി പിപിപി മോഡലിൽ ഉൾപ്പെടുത്തുകയാണെന്ന് ബിജെപി സർക്കാറിന്റെ ആരോഗ്യ മന്ത്രി 2018 ഏപ്രിൽ 29 ന് പ്രഖ്യാപിച്ചു. ഇതിനായി ബ്രിട്ടനിലെ എണേസ്റ്റ് ആൻഡ് യങ് എന്ന സ്ഥാപനത്തിന് പദ്ധതി രേഖ തയ്യാറാക്കാനും ഏൽപിച്ചു. പിപിപി മോഡലിൽ പ്രകാരം സിഎച്ച്സി പരിധിയിൽ സർക്കാറിന് കീഴിലുള്ള മൂന്ന് ഏക്കർ സ്ഥലം സ്വകാര്യ കമ്പനികൾക്ക് ആശുപത്രി നിർമാണത്തിനായി കൈമാറും. കൂടാതെ ഡോക്ടർമാരുടെ ഒഴിവും സ്വകാര്യ മേഖലയുടെ സഹായത്തോടെ നികത്തും. സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാൻ ടെൻഡറുകൾ ക്ഷണിച്ചതായി മന്ത്രി അറിയിച്ചു.

പൊതു സ്വകാര്യ പങ്കാളിത്തത്തോട് കൂടി പകർച്ചവ്യാധികളല്ലാത്ത രോഗങ്ങൾ നിയന്ത്രിക്കാനായി ജില്ലാ ആശുപത്രികൾക്ക് 2018 ജൂലൈയിൽ നീതി ആയോഗ് നൽകിയ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാറുകൾ 30 വർഷത്തേക്കെങ്കിലും സ്വകാര്യ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടണം കരാർ ലംഘനമുണ്ടയാൽ സംസ്ഥാനം സ്വകാര്യ സ്ഥാപനങ്ങൾക്ക് നഷ്ട പരിഹാരം നൽകണം. പിപിപി മോഡലിൽ തുല്യത ഉറപ്പാക്കുന്ന സമീപനം വളരെ അഭിനന്ദനാർഹീയമാണ് . ഒരിക്കലും ബിസിനസ് സുനിശ്ചിതമായ വളർച്ചയിൽ കൊണ്ടുപോകാനാകില്ല വലിയ നിക്ഷേപങ്ങൾ കൃത്യമായ സമയപരിധിക്കുള്ളിൽ തിരിച്ചുകിട്ടാനാകണം. ഫോർടിസ് ഹെൽത്ത്കെയർ ലിമിറ്റഡ് പ്രസിഡന്റ് പറഞ്ഞതായി 2017 ജൂലൈ 24 ന്റെ എക്കണോമിക്സ് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

**കുറഞ്ഞ ബജറ്റ് വിഹിതം**

മോഡി സർക്കാറിന്റെ 2017 ലെ ദേശീയ ആരോഗ്യ നയം ആരോഗ്യമേഖലക്കുള്ള ബജറ്റ് വിഹിതം 1.15 ശതമാനം ജിഡിപിയിൽ നിന്ന് 2025 ആകുമ്പോൾ 2.5 ശതമാനം ആയി ഉയർത്തുമെന്ന് പറയുന്നു. എന്നാൽ 2017-18 ബജറ്റിനെ അപേക്ഷിച്ച് 2018-19 ജിഡിപി അനുപാതം കുറയുകയാണുണ്ടായത്. സാമ്പത്തിക വർഷം 2018-19 ബജറ്റ് വിഹിതം 2017-18 ലെ പുതുക്കിയ എസ്റ്റിമേറ്റ് 50,079.6 കോടിയെക്കാൾ 5 ശതമാനം കൂടുതലാണുണ്ടായത്. എന്നാൽ പൂർണ ബജറ്റ് വിഹിതം 2.4 ശതമാനത്തിൽ നിന്ന് 2.1 ശതമാനമായി വെട്ടികുറച്ചു. ആയുഷ്മാൻ ഭാരതിലെ രണ്ട് പ്രധാന പദ്ധതികൾ നടപ്പാക്കാനുണ്ടായിട്ടും ബജറ്റ് വിഹിതം വെട്ടികുറച്ചിരിക്കുകയാണ്.

**ഇൻഷൂറൻസ് നിയന്ത്രിക്കുന്ന ആയുഷ്മാൻ ഭാരത്**

ആയുഷ്മാൻ ഭാരതിലെ മറ്റൊരു പ്രധാന പ്രഖ്യാപനം 10 കോടി ദരിദ്രകുടുംബങ്ങൾക്ക് അഞ്ച് ലക്ഷം വരെ ചികിത്സചെലവ് സൗജന്യമായി നൽകുന്ന ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി (എൻഎച്ച്പിഎസ്) യാണ്. 50 കോടി ജനങ്ങൾക്ക് ഇതിന്റെ സഹായം ലഭിക്കുമെന്നാണ് വിലയിരുത്തൽ. 2018-19 ബജറ്റിലാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്.

മുൻ ആരോഗ്യ കുടുംബാസൂത്രണ മന്ത്രാലയം സെക്രട്ടറി സുജാതെ റോ പറഞ്ഞത് എൻഎച്ച്പിഎസ് ഉയർത്തുന്ന പ്രധാന പ്രശ്നം സേവന ദാതാക്കളായിരുന്ന സംസ്ഥാനങ്ങൾ ഫിനാൻഷ്യർമാരുടെ റോളിലേക്ക് മാറി എന്നതാണ്(ഇന്ത്യൻ എക്സ്പ്രസ് ഫെബ്രുവരി 13,2018) . ആരാണ് പണം മുടക്കുന്നത്? തീർച്ചായും അത് കോർപ്പറേറ്റ് ആശുപത്രികളും സ്വകാര്യ ഇൻഷുറൻസ് കമ്പനികളുമാണ്." ഇത് നമുക്ക് ഏറെ പ്രോത്സാഹനം നൽകുന്നതാണ്. കാരണം നിലവിലെ ഇൻഷുറൻസ് പദ്ധതികളുടെഭാവിയെ കുറിച്ച് പറയുക സാധ്യമല്ല. എന്നാൽ ഇൻഷുറൻസ് കവറിങിന്റെ വ്യാപ്തി കൂടുന്നതോടെപ്പം സർക്കാർ സ്പോൺസർ ചെയ്യുന്ന രോഗികളുടെ എണ്ണവും

വർധിക്കുമെന്ന് അപ്പോളോ ആശുപത്രി എന്റർപ്രൈസ് എംഡിയായ സുനീത റെഡ്ഡി പറഞ്ഞതായി 2018 ഫെബ്രുവരി 2 ലെ ഇക്കണോമിക്സ് ടൈംസ് റിപ്പോർട്ട് ചെയ്യുന്നു.

ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രോമേഷൻ പുറത്തുവിട്ട കണക്കുകൾ പ്രകാരം രാജ്യത്തെ ആശുപത്രികളും ഡയഗ്നോസിസ് സെന്ററുകളുമായി 4.83 ബില്ല്യൺ ഡോളറിന്റെ വിദേശനിക്ഷേപം 2000-17 കാലഘട്ടത്തിൽ നടന്നു. ദേശീയ കുടുംബ ആരോഗ്യ സർവേ കണക്കു പ്രകാരം അർബൻ മേഖലകളിൽ 70 ശതമാനവും ഗ്രാമീണ മേഖലയിൽ 63 ശതമാനവും പ്രാഥമികമായി ആശ്രയിക്കുന്നത് സ്വകാര്യ ആരോഗ്യ മേഖലയെയാണ്. സ്വകാര്യ ആരോഗ്യ മേഖലയുടെ ഈ വളർച്ച തന്നെയാണ് പ്രത്യക്ഷ വിദേശ നിക്ഷേപം വൻതോതിൽ സ്വകാര്യ ആശുപത്രികളിലേക്ക് ഒഴുകാനുള്ള കാരണവും.

പുതിയ നിക്ഷേപം സ്വാഗതം ചെയ്യാനായി, 2016 ൽ കേന്ദ്രം പ്രത്യക്ഷ വിദേശ നിക്ഷേപ ചട്ടത്തിൽ മാറ്റങ്ങൾ വരുത്തി. ഇൻഷുറൻസ് മേഖലയിൽ 49 ശതമാനം വിദേശ നിക്ഷേപം അനുവദിച്ചു. പൊതുമേഖലയിലെ രണ്ട് ഇൻഷുറൻസ് കമ്പനികളെ ഓഹരി വിറ്റഴിക്കൽ പട്ടികയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. 2018-19 ബജറ്റ് മൂന്ന് പൊതുമേഖല ഇൻഷൂറൻസ് കമ്പനികൾ ലയിപ്പിക്കാനും തീരുമാനിച്ചു.

മൻമോഹൻ സിങ് നേതൃത്വം നൽകിയ യുപിഎ സർക്കാർ ഗ്രീൻഫിൽഡ് പ്രോജക്ടുകളിൽ(പുതിയ സംരംഭങ്ങൾ) 100 ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപത്തിന് അനുമതി നൽകി. ബ്രൗൺ ഫീൽഡ് പ്രോജക്ടുകൾക്ക് (നിലവിലുള്ള സംരംഭങ്ങൾ) ഫോറിൻ ഇൻവെസ്റ്റ്മെന്റ് പ്രോമോഷൻ ബോർഡിന്റെ സഹായത്തോടെ പ്രത്യക്ഷ വിദേശ നിക്ഷേപത്തിനും അനുമതി നൽകിയിരുന്നു. പ്രോ നിയോ ലിബറൽ കാലഘട്ടത്തിൽ ഇന്ത്യ വിട്ട മരുന്നു കമ്പനികളെല്ലാം തന്നെ ബ്രൗൺ ഫീൽഡ് വഴിയിലൂടെ ഇന്ത്യയിലേക്ക് തിരിച്ചെത്തി. ഈ തിരിച്ചുവരവിന് വേഗം കൂട്ടി പല ഇന്ത്യൻ മരുന്ന് നിർമാണ കമ്പനികളെയും ആഗോള കുത്തകൾ ഏറ്റെടുത്തു. മോഡി സർക്കാർ ഒരുപടി കൂടി മുന്നിൽ കടന്ന് ബ്രൗൺ ഫീൽഡിലെ മരുന്നു കമ്പനികളിൽ 74 ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിച്ചു.

കോർപ്പറേറ്റുകൾ നിയന്ത്രിക്കുന്ന ഇന്ത്യൻ മാർക്കറ്റിൽ ആശുപത്രി, ഇൻഷുറൻസ്, മരുന്ന് നിർമാണ തുടങ്ങി എല്ലാ മേഖലകളിലും പ്രത്യക്ഷ വിദേശ നിക്ഷേപം ഉറപ്പാക്കുക, വളർത്തുക എന്നതാണ് എൻഎച്ച്പിഎസ് ലക്ഷ്യമിടുന്നത്.

**ഇൻഷൂറൻസ് കമ്പനികൾ വലിയ ലാഭം കൊയ്യുന്നു**

മോഡി സർക്കാറിന്റെ അഭിമാന പദ്ധതിയായ പ്രധാൻ മന്ത്രി ഫസൽ ബീമ യോജനയിലൂടെ പൊതുനിക്ഷേപത്തിലൂടെ ഇൻഷൂറൻസ് കമ്പനികൾ വൻ ലാഭം കൊയ്യുകയാണ് ചെയ്യുന്നത്.

ഇൻഷൂറൻസ് റെഗുലേറ്ററി ഡെവലപ്പ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്കുകൾ പ്രകാരം 2016 ൽ മാത്രം 11 സ്വകാര്യ ഇൻഷൂറൻസ് കമ്പനികൾ 10,000 കോടിയുടെ ലാഭമാണ് ഉണ്ടാക്കിയത് 15,891 കോടി രൂപ പ്രീമിയം ഇനത്തിൽ ലഭിച്ച കമ്പനികൾക്ക് 2016 ജൂൺ - നവംബർ കാലയളവിൽ ഖാരിഫ് വിളനാശത്തെ തുടർന്ന് 5,962 കോടി രൂപ മാത്രമാണ് നഷ്ടപരിഹാരമായി നൽകേണ്ടി വന്നത്.

എൻഡിഎയുടെ സഖ്യകക്ഷിയായ ബീഹാർ മുഖ്യമന്ത്രി നീതീഷ് കുമാർ 2018 ജൂൺ ആറിന് പ്രധാൻ മന്ത്രി ഫസൽ ബീമ യോജനക്കെതിരെ തുറന്നടിച്ചു. ബീഹാറിൽ ഇത് നടപ്പിലാക്കിയില്ലെന്നും കർഷകർക്കല്ല സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്കാണ് പദ്ധതി വൻ ലാഭമുണ്ടാക്കി നൽകുന്നതെന്നും അദ്ദേഹം വിമർശിച്ചു. പകരം ബീഹാർ രാജ്യ ഫസൽ സഹായത യോജന എന്ന പദ്ധതി നടപ്പിലാക്കി. ബീഹാർ സഹകരണ പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ച പ്രകാരം 2016 ലെ ഖാരിഫ് വിള നാശം മറികടക്കാനായുള്ള ഇൻഷൂറൻസ് പ്രീമിയത്തിന്റെ 49 ശതമാനം സംസ്ഥാനവും

49 ശതമാനം കേന്ദ്രവും 2 ശതമാനം കർഷകരുമാണ് അടച്ചത്. എന്നാൽ അതിന് വിരുദ്ധമായി കർഷകർക്ക് 221 കോടിയുടെ സഹായവും ഇൻഷുറൻസ് കമ്പനികൾക്ക് 788.80 കോടിയുടെ ലാഭവും ലഭിച്ചു.

**ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി**

2018 മാർച്ച് 21 നാണ് മോഡി സർക്കാർ ദേശീയ ആരോഗ്യ സുരക്ഷ പദ്ധതിയെ ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതിയായി അവതരിപ്പിക്കുന്നത്. കേന്ദ്രം നടപ്പാക്കിയ രാഷ്ട്രീയ സ്വസ്ഥ ബീമ യോജനയും വയോജന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയും ഇതോടെ ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതിയുടെ ഭാഗമായി മാറി. സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ആരോഗ്യസുരക്ഷ പദ്ധതികളെയും ഇതിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം വെച്ചിട്ടുണ്ട്. പ്രധാനമന്ത്രി മോഡിയുടെ സങ്കൽപ്പമായ സഹകരണ ജനാധിപത്യം എന്ന തത്വത്തിലൂന്നി കേന്ദ്ര-സംസ്ഥാന സഹകരണത്തിലൂന്നിയാണ് ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി രൂപം നൽകിയിരിക്കുന്നത്. കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രിയാണ് കമ്മിറ്റിയുടെ ചെയർമാൻ. ജിഎസ്ടി കൗൺസിലിനു സമാനമായി സംസ്ഥാന ആരോഗ്യ മന്ത്രിമാർ ഉന്നതല നയ രൂപീകരണ കമ്മിറ്റി അംഗങ്ങളാണ്. ഇൻഷുറൻസ് പ്രീമിയത്തിലെ കേന്ദ്ര- സംസ്ഥാന അനുപാതം 60:40 ആണ്. ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി കോർപ്പറേറ്റ് ശൈലിയിൽ ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി ഗവേർണിങ് സമിതി നിയന്ത്രിക്കും. ഒരു മെമ്പർ സെക്രട്ടറി സിഇഒ ആയിരിക്കും.

ആയുഷ്മാൻ ഭാരത് ദേശീയ ആരോഗ്യ സുരക്ഷ പദ്ധതി ഏജൻസി ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് അതിന്റെ നടത്തിപ്പ് നിയന്ത്രിക്കാനായി ഒരു മുഴുവൻ സമയം സിഇഒയെയും നിയമിച്ചു. ഏഷ്യൻ ഡെവലപ്പ് ബാങ്കിന്റെ ഭാഗമായ ഈസ്റ്റ് ഏഷ്യ ഡെവലപ്മെന്റ് (മനില ഫിലൈപ്പൻ) ഡയറക്ടർ ജനറൽ ഇന്ദു ഭൂഷനെ 2018 മാർച്ച് 27 ൽ മോഡി സർക്കാർ എബിഎൻഎച്ച്പിഎം സിഇഒയായി നിയമിച്ചു.

എല്ലാ സംസ്ഥാനങ്ങളിലും പദ്ധതി നടപ്പാക്കാനായി സംസ്ഥാന ആരോഗ്യ ഏജൻസി വേണം. കേന്ദ്രത്തിൽ നിന്നുള്ള ഫണ്ടുകൾ എബിഎൻഎച്ച്പിഎം നേരെ എസ്എച്ച്എമ്മിലേക്ക് കൈമാറും. ജിഎസ്ടിഎൻ പോലെ നീതി ആയോഗിന് കീഴിൽ കടലാസുരഹിത, കറൻസിരഹിത വിനിമയത്തിനായി ഒരു ഐടി പ്ലാറ്റ്ഫോം രൂപപ്പെടുത്തി.

**എച്ച്ഡബ്ല്യുസിയിലേക്കുള്ള ആവശ്യ മരുന്നുകളുടെ വിതരണം**

2018-19 സാമ്പത്തിക വർഷത്തിൽ ആവശ്യ മരുന്നുകൾക്കും ഡയഗ്നോസ്റ്റിക്സിനുമായി 1200 കോടി രൂപ മാറ്റിവെച്ചിരുന്നു. ആരാണ് ഈ മരുന്നുകൾ എച്ച്ഡബ്ല്യുസികളിൽ എത്തിക്കുക

2018-19 ബജറ്റ് പ്രസംഗത്തിൽ പറഞ്ഞത് 800 ലധികം മരുന്നുകൾ 3000 ത്തിലധികം ജൻ ഔഷധി കടകൾ വഴി ചെറിയ വിലക്ക് നൽകുന്നുണ്ടെന്നാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള ജൻഔഷധി സ്റ്റോറുകൾ 2008ൽ മൻമോഹന്റെ നേതൃത്വത്തിലുള്ള യുപിഎ സർക്കാറിന്റെ കാലത്താണ് തുടങ്ങിയത്. ബ്യൂറോ ഓഫ് ഫാർമ പിഎസ്‌യു ഓഫ് ഇന്ത്യ (BPPI) യിൽ ഫാർമസ്യൂട്ടിക്കൽ വിഭാഗവും അഞ്ച് പൊതുമേഖലാ മരുന്ന് കമ്പനികളുമാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇന്ത്യൻ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടികൽസ് ലിമി.(IDPL), ഹിന്ദുസ്ഥാൻ ആന്റ്ബയോടിക്സ് ലിമി.(HAL), ബംഗാൾ കെമിക്കൽ ആൻഡ് ഫാർമസ്യൂട്ടികൽസ് ലിമി.(BCPL), കർണാടക ആന്റിബയോടിക്സ് ആൻഡ് ഫാർമസ്യൂട്ടികൽസ് ലിമി.(KAPL), രാജസ്ഥാൻ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടികൽസ് ലിമി.(RDPL) ഒപ്പം ഇവയുടെ ആസ്ഥാനമായ ഐഡിപിഎൽ ഗുഡ്ഗാവും. ഇവയെല്ലാം തന്നെ സൊസെറ്റി ആക്ടിന്റെ കീഴിൽ 2010 ൽ രജിസ്റ്റർ ചെയ്തു. മിതമായ വിലയിലും കൃത്യമായ മേൽനോട്ടത്തിലും ജനറിക്ക് മരുന്നുകൾ ജൻ ഔഷധി സ്റ്റോറുകളിലൂടെ ലഭ്യമാക്കുക

എന്നതായിരുന്നു ഉദ്ദേശം. മോഡി സർക്കാറിന്റെ 2017 ലെ ആരോഗ്യനയവും അവശ്യ മരുന്നുകളുടെയും വാക്സിനുകളുടെയും നിർമാണം പൊതുമേഖയിൽ തന്നെ നിലനിർത്തേണ്ടത് രാജ്യത്തിന്റെ ആരോഗ്യസുരക്ഷക്ക് അത്യാവശമാണെന്ന് സമ്മതിക്കുന്നു.

എന്നാൽ ഇതേ മോഡി ഗവർമെന്റ് തന്നെ നീതി ആയോഗിന്റെ നിർദേശ പ്രകാരം അവശ്യമരുന്നുകൾ നിർമിക്കാനും വിൽക്കാനും സ്വകാര്യമേഖലക്ക് അനുമതി നൽകി. അതിനാൽ അവശ്യ മരുന്നുകളുടെ വിൽപന പൂർണമായും സ്വകാര്യ മേഖലയെ ആശ്രയിച്ചാണ്. 1.53 ലക്ഷം എച്ച്ഡബ്ല്യുഡികളിലൂടെ മരുന്നുകൾ വിതരണം ചെയ്യാനായി 1200 കോടി മാറ്റിവെച്ചത് പൂർണമായും സ്വകാര്യമേഖലയെ സഹായിക്കാനാണ്. പൊതു ഫണ്ട് ഉപയോഗിച്ച് സ്വകാര്യമേഖലക്ക് നേട്ടമുണ്ടാക്കാനുള്ള നീക്കം.

**ആരോഗ്യമേഖലയുടെ സമ്പൂർണ കോർപ്പറേറ്റ്വൽകരണം**

പൊതുമേഖല ആരോഗ്യരംഗത്തിന്റെ സ്വകാര്യവൽക്കരണത്തോടൊപ്പം ഇൻഷൂറൻസ് അധിഷ്ഠിത ആരോഗ്യസംരക്ഷണ സംവിധാനമാണ് ആയുഷ് മാൻഭാരത് പദ്ധതി. കൂടാതെ രാജ്യത്തെ മുഴുവൻ ആരോഗ്യ മേഖലയെയും ഇൻഷൂറൻസ് രംഗത്തെ കോർപ്പറേറ്റ് ഭീമൻമാർക്ക് കൈമാറുക എന്നതാണ് മോഡി സർക്കാറിന്റെ പദ്ധതി. ആശുപത്രികൾ മരുന്ന് നിർമാണ വ്യവസായം, ചികിത്സ ചെലവ് തുടങ്ങി എല്ലാം തീരുമാനിക്കാനുള്ള അധികാരം കോർപ്പറേറ്റുകൾക്ക് കൈമാറുക എന്നതാണ് മോഡിയുടെ ലക്ഷ്യം.

ഈ മാറ്റത്തിന് വേഗം കൂട്ടാനായി മോഡി സർക്കാർ ഇകൊമേഴ്സ് കുത്തകകളായ ആമസോണിനും വാൾമാർട്ടിനുമെല്ലാം കോർപ്പറേറ്റ് വിതരണക്കാരായി മരുന്ന് വ്യാപാരം നടത്താൻ അനുമതി നൽകി. 7.5 ലക്ഷം റിട്ടെയിൽ മരുന്ന് കടക്കാരെ ഒഴിവാക്കികൊണ്ടാണ്. 7.5 ലക്ഷം റീട്ടെയിൽ വ്യാപാരികൾ സമരത്തിലാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്ന 20 ലക്ഷം പേർ, അതായത് ഒരു മരുന്ന് കടയിൽ 2-3 തൊഴിലാളികൾ. അവരെല്ലാം തന്നെ 2017 മെയ് 30 ന് പണിമുടക്ക് സമരം നടത്തി.

**മെഡിക്കൽ വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെ യും കോർപ്പറേറ്റ്വൽകരണം**

2018 ജനുവരി രണ്ടിന് മെഡിക്കൽ കമീഷൻ ബില്ലിനെതിരെ രാജ്യത്തെ സ്വകാര്യ ആശുപത്രികളിലെ മൂന്ന് ലക്ഷത്തോളം വരുന്ന ഔട്ട് പേഷ്യന്റ് ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാർ 12 മണിക്കുർ പണിമുടക്കുകയും ഐഎംഎ ഈ ദിവസം കരിദിനമായി ആചരിക്കുകയും ചെയ്തു. 2017 ഡിസംബർ 29 ന് ലോക്സഭയിൽ കേന്ദ്ര ആരോഗ്യ മന്ത്രി വച്ച ദേശീയ മെഡിക്കൽ കമീഷൻ ബില്ലിനെതിരെയാണ് സമരം നടന്നത്. ബില്ല് ഇപ്പോഴും പാർലമെന്റ് കമ്മിറ്റിയുടെ പരിഗണനയിലാണ് . ബില്ലിൽ പറയുന്നത് ഇന്ത്യൻ മെഡിക്കൽ കൗൺസിലിനെ ഇല്ലാതാക്കുകയും പകരം നാഷണൽ മെഡിക്കൽ കാൺസിൽ രൂപീകരിക്കുകയും വേണം. ബില്ലിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ടിനെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

ബില്ലിൽ ഐഎംഎയും ഡോക്ടർമാരും അവരുടെ സംഘടനകളും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ താഴെ പറയുന്നവയാണ്

1. *ഇന്ത്യൻ മെഡിക്കൽ കൗൺസിൽ സംസ്ഥാനങ്ങളും സർവകലാശാലകളും തെരഞ്ഞെടുക്കുന്ന സംവിധാനമാണ്. കൂടാതെ സ്വയം മെഡിക്കൽ വിദ്യാഭ്യാസവും മെഡിക്കൽ പ്രാക്ടീസും നിയന്ത്രിക്കുന്നു. എന്നാൽ നാഷണൽ മെഡിക്കൽ കൗൺസിൽ കേന്ദ്രം നോമിനേറ്റ് ചെയ്യുന്നതും അഡ്മിനിസ്ട്രേറ്റർമാർ നിയന്ത്രിക്കുന്നതുമാണ്.*

2. *മെഡിക്കൽ കോളേജ് തുടങ്ങാൻ എംസിഐയുടെ കീഴിലുള്ള റെഗുലേറ്ററി കമ്മീഷന്റെ അനുമതി ആവശ്യമായിരുന്നു. എന്നാൽ എൻഎംസി അത്തരം റെഗുലേറ്ററി കമീഷനുകളെ*

*ഇല്ലാതാക്കുകയും അതിവേഗം അനുമതി നൽകുകയും ചെയ്യുന്നു.*

3. *എൻഎംസി വരുന്നതോടെ സ്വകാര്യ മെഡിക്കൽ കോളജുകളിലൂടെ മാനേജ്മെന്റ് ക്വാട്ട 15 ശതമാനത്തിൽ നിന്ന് 60 ശതമാനമാക്കി ഉയർത്തുന്നു. ഇവിടങ്ങളിലെ സർക്കാർ ക്വാട്ട 85 ശതമാനത്തിൽ നിന്ന് 40 ശതമാനമാക്കി കുറച്ചു. ഫീസ് തീരുമാനിക്കാനുള്ള പൂർണമായ അധികാരം മാനേജുമെന്റുകൾക്ക് നൽകുന്നു. ഇത് എസ്സി, എസ്ടി അടക്കമുള്ള ദുർബലവിഭാഗങ്ങളുടെ സീറ്റ് ഇല്ലാതാക്കും*

4. *എൻഎംസി വിദേശ ഡോക്ടർമാർക്ക് ഒരു തടസവുമില്ലാതെ ഇന്ത്യയിൽ പ്രാക്ടീസ് ചെയ്യാൻ അനുമതി നൽകുന്നു. വിദേശത്ത് നിന്നുള്ള ബിരുദധാരികൾക്ക് യോഗ്യത പരീക്ഷ ഇല്ലാതെ ഇന്ത്യയിൽ പ്രവർത്തിക്കാൻ അനുമതി നൽകുന്നു. അതേ സമയം ഇന്ത്യയിൽ നിന്ന് ബിരുദം നേടിയവർക്ക് ഒരു പൊതുപരീക്ഷയും ഏർപ്പെടുത്തുന്നു. ഇത് വെറുതെയാണ്.*

5. *ആയുർവേദവും സിദ്ധ, യുനാനി, യോഗ ഹോമിയോപ്പതി, പ്രകൃതി ചികിത്സകർക്ക് ബ്രിഡ്ജ് എന്ന ഹ്രസ്വ കാല കോഴ്സ് പൂർത്തിയാക്കി മോഡേൺ മെഡിസിൻ പരിശീലിപ്പിക്കാൻ അനുമതി നൽകുന്നു.*

**കൊള്ളക്കാരായ മരുന്ന് കമ്പനികളെ ശിക്ഷിക്കാൻ നിയമമില്ല**

2016 ഫെബ്രുവരി മൂന്നിന് ഇന്ത്യയിലെ ഒരു ലക്ഷത്തോളം വരുന്ന മെഡിക്കൽ ആൻഡ് സെയിൽസ് റെപ്രസന്റേറ്റീവ്മാർ രാജ്യം മുഴുവൻ അവരുടെ തൊഴിൽ പ്രശ്നങ്ങൾ ഉന്നയിച്ച് പണിമുടക്കി. മരുന്ന് വില കുറക്കുക, മരുന്ന് വിലയിൽ ഉൽപാദന ചെലവിൽ അധിഷ്ഠിതമായ മാറ്റം വരുത്തുക, മരുന്നുകൾക്ക് ജിഎസ്ടി ഇല്ലാതാക്കുക, മെഡിക്കൽ റെപ്രസന്റീവ്മാരെ ഉപയോഗിച്ച് തങ്ങളുടെ വ്യാജ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന കമ്പനികളെ. 1954 ലെ മരുന്ന് നിയമം, 1994 ലെ സുപ്രീകോടതിയിലെ അഞ്ചംഗ ബെഞ്ചിന്റെ ഉത്തരവ് പ്രകാരം ശിക്ഷിക്കുക.

2018 എപ്രിൽ 1523 വരെ ലണ്ടനിൽ ഇരുന്ന് പ്രധാനമന്ത്രി നരേന്ദ്രമോഡി പരസ്യമായി മരുന്ന് കമ്പനികളിൽ നിന്ന് കൈക്കൂലി വാങ്ങി ഇന്ത്യയിലെ ആരോഗ്യമേഖലയെയും അതിൽ പ്രവർത്തിക്കുന്നവവെരയും ജനങ്ങളെയും വഞ്ചിക്കുകയായിരുന്നു. ഇങ്ങനെ കൈക്കൂലി വാങ്ങുന്നത് എംസിഐ നിയമങ്ങൾ പ്രകാരം ശിക്ഷാർഹമാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്ന ന്യായം പറഞ്ഞ് ഇതിനെ ന്യായീകരിക്കാൻ നോക്കിയാലും മരുന്ന് കമ്പനികളിൽ നിന്ന് കൈക്കൂലി വാങ്ങുന്നത് തടവുശിക്ഷ അർഹിക്കുന്ന കുറ്റമാണ്. എന്നാൽ അത്തരം കൈക്കൂലി നൽകുന്ന കമ്പനികളെ തടയാൻ നമ്മുടെ രാജ്യത്ത് ഒരു നിയമവുമില്ല.

മരുന്ന് വില നിയന്ത്രണം: നിർമാണ ചെലവ് കണക്കാക്കിയുള്ള മാർക്കറ്റിൽ നിന്ന് മാർക്കറ്റ് കണക്കുക്കൾ മാത്രം കണക്കാക്കിയുള്ള വിലയിലേക്ക്: എല്ലാ മരുന്നുകളിൽ നിന്നും എല്ലാ അവശ്യമരുന്നുകളിലേക്ക്

20 വർഷങ്ങൾക്ക് മുമ്പ് പാർലമെന്റിലും പുറത്തുംനടന്ന ചർച്ചകൾക്കൊടുവിലാണ് മരുന്ന് വില നിയന്ത്രണം രാജ്യത്ത് ആദ്യമായി കൊണ്ടുവന്നത്. 1970 ലെ അഡോപ്ഷൻ ഓഫ് ഇന്ത്യൻ പേറ്റന്റ് ആക്ട് പ്രകാരം ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങൾക്ക് പേറ്റന്റ് ഏർപ്പെടുത്താൻ പാടില്ല. പാർലമെന്റ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഹതി കമ്മിറ്റി റിപ്പോർട്ടും ഇതേ കാര്യം ശരിവെക്കുന്നു. അവശ്യ സാധന നിയമത്തിലെ സെക്ഷൻ 3 1979 ൽ മരുന്ന് വില നിയന്ത്രണ ഉത്തരവ് പ്രകാരം മരുന്ന് വില നിയന്ത്രണത്തിന് കീഴിലുള്ള മരുന്നുകളും ഉൽപാദനവിലയെ അടിസ്ഥാനമാക്കി വില നിയന്ത്രിക്കുന്ന മരുന്നുകളെയും മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. കാറ്റഗറി ഒന്നിൽ അത്യാവശ്യ മരുന്നുകളും രണ്ടിൽ പ്രധാന മരുന്നുകളും മൂന്നിൽ 40, 55, 100 ശതമാനം. ഉൽപാദന ചെലവും എക്സൈസ് ഡ്യൂട്ടി (സീലിങ് പ്രൈസ്) 16 ശതമാനം റീട്ടെയിൽ മാർജിനും കൂട്ടിയാണ് മാക്

സിമം റീട്ടെയിൽ പ്രൈസ് കണക്കാക്കുന്നത്. അതിൽ ബ്രാൻഡ് എന്നോ ജനറിക് എന്ന പരിഗണനയില്ല. കെൽകർ കമ്മിറ്റി നിർദ്ദേശ പ്രകാരം 1987 ൽ മരുന്ന് വില നിയന്ത്രണ നിയമത്തിൽ കാറ്റഗറി മൂന്നിൽപ്പെട്ട മരുന്നുകളുടെ വില നിയന്ത്രണം പൂർണമായും ഇല്ലാതാക്കുകയും കാറ്റഗറി രണ്ടിലും മൂന്നിലുമുണ്ടായിരുന്ന നിയന്ത്രണങ്ങൾ ദുർബലപ്പെടുത്തുകയും ചെയ്തു. നിയോ ലിബറൽ കാലഘട്ടത്തിൽ 1994 ൽ ലോകവ്യപാര സംഘടനയുടെ മറാകേശ് സമ്മേളനത്തിൽ ഉൽപന്ന പേറ്റന്റ് മരുന്നുകൾക്കും നൽകി. ഇതോടെ 1995 ൽ വീണ്ടും നിയമം പൊളിച്ചെഴുതി കൊണ്ട് വില നിയന്ത്രണം കാറ്റഗറി ഒന്നിൽപ്പെട്ട മരുന്നുകൾക്ക് മാത്രമായി മാറ്റി. കാറ്റഗറി ഒന്നിൽ ഉൾപ്പെട്ട മരുന്നുകളുടെ എണ്ണം 140 ൽ നിന്ന് 76 ആയി വെട്ടികുറച്ചു. ശേഷം എക്സൈസ് ഡ്യൂട്ടിയിൽ 100 ശതമാനം വർധനവും വരുത്തി.

ഇത് 2013 ൽ പുതിയ നിയമം വരുന്നത് വരെ തുടർന്നു. 2003 ൽ സുപ്രീംകോടതി കേന്ദ്രത്തിന് രണ്ട് നിർദേശങ്ങൾ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. 1. മരുന്ന് വില നിയന്ത്രണവും 2. അവശ്യമരുന്നുകളുടെ പട്ടിക തയ്യാറാക്കുക എന്നിവയാണ്. 2008 ഒക്ടോബർ 23 ന് കേന്ദ്ര കെമിക്കൽ ആൻഡ് ഫെർട്ടിലൈസേർസ് മന്ത്രി ലോക്സഭയിൽ നടത്തിയ പ്രസംഗത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

ഗവർമെന്റ് തയ്യാറാക്കിയ പുതിയ പട്ടിക പ്രകാരം അവശ്യമരുന്ന് പട്ടികയിൽ 348 മരുന്നുകളാണ് ഉൾപ്പെട്ടിരിക്കുന്നത്. കൂടാതെ വിലനിയന്ത്രണ നിയമത്തിലും മാറ്റം വരുത്തിയിട്ടുണ്ട്. ഉൽപാദന ചെലവ് ആനുപാതികമായ വില നിർണയത്തിന് പകരം മാർക്കറ്റ് ആനുപാതികമായ വിലനിർണയമാണ് ഉൾപ്പെടുത്തിയത്. 4 മത്തെ നിർദ്ദേശമായാണ് ഡിപിസിഒ യിൽ ഉൾപെടുത്തിയത്. അതായത് റീട്ടെയിലർമാർക്ക് ഒരു മരുന്നിന്റെ വില നിർണയിക്കാനായി അതേ ബ്രാൻഡിലുള്ള എത്ര ഉൽപന്നങ്ങളുണ്ടോ അവയുടെ മാർക്കറ്റ് ഷെയർ എത്രയാണോ എന്നിവയെല്ലാം പരിഗണിച്ചാകണം. അതിന്റെ കൂടെ റീട്ടെയിലറുടെ 16 ശതമാനവും കൂട്ടികിട്ടുന്ന വിലയാണ് ആ മരുന്നിന്റെ മാക്സിം റീട്ടെയിൽ പ്രൈസ് .

ഫോർചൂൻ 500 ലിസ്റ്റ് ചെയ്ത അമേരിക്കൻ മരുന്ന് കമ്പനി ഐഎംഎസ് ഹെൽത്തിനെയാണ് ഇന്ത്യയിലെ അവശ്യമരുന്നുകളുടെ വില നിർണിയക്കാനുള്ള വിവരങ്ങൾ നൽകാൻ കേന്ദ്രം സമീപിച്ചത്. അത്ഭുതമെന്ന് പറയട്ടെ 2013 ലെ ഉത്തരവിലും ഈ കമ്പനിയുടെ പേരുണ്ട്. 9 മത്തെ നിർദ്ദേശമായാണ് ഇത് പറയുന്നത്. മാർക്കറ്റ് അടിസ്ഥാനമാക്കിയുള്ള വിവരം ലഭിക്കാനുള്ള ഉറവിടം മരുന്നുകളുടെ മാർക്കറ്റിനെ കുറിച്ച് ഗവേഷണം നടത്തുന്ന ഐഎംഎസ് ഹെൽത്ത് എന്ന കമ്പനിയായിരിക്കണം. ഐഎംഎസ് ഹെൽത്ത് പിന്നീട് മറ്റൊരു അമേരിക്കൻ കമ്പനിയുമായി ലയിച്ച് ക്വിൻട്ലെസ് ഐഎംഎസ് എന്ന ആരോഗ്യ മേഖലയിലെ വലിയ കമ്പനിയായി മാറി.

നിർമാതാക്കൾക്ക് വർഷാവർഷം ഏപ്രിലിൽ സർക്കാറിന്റെ അനുമതി ഇല്ലാതെ തന്നെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കി എംആർപി വർധിപ്പിക്കാനുള്ളഅധികാരം ഡിപിസിഒ 2013 നൽകുന്നു.

എന്നാൽ 1995 ഡിപിസിഒ ലിസ്റ്റിലുള്ള പല മരുന്നുകളുടെയും വില കുറക്കാൻ ഡിപിസിഒ 2013 നിർദ്ദേശിക്കുന്നില്ല. മുന്പ് ലിസ്റ്റിന് പുറത്തായിരുന്നതിനെ തുടർന്ന് വില നിയന്ത്രണം ഒഴിവാക്കുകയും വലിയ വിലയിടുകയും ഇപ്പോൾ എൻഎൽഇഎം ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്ത മരുന്നകളുടെ വില കുറക്കാനും തയ്യാറായിട്ടില്ല. ഈ 348 അവശ്യമരുന്നുകൾക്ക് ഓരോ വർഷവും വില കൂട്ടാനുള്ള അനുമതിയും നൽകുന്നു. ഡിപിസിഒ 2013 ന് ശേഷം എല്ലാ മരുന്നുകളുടെയും വില അനിയന്ത്രിതമായി വർധിക്കുകയാണ്. എൻഎൽഇഎം പുറത്തുള്ള ഒരു മരുന്നിന്റെയും വില നിയന്ത്രിക്കാനുള്ള നിർദേശം ഡിപിസിഒ 2013 ൽ ഇല്ല. കോർ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എൻഎൽഇഎം ലിസ്റ്റിലുള്ള മരുന്നുകളുടെ എണ്ണം 348 ൽ നിന്ന് 376 ആയി

മോഡി സർക്കാർ 2015 ൽ വർധിപ്പിച്ചു. എന്നാൽ എൻഎൽഇഎം ലിസ്റ്റിൽ കൂട്ടിച്ചേർത്ത മരുന്നുകൾക്ക് നിലവിലുള്ള അമിത വില തന്നെ നൽകേണ്ടിവരും.

മോഡി സർക്കാർ അവശ്യമരുന്നുകളുടെ വില മാർക്കറ്റ് അടിസ്ഥാനമാക്കി വർധിപ്പിക്കരുതെന്ന നിയമം ഇല്ലാതാക്കുകയാണ്. 700 ലധികം വരുന്ന മരുന്നുകളുടെ സൈലിങ് പ്രൈസ് ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിങ് അതോറിറ്റി ഡിപിസിഒ 2013 ലെ നാലാമത്തെ ഉപാധി പ്രകാരം തീരുമാനിച്ചു. ഇതാണ് മോഡി പാവങ്ങൾക്കായി അദ്ദേഹം ചെയ്ത് ഏക മഹാപ്രവൃത്തിയായി ചൂണ്ടികാണിക്കുന്നത്.

**ജിഎസ്ടി രൂപവും തീവ്രമായ മരുന്ന് വിലയും**

ജിഎസ്ടിയിൽ ഉൾപ്പെട്ടത്: അളവും ഉൽപാദന ചെലവ് അടിസ്ഥാനമാക്കിയുള്ള എക്സൈസ് ഡ്യൂട്ടിയും വില അടിസ്ഥാനമാക്കിയുള്ള വാറ്റും രണ്ടും ഒരുമിപ്പിച്ചാണ് ജിഎസ്ടി നിലവിൽ വന്നത്. എക്സൈസ് ഡ്യൂട്ടിക്ക് പകരം വന്ന സിജിഎസ്ടി മരുന്ന് വില കൂട്ടുകയാണുണ്ടായത്. ഈ നികുതി കൂടി മരുന്ന് വിലക്കൊപ്പം കൂട്ടിയതിനെ തുടർന്നാണിത്.

**മരുന്ന് വിലയിൽ കൊള്ള നടത്തുന്ന ജിഎസ്ടി**

ആവശ്യ മരുന്നുകൾക്ക് ജിഎസ്ടി നിർണയിക്കുന്നതിൽ തട്ടിപ്പ് നടത്താനുള്ള രീതിയാണ് മോഡിസർക്കാർ സ്വീകരിച്ചത്. ഇത് സംബന്ധിച്ച പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി 2017 ജൂലൈ 28 ന് പ്രധാനമന്ത്രിക്ക് ഞാൻ കത്ത് നൽകിയിരുന്നു. എന്നാൽ ഇതുവരെ മറുപടിയും ലഭിച്ചില്ല.

2017 ജൂലൈ 1 മുതൽ പ്രയോഗത്തിൽ വന്ന, ജിഎസ്ടി നിർണയ പട്ടികയിലെ, പ്രശ്നങ്ങൾ എസ്എൽ 30, ചാപ്റ്റർ 30 (ഫാർമസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ), കോളം 5 ശതമാനം (ജിഎസ്ടി), ഡിപിസിഒ 1995 പ്രകാരമുള്ള ആവശ്യ മരുന്നുകളുടെ ലിസ്റ്റ് ഒന്ന് എൻഎൽഇഎം വന്നതോടെ ഡിപിസിഒ 2013 ന് കീഴിൽ പുതുക്കിയിട്ടുണ്ട്. പിന്നെ എങ്ങനെയാണ് നിലവിലില്ലാത്ത ലിസ്റ്റ് ഒന്നിന്റെ അടിസ്ഥാനത്തിൽ 2017 ജൂലൈ ഒന്ന് മുതൽ ജിഎസ്ടി നിർണയിക്കന്നത്. കൂടാതെ എൻഎൽഇഎം ലിസ്റ്റിലുള്ള മരുന്നുകളെയും ആവശ്യമരുന്നുകളാണ് കാണാതെയാണ് ഉയർന്ന ജിഎസ്ടി ചുമത്തിയിരിക്കുന്നത്.

സെൻട്രൽ എക്സൈസ് നോട്ടിഫിക്കേഷൻ നമ്പർ 22/2013 സിഇ, 29-7-13 പ്രകാരം ഭേദഗതി വരുത്തി, ശേഷം യുപിഎ സർക്കാർ "പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളെ ഡിപിസിഒ 2013 ന് കീഴിൽ ഉൾപ്പെടുത്തി", ആ ഉത്തരവോടെ എൻഎൽഇഎം അടിസ്ഥാനമാക്കിയുള്ള എല്ലാ ഫോർമുലേഷനും സെൻട്രൽ എക്സൈസ് ഡ്യൂട്ടിക്ക് പുറത്തായി. വിവിധ സംസ്ഥാനങ്ങൾ അവശ്യമരുന്നുകളെ വിൽപന നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സുപ്രീംകോടതി ഉത്തരവ് പ്രകാരം അവശ്യ മരുന്നുകൾക്ക് നികുതി ചുമത്താൻ പാടില്ല.

**2013 ജൂലൈ 29 ലെ ഉത്തരവിലൂടെ യുപിഎ സർക്കാർ**

1. എൻഎൽഇഎം ഉൾപ്പെട്ട 348 മരുന്നുകളെ സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കി 2. മറ്റ് മരുന്നുകൾക്ക് എക്സൈസ് ഡ്യൂട്ടി ഇല്ല 3. മറ്റ് മരുന്നുകൾക്ക് വിലയെയും തൂക്കവും അടിസ്ഥാനമാക്കി 6 ശതമാനം എക്സൈസ് ഡ്യൂട്ടി

അതായത് 348 എൻഎൽഇഎം മരുന്നുകൾക്കും കുറെ മറ്റ് മരുന്നുകൾക്കും നികുതിയില്ല. എൻഎൽഇഎം ലിസ്റ്റിൽപ്പെടാത്തവയ്ക്ക് 6 ശതമാനം മാത്രമാണ് സെൻട്രൽ എക്സൈസ് ഡ്യൂട്ടി എന്നും 2012 മാർച്ച് 17 നും 2013 ജൂലൈ 29 നും പുറപ്പെടുവിച്ച ഉത്തരവുകളിൽ പറയുന്നു.

ഈ ഉത്തരവാണ് മോഡി സർക്കാർ ഇല്ലാതാക്കി കൊണ്ട് 2017 മെയ് 18 ന് 74 മരുന്നുകൾക്ക് 5 ശതമാനം ജിഎസ്ടി ഏർപ്പെടുത്തിയത്. എൻഎൽഇഎമ്മിൽപ്പെട്ട മറ്റ് മരുന്നുകൾക്ക് 12

ശതമാനമാണ് ജിഎസ്ടി. ഈ നികുതിയുടെ 50 ശതമാനവും കേന്ദ്ര സർക്കാറിലേക്കാണ് പോകുന്നത്. അവർ എന്നിട്ട് എല്ലാ മരുന്നുകളെയും കേന്ദ്ര നികുതിയിൽ നിന്ന് ഒഴിവാക്കി എന്ന് അവകാശപ്പെടുന്നു.

ഇതിന്റെ ഫലമായി അവശ്യമരുന്നുകളുടെ വില കുതിച്ച് കയറിയതോടെ ദേശീയ മരുന്ന് വില നിയന്ത്രണ അതോറിറ്റി എൻഎൽഇഎം മരുന്നുകളുടെ ഉയർന്ന പരിധി പുനർനിർണിച്ചു.

**നമ്മുടെ ആവശ്യം**

മുകളിൽ പറഞ്ഞ സാഹചര്യങ്ങൾ നിലനിൽക്കുന്നതിനാൽ ഇന്ത്യയിലെ ജനങ്ങളും തൊഴിലാളികളും താഴെ പറയുന്ന ആവശ്യങ്ങൾ മുന്നോട്ടുവെക്കുകയും അതിനായി സമരരംഗത്തിറങ്ങാനും ഒരുങ്ങുകയാണ്.

1. *പൊതുആരോഗ്യ മേഖലയിൽ സ്വകാര്യവൽകരണം അനുവദിക്കരുത്: ആവശ്യമായ ഫണ്ടും പശ്ചാത്തല സൗകര്യങ്ങളും വിദ്ഗദരായ ആൾക്കാരെയും പൊതുആരോഗ്യ രംഗത്ത് ലഭ്യമാക്കുക*
2. *അംഗൻവാടി സെന്ററുകളും ആശ പോലുള്ള അനുബന്ധ ആരോഗ്യമേഖലയിലെ സംവിധാനങ്ങളും ശക്തിപ്പെടുത്തുക.*
3. *എല്ലാ ചികിത്സകളും മരുന്നുകളും എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭ്യമാക്കുക*
4. *ജിഡിപിയുടെ അഞ്ച് ശതമാനമാക്കി ആരോഗ്യമേഖലക്കുള്ള ബജറ്റ് വിഹിതം വർധിപ്പിക്കുക*
5. *ആവശ്യമരുന്നുകളുടെ ഉൽപാദനം, വാക്സിൻ, മറ്റ് ചികിത്സ ഉപകരണങ്ങൾ എന്നിവ വർധിപ്പിക്കാൻ പൊതുമേഖയിലെ എല്ലാ മരുന്ന് കമ്പനികളെയും ശക്തിപ്പെടുത്തുക*
6. *പൊതുസ്വകാര്യ മേഖല പങ്കാളിത്തതോടെ എല്ലാ മരുന്നുകളും രാജ്യത്ത് തന്നെ നിർമിക്കാനുള്ള സംവിധാനമൊരുക്കി മരുന്ന് ഇറക്കുമതി കുറക്കുക*
7. *മരുന്നുകളുടെ ഇവ്യപാരം തടയാനായി നിയമങ്ങൾ ശക്തിപ്പെടുത്തുക*
8. *എൻഎംഎസിയെ തള്ളിക്കളഞ്ഞ് എംസിഐയെയും ഐഎംസിയെയും ശക്തിപ്പെടുത്തുക*
9. *കൈക്കൂലി നൽകുന്ന മരുന്ന് കമ്പനികളെ ശിക്ഷിക്കാൻ നിയമം ശക്തിപ്പെടുത്തുക*
10. *മരുന്ന് വില ഉടൻ കുറക്കുക: ചെലവ് അടിസ്ഥാനമാക്കിയുള്ള വില നിർണയം പുനഃസ്ഥാപിക്കുക*
11. *എൻഎൽഇഎം പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾക്ക് പൂജ്യം ശതമാനം ജിഎസ്ടി ഏർപ്പെടുത്തുക: മറ്റുള്ളവയ്ക്ക് ചുരുങ്ങിയ ജിഎസ്ടിയും*